# പ്രേഷിതപ്രവർത്തനം

— തോമസ് പീലിയാനി

ST: ANTONY'S MONASTERY, ALWAYE-KERALA.

# പ്രേഷിതപ്രവർത്തനം

ST. ANTONY'S MONASTERY ★ ALWAYE-KERALA ★

DHARMARAM COLLEGE LIBRARY ★ BANGALORE-29 ★

Dharmaram College Library
Acc. No. 88091
Call. No. J 74/P365

[MALAYALAM]

# PRESHITHAPRAVARTHANAM

MISSIONARY ACTIVITY

By
**Thomas Peeliany**
*Nedumkunnam*

M/266
PEE

First Published
May, 1970

Published by
S. H. LEAGUE
Alwaye-3
Kerala, India

Copies 1000

Copyright
S. H. LEAGUE

Price Rs. 3

Printed at
J. M. Press
ALWAYE-3

# പ്രേഷിതപ്രവർത്തനം

10180

തോമസ് പീലിയാനി

DHARMARAM VIDYA KSHETRAM
Central Library
BANGALORE-560 029

DHARMARAM COLLEGE
LIBRARY
BANGALORE-29

JANATHA BOOK STALL,
CARMEL CENTRE,
ALWAYE.

പ്രസാധകർ
എസ്. എച്ച്. ലീഗ്
ആലുവാ—3
1970

DHARMARAM VIDYA KSHETRAM
LIBRARY
Ac. No.
Call No. J74/P

**Nihil obstat:**

FR. DOMINIC O. C. D.,
*Rector, Pontifical Seminary,*
*Alwaye.*
*15—4—1970.*

**Imprimatur:**

† JOSEPH CARDINAL PARECATTIL,
*Archbishop of Ernakulam,*
*Ernakulam;*
*20—4—1970.*

# ഉള്ളിൽ


| | പേജ് |
|---|---|
| അവതാരിക | ix |
| രണ്ടുവാക്ക് | xiii |
| മുഖവുര | 1 |
| മിഷന്റെ അടിസ്ഥാനകാരണങ്ങൾ | 7 |
| മിഷൻ—ഒരു വിശകലനം | 28 |
| ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക | 59 |
| സുവിശേഷപ്രസംഗവും ദൈവജന ത്തിന്റെ ഒന്നിച്ചുകൂട്ടലും | 81 |
| ക്രൈസ്തവസമൂഹത്തിന്റെ രൂപ വത്കരണം | 105 |
| പ്രാദേശികസഭകൾ | 130 |
| മിഷൻപ്രവർത്തനവും ആരാധനക്രമവും | 147 |
| മിഷനറിദൈവവിളി | 154 |
| മിഷനറിയും ജനങ്ങളും | 177 |
| സുവിശേഷഘോഷണവും മാനവപുരോഗതിയും | 184 |
| പ്രശ്നങ്ങൾക്കു മുൻപിൽ | 198 |
| പ്രേഷിതസഹകരണം | 209 |
| പിന്നണിയിലെ പ്രവർത്തക ശക്തികൾ | 233 |
| ഉപസംഹാരം | 247 |

# അവതാരിക

വത്തിക്കാൻ കൗൺസിലിന്റെ സംഭാവനകളിൽ പ്രധാനപ്പെട്ട ഒന്നാണു പ്രേഷിതപ്രവർത്തനത്തെപ്പററി യുള്ള ഡിക്രി. സഭയെപ്പററിയുള്ള അറിവിനു വെളിച്ചം നല്കുകയും മിഷൻവിജ്ഞാനീയത്തിന്റെ വളർച്ചയ്ക്കു തുടക്കം കുറിക്കുകയും വഴി തെളിക്കുകയുമൊക്കെ ചെയ്ത ഒരു പ്രമാണരേഖ എന്ന നിലയിൽ 'ജനപദങ്ങളിലേക്കു' (Ad Gentes) എന്ന ഈ ഡിക്രി നമ്മുടെ സവിശേഷശ്രദ്ധയർഹിക്കുന്നു. ഭാരതമൊരു മിഷൻരാജ്യമാണു്. ഭാരതത്തിലുടനീളം പ്രവർത്തിക്കുന്ന ആയിരക്കണക്കിനുവരുന്ന മിഷനറിമാരിൽ ഏറിയഭാഗവും മലയാളികളുമാണു്. പുതിയ പുതിയ മിഷൻരംഗങ്ങൾ മലയാളികൾക്കായി തുറന്നു കിട്ടിക്കൊണ്ടുമിരിക്കുന്നു. നമ്മുടെ പ്രേഷിതബോധവും പ്രേഷിതതീക്ഷ്ണതയുമെല്ലാം ഉണർന്നു പ്രവർത്തനനിരതമാകേണ്ട സമയമാണിതു്. അതിനു പ്രേഷിതപ്രവർത്തനത്തെപ്പററി ശരിയായ അറിവുണ്ടായിരിക്കുക ആവശ്യമാണു്. ഇക്കാലംവരെയും, ഒരുപക്ഷേ ഇന്നും, തെററായ ചില ധാരണകളാണു പ്രേഷിതപ്രവർത്തനത്തെപ്പററി പലർക്കുമുള്ളതു്. സഭയിലെ ഏതാനും ചില പ്രത്യേക ആളുകൾ ചില പ്രത്യേക പ്രദേശങ്ങളിൽ നിർവ്വഹിക്കുന്ന മാനസാന്തരപ്രവർത്തനമായി പ്രേഷിതപ്രവർത്തനത്തെ കാണുന്നവരാണധികവും.

പ്രേഷിതപ്രവർത്തനം സഭയുടെ മൊത്തത്തിലുള്ള പ്രവർത്തനംതന്നെയാണു്. 'ജനപദങ്ങളി'ലേക്കുള്ള സഭയുടെ വളർച്ചയുടേയും വികാസത്തിൻേറയും പ്രവർത്തനമാണു്. ഇതു സഭയുടെ ഒരു ഭാഗത്തിൻെറ വളർച്ചയല്ല; സഭ മുഴുവൻേറതുമാണു്. അതുകൊണ്ടു സഭയൊന്നാകെ ആ വളർച്ചയുടെ കാര്യത്തിൽ താല്പര്യവും ശ്രദ്ധയും കാണിക്കണം. സഭയാകെ എന്നു പറയുമ്പോൾ ഓരോ ക്രൈസ്തവനേയും അതു ബാധിക്കുകതന്നെ ചെയ്യുന്നു. അപ്പോൾ ഓരോ ക്രൈസ്തവനും സഭയുടെ ഈ വളർച്ചയിൽ— പ്രേഷിതപ്രവർത്തനത്തിൽ— സഹകരിക്കണമെന്നു വ്യക്തമാകുന്നു. ഈ ആശയമാണു പ്രേഷിതപ്രവർത്തനത്തെപ്പററിയുള്ള കൗൺസിൽഡിക്രിയിൽ മുഴങ്ങിനില്ക്കുക.

ഇങ്ങനെ സഭയുടെ പ്രേഷിതപ്രവർത്തനത്തെപ്പററി വ്യക്തമായ നിർവ്വചനവും ശരിയായ അർത്ഥവും നല്കുകയും പ്രവർത്തനമണ്ഡലത്തിൻെറ വ്യാപ്തിയും പ്രവർത്തകരുടെ പരിപാടിയുമെന്തൊക്കെയെന്നു നിർദ്ദേശിക്കുകയും ചെയ്യുന്ന കൗൺസിൽഡിക്രിയുടെ ഒരു പഠനമാണു് ഈ ഗ്രന്ഥം. വളരെ വ്യാപകമായ ഒരു വിഷയമണ്ഡലമാണു 'മിഷൻ'. അതിൻെറ നാനാവശങ്ങളെപ്പററി എത്രയെഴുതിയാലും തീരുകയില്ല. കൗൺസിൽ ചിന്തകൾക്കുള്ളിൽത്തന്നെ നിന്നുകൊണ്ടു കഴിയുന്നതും ഒതുക്കിച്ചുരുക്കിയെഴുതാൻ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുണ്ടു്. ഡിക്രിയുടെ ആദ്യത്തെ അധ്യായം പ്രേഷിതപ്രവർത്തനത്തെപ്പററിയുള്ള ദൈവശാസ്ത്രപരമായ പഠ

നമാണു്. ആ അധ്യായത്തിൻെറ സംക്ഷിപ്തമായ വിശദീകരണമാണു് ഈ ഗ്രന്ഥത്തിൻെറ രണ്ടുംമൂന്നും അധ്യായങ്ങൾ. മിഷനെപ്പററി ചിന്തിക്കുകയോ സംസാരിക്കുകയോ ചെയ്യുന്നതിനുമുമ്പു് ഒരാവർത്തിയെങ്കിലും ഈ ഭാഗം വായിച്ചിരിക്കുന്നതു നന്നായിരിക്കും. ഡിക്രിയുടെ രണ്ടാമധ്യായം പ്രേഷിതപ്രവർത്തനത്തിൻെറ പ്രായോഗികരംഗത്തെപ്പററിയുള്ളതാണു്. പ്രായോഗികരംഗത്തേക്കു പകർത്താനായി പൊതുവായ ഏതാനും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയാണിവിടെ: ക്രൈസ്തവസാക്ഷ്യം, സുഹൃത്സംഭാഷണം, പരസ്നേഹപ്രവൃത്തികൾ —ഇവയാണു പ്രധാനം. അതോടൊപ്പംതന്നെ പ്രേഷിതപ്രവർത്തനത്തിൻെറ ഓരോ ഘട്ടത്തേയുംപററി പറയുന്നുണ്ടു്. ഓരോ ഘട്ടത്തിലും സ്വീകരിക്കേണ്ട കുറെ നിർദ്ദേശങ്ങളും ഡിക്രിവയ്ക്കുന്നുണ്ടു്. ഡിക്രിയുടെ പ്രധാനപ്പെട്ട ഭാഗമാണീ അധ്യായമെന്നു പറയാം. ഈ ഗ്രന്ഥത്തിൽ നാലുമുതലുള്ള രണ്ടുമൂന്നധ്യായങ്ങളിലായി ഈ ഭാഗത്തിൻെറ നല്ലൊരു പഠനം ഗ്രന്ഥകർത്താവു കാഴ്ചവയ്ക്കുന്നുണ്ടു്. പ്രേഷിതസഹകരണത്തെപ്പററിയുള്ള അധ്യായവും ഈ ഗ്രന്ഥത്തിൻെറ കാതലായ ഭാഗത്തിൽപ്പെടുന്നു. സഭയിലെ ഓരോ അംഗത്തിൻേറയും പ്രേഷിതസഹകരണം സജീവമായി സാധിക്കുക എന്നതാണല്ലോ ഡിക്രിയുടെതന്നെ ലക്ഷ്യം. പ്രേഷിതപ്രവർത്തനത്തെപ്പററി അടിസ്ഥാനപരമായൊരു ആശയവും അറിവും ലഭിക്കാനിത്രയുമൊക്കെപോരേ എന്നു ചോദിച്ചേക്കാം. മതിയായിരിക്കാം. എങ്കിലും പ്രേഷിതപ്രവൎത്തനത്തിൻെറ വിവിധവശങ്ങളെപ്പററിയുള്ള പഠനം

കൂടിയുണ്ടെങ്കിലേ ആ അറിവും ആശയവും സമഗ്രവും സമ്പൂർണ്ണവുമാകൂ. പതിന്നാലുവരെയുള്ള ശേഷിക്കുന്ന അധ്യായങ്ങളിതിനു നമ്മെ സഹായിക്കുന്നു.

ഇരുന്നൂററമ്പതിൽപ്പരം പേജുകളുള്ള ഈ പുസ്തകം മിഷനറിമാർക്കൊരു സുഹൃത്തും 'ഗൈഡു'മായിരിക്കും; മിഷൻപ്രേമികൾക്കും മിഷനെപ്പററി പഠിക്കുവാനാഗ്രഹിക്കുന്നവർക്കുമൊരു 'പാഠപ്പുസ്തക'മായിരിക്കും; ഓരോ ക്രൈസ്തവനേയും സംബന്ധിച്ചിടത്തോളം ഇതു്, മിഷൻപ്രവർത്തനത്തെപ്പററി വ്യക്തമായ ധാരണ നല്കുകയും പ്രേഷിതപ്രവർത്തനത്തിനുള്ള കടമയെപ്പററി അവബോധമേകുകയും ചെയ്യുന്ന ഒരു മിഷൻപ്രസിദ്ധീകരണമായിരിക്കും. മലയാളത്തിൽ, മിഷൻപ്രവത്തനത്തെപ്പററി സമഗ്രമായി പ്രതിപാദിക്കുന്ന ആദ്യത്തെ മിഷൻഗ്രന്ഥമാണിതെന്നു പറയാം.

ഈ നല്ല ഗ്രന്ഥത്തിനു് എല്ലാവരുടെയിടയിലും പ്രചരണം ആശംസിക്കുകയും ദൈവം അനുവാചകരെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടു കേരളക്രൈസ്തവരുടെ സമക്ഷം ഈ ഗ്രന്ഥം അവതരിപ്പിക്കുന്നു.

ചങ്ങനാശേരി,
15—5—1970

**മോൺ. ലൂക്കാ ചിററൂർ**
*ചങ്ങനാശേരി അതിരൂപതാ അഡ്മിനിസ്ട്രേറ്റർ*

## രണ്ടു വാക്കു്

'പ്രേഷിതപ്രവത്തനം'—ആ പേരു കാണുമ്പോഴേ പുസ്തകമങ്ങെടുത്തു മാററിവയ്ക്കാനാണു തോന്നിപ്പോവുക. അല്ലേ? വൈദികർക്കും കന്യാസ്ത്രീകൾക്കും മിഷനറിമാർക്കുംവേണ്ടിയുള്ള പുസ്തകം — അങ്ങനെയാണു് ചിന്തിച്ചുപോവുക. എന്നാൽ, നിങ്ങളുടേതുകൂടിയാണു ഈ പുസ്തകം; നിങ്ങൾക്കുവേണ്ടിയുമുള്ളതാണു് ഈ പുസ്തകം കാരണം, സഭയുടെ ജീവൻെറ പ്രവർത്തനമാണു് പ്രേഷിതപ്രവർത്തനം; ക്രൈസ്തവൻെറ പ്രവർത്തനമാണു പ്രേഷിതപ്രവർത്തനം

വത്തിക്കാൻ കൗൺസിൽ 'പ്രേഷിതപ്രവർത്തന'ത്തിൻെറ കാര്യത്തിൽ ചില പുതിയ സമീപനങ്ങളും കാഴ്ചപ്പാടുകളും സ്വീകരിച്ചു. കൗൺസിലിൻെറ ചിന്തകളെല്ലാം സമാഹരിച്ച 'ജനപദങ്ങളിലേക്കു്'' (Ad Gentes) എന്ന ഡിക്രിയുടെ ഒരു പഠനമാണീ പുസ്തകത്തിൻെറ പേജുകളിൽ നിരന്നു കിടക്കുക.

തികച്ചും അന്യൂനവും പൂർണ്ണവുമാണു് ഈ പഠനമെന്നവകാശപ്പെടുന്നില്ല; കുറെക്കൂടി അവഗാഢമായും

ആഴമായും ഈ വിഷയത്തിലേക്കിറങ്ങിച്ചെല്ലാൻ കഴി ഞ്ഞേക്കാം. വേണ്ടത്ര വിശദീകരിക്കാതെ പറഞ്ഞുപോയ ഭാഗങ്ങളുമുണ്ട്. ബോധപൂർവ്വം ചെയ്തതാണതു്. ഉദാഹരണത്തിന്, അക്രൈസ്തവരുടെ രക്ഷ. ദൈവശാസ്ത്രജ്ഞന്മാരുടെ വെറും അഭിപ്രായങ്ങൾ കൗൺസിൽ ചിന്തകൾക്കിടയിൽ കടന്നുകൂടരുതെന്നു പ്രത്യേകനിഷ്കർഷയുണ്ടായിരുന്നു.

മിഷനെപ്പററി മാത്രമായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ മലയാളത്തിൽ കുറവാണു്. ഉള്ളതിൽത്തന്നെ പ്രേഷിതപ്രവർത്തനത്തെപ്പററി അവഗാഢമായി പ്രതിപാദിക്കുന്നതൊന്നുപോലുമില്ല. ആനുകാലികപ്രസിദ്ധീകരണങ്ങളുടെകൂടെ 'പ്രേഷിതകേരളം', 'കുഞ്ഞുമിഷനറി' എന്നീ മിഷൻമാസികകളുണ്ടു്' എടുത്തു പറയാവുന്നവയായി. അവയുടെ നിസ്തുലസേവനങ്ങളോടുള്ള ഒരു സഹകരണംമാത്രമാണു് എൻേറതു്. മിഷനെപ്പററിയുള്ള കൗൺസിൽ ചിന്തകൾ ലളിതമായും സുവിശദമായും കേരളത്തിലെ ക്രൈസ്തവരുടെ മുമ്പിലവതരിപ്പിക്കുക; അങ്ങനെ പ്രേഷിതാവബോധവും പ്രേഷിതസഹകരണത്തിനായുള്ള സന്നദ്ധതയുമുണർത്തുക—ഇതുന്നംവച്ചുകൊണ്ടാണു ഞാനിതെഴുതാൻ പേനയെടുത്തതു്.

ഈ ഗ്രന്ഥത്തിൻെറ രചനയ്ക്കു് എന്നെ സഹായിച്ചവർ പലരുണ്ടു്. സദാ പ്രോത്സാഹനവും പ്രേരണയും നല്കിക്കൊണ്ടിരുന്ന ആലുവാ പൊൻറിഫിക്കൽ സെമിനാരി റെക്ടർ വെരി റവ. ഫാ. ഡോമിനിക്കു് ഒ. സി. ഡി; സുന്ദരമായ അവതാരിക എഴുതിത്തന്ന ചങ്ങനാശ്ശേരി അതിരൂപതാ അഡ്മിനിസ്ട്രേററർ റൈററ് റവ. ഡോ. ലൂക്കാ ചിററൂർ. ഇവർക്കു് എൻെറ ഹൃദയംഗമമായ കൃതജ്ഞത. ഇതിൻെറ പ്രസിദ്ധീകരണത്തിൽ എന്നെ സഹായിച്ച പലരുണ്ടു്. എല്ലാവർക്കും നന്ദി.

ഈ ഗ്രന്ഥത്തിൻെറ രചനയ്ക്കു് എന്നെ കഴിവുററവനാക്കി വളർത്തിയെടുത്തതു് 'പ്രേഷിതകേരള'മാണു്. ആ മിഷൻമാസികയുടെ പത്രാധിപസമിതിയിലെ നാലുവർഷത്തെ നിരന്തരപ്രവർത്തനം പ്രേഷിതപ്രവത്തനത്തോടു താൽപര്യവും സ്നേഹവും തോന്നാൻ എന്നെയേറെ സ്വാധീനിച്ചു. ഈയവസരത്തിൽ 'പ്രേഷിതകേരള'ത്തിലെ എൻെറ പ്രിയപ്പെട്ട സഹപ്രവർത്തകരെ കൃതജ്ഞതാപുരസ്സരം ഞാൻ അനുസ്മരിക്കുകയാണു്.

എൻെറ പൗരോഹിത്യസ്വീകരണത്തിൻേറയും പ്രഥമ ദിവ്യബലിയുടേയും സ്മാരകമാണു് ഈ ഗ്രന്ഥം.

പ്രേഷിതകേരളത്തിലെ ക്രൈസ്തവരുടെയിടയിലേക്കും പ്രേഷിതഭാരതത്തിലെ ആയിരക്കണക്കിനുള്ള പ്രേഷിതരുടെയിടയിലേക്കും ഈ 'മിഷൻഗ്രന്ഥ'ത്തെ ഞാൻ സവിനയം പറഞ്ഞയയ്ക്കുകയാണ്.

നെടുംകുന്നം,
മേയ് 15, 1970 } തോമസ് പീലിയാനി

ST. ANTONY'S MONASTERY, ALWAYE-KERALA.

ഒന്നു്

# മുഖവുര

സഭയുടെ അധുനാതനീകരണം സാധിക്കുക—അതായിരുന്നല്ലോ വത്തിക്കാൻ കൗൺസിലിന്റെ ലക്ഷ്യങ്ങളിൽ പ്രധാനം. സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ പുന:പരിശോധനയും നവീകരണവുമാണു് ആ വഴിക്കാദ്യം നടക്കേണ്ടതു്. അതിനായുള്ള ശ്രമത്തിന്റെ ഫലമായി ഉരുത്തിരിഞ്ഞതാണു പ്രേഷിതപ്രവത്തനത്തിന്റെ 'മാഗ്നാ കാർത്താ' എന്നു പരക്കെയിന്നു വിശേഷിപ്പിക്കപ്പെടുന്ന 'ജനപദങ്ങളിലേക്കു്' (Ad Gentes) എന്നു തുടങ്ങുന്ന പ്രേഷിതപ്രവത്തനത്തെപ്പററിയുള്ള കൗൺസിൽ ഡിക്രി. പ്രേഷിതപ്രവർത്തനത്തെപ്പററി സഭയിലിന്നോളം നിലനിന്നുപോന്ന വികലധാരണകൾക്കൊരന്ത്യമിടുകയും യഥാത്ഥവും കാലാനസൃതവുമായ കാഴ്ചപ്പാടു തെളിയിക്കുകയും ചെയ്യുന്നുണ്ടു് ഈ ഡിക്രി.

## പണിപ്പുരയിൽ

രണ്ടുവർഷങ്ങൾകൊണ്ടു രൂപംപൂണ്ട ആദ്യസ്കേമാ 1964 നവംബറിൽ കൗൺസിലിൽ അവതരിപ്പിക്കപ്പെട്ടു. ശുഷ്കവും അപൂർണ്ണവും നൈയാമികവുമായ കുറെ പ്രമേയങ്ങൾ മാത്രമുൾക്കൊള്ളുന്നതായി തോന്നി മിക്ക കൗൺസിൽ പിതാക്കന്മാർക്കുമതു്. എതിർപ്പുകൾ ശക്തമായി. ഒടുവിൽ പുനർനിർമ്മാണത്തിനായി സ്കേമാ അയയ്ക്കേണ്ടിവന്നു. പുതിയ കമ്മീഷനുകൾ സ്കേമായ്ക്കു പുതിയ രൂപം നല്കി. മിഷൻരാജ്യങ്ങളിൽനിന്നുള്ള മെത്രാന്മാരുടെ ദൃഷ്ടിയിൽ സ്കേമാ അപൂർണ്ണമായിരുന്നു ഇത്തവണയും. അവരുടെ എതിർപ്പുകൾക്കു മുമ്പിൽ പൊളിച്ചെഴുത്തുകളും തിരുത്തലുകളും കൂട്ടിച്ചേർക്കലുകളുമൊക്കെ നടന്നു. അവസാനം 1965 ഡിസംബർ 2-ാം തീയതി 18 വോട്ടുകൾക്കെതിരായി 2112 വോട്ടുകളോടെ ഡിക്രി അംഗീകരിക്കപ്പെട്ടു. ഡിസംബർ 7-നു നടന്ന പൊതുപ്രഖ്യാപനത്തിനുമുമ്പ് അഞ്ചിനെതിരായി 2394 വോട്ടുകളോടെ ഡിക്രി പാസ്സായി.

## പ്രശ്നങ്ങളുടെ മൂശയിൽനിന്നും

വിവിധപ്രദേശങ്ങളിൽനിന്നും വിവിധ പരിതോവസ്ഥകളിൽനിന്നുമെത്തിയ പിതാക്കന്മാർ മിഷനെപ്പററി വൈവിധ്യമാർന്ന കാഴ്ചപ്പാടുകളുള്ളവരായിരുന്നു. പലയിടത്തും പലതരം പ്രശ്നങ്ങളാണല്ലോ സഭ

യുള്ളതു്. സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ പരിവത്തനങ്ങൾ പ്രേഷിതപ്രവത്തനത്തെ വല്ലാതെയുലച്ചുതുടങ്ങിയിട്ടുണ്ടു് എവിടേയും. പ്രാദേശികാനുരൂപണങ്ങൾ, ഏകലോകാദർശം പ്രായോഗികമാക്കാനുള്ള ഉൽക്കടാഭിവാഞ്ഛ, മിഷൻ പ്രവർത്തനത്തിൻെറ ആവശ്യകതയെ ചോദ്യംചെയ്യൽ, മിഷനറിദൈവവിളികളുടെ കുറവു്—അങ്ങനെ പ്രശ്നങ്ങളേറെ കിടപ്പുണ്ടു് മുമ്പിൽ. ഇവിടെയൊക്കെ സ്വീകരിക്കാവുന്ന കുറെ പൊതുതത്വങ്ങൾ ആവിഷ്കരിച്ചേകുക എന്ന ശ്രമകരവും പ്രയാസപൂർണ്ണവുമായ യത്നമായിരുന്നു കൗൺസിലിനു ചെയ്യുവാനുണ്ടായിരുന്നതു്. അതിൽ വിജയിക്കുകയും ചെയ്തു. ദൈവശാസ്ത്രം, മനഃശാസ്ത്രം, സാമൂഹികശാസ്ത്രം എന്നിവയുടെ നൂതനാഭിമുഖ്യങ്ങളുടേയും ആധുനികനിഗമനങ്ങളുടേയും പശ്ചാത്തലത്തിലാണു് ഈ ഡിക്രി വാർന്നുവീണതെന്നു പറയാം. 'ട്രയംഫലിസ' (triumphalism) ത്തിൻേറയും നൈയാമികതത്വത്തിൻേറയും മററുമായ നിഴൽപ്പാടിൽനിന്നു മാറിനിന്നതുകൊണ്ടു സഭയുടെ അത്യാകർഷകമായ ലാളിത്യം ഈ ഡിക്രിയിലൂടെ തെളിഞ്ഞുവിളങ്ങുന്നു.

## ഡിക്രി-ഒരവലോകനം

ആറദ്ധ്യായങ്ങളുള്ള സാമാന്യം സുദീർഘമായൊരു ഡിക്രിയാണിതു്. പ്രഥമാദ്ധ്യായം മിഷൻെറ സൈദ്ധാന്തികവശങ്ങളെപ്പററിയുള്ള പ്രതിപാദനമാകയാൽ

ദൈവവിജ്ഞാനപരവും ഗഹനവുമാണ്. രക്ഷാചരിത്രത്തിലെ മിഷൻപ്രവർത്തനത്തിൻെറ ചലനാത്മകവും ഊർജ്ജസ്വലവുമായ വീക്ഷണവും അതിൽ തങ്ങിനില്പുണ്ട്. ബൈബിളിൻെറയും സഭാപിതാക്കന്മാരുടേയും ആശയങ്ങളോടൊപ്പം ആധുനിക ദൈവശാസ്ത്രത്തിൻെറ ആശയങ്ങളും കൂട്ടി മെനഞ്ഞെടുത്തതാണീ അധ്യായം. മിഷൻവേലയെപ്പററി പ്രതിപാദിക്കുന്ന രണ്ടാമധ്യായത്തിനു മൂന്നു ഘട്ടങ്ങളുണ്ട്: സുവിശേഷവേലയ്ക്കു പശ്ചാത്തലം സൃഷ്ടിക്കുക; സുവിശേഷഘോഷണത്തിലൂടെ ദൈവജനത്തെ ഒന്നിച്ചുകൂട്ടുക; ക്രൈസ്തവസമൂഹം രൂപവത്കരിക്കുക. പ്രാദേശികസഭകളെപ്പററിയാണു മൂന്നാമധ്യായം. യുവസഭകളുടെ വളർച്ച, അവയുടെ പ്രേഷിതപ്രവർത്തനങ്ങൾ, നേരിടേണ്ട പ്രശ്നങ്ങൾ എന്നിവയെ സ്പർശിക്കുന്നു ഈ വിഭാഗം. നാലാമധ്യായം മിഷനറിദൈവവിളിയെപ്പററിയും പ്രേഷിതരുടെ രൂപവത്കരണത്തെപ്പററിയുമാണ്. പ്രേഷിതപ്രവർത്തനങ്ങളുടെ സംവിധാനമേറെറടുത്തു ക്രമവത്കരിക്കുകയും സംഘടിപ്പിക്കുകയുമൊക്കെ ചെയ്യേണ്ട പ്രേഷിതസംഘടനകളെപ്പററിയാണ് അഞ്ചാമധ്യായം. അവസാനാധ്യായം ദൈവജനം മുഴുവൻെറയും പ്രേഷിതസഹകരണത്തിനൊരു രൂപരേഖ വരച്ചുവയ്ക്കുന്നുണ്ട്.

## സഭയെപ്പററിയുള്ള കോൺസ്റ്റിററ്യൂഷനും പ്രേഷിതപ്രവർത്തനത്തെപ്പററിയുള്ള ഡിക്രിയും

സമ്പന്നമായൊരു സഭാവിജ്ഞാനീയമാണു (Ecclesiology) സഭയെപ്പററിയുള്ള കോൺസ്റ്റിററ്യൂഷ (De Ecclesia) നിൽ നിറഞ്ഞുനില്ക്കുക. അതുകൊണ്ടു തന്നെയാണു് അതു കൗൺസിലിൻെറ മിക്ക പ്രമാണ രേഖകളുടേയും മൂലക്കല്ലായിബ്ഭവിച്ചതും. മിഷൻപ്ര വർത്തനത്തെപ്പററിയുള്ള ഡിക്രിയാണു് ഏററെയും കോൺസ്റ്റിററ്യൂഷനോടിഴകിച്ചേർന്നു നില്ക്കുന്നതെന്നു പറയാം. കാരണമുണ്ടതിനു്. സഭാവിജ്ഞാനീയവുമായി മിഷൻവിജ്ഞാനീയ (Missiology) ത്തിനുണ്ടു് അടി സ്ഥാനപരവും ആന്തരികവുമായൊരു ബന്ധം. സഭയെ ക്കൂടാതെ മിഷനില്ല; സഭയുടെ പ്രവർത്തനമാണല്ലോ മിഷൻപ്രവത്തനം. അടിസ്ഥാനപരവും ആന്തരികവുമാ യ ഈ ബന്ധം രണ്ടിൻേറയും ഉത്ഭവം, സ്വഭാവം, ല ക്ഷ്യം എന്നിവയിലാണു ദൃശ്യമാവുക. സഭയുടേയും മി ഷൻേറയും ഉത്ഭവസ്ഥാനം ഒന്നുതന്നെ; സ്വഭാവവും ഒ ന്നുതന്നെ; ലക്ഷ്യവും അങ്ങനെതന്നെ. ഉത്ഭവത്താലേ പ്രേഷിതയാണു സഭ; സ്വഭാവത്തിലും ലക്ഷ്യത്തിലും പ്രേഷിത. മിഷൻ ഉത്ഭവത്താലേ സഭാത്മകമാണു് (ecclesial)[1]. സ്വഭാവത്തിലും ലക്ഷ്യത്തിലും സഭാത്മ കംതന്നെ. ഇത്രയാഴത്തിൽ പാകിയ പരസ്പരബന്ധമുള്ള തുകൊണ്ടു് രണ്ടിനേയും രണ്ടായി എണ്ണാനൊക്കുകയില്ല.

---

1, യോഹ, 11: 52,

എന്നുവച്ചു രണ്ടിനേയും വേറെ വേറെ കാണാനാവി ല്ലെന്നു വരുന്നില്ല. സഭാവിജ്ഞാനീയവും മിഷൻവി ജ്ഞാനീയവും തമ്മിലുള്ള ഈ ഉററബന്ധമാണ് പ്രേ ഷിതപ്രവർത്തനത്തെപ്പററിയുള്ള ഡിക്രി സഭയെപ്പററി യുള്ള കോൺസ്റ്റിററ്യൂഷനെ പ്രധാനമായും പ്രത്യക്ഷമാ യും അധാരമായി സ്വീകരിക്കാൻ കാരണം.

സഭയുടെ അടിസ്ഥാനതത്വങ്ങളുടെ വിശകലനമാ ണു കോൺസ്റ്റിററ്യൂഷൻെറ പ്രഥമാധ്യായത്തിൽ. ഇവി ടെ സഭയുടെ രഹസ്യാത്മകവശത്തിനു (aspect of mystery) പ്രാധാന്യമേകിക്കൊണ്ടുള്ള സമീപനമാണു പു ലത്തുന്നതു്. മിഷൻേറയും അടിസ്ഥാനതത്വങ്ങൾ ഇവ തന്നെ. ത്രിത്വത്തിലേ ദിവ്യവ്യക്തികളുടെ പ്രേഷിത ത്വത്തിൽനിന്നുതന്നെ വെളിച്ചം സ്വീകരിച്ചുകൊണ്ടാ ണു മിഷൻപ്രവത്തനത്തെക്കുറിച്ചുള്ള പ്രമാണരേഖയി ലെ സമീപനം.

സകലമനുഷ്യരുടേയും രക്ഷ കാംക്ഷിക്കുന്ന ദൈ വികപദ്ധതിയാണു സഭയുടേയും മിഷൻേറയും ഉത്ഭവ കാരണം. ഈ പദ്ധതിയുടെ സാക്ഷാത്കരണമായിരു ന്നു പുത്രൻെറ മിഷൻ. ഈ സാക്ഷാത്കരണം ലോകാ വസാനത്തോളം സാധിതമാക്കാൻ സഭ ആവശ്യമായി വന്നു. ഈ സഭയുടെ ജീവത്തായിരിക്കുകയാണു പരിശു ദ്ധാത്മാവിയുടെ മിഷൻ. ത്രിത്വത്തിലേ മൂന്നാളുകളുമാ ണു സഭയുടെ അടിസ്ഥാനം. അവരുടെ മിഷൻസഭയുടെ മിഷൻെറ അടിസ്ഥാനവും. ആത്യന്തികമായി സഭയ്ക്കും

മിഷനുംകൂടി ഒരൊററ അടിസ്ഥാനമേയുള്ളൂ—ത്രിത്വം. സഭയും മിഷനും ഏകകാലത്താണ് ഉയിരെടുത്തത്. സഭ അസ്തിത്വംപൂണ്ട അതേനിമിഷം മിഷനും അസ്തിത്വംകൊണ്ടു. മിഷനറിയായിരിക്കാതെ സഭയ്ക്കു ലോകത്തിലായിരിപ്പാൻ വയ്യാ. ഉത്ഭവവും ലക്ഷ്യവും സത്താപരമായി പ്രേഷിതയായിരിപ്പാൻ അവളെ നിർബന്ധിക്കുകയാണ്[1].

സകല ജാതികളുടേയും പക്കലേക്കാണവൾ അയയ്ക്കപ്പെട്ടിരിക്കുന്നത്. അവരുടെയിടയിൽ രക്ഷയുടെ അടയാളമായിരിക്കണമവൾ. ചില രാജ്യങ്ങളിലോ ചില ജനതകൾക്കിടയിലോ മാത്രം രക്ഷയുടെ അടയാളമായിരുന്നാൽ പോരാ; എല്ലായിടത്തും എല്ലാവർക്കുമിടയിലും എല്ലായ്പോഴും അവളുണ്ടായിരിക്കണം, ദൈവവും മനുഷ്യനുമായുള്ള ഐക്യത്തിൻെറ (രക്ഷയുടെ) അടയാളമായി. അതുകൊണ്ടാണ് "രക്ഷയുടെ സാർവ്വത്രികകൂദാശ" (Universal Sacrament of Salvation) എന്നു സഭയെ വിളിക്കുന്നത്. സഭ സ്വതേ സാർവ്വത്രികമാണ്. സഭയുടെ ഉത്ഭവസ്ഥാനമായ ദൈവികപദ്ധതിയിൽനിന്നുതന്നെയാണ് ഈ സാർവ്വത്രികസ്വഭാവം വരിക. കാരണം, സാർവ്വത്രികമാണ് ദൈവികപദ്ധതി. അങ്ങനെ നോക്കുമ്പോൾ സത്താപരമായി മിഷനറിയാ

---

1. Ad Gentes, n. 2; cfr Lumen Gentium, n. 1-6.
2. Lumen Gentium n. 1; Ad Gentes, n. 1.

യിരിക്കുന്നതുപോലെതന്നെ സത്താപരമായി സാർവ്വത്രി കവുമാണു സഭ[1].

സ്വതേ പ്രേഷിതയാണു സഭയെങ്കിൽ അവളുടെ പ്രവർത്തനങ്ങളെല്ലാം പ്രേഷിതപ്രവത്തനങ്ങളാണ്. ഇ വയുടെ നിർവ്വഹണം സഭയുടെ മുഴുവൻേറയും കടമയാ ണ്. ദൈവജനം ഒന്നാകെ പ്രവർത്തനനിരതരാവണം. ഈ പ്രവർത്തനങ്ങളിന്നു കൂടുതൽ വ്യാപ്തിയും ശക്തി യും കൈക്കൊള്ളേണ്ടതുണ്ട്. അതിനു പ്രേഷിതപ്രവർ ത്തനത്തെപ്പററി ശരിയായ അവബോധം ദൈവജന ത്തിനുണ്ടാവണമാദ്യം. ഈ അവബോധം അവരിൽ പ രക്കെ സൃഷ്ടിക്കാനുള്ള കൗൺസിലിൻെറ ശ്രമമാണ് ജനപദങ്ങളിലേക്കു' (Ad Gentes) എന്ന ഡിക്രി.

---

1. A. G., n. 1.

രണ്ട്

# മിഷൻെറ അടിസ്ഥാനകാരണങ്ങൾ

## ദൈവത്തിൻെറ രക്ഷാകരപദ്ധതി

പ്രേഷിതത്വത്തിൻെറ മൗലികാടിസ്ഥാനം ദൈവത്തിൻെറ രക്ഷാകരപദ്ധതിയാണ്. സകല മനുഷ്യരും രക്ഷ കണ്ടെത്തണമെന്ന ദൈവേച്ഛയാണ് ഈ പദ്ധതിക്കു പിന്നിലുള്ളത്. അവിടുത്തെ അപാരമായ സ്നേഹമാണ സകലരുടേയും രക്ഷ ഉന്നംവയ്ക്കുന്ന ഈ പദ്ധതിയുടെ ഉറവിടം.

ശൂന്യതയിൽനിന്നു സ്വച്ഛായയിലും സ്വസാദൃശ്യത്തിലും മനുഷ്യന് അവിടുന്നു രൂപം നല്കി. സ്നേഹത്തിൻെറ അടങ്ങാത്ത ഉൾപ്രേരണമായിരുന്നു ഈ സൃ

ഷ്ടിയുടെ പിന്നിലുണ്ടായിരുന്നതു്. സ്നേഹത്തിൻെറ ഈ നീരുറവയെ കണ്ടെത്തി തൻെറ ജീവനിൽ പങ്കുപററുവാൻ മനുഷ്യനെ കാരുണ്യപുരസ്സരം ക്ഷണിക്കുകയായിരുന്നു മനുഷ്യസൃഷ്ടിയിലൂടെ ദൈവം. ഔദാര്യപൂർവ്വകമായ ഈ ദൈവികക്ഷണത്തിനു് ഔദാര്യപൂർവ്വകമായ പ്രത്യുത്തരം മനുഷ്യൻെറ ഭാഗത്തുനിന്നുണ്ടായില്ല. ആദ്യമനുഷ്യനുമായി ദൈവമേർപ്പെട്ട സ്നേഹത്തിൻെറ ആദ്യത്തെ ഉടമ്പടി തകർന്നുപോയി. ദൈവത്തിൽനിന്നവൻ ഓടിയകന്നു. തന്നിൽനിന്നു്—രക്ഷയിൽനിന്നു്—ഓടിയകലുന്ന ആ ഹതഭാഗ്യനെ അപ്പാടെയങ്ങു കൈവിട്ടുകളയുക—അതു ദൈവത്തിനു വയ്യാ. അവനെ പിന്തുടരാൻതന്നെ അവിടുന്നു തീരുമാനിച്ചു. ആ തീരുമാനമൊരു വാഗ്ദാനത്തിൻെറ രൂപംപൂണ്ടു: മനുഷ്യനെ രക്ഷിക്കുമെന്നും അതിനായി ഒരു രക്ഷകനെ അയയ്ക്കുമെന്നുമുള്ള സന്തോഷവാർത്ത. മനുഷ്യരക്ഷയ്ക്കു പരിപാടികൾ അവിടുന്നാരംഭിച്ചു. അബ്രാഹത്തിലൂടെ ഒരു പ്രത്യേകജനത്തെ—ഇസ്രായേൽജനത്തെ—ദൈവജനമായി അവിടുന്നൊരുക്കിയെടുത്തു. രക്ഷകൻെറ ആഗമനത്തിനായി ഒരുക്കുകയായിരുന്നു അവിടുന്നവരെ. അവരുടെ ദൈനംദിനജീവിതത്തിൽ അവിടുന്നു പലപ്പോഴുമിടപെട്ടു. സഹനങ്ങൾക്കും ദുരിതങ്ങൾക്കുമെല്ലാം സാക്ഷിയായി അവിടുന്നു് അവരോടൊത്തുണ്ടായിരുന്നു. ഈജിപ്തിൽ അടിമകളായി എല്ലുനുറുങ്ങി പണിയെടുത്തിരുന്ന അവർക്കു രക്ഷകനായി മോശയെ അയച്ചു. രക്ഷിക്കപ്പെട്ട തൻെറ ജനവുമായി ദൈവം ഒരുടമ്പടിയിലേർപ്പെട്ടു-

ആദവുമായി നടന്ന ഉടമ്പടിയുടെ പുനഃസ്ഥാപനമായിരുന്നു ഇതു്. നിയമങ്ങൾ നല്കിക്കൊണ്ടു് ദൈവമവരെ സദാ നയിച്ചുകൊണ്ടിരുന്നു. രക്ഷയെപ്പററിയുള്ള അവിടുത്തെ വാഗ്ദാനം പുതുക്കുകയും അവരോടെന്നും വിശ്വസ്തനായി വത്തിക്കുകയുംചെയ്തു. പക്ഷേ, ഇസ്രായേൽ ജനം അവിടുത്തോടു് അവിശ്വസ്തത കാണിച്ചു; നിയമങ്ങൾ ലംഘിച്ചു. എന്നിട്ടും ക്ഷമയോടെ പ്രവാചകന്മാർ വഴി ദൈവമവരെ നേർവഴിക്കു തിരിക്കുകയും പരിപാലിക്കുകയും ചെയ്തുപോന്നു. ഒടുവിൽ സമയത്തിൻെറ തികവിൽ ദൈവം നേരിട്ടു തൻെറ ജനത്തിൻെറ പക്കലേക്കു കടന്നുവന്നു.

ദൈവത്തിൻെറ രക്ഷാപദ്ധതിയുടെ ചരിത്രത്തിലുടനീളമുള്ള അനാവരണമാണു പഴയ ഉടമ്പടിയുടെ കഥ. ക്രിസ്തുവിനെ ഉന്നംവച്ചുകൊണ്ടാണു് ആ ചരിത്രം തിരിയുക. ക്രിസ്തുവിൽ വന്നു നില്ക്കുമ്പോഴേ അതു പൂർണ്ണമാവൂ. അപ്പോഴേ ആ ചരിത്രസംഭവങ്ങളുടെ ആന്തരാത്ഥം വെളിവാകൂ. ക്രിസ്തുവിൻെറ ഉടമ്പടിയിൽ നിറവേറാനുള്ളവയുടെ പ്രതീകങ്ങളായിരുന്നു അവ. ക്രിസ്തു വിളിച്ചുകൂട്ടിയ പുതിയ ദൈവജനത്തിൻെറ പ്രതിരൂപമാണു് ഇസ്രായേൽജനം. അടിമത്തത്തിൽനിന്നുള്ള രക്ഷ, ചെങ്കടൽ കടക്കുന്നതു് തുടങ്ങിയവ ക്രിസ്തു നേടാനിരുന്ന രക്ഷയെ പ്രദ്യോതിപ്പിക്കുന്നവയാണു്. അങ്ങനെ ക്രിസ്തുവിൻെറ പ്രകാശത്തിൽ പിന്നിലേക്കൊന്നു നോക്കുമ്പോൾ പഴയനിയമത്തിലേ രക്ഷാചരിത്രത്തിലുടനീളം ദൈവികപദ്ധതിയുടെ വെളിച്ചം തൂവി

നില്ക്കുന്നതു കാണാനൊക്കും. ചുരുക്കത്തിൽ പഴയനിയമത്തിലേ രക്ഷാചരിത്രം സഭയുടെ നിർമ്മാണപ്രക്രിയ അല്ലാതെ മറെറാന്നുമല്ല[1]. ക്രിസ്തുവിനുശേഷവും രക്ഷാചരിത്രം തുടരുന്നു; ലോകാവസാനത്തോളം തുടരുകയും ചെയ്യും. ദൈവികപദ്ധതിയുടെ സാക്ഷാത്കരണത്തിനായുള്ള പ്രവർത്തനങ്ങൾ — പ്രേഷിതപ്രവർത്തനം— ലോകാവസാനത്തോളം തുടർന്നുകൊണ്ടിരിക്കാതെ വയ്യാ. ക്രിസ്തു സ്ഥാപിച്ച സഭയിലൂടെയാണിതു സാധിക്കുന്നതു്. അതുതന്നെയാണു സഭയുടെ ലക്ഷ്യം. പിതാവിനാൽ അയയ്ക്കപ്പെട്ട ക്രിസ്തുവിലൂടെയും അവിടുത്തെ സഭയിലൂടെയും തൻെറ രക്ഷാപദ്ധതി സാക്ഷാത്കരിക്കപ്പെടുന്നു.

### പുത്രൻെറ പ്രേഷിതത്വം

പിതാവായ ദൈവത്തിൽനിന്നു ക്രിസ്തു സ്വീകരിച്ച പ്രേഷിതത്വമാണു പ്രേഷിതപ്രവത്തനത്തിൻെറ രണ്ടാമത്തെ അടിസ്ഥാനം.

താൻ സമാരംഭിച്ച സ്നേഹബന്ധം തകർക്കുകയും തൻെറ പദ്ധതിയാകെ താറുമാറാക്കുകയും ചെയ്ത മനുഷ്യനെ സഹതാപത്തോടേയും ക്ഷമയോടേയും സമീപിക്കുകയാണിവിടെ ദൈവം. തകർന്നുപോയ ആ സ്നേഹ

---

1. De Groot A. *The Bible on the Salvation of Nations*, St. Norbert Abbey Press, (U. S. A. 1966) 8.

ബന്ധം പുനഃസ്ഥാപിതമാവണം; ദൈവികപദ്ധതി നിറവേറുകയും വേണം. പാപത്തിൻെറ ഇരുണ്ട വഴികളിൽ നിന്നു രക്ഷയുടെ വെളിച്ചം പുരണ്ട വഴിത്താരയിലേക്ക് മനുഷ്യനെയെത്തിക്കുക, മനുഷ്യവർഗ്ഗത്തെ മുഴുവൻ തന്നോടു രമ്യതപ്പെടുത്തുക—ഇവയ്ക്കായി സ്വപുത്രനെത്തന്നെ അവിടുന്നയച്ചു. ക്രിസ്തുതന്നെ അതിനു വേണമെന്നായിരുന്നു ദൈവികപദ്ധതി. കാരണമുണ്ട്; ഓരോരുത്തൻെറയും ആത്മാവിൽ രഹസ്യമായി സ്വയം സാധിക്കാവുന്നതല്ല ഈ സാക്ഷാത്കരണം. മാനുഷികയത്നങ്ങൾക്കും കഴിവുകൾക്കും തനിയേ ഒന്നും സാധിക്കാനാവില്ല. ദൈവം നമ്മിൽനിന്നു വിദൂരത്തിലല്ല[1]. എന്നിട്ടും ദൈവത്തെ കണ്ടെത്തുന്നതിനുള്ള മനുഷ്യശ്രമങ്ങളൊക്കെ മിക്കപ്പോഴും വിഫലമാവുകയാണ്. അപ്പോൾപ്പിന്നെ രക്ഷാപദ്ധതിയുടെ സാക്ഷാത്കരണമെങ്ങനെ മനുഷ്യനെക്കൊണ്ടാവും?

ദൈവത്താൽ പ്രത്യേക ഉദ്ദേശ്യത്തോടെ അയയ്ക്കപ്പെട്ടവനാകയാൽ അവിടുത്തെ മിഷനറിയാണു ക്രിസ്തു[2]. "നഷ്ടപ്പെട്ടതിനെ കണ്ടുപിടിക്കുകയും രക്ഷിക്കുക"യുമാണ്[3] ക്രിസ്തുവിൻെറ മിഷൻ. ക്രിസ്തുതന്നെ സ്വമിഷനെപ്പററി പറയുന്നു:"ദരിദ്രരോടു സുവിശേഷം പ്രസംഗി

1. നട. 17: 27.
2. 'മിഷനറി' എന്ന വാക്കിൻെറ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്.
3. ലൂക്കാ 19: 10.

ക്കാൻ അവൻ എന്നെ അഭിഷേചിച്ചിരിക്കുന്നു. ഹൃദയതാപമുള്ളവരെ സമാശ്വസിപ്പിക്കാനും ബന്ധിതർക്കു സ്വാതന്ത്ര്യവും അന്ധർക്കു കാഴ്ചയും നല്കാനും അവൻ എന്നെ അയച്ചു"1. ക്രിസ്തുവിനുമാത്രമാണ് ഈ മിഷൻ നല്കപ്പെട്ടിരിക്കുക. ദൈവത്തിൻെറ ഏകപ്രേഷിതനും പ്രഥമപ്രേഷിതനും അവിടുന്നുതന്നെ. സമ്പൂർണ്ണാർത്ഥത്തിൽ ക്രിസ്തുമാത്രമാണ് പ്രേഷിതൻ.

ക്രിസ്തുവിൻെറ പ്രേഷിതത്വം മനുഷ്യവംശത്തിന് ആനന്ദദായകമായിരുന്നു. കാരണം മനുഷ്യരക്ഷയായിരുന്നു ആ പ്രേഷിതത്വത്തിൻെറ കാതൽ എന്നതുതന്നെ. അവിടുത്തെ ജീവിതംതന്നെ ആ രക്ഷയ്ക്കു സാക്ഷ്യം വഹിക്കുകയായിരുന്നു. തൻെറ രക്ഷാകരമരണത്തിനും ഉത്ഥാനത്തിനും മുമ്പ് ദൈവരാജ്യത്തിൻെറ സുവിശേഷം—രക്ഷ—ക്രിസ്തു പ്രസംഗിച്ചിരുന്നു. "സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു; നിങ്ങൾ പശ്ചാത്തപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ"2. ആ സന്തോഷവാർത്തയുമായാണ് ക്രിസ്തു തൻെറ ഭൗമികമിഷൻ സമാരംഭിക്കുക. രക്ഷയുടെ ആഹ്ളാദമയിയായ സ്വരമാണ് അവിടുത്തെ സുവിശേഷത്തിലുടനീളം മുഴങ്ങിനില്ക്കുന്നതു്. അന്യാപദേശങ്ങൾ, ഉപദേശങ്ങൾ, പ്രബോധനങ്ങൾ, അത്ഭുതങ്ങൾ— എല്ലാററിലും രക്ഷയുടെ സന്ദേശംതന്നെയാണു നിറഞ്ഞു

1. ലൂക്കാ 4: 18, 19.
2. മർക്കോ. 1: 15.

നില്ക്കുക. അതേസമയം ക്രിസ്തുവിൻെറ രക്ഷാകരപ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവായ മരണത്തിലേക്കും ഉത്ഥാനത്തിലേക്കുമവ കാന്തികാകർഷണംപൂണ്ടു നില്ക്കുകയും ചെയ്യുന്നു.

ക്രിസ്തുവിൻെറ ഈ ജീവാർപ്പണവും ഉത്ഥാനവും പാപത്തിന്മേലുള്ള വിജയം പൂർണ്ണമായും സാധിച്ചു. "അവിടുത്തെ മരണവും ഉത്ഥാനവുംവഴി നമ്മുടെ രക്ഷയുടെ രഹസ്യവും എല്ലാററിൻേറയും നവീകരണവും തന്നിൽത്തന്നെ എന്നേക്കുമായി അവിടുന്നു പൂർത്തിയാക്കി"1. ഈ രക്ഷയുടെ സാക്ഷാത്കരണമാകട്ടെ, 'മനുഷ്യരെ ദൈവവുമായി രമ്യതപ്പെടുത്തു'2കയും 'ദൈവസ്വഭാവത്തിൽ പങ്കുകാരാക്കുക'യും3 ചെയ്തു. അങ്ങനെ, 'മനുഷ്യവംശം മുഴുവനേയും ദൈവത്തിൻെറ ഏകജനമാക്കിത്തീർക്കാനും എല്ലാവരേയും തൻെറ ഏകശരീരത്തിൽ സംയോജിപ്പിക്കാനുമുള്ള'4 സാധ്യത ദിവ്യമായൊരടിസ്ഥാനത്തിധിഷ്ഠിതമാക്കുകയും ചെയ്തു അവിടുന്ന്.

"ക്രിസ്തു ലോകത്തിലേക്കയയ്ക്കപ്പെട്ടതു ദൈവത്തിനും മനുഷ്യനുമിടയ്ക്കുള്ള മദ്ധ്യസ്ഥനായിട്ടാണു"5. "ഒരു മദ്ധ്യസ്ഥനേയുള്ളൂ; രക്ഷയിലേക്കുള്ള വഴിയും ഒന്നുമാത്രം; അതാണു ക്രിസ്തു"6. "അവിടുന്നുതന്നെയാണു സക

---

1. Ad Gentes, n. 5 2. A. G. n. 3.
3. Ibid. 4. A. G. n. 7.
5. A. G. n. 3. 6 Lumen Gentium, n. 14.

ലലോകത്തിൻേറയും രക്ഷാകേന്ദ്രവും"1. "വേറൊരുവൻ വഴി രക്ഷയില്ല; രക്ഷപ്രാപിക്കാൻ മനുഷ്യർക്കു നല്കപ്പെട്ടതായി ആകാശത്തിൻകീഴിൽ വേറെ നാമമില്ല"2. "വഴിയും സത്യവും ജീവനും ക്രിസ്തുവാകുന്നു"3. "ജനതകളുടെ പ്രകാശമാണവിടുന്നു്"4. അവിടുത്തെ കണ്ടെത്തുക രക്ഷ കണ്ടെത്തുകതന്നെയാണു്. ദൈവികജീവനിലുള്ള പങ്കുചേരലാണു രക്ഷ. ക്രിസ്തുവിലൂടെയാണു നാമതിൽ പങ്കുചേരുക; ക്രിസ്തുവിലൂടെ മാത്രമേ അതു സാദ്ധ്യമാകുന്നതാനും. എന്നാൽ ക്രിസ്തുവിനെ അറിയാതെങ്ങനെ അവിടുന്നുവഴി രക്ഷപ്പെടും? അതുകൊണ്ടു ക്രിസ്തുവും രക്ഷയും പ്രസംഗിക്കപ്പെടണം. എങ്കിലേ ലോകം മുഴുവൻ 'ജറൂസലം മുതൽ'5 'ഭൂമിയുടെ അതിർത്തികൾവരെ'6 ക്രിസ്തുവും രക്ഷയും അറിയപ്പെടൂ. ക്രിസ്തു കാലദേശങ്ങൾക്കുള്ളിലാണു ജീവിച്ചതു്. അപ്പോഴെങ്ങനെയാണു പില്ക്കാലത്തുള്ളവർ അവിടുത്തെ അറിയുക? എങ്ങനെയാണവർ അവിടുത്തെ രക്ഷാകരസന്ദേശം ശ്രവിക്കുക? അവരുമറിയുകയും രക്ഷപ്പെടുകയും ചെയ്യണമെങ്കിൽ ക്രിസ്തുവിനെപ്പററിയും രക്ഷയെപ്പററിയും കേൾക്കാതെ വയ്യാ. കേൾക്കണമെങ്കിൽ പ്രസംഗിക്കപ്പെടണം. അതു ലോകാവസാനത്തോളം തുടരുകയുംവേണം. ചരിത്രത്തിലേ ഒരു നിശ്ചിതഭാഗത്തു സംഭവിച്ചതു്

---

1. Ibid. n. 17. 2. നട. 4: 12.
3. യോഹ. 14: 6. 4. L. G., n. 1.
5. ലൂക്കാ 24: 47. 6. നട. 1: 8.

"എല്ലാവരിലും എല്ലായ്പോഴും ഫലമുളവാക്കണം."[1] അതാണു ദൈവികപദ്ധതി.

## പരിശുദ്ധാത്മാവിയുടെ പ്രേഷിതത്വം

പ്രേഷിതപ്രവർത്തനത്തിന്റെ മൂന്നാമത്തെ അടിസ്ഥാനമാണു പരിശുദ്ധാത്മാവിയുടെ പ്രേഷിതത്വം.

ക്രിസ്തുവിനെസ്സംബന്ധിച്ചിടത്തോളം ഭൗമികജീവിതാവസാനത്തോടെ തന്റെ നേരിട്ടുള്ള പ്രേഷിതത്വവും അവസാനിച്ചു. തന്നെ ഏല്പിച്ചതവിടുന്നു നിവ്വഹിച്ചു. രക്ഷാകരകർമ്മത്തിന്റെ ഫലങ്ങൾ സകലക്കും ലഭിക്കണമെങ്കിൽ അവിടുത്തേ പ്രേഷിതത്വം ലോകാവസാനത്തോളം തുടരണം. ദൈവികപദ്ധതിയുമതുതന്നെ. അങ്ങനെ തുടരണമെങ്കിൽ തുടർന്നുകൊണ്ടുപോകുവാൻ ആളുവേണം. അപ്പസ്തോലന്മാരെ ക്രിസ്തു അക്കാര്യം ഭരമേല്പിച്ചു. പക്ഷേ, അവരുടെ ദൗത്യം ശരിയായി നിവ്വഹിക്കുവാൻ അവർക്കു പ്രാപ്തിലഭിക്കണമെങ്കിൽ 'സകലവും അവരെ പഠിപ്പിക്കാനും ക്രിസ്തു അവരോടു പറഞ്ഞവയെല്ലാം അനുസ്മരിപ്പിക്കാനും'[2] പരിശുദ്ധാത്മാവി വരണം. അവിടുത്തേ സഹായവും സാന്നിദ്ധ്യവും കൂടാതെ അവർക്കൊന്നും ചെയ്യാനാവില്ല. ക്രിസ്തുവിന്റെ രക്ഷാകർമ്മം സഫലമായിബ്ഭവിക്കണമെങ്കിൽ പരിശുദ്ധാത്മാവിയുടെ പ്രവത്തനമാവശ്യമാണ്.

---

1. Ad Gentes n. 3.
2. യോഹ. 14: 26.

ക്രിസ്തുവിൻെറ രക്ഷാകർമ്മത്തോട്ട് അവശ്യം ബന്ധപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിയുടെ പ്രേഷിതത്വം[1]. അപ്പോാം പരിശുദ്ധാത്മാവിയുടെ പ്രേഷിതത്വത്തിനു ക്രിസ്തുവിൻെറ പ്രേഷിതത്വത്തോളംതന്നെ പ്രാധാന്യമുണ്ട് രക്ഷാകരപദ്ധതിയിൽ. ക്രിസ്തു പിതാവിൻെറ പക്കലെത്തിക്കഴിഞ്ഞാണു പരിശുദ്ധാത്മാവിയെ പ്രേഷിതനായി അയയ്ക്കുക. അവിടുത്തെ അയയ്ക്കുന്നതിനും താൻ മഹത്വീകൃതനാവുന്നതിനും ക്രിസ്തുവിനു ലോകത്തിൽനിന്നു മടങ്ങേണ്ടിവന്നു[2]. അവിടുത്തെ ദ്വിതീയാഗമനം (Parousia)വരേയും പരിശുദ്ധാത്മാവി തൻെറ പ്രേഷിതത്വം ലോകത്തിൽ തുടർന്നുകൊണ്ടിരിക്കും.

ക്രിസ്തുവിൻെറ പ്രേഷിതത്വത്തിൻെറ തുടർച്ചയാണു പരിശുദ്ധാത്മാവിയുടേതെങ്കിലും ക്രിസ്തുവിൻേറതിൽനിന്നു വ്യതിരിക്തമാണതു്. "പുതിയൊരു പ്രേഷിതത്വമാണു പരിശുദ്ധാത്മാവിക്കു നല്കപ്പെട്ടിരിക്കുക. ഒരു തരത്തിലും ക്രിസ്തുവിൻെറ പ്രേഷിതത്വവുമായി താദാത്മ്യപ്പെടുത്താനാവില്ലതു്"[3]. എന്നുവച്ച് രണ്ടും തികച്ചും വിഭിന്നങ്ങളാണെന്നു വരുന്നില്ല. ലക്ഷ്യവും ഉള്ളടക്കവും കണക്കിലെടുത്തുകൊണ്ടൊന്നു പരിശോധിക്കുമ്പോാം കാണാം രണ്ടു പ്രേഷിതത്വവും തമ്മിലുള്ള ഐകരൂപ്യവും ഏകഭാവവും. രണ്ടിൻേറയും പ്രഭവസ്ഥാ

---

1. Congar Yves, O. P., *Mystery of the Church*, p. 149.
2. യോ. 7: 39
3. Congar Yves, O. P. *Mystery of the Church*, p. 150.

നം ദൈവത്തിൻെറ സാർവ്വലൗകിക രക്ഷാപദ്ധതി തന്നെ.

ഇങ്ങനെ ക്രിസ്തുവിൻേറയും പരിശുദ്ധാത്മാവിയുടേയും പ്രേഷിതതചങ്ങൾക്ക തമ്മിൽ ഐകരൂപ്യം കാണാമെങ്കിലും തികച്ചും സ്വാതന്ത്ര്യവും വ്യത്യസ്തവുമായ മററു ചില പ്രവർത്തനങ്ങൾ പരിശുദ്ധാത്മാവിക്ക ചെയ്യുവാനുണ്ട്. ക്രിസ്തുവിൻെറ രക്ഷാകരകൃത്യം ആന്തരികമായി ആത്മാക്കളിൽ ഫലമുളവാക്കുന്നതിനും സഭയുടെ സ്വകീയമായ വികാസത്തിന് ആക്കം കൂട്ടുന്നതിനുമാണു പരിശുദ്ധാത്മാവിയെ അയച്ചതു"[1]. മനുഷ്യൻ രക്ഷപ്പെടണം. പക്ഷേ, പുറത്തുനിന്നാർക്കും ഈ രക്ഷ നിർബന്ധിച്ചേകാൻ പററില്ല. സ്വാതന്ത്ര്യമനസ്സും ബുദ്ധിയുമുപയോഗിച്ച് ഓരോരുത്തനും തനിക്കായി കണ്ടെത്താതെ വയ്യാ. മനുഷ്യൻെറ ഉള്ളിൽനിന്നേ രക്ഷ ആരംഭിക്കാനൊക്കൂ. ബാഹ്യശക്തികൾ വെറും സഹായംമാത്രം. ആന്തരികമായിട്ടൊരുവൻ ഒരുങ്ങാത്തിടത്തോളംകാലം ക്രിസ്തുവിൻെറ വാക്കുകൾക്ക ഒന്നുമവനിൽ ചെയ്യാനാവില്ല. ഈ ആന്തരിക ഒരുക്കത്തിനവനെ ഉത്തേജിപ്പിക്കാൻ പരിശുദ്ധാത്മാവി വേണം. അപ്പോൾ ക്രിസ്തുവിൻെറ പ്രസാദവരം അവൻെറ ഉള്ളിൻെറയുള്ളിൽ കടന്നെത്തി അവനെ സ്പർശിക്കാതിരിക്കയില്ല.

"ക്രൈസ്തവസമൂഹങ്ങളെ പ്രേഷിതാത്മാവിയാൽ

---

1. A. G. n. 4.

പ്രോജ്ജ്വലിപ്പിക്കുന്നതും പരിശുദ്ധാത്മാവിയാണ്" [1]. ദൈവജനത്തെ വിശുദ്ധീകരിക്കുകയും നയിക്കുകയും സുകൃതസമ്പന്നരാക്കുകയും ചെയ്യുന്ന അവിടുന്ന്. കൂദാശകളും സഭയിലെ ശുശ്രൂഷകളുംവഴി മാത്രമല്ല, ഓരോരുത്തർക്കും, എല്ലാനിലയിലുമുള്ള വിശ്വാസികൾക്കും, തന്റെ ഇഷ്ടാനുസരണമേകുന്ന വരങ്ങൾ വഴിയുമാണിതു സാധിക്കുക. ഈ പ്രസാദവരങ്ങൾ അവരെ സഭയുടെ വളർച്ചയ്ക്കും നവീകരണത്തിനുമുതകുന്ന പല ജോലികളും ഉത്തരവാദിത്വങ്ങളും ഏറെറടുത്തു ചെയ്യാൻ കഴിവുററവരും തയ്യാറുള്ളവരുമാക്കുന്നു[2]. ക്രിസ്തുവിന്റെ ദ്വിതീയാഗമന (Parousia) ത്തിനുമുമ്പ് എല്ലാററിനേയും വിശുദ്ധീകരിക്കുക; ക്രിസ്തുവിൽ നവീകരിക്കുക; സഭയുടെയാകെ വളർച്ചയും ഫലസമൃദ്ധിയും സാധിക്കുക—ഇവ പരിശുദ്ധാത്മാവിയുടെ പ്രവർത്തനങ്ങളിൽ പ്രധാനമായവയാണ്. ലോകമെമ്പാടും പ്രവർത്തനനിരതരായിരിക്കുന്ന പ്രേഷിതർക്കു തങ്ങളുടെ പ്രശ്നങ്ങൾ, പ്രതിബന്ധങ്ങൾ, പരാജയങ്ങൾ, ക്ലേശങ്ങൾ എന്നിവയെല്ലാം സമചിത്തതയോടും സന്തോഷത്തോടുംകൂടെ സഹിക്കുവാൻ ചൈതന്യവും ശക്തിയുമണയ്ക്കുക പരിശുദ്ധാത്മാവിതന്നെയാണ്.

അവിടുന്നു കന്യകാമറിയത്തിൽ ആവസിച്ചതോടെ ക്രിസ്തുവിന്റെ ശരീരം ഉരുവാക്കപ്പെട്ടു. പന്തക്കുസ്താ

---

1. A. G., n. 15.
2. L. G., n. 12.

നാളിൽ അപ്പസ്തോലന്മാരിൽ അവിടുന്നെഴുന്നെള്ളിവ ന്നതോടെ ക്രിസ്തുവിൻെറ മൗതികശരീരം ദൃശ്യരൂപം കൊണ്ടു. അവിടുത്തേ വരവോടെ സഭ സമുദ്ഘാടനം ചെയ്യപ്പെടുകയായിരുന്നു; ക്രിസ്തുവിൻെറ പ്രേഷിതത്വം തന്നെ സഭയുടെ പ്രേഷിതത്വമായി ഔദ്യോഗികമായി തുടങ്ങുകയായിരുന്നു. അവിടുന്നെന്നാളും സന്നിഹിതനാ ണു സഭയിൽ. വിവിധദാനങ്ങൾ (Charisms) നല്കി ക്കൊണ്ട് അവിടുന്നു സഭയെ സദാ നയിക്കുന്നു. അവിടു ത്തേ സാന്നിദ്ധ്യമാണു സഭയെ വെറുമൊരു മാനുഷിക സമൂഹമെന്നതിലുപരി ഒരു (Mystery) രഹസ്യമാക്കുക.

പരിശുദ്ധാത്മാവിയുടെ വരവോടെ സഭയുടെ സാർ വത്രികസ്വഭാവം തെളിവാകുകയായിരുന്നു. വിവിധഭാ ഷകളിൽ വിവിധജാതികൾക്കിടയിൽ ക്രിസ്തുവിനെ പ്ര സംഗിക്കാൻ വരമേകിയതു് അവിടുന്നാണു്. അങ്ങനെ ജനതകൾക്കിടയിൽ ഐക്യം സൃഷ്ടിക്കാൻ കഴിഞ്ഞു. "എല്ലാഭാഷകളും സംസാരിക്കുകയും എല്ലാ ഭാഷകളേ യും മനസ്സിലാക്കുകയും ചെയ്യുന്ന സഭ; ബാബേൽ നഗര ത്തിൽ ഉത്ഭവിച്ച ഭിന്നത തീർത്തുകൊണ്ടു് ഈ ഐ ക്യം സാധിച്ചു"1. പന്തക്കുസ്താദിനവും ബാബേലുമായു ള്ള ഈ ബന്ധം എത്തിനില്ക്കുന്നതു്, മാനവകുടുംബ ത്തിൽ പാപം തകർത്തുകളഞ്ഞ ഐക്യത്തിൻെറ പുനഃ സ്ഥാപനത്തിലേക്കാണു്. അങ്ങനെ നോക്കുമ്പോൾ പ രിശുദ്ധാത്മാവിയും പ്രേഷിതരും പരസ്പരം സഹകരിച്ചാ

---

1. A. G. n. 4.

ൺ സഭയുടെ പ്രേഷിതപ്രവൎത്തനം നടത്തുക. പ്രത്യക്ഷത്തിൽ പ്രേഷിതർ പ്രവൎത്തിക്കുന്നു. പരിശുദ്ധാത്മാവ് ആ പ്രവർത്തനങ്ങൾക്ക് അവരെ പ്രചോദിപ്പിക്കുകയും നിയന്ത്രിക്കുകയും നയിക്കുകയും ഫലദായകമാക്കുകയും ചെയ്യുന്നു[1].

## സഭയുടെ പ്രേഷിതത്വം

ക്രിസ്തുവിന്റെ ഭൗമികജീവിതാവസാനത്തോടെ അവസാനിക്കാനുള്ളതല്ലായിരുന്നു അവിടുത്തെ പ്രേഷിതത്വം. അവിടുത്തെ ദ്വിതീയാഗമനംവരെയും തുടരണമത്രെ. അതിനായി അവിടുന്നു നേരത്തെതന്നെ തിരഞ്ഞെടുത്തൊരുക്കിയിരുന്ന സ്വശിഷ്യരെ ഭരമേല്പിച്ചു. അവരുടെ പിൻഗാമികളിലൂടെ ലോകാവസാനത്തോളം തന്റെ പ്രേഷിതത്വം തുടരണമെന്നാണ് അവിടുത്തെ ആഗ്രഹം. പരിശുദ്ധാത്മാവിന്റെ വരവോടെ അവർ ഉദ്ബുദ്ധരായി വിദേശങ്ങളിലേക്കിറങ്ങിത്തിരിച്ചു. അങ്ങനെ ദൃശ്യഘടനയായി ലോകത്തിലസ്തിത്വം സ്വീകരിച്ച നിമിഷംതന്നെ പ്രേഷിതയായിക്കഴിഞ്ഞു സഭ. ശ്ലീഹന്മാരാണു സഭയുടെ അടിസ്ഥാനം[2]. 'അതിന്റെ ബീജവും ഹയരാർക്കിയുടെ ആരംഭവുമായിത്തീർന്നു ശ്ലീഹന്മാർ'[3]. ഈ സഭ പുതിയ ഇസ്രായേലാണ്[4].

---

1. A. G. n. 4.
2. അപ്പോ. 2: 20
3. A. G. n. 5
4. A. G. n. 5; L. G., n. 9

പഴയനിയമത്തിലേ ഇസ്രായേൽജനത്തെ തൻെറ ജനമായി ദൈവം തിരഞ്ഞെടുത്തു. തന്നെ അവരറിയണം. തനിക്കു ശുശ്രൂഷയർപ്പിക്കണം; അതിനായിട്ടവരെ ഒരൊററ ജനപദമായി അവിടുന്ന് ഒന്നിച്ചുചേർത്തു. കാരണമുണ്ട്. മനുഷ്യരെ, പരസ്പരബന്ധമില്ലാത്ത വ്യക്തികളായല്ല, ഒരു ജനപദമായി വിശുദ്ധീകരിക്കാനും രക്ഷിക്കാനുമാണു[1] അവിടുത്തെ പദ്ധതി. ഈ ഇസ്രായേൽജനവുമായി ദൈവമൊരു ഉടമ്പടിയിലേർപ്പെട്ടു. അവർക്കവിടുന്നു സ്വയം വെളിപ്പെടുത്തി; തൻെറ രക്ഷാകരപദ്ധതി തെളിവായികാട്ടി; അവരെ വിശുദ്ധീകരിച്ചു. പുതിയ നിയമത്തിലേ പൂർണ്ണവും പുതിയതുമായ ഈ ഉടമ്പടിയുടേയും വെളിപാടിൻേറയും പ്രതീകങ്ങളായിരുന്നു ഇവയെല്ലാം. ഇസ്രായേൽജനത്തെ ദൈവത്തിൻെറ സഭയെന്നു വിളിച്ചിരുന്നു[2]. ക്രിസ്തുവിൽ വിളിച്ചുകൂട്ടപ്പെട്ട പുതിയ ഇസ്രായേലിനെ ക്രിസ്തുവിൻെറ സഭയെന്നു വിളിക്കുന്നു[3].

തൻെറ രക്ഷാകരകൃത്യം തുടരാനായി ഈ പുതിയ ഇസ്രായേലിനെ ലോകത്തിലേക്കയച്ചിരിക്കുകയാണു ക്രിസ്തു. ഈ പുതിയ ഇസ്രായേലിൻെറ തലവൻ അവിടുന്നുതന്നെ. അവിടുന്നെപ്പോഴുമുണ്ടു തൻെറ ജനത്തോടൊപ്പം. സഭയിലൂടെ അവിടുന്നുതന്നെയാണു രക്ഷാകര

---

1. A. G., n. 2; L. G., n. 9
2. സംഖ്യ 20: 4
3. മത്താ, 16: 18; L. G., n. 9

കർമ്മം തുടരുക. സഭയിൽ അദൃശ്യനായി ജീവിക്കുന്ന ക്രിസ്തുവിനെ സകലരും അടുത്തറിയണം. അതു സുസാധമാക്കുക സഭയുടെ കടമയാണ്. ക്രിസ്തുവിൻെറ സഭയിലെ രക്ഷാകരസാന്നിദ്ധ്യം ലോകത്തിനു കാട്ടിക്കൊടുക്കേണ്ടതും സഭതന്നെ. അവിടുത്തെ കണ്ടെത്തുക രക്ഷ കണ്ടെത്തുകയാണല്ലോ: "ക്രിസ്തു ദൈവത്തിൻെറ കൂദാശയായിരിക്കുന്നതുപോലെ, നമ്മെ സംബന്ധിച്ചിടത്തോളം സഭ ക്രിസ്തുവിൻെറ കൂദാശയാണ്"[1].

രക്ഷയുടെ കൂദാശയായി സഭയെ ക്രിസ്തു അയച്ചു എന്നതിനുറപ്പുനല്കാനായി ജോണിൻേറയും മത്തായിയുടെയും മർക്കോസിൻേറയും ഓരോ വാക്യങ്ങളുദ്ധരിക്കുന്നുണ്ടു കൗൺസിൽ: "എൻെറ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു"[2]. "ആകയാൽ നിങ്ങൾ പോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവർക്കു മാമോദീസാ നല്കി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളവയെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ട്"[3]. "നിങ്ങൾ ലോകമെങ്ങുംപോയി സകല സൃഷ്ടിക

---

1. HENRI DE LUBAC, S. J., *The Splendour of the Church*, Sheed and Ward (London 1956) 147; *Catholicism*, Burns & Oates (London 1962) 28
2. യോഹ. 20; 21
3. മത്താ. 28: 19, 20.

ളോട്ടും എൻെറ സുവിശേഷം അറിയിക്കുവിൻ. വിശ്വസിച്ചു മാമോദീസാ സ്വീകരിക്കുന്നവൻ രക്ഷ പ്രാപിക്കും;I. പരസ്പരപൂരകങ്ങളാണീ വാക്യങ്ങളെന്നു വ്യക്തമാണു്. ചെറിയൊരപഗ്രഥനം നടത്തിയാൽ കാണാം സഭയ്ക്കു ലോകത്തിൽ നിർവഹിക്കാനുള്ളവ എന്തൊക്കെയാണെന്നു്. ഒരേ ഒരു മിഷനേയുള്ളൂ സഭയ്ക്കു്; അതിൻെറ വിവിധവശങ്ങളാണിവയെല്ലാം.

സകലരോടും സുവിശേഷം പ്രസംഗിച്ചുകൊണ്ടു ലോകം മുഴുവൻ പടർന്നു വ്യാപിക്കണം സഭ. ഈ സുവിശേഷഘോഷണത്തിലൂടെവേണം വിശ്വാസത്തിലേക്കും ജ്ഞാനസ്നാനസ്വീകരണത്തിലേക്കും അങ്ങനെ രക്ഷയിലേക്കും സകലരേയും സഭ കൊണ്ടുവരിക. സഭയും വിശ്വാസവും ജ്ഞാനസ്നാനവും രക്ഷയ്ക്കാവശ്യമാണു്. "ഇരുളിൽനിന്നു വെളിച്ചത്തിലേക്കും സാത്താൻെറ ശക്തിയിൽനിന്നു ദൈവത്തിങ്കലേക്കും തിരിയാൻ തക്കവണ്ണം അവരുടെ കണ്ണുകൾ തുറക്കുക"I യാണു സുവിശേഷഘോഷണത്തിൻെറ ഉന്നം.

പ്രേഷിതത്വത്തിൻെറ ശരിയായ നിർവ്വഹണത്തിനു സകല ജനങ്ങൾക്കുമിടയിൽ സമ്പൂർണ്ണമായും സജീവമായും സഭയ്ക്കു സന്നിധി ചെയ്യാതെ വയ്യാ. എങ്കിലേ സകലർക്കും സഭയെ കണ്ടെത്താനും അതിലൂടെ രക്ഷപ്പെടാനും സാധിക്കൂ. എങ്ങനെയാണു സഭ സമ്പൂ

---

I. മർക്കോ. 16: 15, 16.

ർണ്ണവും സജീവവുമായി സന്നിധി ചെയ്യുക? ജീവസ്സററ സന്മാതൃകകഠം, പ്രസംഗങ്ങഠം, ക്രൂദാശാനുഷ്ഠാനങ്ങഠം, ആരാധനക്രമങ്ങഠം എന്നിവയിലൂടെയാണതു്. ക്രൂദാശകളിലൂടെ ദൈവാനുഗ്രഹം സമൃദ്ധിയായി ജനഹൃദയങ്ങളിലേക്കെത്തുകയും ആരാധനാർപ്പണം പരിപൂർണ്ണത പ്രാപിക്കുകയും ചെയ്യുന്നു. ദൈവവുമായുള്ള സമാഗമമാണവയിൽ നാം കാണുക; അതോടുകൂടെത്തന്നെ സഭ അതിൻെറ തികഞ്ഞ പ്രേഷിതസ്വഭാവത്തിൽ മനുഷ്യവ്യക്തികഠംക്കു് അഭിമുഖീഭവിക്കുകയുമാണു്. എന്നാൽ പ്രസംഗങ്ങഠംകൊണ്ടും ക്രൂദാശാനുഷ്ഠാനങ്ങഠംകൊണ്ടുംമാത്രം ഒരിക്കലും സഭയുടെ സാന്നിധ്യമാർക്കും അനുഭവപ്പെട്ടെന്നു വരില്ല. ജീവിക്കുന്ന മാതൃകകഠം കൂടിയാവശ്യമാണതിനു്. എങ്കിൽമാത്രമേ സഭയ്ക്കു മനുഷ്യനെ പ്രചോദിപ്പിക്കുന്നതിലും പ്രവത്തിപ്പിക്കുന്നതിലും ആക്കം കൂട്ടാനാവൂ.

ക്രിസ്തുവിൻെറ അതേ പ്രേഷിതത്വമാണു സഭയുടേതെന്നു കണ്ടു. അതുകൊണ്ടു ക്രിസ്തുവിൻെറ അതേ വഴിയിലൂടെവേണം സഭയുടെ നീക്കവും. ദാരിദ്ര്യം, അനുസരണം, സേവനം, ആത്മപരിത്യാഗം എന്നിവയിലൂടെ. അപ്പസ്തോലന്മാരും ആദിമക്രൈസ്തവരും അതേ വഴിയിലൂടെ കടന്നുപോയി[1]. നന്നേ ചെറുപ്പമായിരുന്നെങ്കിലും സഭയ്ക്കുതൊട്ടും ദുസ്സാധമോ ദുസ്സഹമോ ആയിത്തോന്നിയില്ല. ഇളംപ്രായം തെട്ടേ തനിക്കാവുംപടി ലോകത്തി

---

1. നടപടി. 26: 17, 18.

ലവർ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയും അതേസമയം കഴിയുന്നിടത്തോളം സമ്പൂർണ്ണമായും സജീവമായും ജനങ്ങൾക്കിടയിൽ, ശത്രുക്കൾക്കിടയിൽപ്പോലും സന്നിഹിതയാവുകയും ചെയ്തിരുന്നു. ബാഹ്യമായി ദുർബലയായിരുന്നെങ്കിലും ആന്തരികമായി ദാർഢ്യമുററവളും തികഞ്ഞ മിഷനറിയും നൂറുശതമാനം ക്രൈസ്തവയുമായിരുന്നു അന്നത്തെ സഭ.

ശത്രുക്കളുടെ മുമ്പിലവർ ശക്തയായിത്തന്നെ നിലനിന്നു. അനേകായിരം സഭാതനയർ ജീവാർപ്പണം ചെയ്തു. അതൊരു പരാജയമായിരുന്നില്ല. ക്രിസ്തുവിൻെറ മരണം ഒരു പരാജയമല്ലാത്തതുപോലെ. അവരുടെ ജീവാർപ്പണം ക്രിസ്തുവിനൊന്നാതരം സാക്ഷ്യം നല്കുവാൻ പോരുന്നതാണു്. സഹനങ്ങളും ഞെരുക്കങ്ങളും പീഡനങ്ങളുമാണു് എക്കാലവും സഭയ്ക്കു വേണ്ട വെള്ളവും വളവും നല്കുക. ക്രൈസ്തവരക്തം സഭാബീജമാണെന്നു തെർത്തുല്യൻ പറയുന്നുണ്ട്. അങ്ങനെ ക്രിസ്തുവിനെപ്പോലെതന്നെ സഹനങ്ങളിലൂടെയും രക്തച്ചൊരിച്ചിലിലൂടെയുമാണു സഭയും മനുഷ്യരക്ഷ സാധിക്കുക. സഭയും സഭാംഗങ്ങളും മിശിഹാ സ്വശരീരത്തിൽ സഹിച്ചതുപോലെ സഹിച്ചുകൊണ്ടുവേണം[1] പ്രേഷിതപ്രവർത്തനത്തിലേർപ്പെടുക.

---

1 കൊലൊ. 1: 24.

## മൂന്നു്

# മിഷൻ—

# ഒരു വിശകലനം

ക്രിസ്തുവിൽനിന്നു് അപ്പസ്തോലന്മാർ സ്വീകരിച്ച പ്രബോധനാധികാരം അവരുടെ അനുഗാമികളിലേക്കു പകരുന്നുണ്ടു്. പ്രഥമനൂററാണ്ടിൽനിന്നു സ്വീകരിച്ച അതേ മിഷൻതന്നെയാണു് ഇരുപതാംനൂററാണ്ടിലും സഭയുടേതു്; ലോകവസാനത്തോളം അങ്ങനെയായിരിക്കുകയും ചെയ്യും. സാഹചര്യങ്ങൾ, പ്രവർത്തനരീതികൾ ഇവയെല്ലാം സ്ഥലകാലാനുസരണം മാറിക്കൊണ്ടിരിക്കും; അങ്ങനെയാവാതെ വയ്യല്ലോ. ഈ വ്യത്യാസങ്ങൾ മിഷൻെറ സ്വഭാവത്തെയോ സഭയുടെ കർത്തവ്യത്തെയോ ഒട്ടും സ്പർശിക്കില്ല. അവ ഒന്നുംതന്നെ എടുത്തുമാററി സഭയുടെ ഭാരത്തെ ലഘൂകരിക്കുന്നുമില്ല; മറിച്ചു് കടമകളുടെ ഈടു് ഇരട്ടിയാക്കുന്നെങ്കിലേ ഉള്ളൂ.

അനനിമിഷം പുരോഗമനോന്മുഖമായി ചലിച്ചുകൊണ്ടിരിക്കുന്നലോകത്തിലാണു സഭയ്ക്കു ജീവിക്കാനുള്ളതു്. ആ ചലനങ്ങൾക്കൊത്തു നീങ്ങുന്ന മനുഷ്യനുവേണ്ടിയാണു സഭ. അവനെ അവയിൽനിന്നടർത്തി മാററി രക്ഷിക്കാമെന്നു കരുതിക്കൂടാ. കാരണം, ഈ ലോകത്തിൽ ജീവിച്ചുകൊണ്ടുതന്നെ വേണം മനുഷ്യൻ രക്ഷ കണ്ടെത്തുക. അപ്പോൾ സഭയ്ക്കു കരണീയമായിട്ടുള്ളതു മറെറാന്നാണു്: ലോകത്തിൻെറ ചലനങ്ങൾക്കിടയിലേക്കു് ആഴ്ന്നിറങ്ങുക. അവിടെ മനുഷ്യരോടൊത്തു് ഒരു കെടാവിളക്കെന്നവണ്ണം എപ്പോഴുമുണ്ടായിരിക്കണം സഭ. ഇങ്ങനെയൊരു സമീപനം സ്വീകരിക്കണമെങ്കിൽ സഭ ലോകവുമായി അനുരൂപണം പ്രാപിക്കണം. നൂതനസാഹചര്യങ്ങളോടും സങ്കീർണ്ണപരിതോവസ്ഥകളോടും ഇണങ്ങിച്ചേരാൻ തക്ക പാകത്തിലായിരിക്കണം അവളുടെ പ്രവൎത്തനങ്ങളും. അല്ലെങ്കിൽ ആധുനികലോകം സഭയെ ശ്രവിക്കില്ല. എങ്കിൽപ്പിന്നെ സകലരുമെങ്ങനെ രക്ഷയെപ്പററി അറിയും? അവരറിയാതെ വരുന്നെങ്കിൽ സഭയുടെ ഉദ്യമത്തിൻെറ പരാജയത്തെയല്ലേ അതു വ്യക്തമാക്കുക? ലോകത്തിനു രക്ഷയേകാനാണു സഭയെങ്കിൽ പിന്നെ ലോകത്തോടൊത്തു നീങ്ങാനവളെന്തിനു മടിക്കണം?

ഇതൊക്കെ തെററിദ്ധാരണയ്ക്കിട നല്കിയേക്കാം. സഭയ്ക്കു വിവിധോദ്ദേശ്യങ്ങളോ ഇരട്ടത്താപ്പുനയങ്ങളോ ഒക്കെയുണ്ടെന്നു് ഉപരിപ്ലവമായി ചിന്തിച്ചുപോകുന്നവർക്കു തോന്നിയെന്നു വരാം. ബാഹ്യമായെന്തൊക്കെ

മാററമുണ്ടായാലും ശരി, സഭയുടെ ആന്തരികസ്വഭാവവും ലക്ഷ്യവുമൊക്കെ അചഞ്ചലവും വ്യതിയാനാതീതവുമാണ്. ബാഹ്യശക്തികളുടെ സ്വാധീനമോ പരിതോവസ്ഥകളുടെ സമ്പർക്കമോ ഒന്നുമവളെ ഏശിയെന്നു വരില്ല. അതിസ്വാഭാവികമായൊരു രഹസ്യമാണു സഭ. ഭൗമികതയുടെ നെട്ടോഴക്കിലും സ്വലക്ഷ്യത്തേയും സ്വഭാവത്തേയുംപററി തികഞ്ഞ അവബോധത്തോടെ അവർ ചവുട്ടിനില്ക്കും. ആ ലക്ഷ്യസാധ്യതയ്ക്കാവശ്യമായതെന്തും ചെയ്യുവാൻ അവർ സന്നദ്ധയാണ്. ആശങ്കയാവശ്യമില്ല. കാരണം, ക്രിസ്തുവാണ് അവളെ അത്തരം സാഹചര്യങ്ങളിലേക്കിറക്കിവിട്ടതു്.

സഹാനുഭൂതിയോടെയാണു സഭ മനുഷ്യനെ വീക്ഷിക്കുവാൻ ശ്രമിക്കുക: അവൻെറ അസ്തിത്വപരമായ സാഹചര്യങ്ങ (existential situations) ളെ, അവനിപ്പോൾ ആയിരിക്കുന്ന ചുററുപാടുകളെ, അവർ നന്നായി കണക്കിലെടുക്കുന്നു. അപ്പോൾ മനുഷ്യനെ അവൻെറ പ്രശ്നങ്ങൾ, ജീവിതയാതനകൾ എന്നിവയുടെ പശ്ചാത്തലത്തിൽ വീക്ഷിക്കാനൊക്കും. ചില നിയമങ്ങളുടെയോ വിശ്വാസങ്ങളുടെയോ ചട്ടക്കൂട്ടിൽ സകലരും കയറിനില്ക്കണമെന്നു ശഠിച്ചാൽ അതൊരിക്കലും ക്രൈസ്തവമായൊരു സമീപനമാവില്ല. മനുഷ്യവ്യക്തിയുടെ ബലഹീനതകൾക്കു മാർജിനിട്ടുകൊണ്ടു് അവൻെറ, അവൻെറമാത്രം ജീവിതപശ്ചാത്തലത്തിൽവേണം അവനെ വീക്ഷിക്കുക. ഇതിനെയാണു സഹാനുഭൂതിയോടു

കൂടിയ വീക്ഷണമെന്നു വിശേഷിപ്പിക്കുന്നതു്. ക്രിസ്തുവിനെപ്പോലെ ഒരു 'ഹ്യൂമനിസ്റ്റ്' ആകേണ്ടതുണ്ടു് അതിനായി. അവിടുന്നു സകലർക്കും നന്മചെയ്തു, അവരുടെ കഴിവുകേടുകളേയും തെററുകളേയും അവിടുന്നു കണക്കിലെടുത്തു. ഇനിമേലിൽ തെററു ചെയ്യരുതെന്നു് അപ്പോഴേ പറയാനൊക്കൂ. മനുഷ്യനെ അവനിപ്പോഴായിരിക്കുന്ന സ്ഥിതിയിൽ സമീപിക്കാതെ അവനായിരിക്കേണ്ട സ്ഥിതിയിൽ സമീപിച്ചാൽ ഒരു മിഷനും ഫലപ്രദമായിരിക്കുകയില്ല. അവനെ രക്ഷിക്കേണ്ടതു് ഇപ്പോഴത്തേ സ്ഥിതിയിലാണു്. അതുകൊണ്ടു് അസ്തിത്വപരമായ വീക്ഷണമായിരിക്കണം മിഷൻപ്രവർത്തനങ്ങളിൽ സ്വീകരിക്കുക; ക്രൈസ്തവഹ്യൂമനിസത്തിൽ അടിയുറച്ചതായിരിക്കും അപ്പോഴീ വീക്ഷണം.

പ്രേഷിതപ്രവർത്തനങ്ങൾക്കായി സകലർക്കിടയിലും സകലിടത്തും ഒരേ മാർഗ്ഗവും രീതിയുമല്ല സഭ ഉപയോഗിക്കുക. ഓരോരോ സാഹചര്യങ്ങൾക്കും ജനതകൾക്കും ദേശങ്ങൾക്കും അനുഗുണമായവ സ്വീകരിക്കുകയാണു അവളിക്കാര്യത്തിൽ ചെയ്യുന്നതു്. ഒരിക്കലൊരിടത്തു് അവൾ പരാജയപ്പെട്ടാൽ മറെറാരു മാർഗ്ഗവും രീതിയും സ്വീകരിച്ചെന്നും വരാം. ജനങ്ങൾ, സമൂഹം എന്നിവയുടെ സൂക്ഷ്മാംശങ്ങൾപോലും അവൾക്കു ശ്രദ്ധിക്കേണ്ടതുണ്ടു്. അവയിൽ അവഗാഹം നേടിയിട്ടേ സഭയ്ക്കു് അവയ്ക്കിടയിലേക്കിറങ്ങിച്ചെല്ലാനൊക്കൂ. അവയുമായി ഒന്നാകുവാൻ പററുന്നിടത്തൊക്കെ അങ്ങനെ

യാവാൻ അവരം ശ്രമിക്കുന്നു. എല്ലാററിനേയും തച്ചുട ച്ചുകൊണ്ടു് അവരം കടന്നു ചെല്ലുന്നെങ്കിൽ അവർക്കിട യിലെ അവളുടെ അസ്തിത്വത്തെത്തന്നെ ബാധിക്കുമതു്. അതുകൊണ്ടു സമൂഹമദ്ധ്യത്തിലേക്കുള്ള സഭയുടെ കടന്നു വരവു സാവധാനവും ക്രമികവുമാണു്. ഇങ്ങനെ പലവി ധത്തിലും സങ്കീണ്ണവും പലേ തലങ്ങളിലേക്കു പടർന്നു കിടക്കുന്നതുമാണു സഭയുടെ മിഷൻപ്രവത്തനം.

## മിഷൻ—വിവിധാർത്ഥങ്ങളിൽ

### വിശുദ്ധ ഗ്രന്ഥത്തിൽ

'നിയോഗിച്ചയയ്ക്കുക' എന്ന അത്ഥത്തിലാണു് ബൈബിളിൽ 'മിഷൻ' ഉപയോഗിക്കപ്പെട്ടുകാണുന്ന തു്. അതായതു്, സ്വരാജ്യത്തിനു വെളിയിലെവിടെയെ ങ്കിലും സുവിശേഷഘോഷണത്തിനായി നിയോഗിച്ചയ യ്ക്കപ്പെടുക. ഈ അത്ഥത്തിൽനിന്നാവിർഭവിച്ചതാണു ശ്ലീഹാ (അപ്പസ്തോലൻ) അഥവാ പ്രേഷിതൻ എന്ന സംജ്ഞ. പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തിട്ടു് ക്രിസ്തു അ വരെ ശ്ലീഹന്മാരെന്നു വിളിച്ചു[1]. 'ശലിയാ' (Shaliah) എന്ന ഹീബ്രുപദത്തിൽനിന്നാണതു വരിക. ഒരുവൻെറ നൈയാമികവക്താവായി അന്യനാട്ടിലേക്കപ്പെടുന്നവ

1. യോഹ. 6, 13.

നാണെന്നാണു് അർത്ഥമാക്കുന്നതു്. ഇതുതന്നെയാണു മിഷൻെറ മൗലികാർത്ഥ (radical meaning) മായി നാം സ്വീകരിച്ചുപോരുന്നതു്. കാരണം ക്രിസ്തു പിതാവിൻെറ വക്താവായി ലോകത്തിലേക്കയയ്ക്കപ്പെട്ടു[1]. ക്രിസ്തുവിൻെറ മിഷൻെറയും മൗലികാർത്ഥം അയയ്ക്കപ്പെടുക എന്നതുതന്നെ. നമ്മുടെ മിഷൻ ക്രിസ്തുവിൻെറ ഈ മിഷനിലുള്ള പങ്കുചേരലാണു്. അവിടുത്തെ ഔദ്യോഗിക വക്താക്കളായി ലോകമെങ്ങും സുവിശേഷം പ്രസംഗിക്കാനാണു നാം അയയ്ക്കപ്പെടുന്നതു്.

## സഭാചരിത്രത്തിൽ

സഭാപിതാക്കന്മാരുടെ കാലത്തും മദ്ധ്യയുഗങ്ങളിലുമൊക്കെ സുവിശേഷം പ്രസംഗിക്കുന്നതിനു് ആധികാരികവും നൈയാമികവുമായി നിയോഗിച്ചയയ്ക്കുന്നതു് മിഷനെന്നർത്ഥമാക്കിയിരുന്നു. വിദേശങ്ങളിലുള്ള അവിശ്വാസികൾക്കിടയിലേക്കയയ്ക്കപ്പെടുക — അതാണു മിഷൻെറ മൗലികസ്വഭാവം. പതിനാറാം നൂററാണ്ടായപ്പോഴേക്കും കുറേക്കൂടി സങ്കുചിതമായൊരർത്ഥമാണു കാണുന്നതു് —യൂറോപ്പിനു വെളിയിലുള്ള അവിശ്വാസികൾക്കിടയിലേക്കയയ്ക്കപ്പെടുക. ഇതിൽനിന്നാണു മിഷനെപ്പററി ഭൂമിശാസ്ത്രപരം മാത്രമായ ഒരു വിഭജനമുണ്ടായതു്. നാനൂററിൽപ്പരം കൊല്ലങ്ങളായി ഈ

1. യോഹ. 20: 21.

അർത്ഥത്തിലാണു മിഷൻ അറിയപ്പെട്ടുപോന്നിരുന്നതു്.

**സഭാനിയമങ്ങളിൽ**

നൈയാമികമായി (കാനോനികമായി) തീർത്തും നിഷ്കൃഷ്ടമായൊരത്ഥമാണു മിഷനു നല്കപ്പെട്ടുന്നതു്. സുവിശേഷഘോഷണത്തിൻെറ പ്രാരംഭദശയിൽ മാത്രമായിരിക്കുകയും സഭാസ്ഥാപനദശയിലെത്താതിരിക്കയും ചെയ്യുന്നിടങ്ങൾ ഈ അർത്ഥത്തിലെടുത്താൽ മിഷൻെറ പരിധിയിൽ വരും. ഇത്തരം പ്രദേശങ്ങൾ പരി. സിംഹാസനത്തിൻെറ നേരിട്ടുള്ള അധികാരത്തിലാണു്. മിഷനറിസമൂഹങ്ങളുടെ സഹായത്തോടെയായിരിക്കും ഈ പ്രദേശങ്ങളിൽ മിഷൻപ്രവത്തനങ്ങൾ നടക്കുക. ദൈവികാനുശാസനത്തിൻെറ നിർവ്വഹണത്തിൽ സഹായിക്കുന്നതിനു മിഷനറിസമൂഹങ്ങളെ സഭാകേന്ദ്രം ക്ഷണിക്കുകയും മിഷൻപ്രദേശങ്ങൾ അവർക്കു ഭരമേല്പിക്കുകയും ചെയ്യുന്നു. ഒരു പ്രത്യേകപ്രദേശത്തേക്കു സഭയാൽ അയയ്ക്കപ്പെടണം ഏതൊരു മിഷനറിയും. സഭ നിർദ്ദേശിക്കുന്നിടത്തു നടത്തുന്ന പ്രവർത്തനങ്ങളെ മാത്രമേ ഈ നിഷ്കൃഷ്ടാത്ഥത്തിൽ "മിഷൻ" എന്നു വിളിക്കാനൊക്കൂ. കൗൺസിലും ഏതാണ്ടിതു തന്നെ വ്യക്തമാക്കുന്നു: "മിഷൻപ്രവത്തനം കൃത്യമായ അർത്ഥത്തിലെടുത്താൽ പരി. സിംഹാസനം അംഗീകരിച്ച പ്രത്യേക പ്രദേശങ്ങളിലേ നടക്കാൻ പററൂ."[1]

---

1. A. G. n. 6.

**ദൈവവിജ്ഞാനീയത്തിൽ**

പ്രേഷിതപ്രവർത്തനത്തെപ്പററി രൂപംകൊള്ളുന്ന നൂതനാശയങ്ങൾ ഇന്നു പലരിലും ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നുണ്ടു്. തെററായ ധാരണയുടേയും വ്യാഖ്യാനത്തിന്റേയും ഫലമായാണു് ഇതു സംഭവിക്കുക. അക്രൈസ്തവർക്കും രക്ഷപ്പെടാൻ സാധ്യതയുണ്ടു്; അവരെസ്സംബന്ധിച്ചിടത്തോളം തങ്ങളുടെ മതങ്ങൾ രക്ഷയ്ക്കുള്ള മാർഗ്ഗങ്ങളാണു്—ഏററമധികം തെററിദ്ധരിക്കപ്പെട്ടിരിക്കുന്ന ആശയങ്ങളാണിവ. പ്രേഷിതപ്രവത്തനത്തിനാകെയൊരു ഉലച്ചിലുളവാക്കാൻ പോരുന്ന മറെറാരാശയമുണ്ടു്: ചുററുപാടും അക്രൈസ്തവർ ധാരാളമുള്ളപ്പോൾ വിദേശങ്ങളിൽ പോയി പ്രേഷിതപ്രവർത്തനം നടത്തേണ്ട കാര്യമില്ല. മതസ്വാതന്ത്ര്യം, മതസഹിഷ്ണുത, സുഹൃത്സംഭാഷണം മുതലായവയെല്ലാം നിഷേധിക്കും പ്രേഷിതപ്രവർത്തനം എന്നുപോലും ചിന്തിക്കുന്നവരുണ്ടു്. സമാധാനപൂർവ്വകമായ സഹവർത്തിത്വവും സാഹോദര്യവും നിറഞ്ഞു നില്ക്കുന്നിടങ്ങളിൽ അസ്വസ്ഥതയും വിഭാഗീയതയും വളർത്തുകയാണു പ്രേഷിതപ്രവർത്തനത്തിലൂടെ സഭ ചെയ്യുന്നതെന്നും ചിലർ കരുതുന്നു. ഇക്കണ്ട ചിന്തകളെല്ലാം കണക്കിലെടുത്തുകൊണ്ടു പ്രേഷിതപ്രവർത്തനത്തിനു്, വ്യക്തവും സൂക്ഷ്മവും ദൈവശാസ്ത്രപരവുമായ ഒരു വിശകലനം കൗൺസിൽ നല്കുന്നുണ്ടു്.

'മിഷനെ'ന്നു പറയുമ്പോഠം എന്താണർത്ഥമാക്കുക? തീർച്ചയായും വ്യക്തികളുടെ രക്ഷയെന്നോ അക്രൈസ്തവരുടെ മാനസാന്തരമെന്നോ ആത്മാക്കളുടെ രക്ഷയെന്നോ സുവിശേഷഘോഷണമെന്നോ അല്ല അർത്ഥമാക്കുക; സഭയുടെ ഭൂമിശാസ്ത്രപരമായ ഭരണവ്യാപ്തിയെന്നുമല്ല അർത്ഥമാക്കുക. അക്രൈസ്തവരാജ്യങ്ങളിൽ അഥവാ അക്രൈസ്തവജനസമൂഹങ്ങളിൽ ചെറിയ പ്രാദേശികസഭകഠം പണിതുയർത്തുന്ന പ്രക്രിയയെയാണു 'മിഷൻ' എന്നു പറയുമ്പോഠം നാം മനസ്സിലാക്കുന്നതു്. ഇവിടെ നാം കണ്ടതിൽ ചിലതു് ഇതിനു വഴിയൊരുക്കുന്നവയാണു്; മററു ചിലതു് ഇതിൻെറ അനന്തരഫലമാണു്.

'മിഷനെ'ന്നു പറയുമ്പോഠം സഭ അർത്ഥമാക്കുന്നതെന്താണെന്നു് കൗൺസിൽ വ്യക്തമായി പറയുന്നുണ്ടു്: "സുവിശേഷപ്രസംഗകർ ലോകമെങ്ങുംപോയി് പ. സിംഹാസനത്തിൻെറ അംഗീകാരമുള്ള മേഖലകളിൽ ക്രിസ്തുവിലിതുവരേയും വിശ്വസിക്കാത്തവരോടു സുവിശേഷം പ്രസംഗിക്കുകയും പ്രേഷിതയത്നങ്ങളിലൂടെ സഭ സ്ഥാപിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങഠംക്കു 'മിഷൻ' എന്നു പറയുന്നു"[1]. സുവിശേഷഘോഷണത്തിനു് ഔദ്യോഗികമായി ചിലരെ സഭ അയയ്ക്കുന്നു. കാരണം സഭയ്ക്കു ഉള്ള സുവിശേഷഘോഷണത്തിനു കടമയും അധികാരവും അവകാശവുമെല്ലാം. സഭയുടെ ഔദ്യോഗിക പ്രതിനിധി നടത്തുന്ന പ്രവർത്തനങ്ങളേ

1. A. G. n. 6.

മിഷന്റെ പരിധിയിൽ—നിഷ്കൃഷ്ടാൎത്ഥത്തിൽ എടുക്കുമ്പോഠം വരും.

മിഷനെന്താണെന്നതിനു ദൈവശാസ്ത്രജ്ഞന്മാർ നല്കുന്ന വിശകലനത്തിനു് ഐകരൂപ്യമില്ലെന്നുവേണം പറയുവാൻ. മിഷനെപ്പററിയുള്ള കൗൺസിലിന്റെ ചിന്തകഠം രൂപമെടുക്കുന്നതുവരേയും രണ്ടുതരം ചിന്താരീതികളായിരുന്നു മിഷൻവിജ്ഞാനീയത്തിൽ പ്രധാനമായും പ്രബലപ്പെട്ടുനിന്നിരുന്നതു്. ക്രിസ്തുവിനേയും മനുഷ്യവ്യക്തികളേയും കേന്ദ്രീകരിച്ചു നില്ക്കുന്നതാണു് Schmdlin നെപ്പോലുള്ള ദൈവശാസ്ത്രജ്ഞന്മാരുടെ വീക്ഷണം. സുവിശേഷഘോഷണം, മതപരിവർത്തനം, അക്രൈസ്തവരുടെ രക്ഷ ഇവയ്ക്കാണു് ഈ ചിന്താഗതിയിൽ പ്രാധാന്യം. തീർത്തും നൈയാമിക (Canonist) മായൊരു വീക്ഷണമാണു് P. Charles, A Sennois തുടങ്ങിയവരുടേതു്. കൂടുതൽ സഭാകേന്ദ്രീകൃതമാണു് ഈ വീക്ഷണം; വ്യക്തിയുടെ സ്ഥാപനം, പ്രാദേശികസഭകളുടെ വളർച്ച, അകത്തോലിക്കരുടെ സഭാപ്രവേശനം—ഇവയാണു് ഈ കാഴ്ചപ്പാടനുസരിച്ചു മിഷൻപ്രവർത്തനത്തിന്റെ പ്രധാന ഘടകങ്ങഠം. രണ്ടു ചിന്താഗതികളും അപൂർണ്ണമാണു്; രണ്ടിനും വൈകല്യങ്ങളുണ്ടു്. വിദൂരത്തെങ്ങോനിന്നു വന്ന ഒരു വിദേശിയായി മിഷനറിയെ കാണുന്നു; സഭയെ വലിയൊരു സ്ഥാപനമായി കണക്കിലെടുക്കുകയും ചെയ്യുന്നു.

ഈ രണ്ടു വീക്ഷണഗതികളിൽനിന്നു വാർന്നുവീണ മൂന്നാമതൊരു കാഴ്ചപ്പാടാണു കൗൺസിലിന്റേതു്. ദൈവജനമാണു സഭ എന്ന ആശയമാണീ കാഴ്ചപ്പാടിന്റെ പശ്ചാത്തലം. സഭയാൽ അയയ്ക്കപ്പെടുന്ന സുവിശേഷകനാണു മിഷനറിയെന്നു കൗൺസിൽ നല്കുന്ന നിർവ്വചനത്തിൽനിന്നു വ്യക്തമാകുന്നു. ലോകം മുഴുവനുമാണു് അവരുടെ പ്രവർത്തനരംഗം. എന്നാൽ, "ക്രിസ്തുവിൽ വിശ്വസിക്കാത്ത ജനങ്ങൾക്കും സമൂഹങ്ങൾ"ക്കുമിടയിൽ സുവിശേഷം പ്രസംഗിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്യുകയാണു മിഷനറിമാരെന്ന നിലയിൽ അവർക്കു നിർവ്വഹിക്കുവാനുള്ളതു്. അതുകൊണ്ടു് അക്രൈസ്തവർക്കിടയിൽമാത്രം അവർ പ്രവർത്തിച്ചാൽ മതിയാവും.

ഇവിടെ ഒരു പ്രശ്നമുയർന്നുവരുന്നു. യൂറോപ്പിലും അമേരിക്കയിലുംമററും ഒരു കാലത്തു ക്രൈസ്തവമായിരുന്ന ചില പ്രദേശങ്ങളും ജനവിഭാഗങ്ങളുമിന്നു തീർത്തും അക്രൈസ്തവമായിപ്പരിണമിച്ചിട്ടുണ്ടു്. ഇവിടങ്ങളിൽ നടക്കുന്ന പ്രവർത്തനമോ? മിഷൻപ്രവർത്തനമാവശ്യമായി വരുന്ന സാഹചര്യങ്ങളാണവിടത്തേതു്. എങ്കിലും കൗൺസിൽ നല്കുന്ന അർത്ഥത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ ഇവിടങ്ങളിലെ പ്രവർത്തനങ്ങളെ മിഷൻപ്രവർത്തനമെന്നു വിളിക്കാനൊക്കുകയില്ല. കാരണം, പണ്ടേതന്നെ സഭയിവിടെ സ്ഥാപിതമായിട്ടുണ്ടു്. രക്ഷയുടെ മാർഗ്ഗം അവിടെയുള്ളവർക്കു

നല്കിക്കഴിഞ്ഞതാണു്; ഇന്നും ആ മാർഗ്ഗം അവരുടെ മുമ്പിൽ തുറന്നു കിടപ്പുണ്ടു്. അതു സ്വീകരിക്കാൻ സന്മനസ്സുണ്ടായാൽമാത്രം മതി. ഇത്തരം സാഹചര്യങ്ങളിൽ കഴിയുന്നവരെ വിശ്വാസത്തിലേക്കു നയിക്കുക സഭയുടെ അജപാലനപരമായ ധർമ്മത്തിന്റെ പ്രവർത്തനമാണു്.

ഇക്കാലമത്രയും ഭൂമിശാസ്ത്രപരമോ പ്രാദേശികമോ ആയ വിഭജനത്തിലൂന്നിക്കൊണ്ടുള്ള ഒരു ധാരണയാണു മിഷനെപ്പററിയുണ്ടായിരുന്നതു്. എന്നാൽ രാജ്യങ്ങളേയും പ്രദേശങ്ങളേയുംകാൾ മനുഷ്യവ്യക്തികൾക്കു പ്രാധാന്യം നല്കുന്ന ഒരു കാഴ്ചപ്പാടാണു കൗൺസിൽ സ്വീകരിച്ചിരിക്കുക. മനുഷ്യരിലാണു സഭ സ്ഥാപിതമായിരിക്കുന്നതു്; അവരാണു സഭയുടെ നിർമ്മാണഘടകങ്ങളും.

സുവിശേഷഘോഷണത്തിലൂടെയുള്ള മിഷൻപ്രവത്തനത്തിന്റെ ലക്ഷ്യം സഭയുടെ സ്ഥാപനമാണു്. മിഷൻപ്രവത്തനത്തിന്റെ രണ്ടു പ്രധാനഘടകങ്ങളാണു സുവിശേഷഘോഷണവും സഭാസ്ഥാപനവും. സുവിശേഷഘോഷണത്തിനു ശേഷമുള്ള പ്രധാനപരിപാടിയും മിഷന്റെ കാതലായൊരു ഭാഗവുമാണു സഭയെ സ്ഥാപിക്കുക (planting of the Church) എന്നതു്. അപ്പോൾ ആ പ്രത്യേകസ്ഥലത്തു് സഭ പുതിയ അസ്തിത്വം സ്വീകരിക്കുകയാണു്; വളർന്നുതുടങ്ങുകയാണു്. സഭയുടെ ഇളംപ്രായമാണതു്. അതുകൊണ്ടു് മിഷൻപ്രവർത്തന

ത്തിൻെറ ആവശ്യകത അവിടെ ഇനിയുമുണ്ടു്. വളർച്ചയേറുംതോറും ആ പ്രാദേശികസഭയുടെ (local Church) കടമയും ഉത്തരവാദിത്വവുമൊക്കെ വർദ്ധിക്കുന്നു. ചുററുമുള്ള അക്രൈസ്തവർക്കിടയിൽ മിഷൻപ്രവർത്തനം തുടങ്ങുക അവളുടെ മിഷനാണു്; കടമയാണു്[1]. വിശ്വാസം സ്വീകരിച്ച അതേനിമിഷത്തിൽ ഈ കടമയും കടന്നുവരുന്നു. പ്രാദേശികസഭയും സ്വതേ മിഷനറിയാണെന്ന വസ്തുതയിലേക്കാണിതു വിരൽ ചൂണ്ടുക.

ഇത്തരം പ്രാദേശികസഭകൾ പലപ്പോഴും കഴിയുക ഒരുപിടി പ്രശ്നങ്ങൾക്കിടയിലാവും. ചുററുപാടുമുള്ള സമൂഹങ്ങൾ പരിവർത്തനവിധേയമാവുന്നതോടേ പുതിയ പുതിയ പരിതോവസ്ഥകൾക്കു നടുവിൽപ്പെട്ടുപോകുന്നു പ്രാദേശികസഭകൾ. ഈ നൂതനാവസ്ഥകൾ മിഷൻപ്രവർത്തനങ്ങളെ ദുസ്സാധമാക്കുകയും പ്രാദേശികസഭകളുടെ നിലനില്പിനെത്തന്നെ ബാധിക്കുകയും ചെയ്തേക്കുന്നു വരാം. ഇത്തരമവസരങ്ങളിൽ മിഷനറിമാർ വിവേകനിരതരും ക്ഷമാപൂർണ്ണരുമായിരിക്കുക അവശ്യാവശ്യകംതന്നെ. നിശ്ശബ്ദമായി ജീവിതത്തിലൂടെ ക്രിസ്തുവിനു സാക്ഷ്യം നല്കുകയേ കരണീയമായുള്ളൂ.

മിഷൻപ്രവർത്തനങ്ങളിൽ പല ഘടകങ്ങളും ഉൾചേർന്നിട്ടുണ്ടു്: വിശ്വാസത്തിൻെറ പ്രചാരണം, സഭാ

---

1. A. G. n. 20.

വികസനംവഴിയുള്ള ഐക്യം സാധിക്കൽ, സഭാവിശുദ്ധിക്കു സാക്ഷ്യംവഹിക്കൽ, അതിൻെറ പ്രസരണം—ഇങ്ങനെ പലതും. ഇവിടെ സ്വാഭാവികമായൊരു പ്രശ്നമുയരാം. സഭാസ്ഥാപനംകഴിഞ്ഞു വിശ്വാസികൾക്കിടയിൽ നടത്തുന്ന അജപാലനപരമായ (pastoral) പ്രവർത്തനങ്ങളെ മിഷൻപ്രവർത്തനങ്ങളെന്നു വിളിക്കാമോ? നിഷ്കൃഷ്ടാർത്ഥത്തിൽ പാടില്ല. കൗൺസിലും ഇതുതന്നെ പറയുന്നു[1]. എന്നുവരികിലും മിഷൻപ്രവർത്തനവുമായി അവ സ്വഗാഢം ബന്ധപ്പെട്ടിരിക്കുന്നു എന്നും കൗൺസിൽ തുടർന്നു പറയുന്നുണ്ടു്. കാരണമുണ്ടതിന്നു്. ക്രിസ്തുവിൻെറ രക്ഷാകരസാന്നിദ്ധ്യം സഭ സകലക്കും അനുഭവവേദ്യമാക്കിച്ചെയ്യുക രണ്ടുവിധത്തിലാണു്: സുവിശേഷഘോഷണത്തിലൂടേയും സഭാസ്ഥാപനത്തിലൂടേയും. സുവിശേഷഘോഷണംകൂടാതെ സഭാസ്ഥാപനം സാധ്യമല്ല. പ്രാദേശികസഭകൾ സ്ഥാപിതമാകാതെ കൂട്ടതൽ അക്രൈസ്തവപ്രദേശങ്ങളിൽ സുവിശേഷഘോഷണം എളുപ്പവുമല്ല. അങ്ങനെ നോക്കുമ്പോൾ സുവിശേഷഘോഷണവും സഭാസ്ഥാപനവും പരസ്പരപൂരകങ്ങളാണു്; ഒരേ മിഷൻെറ ഇരുവശങ്ങളാണു്. രണ്ടും വ്യത്യസ്തങ്ങളെങ്കിലും വിഭക്തങ്ങളല്ല.

സഭയുടെ മിഷൻ എപ്പോഴും സഭാവലയത്തിനു പുറത്തേക്കാണു് എത്തിയെത്തി നില്ക്കുക. അതുകൊണ്ടു സഭയ്ക്കുള്ളിലെ പ്രവർത്തനങ്ങളെ, സഭ സന്നിഹിതയാ

---

1. A. G. n. 7.

യിരിക്കുന്നിടത്തെ പ്രവർത്തനങ്ങളെ പ്രേഷിതപ്രവർത്തനമായി കണക്കാക്കുന്നില്ല. സ്വയം പര്യാപ്തതയിലും വളർച്ചയിലുമെത്തിയ രാജ്യങ്ങളെ ക്രൈസ്തവരാജ്യങ്ങളായി കരുതുന്നു. എന്നാൽ ചിന്താഗതിയും ജീവിതരീതിയും സംസ്കാരവുമെല്ലാം ക്രൈസ്തവമായിക്കഴിഞ്ഞിട്ടുള്ള രാജ്യത്തെ പൂർണ്ണമായും ക്രൈസ്തവരാജ്യമായി കണക്കാക്കാം. അല്ലാത്ത രാജ്യങ്ങൾ മിഷൻരാജ്യങ്ങളാണ്. ഇങ്ങനെയുള്ള ക്രൈസ്തവരാജ്യങ്ങളിൽ ക്രൈസ്തവജീവിതത്തിൽ നിന്നകന്നുപോയവരായി അനേകമാളുകളുണ്ട്. അവരുടെയിടയിലെ പ്രവർത്തനങ്ങളെ അജപാലനപരമായ പ്രവർത്തനമായി എണ്ണാറുണ്ട്. എന്നാൽ ഒരർത്ഥത്തിൽ സഭയുടെ "ആന്തരികമിഷനാ"ണിതെന്നു പറയാം.

സഭാസ്ഥാപനംതൊട്ടിങ്ങോട്ടുള്ള പ്രവർത്തനങ്ങളെല്ലാം അജപാലനപരമായവയാണ്. സുവിശേഷഘോഷണത്തിനുശേഷം അജപാലനപരമായ പ്രവർത്തനങ്ങൾ സഭയുടെ ജീവനും വളർച്ചയ്ക്കും അനുപേക്ഷണീയമാണ്[1]. സുവിശേഷഘോഷണത്തിനായി സഭ അവിടേക്കാരേയും തുടർന്നയയ്ക്കുന്നില്ലെങ്കിലും തിരുസ്സഭയുടെ ഔദ്യോഗികവക്താക്കളായ വൈദികരിലൂടെ സുവിശേഷം അവർക്കിടയിൽ സമുദ്ഘോഷിക്കപ്പെടുകയും അവരുടെ പ്രവർത്തനങ്ങളിലൂടെ സഭയവിടെ വളർച്ചപ്രാ

1. Cfr. Eugene Hillman, CSSP, *The Church as Mission*, Sheed & Ward (London 1966).

പിക്കുകയും ചെയ്യുന്നു. മുമ്പു ലഭിച്ച വിശ്വാസം ദൃഢതരമാവുകയും ക്രൈസ്തവികത പകടതപ്രാപിക്കയുമാണ് ഈ പ്രവര്‍ത്തനങ്ങളിലൂടെ സാധിക്കുക.

ക്രൈസ്തവര്‍ക്കിടയിലെ പുനരൈക്യശ്രമങ്ങളും നിഷ്കൃഷ്ടാര്‍ത്ഥത്തില്‍ മിഷന്‍പ്രവര്‍ത്തനമല്ല. എങ്കിലും മിഷന്‍പ്രവര്‍ത്തനവുമായി അവ അത്യന്തം ബന്ധപ്പെട്ടിരിക്കുന്നു[1]. ക്രൈസ്തവര്‍ക്കിടയില്‍ സര്‍വ്വസാധാരണമായിത്തീര്‍ന്ന അനൈക്യവും അകല്‍ച്ചയുമൊക്കെ സുവിശേഷഘോഷണം, സഭാസംസ്ഥാപനം തുടങ്ങിയവയെ പ്രതിലോമപരമായി ബാധിക്കുകയില്ലേ? ജനങ്ങള്‍ക്കിടയില്‍ ചിന്താക്കുഴപ്പങ്ങളും തെററിദ്ധാരണകളും പരക്കുവാനിടയാകുമല്ലോ. സകല ക്രൈസ്തവരും ഒന്നിച്ചുനിന്നു ക്രിസ്തുവിനു സാക്ഷ്യംവഹിക്കണം. അവര്‍ക്കിടയിലെ പരസ്പരസ്നേഹവും ഐക്യവും മററുള്ളവരെ ആകര്‍ഷിക്കുകതന്നെ ചെയ്യുമല്ലോ. രക്ഷയുടെ കൂദാശയാണു സഭയെന്നു ലോകം വ്യക്തമായറിയുന്നതും അപ്പോഴായിരിക്കും. രക്ഷയെന്നുവച്ചാല്‍ ദൈവവുമായുള്ള ഐക്യമാണല്ലോ. ആ ഐക്യം സഭാംഗങ്ങള്‍ക്കിടയില്‍ പ്രതിഫലിക്കുമ്പോള്‍ രക്ഷയുടെ കൂദാശയായി സഭയെ കാണാനൊക്കും. അതുകൊണ്ടാണു പുനരൈക്യം മിഷന്‍പ്രവര്‍ത്തനത്തിന്‍െറ ഒരവശ്യവിഭാഗമായിക്കരുതാമെന്നു പറയുന്നത്.

---

1. A. G., n. 6.

## മിഷൻെറ ആവശ്യകതയും കാരണങ്ങളും

സകലരുടേയും രക്ഷ സാധിക്കുക എന്ന ദൈവേഷ്ടം സാക്ഷാത്കരിക്കപ്പെടുവാൻ ദൈവംതന്നെ മാർഗ്ഗവും കണ്ടെത്തി—ക്രിസ്തു. ക്രിസ്തുവിലൂടെയല്ലാതെ ആർക്കും രക്ഷപ്പെടുക വയ്യാ. അതൊരു സത്യമാണ്. കാരണം, ക്രിസ്തുവിലൂടെ സകലരും തന്നോടു രമ്യതപ്പെടണമെന്നാണ ദൈവപദ്ധതി. പക്ഷേ, ക്രിസ്തുവിനെ സകല ജനങ്ങളും എക്കാലവും എങ്ങനെ കണ്ടെത്തും? അവിടുത്തെ കണ്ടെത്താതെ രക്ഷപ്പെടാനൊക്കുകയുമില്ല. എങ്കിൽ ക്രിസ്തുതന്നെ ലോകത്തിൽ തുടരേണ്ടതാവശ്യമാണ്. തൻെറ സ്ഥലകാലങ്ങളിലുള്ള തുടർച്ചയായി സഭയെ സ്ഥാപിച്ചുകൊണ്ട് ആ പ്രശ്നം പരിഹരിച്ചവിടുന്ന്. ഈ സഭയിലൂടെ സകലർക്കും ക്രിസ്തുവിനെ കണ്ടെത്താം. അതിന് എല്ലായിടത്തും എക്കാലവും സഭ സന്നിഹിതയാവാതെ വയ്യാ. സഭയിൽ സന്നിഹിതനാണ ക്രിസ്തു. സുവിശേഷപ്രഘോഷണത്തിൻെറ ഫലമായി സകല ജനപദങ്ങളും അവിടുത്തെ ദർശിക്കാനിടയാവണം. ക്രിസ്തുവിനെ കാട്ടികൊടുക്കുന്ന ഒരവശ്യമാർഗ്ഗമാണ സുവിശേഷഘോഷണം.

ഇനി, ക്രിസ്തുവിനെ സഭയിൽ ദർശിച്ചതുകൊണ്ടുമാത്രമായില്ല. അവിടുത്തേ രക്ഷാകരക്ഷണമവർ ശ്രവിക്കുകകൂടി വേണം. ആ ക്ഷണത്തിനു തങ്ങളുടെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും അവർ നല്കണമൊരു പ്രത്യുത്തരം (response). ഈ പ്രത്യുത്തരത്തിലൂ

ടെ തങ്ങളെത്തന്നെ സമ്പൂർണ്ണമായി ക്രിസ്തുവിനു സമർപ്പിക്കുകയാണു് അവർ ചെയ്യുക. ക്രിസ്തുവിനെ സ്വീകരിച്ചേററുപറഞ്ഞുകൊണ്ടു് അവിടുത്തേക്കു നല്കുന്ന വ്യക്തിപരമായ ഈ സമ്പൂർണ്ണസമർപ്പണമാണു വിശ്വാസം. ഇതോടൊപ്പം അനുപേക്ഷണീയവും അവശ്യകവുമായി മറെറാന്നുകൂടിയുണ്ടു്. രക്ഷയെസ്സംബന്ധിച്ചിടത്തോളം—ജ്ഞാനസ്നാനം. ഇവയുടെ ആവശ്യകത ക്രിസ്തുതന്നെ ഊന്നിപ്പറഞ്ഞിട്ടുണ്ടു്: "വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ രക്ഷ പ്രാപിക്കും. വിശ്വസിക്കാത്തവൻ കുററക്കാരനായി വിധിക്കപ്പെടും"1. വിശ്വാസവും ജ്ഞാനസ്നാനവുംവഴി ഒരുവൻ സഭയിലെ അംഗമാകുന്നു. വിശ്വാസത്തിൻേറയും ജ്ഞാനസ്നാനത്തിൻേറയും ആവശ്യകതയെപ്പററി പറഞ്ഞപ്പോൾ സഭയുടെ ആവശ്യകതകൂടി ക്രിസ്തു അർത്ഥമാക്കി. ജ്ഞാനസ്നാനത്തിൽ ഒരു വാതിലിലൂടെയെന്നോണം മനുഷ്യർ സഭയിൽ പ്രവേശിക്കുന്നു, അംഗങ്ങളാകുന്നു. തിരുസ്സഭ രക്ഷയ്ക്കുള്ള അവശ്യവും ഏകവുമായ മാർഗ്ഗമായിരിക്കണമെന്നതു ദൈവികപദ്ധതിയാണ്. ഇതറിവുണ്ടായിട്ടും സഭയെയോ ക്രിസ്തുവിനെയോ സ്വീകരിക്കാൻ തയ്യാറാകാത്തവൻ കുററക്കാരനാണു്; രക്ഷ അസാധ്യമാണവനു്.

ഇതിനു് ഒരുവശംകൂടിയുണ്ടു്: ക്രിസ്തുവിനെപ്പററിയോ സുവിശേഷത്തെപ്പററിയോ സഭയെപ്പററിയോ ഒ-

1. മർക്കോ. 16, 16.

രറിവുമില്ലാത്തവൻെറ കാര്യം. സ്വന്തം കുററത്താലല്ല ഈ അജ്ഞതയെങ്കിൽ അവനു രക്ഷപ്പെടുവാൻ സാധ്യതയുണ്ടു്. കൗൺസിൽ ഇതു വ്യക്തമായ ഭാഷയിൽ പറയുന്നു: "സ്വന്തം കുററംകൂടാതെ ക്രിസ്തുവിൻെറ സുവിശേഷത്തേയും അവിടുത്തെ സഭയേയും അറിയാതിരിക്കുകയും അതേസമയം ശുദ്ധഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുകയും മനസ്സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സ് പ്രസാദവരത്തിൻെറ പ്രചോദനങ്ങൾക്കനുസൃതമായി നിറവേററാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്കും രക്ഷയ്ക്കാവശ്യമായ സഹായങ്ങൾ ദൈവപരിപാലന നിരസിക്കുകയില്ല"1. ഈ സഹായങ്ങൾ ക്രിസ്തുവിലൂടെതന്നെയാണവർക്കു ലഭിക്കുന്നതെന്നതു തീർച്ചതന്നെ. എന്നാൽ, ദൃശ്യസഭയിലൂടെ ക്രിസ്തുവിനോടവർക്കുള്ള ഐക്യത്തിൻെറ സ്വഭാവം വരച്ചുകാണിക്കുവാൻ ദൈവശാസ്ത്രജ്ഞന്മാർ ശ്രമിച്ചിട്ടുണ്ടു്. വത്തിക്കാൻ കൗൺസിലിനുശേഷം അതിനു മൂർച്ചയേറിയിട്ടുണ്ടു്. പക്ഷേ, അവരുടെ നിഗമനങ്ങളും അഭ്യൂഹങ്ങളുമൊക്കെ ഒററവാക്കിൽപ്പറഞ്ഞാൽ ഐകരൂപ്യം കൈക്കൊള്ളുന്നില്ല.

എന്നാൽ ഈ സിദ്ധാന്തങ്ങളൊക്കെ നമ്മെ മറെറാരു വലിയ പ്രശ്നത്തിൻെറ മുമ്പിലേക്കാണു വലിച്ചിഴയ്ക്കുക. അതു നമ്മെ നേരിട്ടു സ്പർശിക്കുന്നതാണുതാനും. അക്രൈസ്തവമതമൂല്യങ്ങളിൽത്തന്നെ ഊന്നിനിന്നുകൊ

1. L. G. n. 16; A. G. n. 7.

ണ്ടു മനസ്സാക്ഷിക്കൊത്തു നല്ലജീവിതം നയിക്കുന്നവർക്കു രക്ഷാപ്പെടാമെന്നുണ്ടെങ്കിൽ പിന്നെന്തിനീ പ്രേഷിത പ്രവർത്തനം? ക്രീസ്തുസഭയുടെ അസ്തിത്വത്തിനുതന്നെ തുരങ്കംവയ്ക്കുന്നൊരു പ്രശ്നമാണിതു്. പക്ഷേ വത്തിക്കാൻ കൗൺസിലിന്റെ മറുപടി വ്യക്തമാണു്. അക്രൈസ്തവരുടെ രക്ഷയുടെ സാധ്യതയെപ്പററി സംസാരിച്ചിട്ടു കൗൺസിൽ തുടർന്നു പറയുന്നുണ്ടു്, സുവിശേഷഘോഷണം സഭയുടെ കടമയും അവകാശവുമാണെന്നു്; അതുകൊണ്ടു പ്രേഷിതപ്രവർത്തനത്തിന്റെ ആവശ്യകത എന്നുമുണ്ടെന്നു്[1]. മൂന്നു കാരണങ്ങളാണു പ്രധാനമായുമതിനെ അവശ്യമാക്കിച്ചെയ്യുന്നതു് എന്നു കൗൺസിൽ എടുത്തു കാട്ടുന്നു.

## ദൈവേഷ്ടം

സകലരും രക്ഷപ്പെടണം; അതു സഭയിലൂടെവേണംതാനും—അതാണു ദൈവത്തിന്റെ ആഗ്രഹം. ഇതു സാധിക്കണമെങ്കിൽ ക്രിസ്തുവിനെപ്പററിയും സഭയെപ്പററിയുമൊക്കെ അവരറിയണം; വിശ്വസിക്കണം. അതിനവയെപ്പററി പ്രസംഗിക്കണം. "എന്നാൽ അവർ വിശ്വസിച്ചിട്ടില്ലാത്തവനെ എങ്ങനെ വിളിക്കും? കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? വിശ്വാസം

---

1 A. G. n. 7.

ശ്രവണത്താലും ശ്രവണം ദൈവവചനത്താലുമാകുന്നു"1. വിശ്വാസത്തിലേക്കും രക്ഷയിലേക്കുമുള്ള മാർഗ്ഗമെന്ന നിലയിൽ സുവിശേഷഘോഷണം അവശ്യാവശ്യകം തന്നെ. വിശ്വാസത്തിലേക്കടുപ്പിക്കുന്ന സാധാരണമാർഗ്ഗമാണു പ്രസംഗം. ജീവിതത്തുറകളുടെ വൈവിധ്യവും ജീവിതസാഹചര്യങ്ങളുടെ സങ്കീർണ്ണതയുമൊക്കെ സഭയുടെ ഈ സ്വരം ജനങ്ങളിലെത്തിക്കുന്നതിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുമുണ്ട്. സുവിശേഷപ്രഘോഷണത്തിലൂടെ വിശ്വാസത്തിലേക്കും രക്ഷയിലേക്കും ജനങ്ങളെത്തണമെന്നാണു ദൈവികപദ്ധതി. പക്ഷേ, സന്മനസ്സോടെ സ്വാഭാവികനിയമങ്ങൾക്കൊത്തു ജീവിക്കുന്നവർ വിശ്വാസത്തിലേക്കു ചില പ്രത്യേക മാർഗ്ഗങ്ങളിലൂടെ എത്തിയെന്നു വരാം. എന്നുവച്ച് പ്രേഷിതപ്രവർത്തനം ആവശ്യകമല്ലെന്നു വരുന്നില്ല. മിഷൻ പ്രവർത്തനം ആവശ്യകമല്ലെന്നു കരുതുന്ന മിഷനറി, ദൈവികപദ്ധതിയെയാണു നിരാകരിക്കുക. മററു മാർഗ്ഗങ്ങളുണ്ടായിട്ടും അപ്പസ്തോലന്മാർ 'ദൈവത്തിങ്കലേക്കുള്ള മാനസാന്തരത്തേയും നമ്മുടെ കർത്താവായ ഈശോമിശിഹായിലുള്ള വിശ്വാസത്തേയും' പററി അവിശ്രമം വിളിച്ചറിയിച്ചു2.

കൗൺസിലിൻെറ ഈ വാദഗതിയിൽ മറഞ്ഞുകിടക്കുന്ന സത്യം വ്യക്തമാണ്. "പൂർവ്വകാലങ്ങളിൽ

1. റോമ. 10: 13, 14, 17.
2. നട. 20: 20.

ദൈവം നമ്മുടെ പിതാക്കന്മാരോടു പലപ്പോഴായി പല വിധത്തിൽ പ്രവാചകന്മാർമുഖേന സംസാരിച്ചു. എന്നാൽ ഈ അവസാനനാളുകളിൽ തൻെറ പുത്രൻവഴി ...നമ്മോടു സംസാരിച്ചിരിക്കുന്നു"[1] എന്നു പ്രസ്താവിച്ച വി. പൗലോസിൻെറ വാക്കുകളാണു കൗൺസിലിൻെറ വ്യാഖ്യാനത്തിൽ നിഴലിച്ചിരിക്കുന്നതു്. മുൻകാലങ്ങളെപ്പററിയുള്ള വി. പൗലോസിൻെറ വീക്ഷണവിശാലത എന്തുമായിക്കൊള്ളട്ടെ, അവസാനമായി ദൈവം തൻെറ പുത്രൻവഴി നടത്തിയ ആവിഷ്കരണമാണ് ഏററവും പരിപൂർണ്ണമായതെന്ന കാര്യം അദ്ദേഹത്തിൻെറ വാക്കുകളിൽ തെളിഞ്ഞുനില്ക്കുന്നുണ്ടു്. ക്രിസ്തുവഴി ദൈവം പൂർണ്ണമായി തന്നെത്തന്നെ വെളിപ്പെടുത്തിയെങ്കിൽ മനുഷ്യരെല്ലാവരും അതു സ്വീകരിക്കാൻ ബാധ്യസ്ഥരാണ്. ക്രിസ്ത്വാനുയായികൾക്കു അതു് പ്രസംഗിക്കുവാനും പ്രചരിപ്പിക്കുവാനും കടമയും അവകാശവുമുണ്ടു്. അക്രൈസ്തവമതങ്ങളിലേ സത്യത്തിൻെറ വിത്തുകൾ മുളച്ചുവളർന്നു അതിൻേറതായ ഫലങ്ങൾ പുറപ്പെടുവിക്കട്ടെ. 'സത്യവും വഴിയും ജീവനു'മായ ക്രിസ്തുവിനോടു് ഒട്ടിച്ചേർന്നെങ്കിൽമാത്രമേ പൂർണ്ണത നിറഞ്ഞുനില്ക്കുന്ന ഫലങ്ങൾ അവ പുറപ്പെടുവിക്കുകയുള്ളൂ. സകല ജനപദങ്ങളും ക്രിസ്തുവിൽ രക്ഷ പ്രാപിക്കേണ്ടതിനു ക്രിസ്തു പ്രസംഗിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യണം; അതാണു ദൈവേഷ്ടം.

---

1. എബ്രാ. 1: 1-2.

**പരസ്നേഹം**

ദൈവസ്നേഹംമാത്രമല്ല, ക്രിസ്തുവിലുള്ള രക്ഷയെപ്പററി അജ്ഞരായിക്കഴിയുന്നവരോടുള്ള അനുകമ്പാപൂർവ്വകമായ സ്നേഹവും സുവിശേഷഘോഷണത്തിനു മിഷനറിയെ ഉത്തേജിപ്പിക്കണം. സന്മനസ്സുള്ളവർക്കു്, മനസ്സാക്ഷിക്കൊത്തു നല്ല ജീവിതം നയിക്കുന്നവർക്കു്, രക്ഷ സാധ്യമാണെന്നു താത്വികതലത്തിൽ നിന്നുകൊണ്ടു നിഗമിക്കാനെളുപ്പംതന്നെ. ജീവിതത്തിൻെറ തലത്തിലേക്കിറങ്ങി നില്ക്കുമ്പോഴറിയാനൊക്കും രക്ഷ കണ്ടെന്നാനെത്ര ക്ലേശിക്കണമെന്ന വാസ്തവം. നല്ലജീവിതത്തിനു സഹായകമായ അനേകം അനുഗ്രഹങ്ങൾ ക്രൂദാശകളിലൂടെയും മററും അനുദിനമെന്നോണം നമുക്കു കിട്ടിയിട്ടും എന്താണു നമ്മുടെ സ്ഥിതി? എന്തു ക്ലേശകരവും അദ്ധ്വാനപൂർണ്ണവുമാണു രക്ഷയിലേക്കുള്ള യാത്ര. മാനുഷികബലഹീനതയ്ക്കാണു മുൻതൂക്കം. ക്രിസ്തു നമ്മോടൊത്തുള്ളപ്പോൾ, ഒത്തിരി കുറുക്കുവഴികളുള്ളപ്പോൾ ദൈവത്തിങ്കലേക്കു തിരിയാൻ നമുക്കിത്ര ക്ലേശിക്കേണ്ടതുണ്ടെങ്കിൽ ഇതൊന്നും നേരിട്ടു സമൃദ്ധിയായി ലഭിക്കാത്ത അക്രൈസ്തവരുടെ കാര്യമോ? അപ്പോൾ നല്ലജീവിതം കഴിക്കാത്തവർ അവർക്കിടയിൽ ക്രൂടുതലുണ്ടാവാനാണു സാധ്യത. അവരെ രക്ഷിക്കാൻ കഴിവുണ്ടായിട്ടും നിഷ്ക്രിയരായിരിക്കുമ്പോൾ അവരെ നശിക്കാനനുവദിക്കയല്ലേ നാം ചെയ്യുക? ക്രൈസ്തവസ്നേഹം സുവിശേഷഘോഷണത്തിനു നമ്മെ പ്രചോദിപ്പിക്കേണ്ടതാണു്.

**ദൈവമഹത്വം**

പ്രേഷിതപ്രവർത്തനത്തിനതുമൊരു പ്രേരകകാരണമാണു്. മനുഷ്യൻെറ രക്ഷയിൽ ദൈവത്തിനുള്ള ശ്രദ്ധയും താൽപര്യവും അതിനായുള്ള അവിടുത്തെ പദ്ധതിയും ചെയ്തികളുമൊക്കെ മനുഷ്യൻ മനസ്സിലാക്കുകയും ബോധപൂർവ്വം ആ പദ്ധതിയുടെ നിർവ്വഹണത്തിൽ സഹകരിക്കുകയും ചെയ്യുമ്പോഴാം ദൈവം മഹത്വീകൃതനാവുന്നു. ക്രിസ്തു തൻെറ അനുസരണയും മരണവും ഉയിർപ്പുംവഴി ദൈവികപദ്ധതി പൂർത്തിയാക്കി. ദൈവമഹത്വമങ്ങേയററം വർദ്ധിക്കുകയായിരുന്നു അപ്പോൾ. ഇതേ അളവിലല്ലെങ്കിലും ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിനു നാം ചെയ്യുന്നതെന്തും ദൈവമഹത്വം വർദ്ധിപ്പിക്കാനുതകും.

ദൈവികപദ്ധതി മനുഷ്യവംശം മുഴുവനേയും ദൈവജനമാക്കുക എന്നതാണല്ലോ. പ്രേഷിതപ്രവർത്തനത്തിലൂടെയേ അതു സാധിക്കൂ. അതു വഴിയാണു സകലരും ക്രിസ്തുവിൻെറ ഏകശരീരത്തിൽ സംയോജിപ്പിക്കപ്പെടുകയും പരിശുദ്ധാത്മാവിയിലൂടെ ക്രിസ്തുവിൽ പുനർജനനം പ്രാപിക്കുകയും ചെയ്യുക. ഈ ദൈവജനമൊന്നാകെ ദൈവത്തെ അറിയുക—അതു ദൈവത്തിനെന്നു മഹത്വദായകമാണു്. ദൈവത്തെ അവരൊററസ്വരത്തിൽ 'ഞങ്ങളുടെ പിതാവേ', എന്നു വിളിക്കുമ്പോൾ ദൈവം ഉപരിമഹത്വീകൃതനാവുകയാണു്.

## പ്രേഷിതപ്രവർത്തനം മാനവജീവിതത്തിൽ

മനുഷ്യജീവിതത്തിൽ ആഴമേറിയ സ്വാധീനമുദ്ര പതിക്കാൻ പ്രേഷിതപ്രവർത്തനത്തിനാവുന്നുണ്ട്. മനുഷ്യപ്രകൃതിയോടും അതിൻെറ പ്രവണതയോടും പ്രേഷിതപ്രവത്തനത്തിനുള്ള അവഗാഢബന്ധമാണിതു സാധിക്കുന്നതു്. അജ്ഞതയുടേയും ബലഹീനതയുടേയും ഊടുവഴികളിലായിരിക്കുന്ന മനുഷ്യനെ കൈകൊടുത്തു നയിക്കുവാനൊരു മാർഗ്ഗദർശിയാവശ്യമാണു്. ക്രിസ്തുവിൻെറ സുവിശേഷത്തിനതു കഴിയും. മനുഷ്യനു തൻെറ യഥാർത്ഥാവസ്ഥ വരച്ചുകാട്ടിക്കൊടുക്കുക, ഈ ലോകത്തിൽ അവനുള്ള പ്രത്യേകദൗത്യം, ലക്ഷ്യം എന്നിവയെപ്പററി ബോധവാനാക്കുക; നിരവധി ജീവൽപ്രശ്നങ്ങളോടുരുമ്മേണ്ടിവരുമ്പോഴും ലക്ഷ്യോന്മുഖനായി നീങ്ങാനുത്തേജിപ്പിക്കുക — അങ്ങനെ മനുഷ്യജീവിതത്തിൽ വളരെയേറെ ചെയ്യുവാനുണ്ടു സുവിശേഷത്തിനു്. തൻെറ ജീവിതത്തിൽ സുവിശേഷവെളിച്ചം തൂവിനില്ക്കുമ്പോഴാം ജീവിതത്തിൻെറ അത്ഥവും ആഴവും ഉത്കൃഷ്ടതയും ഉദ്ദേശ്യവുമെല്ലാം തെളിവായ് ക്കാണും മനുഷ്യൻ.

ഐക്യത്തിലേക്കും ഒരുമയിലേക്കുമെത്താനുള്ള അഭിനിവേശം മനുഷ്യനുണ്ടു്. ഏകലോകകുടുംബമായിത്തീരാനുള്ള നീക്കംതന്നെ തെളിവാണു് ഈ ഐക്യബന്ധത്തിനു്. അതിനു് ആക്കം കൂട്ടുന്നതു ക്രിസ്തുവിൻെറ

സുവിശേഷമല്ലാതൊന്നുമല്ല. പരസ്നേഹം, ആത്മാത്ഥത, സമാധാനം—ഇവയൊക്കെ മനുഷ്യനെന്നും അത്യധികം ആഗ്രഹിക്കുന്നു. ലോകത്തിനു നല്കാനാവില്ല അവ. സുവിശേഷത്തിലൂടെ ക്രിസ്തുവിലവ കണ്ടെത്തണം. അപ്പോഠം മാഗ്ഗ്ദർശിയും മാതൃകയുമായി ലോകമവിട്ടത്തെ സ്വീകരിക്കും. "എല്ലാവർക്കും ക്രിസ്തുവിനെ തങ്ങളുടെ മാതൃകയും ഗുരുവും വിമോചകനും രക്ഷകനും ജീവദാതാവുമായി ആവശ്യമുണ്ടു്"[1]. ചരിത്രത്തിൻെറ ഭൗതികവശങ്ങളിലും വെളിച്ചം വീശാൻ സുവിശേഷത്തിനു കഴിഞ്ഞിട്ടുണ്ടു്. മാനവസ്വാതന്ത്ര്യത്തിനും മാനവപുരോഗതിക്കുംവേണ്ടി സുവിശേഷവും അതിൻേറതായ പങ്കുവഹിക്കുന്നുണ്ടു്. സാഹോദര്യത്തിൻേറയും ഐക്യത്തിൻേറയും സമാധാനത്തിൻേറയും പുളിമാവായി എന്നും ലോകത്തിൽ അതു വത്തിച്ചിരുന്നു. അങ്ങനെ 'ജനതകളുടെ പ്രകാശ'മായി (Lumen Gentium) ക്രിസ്തു സുവിശേഷത്തിലൂടെ ലോകത്തിലെങ്ങും ജീവിക്കുന്നു.

### പ്രേഷിതപ്രവത്തനവും യുഗാന്തകാലവും (Eschatology)

പ്രേഷിതപ്രവർത്തനത്തിനൊരു നിശ്ചിതകാലയളവുണ്ടു്—ക്രിസ്തുവിൻെറ പ്രഥമാഗമനത്തിനും ദ്വിതീയാഗമനത്തിനുമിടയ്ക്കുള്ള സമയം. അവിടുത്തെ ദ്വിതീയാഗമനത്തോടേ സകലതും പുനരുദ്ധൃതമാവണം.

1. A. G. n. 8.

അതിന്നായി പ്രേഷിതപ്രവർത്തനം ലോകാവസാനം വരെ തുടരാതെ വയ്യാ. ക്രിസ്തു പ്രഭാവത്തോടെ മടങ്ങിയെത്തുന്നതിനു മുൻപു സകല ജനപദങ്ങളോടും സുവിശേഷം പ്രസംഗിക്കപ്പെടണം[1]. സുവിശേഷഘോഷണത്തിൻെറ മൗലികസ്വഭാവത്തിലേക്കാണിതു് എത്തിനില്ക്കുക. ലോകത്തിലിന്നു നടക്കുന്ന മഹത്തായൊരു യാഥാർത്ഥ്യമാണു സുവിശേഷഘോഷണം. ഒപ്പമതു ക്രിസ്തുവിൻെറ വരവിനുള്ളൊരു മൗലികവ്യവസ്ഥയും. ആദിമക്രൈസ്തവരൊന്നാകെ അവിടുത്തെ ദ്വിതീയാഗമനത്തെ പ്രതീക്ഷകളോടെ പാർത്തിരുന്നു; അതേ അഭ്യുപിയോടെ ഇന്നും ഓരോ ക്രൈസ്തവനുമവിടുത്തെ പാത്തിരിക്കണം. അതേസമയം അവിടുത്തേ ആഗമനം അവിളംബം സാധിക്കുന്നതിനും ദൈവരാജ്യം വേഗം സ്ഥാപിതമാവുന്നതിനുമായി സുവിശേഷം കഴിയുന്നത്ര നേരത്തെ പ്രസംഗിക്കുകയുംവേണം. കാരണം, 'സുവിശേഷഘോഷണവും ദൈവരാജ്യസ്ഥാപനവും തമ്മിൽ നേരിട്ടൊരു ബന്ധ'മുണ്ടു്[2].

രക്ഷയുടെ ചരിത്രം പൂർത്തിയാക്കുകയാണു ദൈവം മിഷൻപ്രവത്തനത്തിലൂടെ. വചനത്തിൻെറ പ്രസംഗത്തിനൊപ്പം കൗദാശികപ്പരികർമ്മത്തിലൂടേയും സുവിശേഷഘോഷണം നടക്കുന്നുണ്ടു്. ജനങ്ങൾക്കിടയിൽ ന

1. മക്കോ. 13: 10.

2. Danielou Jean, *The Salvation of the Nations*, Sheed and Ward (London 1949) 83.

ല്ലതായിട്ടുള്ളതെല്ലാം വിശുദ്ധീകരിച്ചുയർത്തി പൂർണ്ണമാക്കുന്ന സുവിശേഷം. ദൈവമഹത്വം, പിശാചിൻെറ ലജ്ജ, മനുഷ്യസൗഭാഗ്യം എന്നീ അന്ത്യാത്മകഫലങ്ങളാണു (eschatological results) ഇതിൻെറ ലക്ഷ്യം. ദൈവജനത്തെ ദൈവരാജ്യത്തിലേക്കു നയിക്കുകയും ക്രിസ്തുവിൻെറ മൗതികശരീരത്തെ വളർച്ചയിലെത്തിക്കുകയും ചെയ്യുന്നതോടെ പ്രേഷിതപ്രവൎത്തനം അതിൻെറ യുഗാന്തകാലപൂർത്തീകരണത്തിലെത്തുന്നു. ദൈവരാജ്യോന്മുഖമാണു മിഷൻപ്രവൎത്തനം; അങ്ങനെയേ ആയിരിക്കാനൊക്കൂ.

# മിഷൻപ്രവർത്തനം—
# പ്രായോഗികതലത്തിൽ

## ആമുഖം

മിഷൻെറ അടിസ്ഥാന ദൈവശാസ്ത്രതത്വങ്ങളെ വിശകലനം ചെയ്തിട്ട് പ്രേഷിതപ്രവർത്തനത്തെപ്പററി പ്രത്യേകമായൊരു അപഗ്രഥനം നടത്തുകയാണിവിടെ. പ്രേഷിതപ്രവത്തനത്തെ പ്രായോഗികതലത്തിൽ വീക്ഷിക്കുകയാണു ഡിക്രിയുടെ രണ്ടാമദ്ധ്യായത്തിൽ. പ്രായോഗികരംഗത്തേക്കു പകർത്താനുതകുന്ന കുറെ മാർഗ്ഗനിർദ്ദേശകതത്വങ്ങൾ നല്കുകയല്ലാതെ പുതിയ പ്രേഷിതപ്രവത്തനരീതിയോ വിദ്യയോ കൗൺസിൽ ചൂണ്ടിക്കാണിക്കുന്നില്ല. അതിനു കാരണമുണ്ട്: സുവിശേഷഘോഷണത്തിനു സ്വീകരിക്കുന്ന പദ്ധതികളും മാർഗ്ഗങ്ങളും ദേശംതോറും പരിവത്തനവിധേയമായിക്കൊണ്ടിരിക്കയാണ്.

സഭയുടെ മിഷൻപ്രവർത്തനത്തിൻെറ ശക്തിയും വ്യാപ്തിയും പ്രാപ്തിയും വർദ്ധിപ്പിക്കുക—ഇന്നത്തെ സാ

ഹചര്യങ്ങളിലതു് അടിയന്തിരവും അപരിത്യാജ്യവുമായൊരു ജോലിയാണു സഭയെസ്സംബന്ധിച്ചിടത്തോളം. ക്രിസ്തുസന്ദേശം ശ്രവിക്കാനിടയാകാത്ത വലിയ ജനസമൂഹത്തെ—200 കോടിയിലധികമുണ്ടത്രേ—മുമ്പിൽ കാണുമ്പോൾ സഭ സഹതപിക്കുകയും സങ്കടപ്പെടുകയും ചെയ്യുന്നു; അന്നു്, വിശന്നു വലഞ്ഞ ജനക്കൂട്ടത്തെ കണ്ടപ്പോൾ അവരിലലിവു തോന്നിയ ക്രിസ്തുവിനെപ്പോലെ. ഈ വേദനിപ്പിക്കുന്ന സത്യത്തെപ്പററി സഭയ്ക്കു് അവബോധമുണ്ടു്; ആ അവബോധമവളെ പണ്ടത്തെക്കാളേറെ കർമ്മനിരതയാക്കിയിട്ടുമുണ്ടു്.

ഈ ബൃഹത്സമൂഹത്തിൽ അങ്ങിങ്ങായുണ്ടു് ഒന്നിലേറെ ഉൾഗ്രൂപ്പുകൾ: ഏതെങ്കിലുമൊരു മതത്തിലോ 'ദൈവ'ത്തിലോ വിശ്വാസമർപ്പിച്ചവർ; ഒരു മതത്തിലോ 'ദൈവ'ത്തിലോ വിശ്വാസമർപ്പിക്കാത്തവർ. ഒക്കെയാണെങ്കിലും സാമൂഹികവും സാംസ്കാരികവുമായ മററു മാനുഷികതലങ്ങളിലെല്ലാം അവരൊററക്കെട്ടാണു്. ഒരൊററ മനുഷ്യസമുദായമാണു്. ഈ സമൂഹത്തിനുള്ളിലെ വൈരുദ്ധ്യങ്ങളും വൈവിധ്യങ്ങളും, വൈധർമ്മ്യങ്ങളും സാധർമ്മ്യങ്ങളുമൊക്കെ പ്രശ്നങ്ങളാണു സഭയ്ക്കു്. എന്നുവരികിലും അവർക്കിടയിലും സുവിശേഷത്തിൻെറ മാറെറാലി കടന്നു ചെല്ലണം. അങ്ങകലെ നിന്നുകൊണ്ടു സഭയ്ക്കിതു സാധിക്കാനാവില്ല.

വിശ്വാസത്തിലേക്കുള്ള ആഹ്വാനത്തിൻെറ മുമ്പിൽ സ്വതന്ത്രമായൊരു തീരുമാനവും തിരഞ്ഞെടുപ്പുമാണു് ഓരോ വ്യക്തിയും നടത്തുക. ഒരുവൻ വളർന്നു

വന്ന സമൂഹത്തിൻെറ ഘടനയും രൂപവും അവൻ പരിശീലിച്ചുപോന്ന ചിന്താരീതികളും ഈ സ്വാതന്ത്ര്യതീരുമാനത്തെ സ്വാധീനിക്കുന്നുണ്ട്. ഇങ്ങനെ നോക്കുമ്പോൾ സാമൂഹികാചാരങ്ങളിലും പരിതോവസ്ഥകളിലും സാംസ്കാരിക ചുററുപാടുകളിലുമെല്ലാം ഊന്നിയാണു മനുഷ്യൻെറ ജീവിതവീക്ഷണം രൂപംകൊള്ളുന്നതെന്നു കാണാം. അതുകൊണ്ടു ജീവിതവീക്ഷണത്തിനു രൂപം കൊടുക്കുന്ന ഘടകങ്ങളിലാണു സുവിശേഷത്തിൻെറ നിറവും വെളിച്ചവും പകരേണ്ടതു്. അക്രൈസ്തവസംസ്കാരങ്ങളുമായി ഇടപഴകിക്കഴിയുന്നവരെ ക്രിസ്തുവിലേക്കു വലിച്ചുകററുകയായിരിക്കരുതു സഭയിവിടെ ചെയ്യുക; ക്രിസ്തുവിൻെറ രഹസ്യത്തിൻെറ സാന്നിദ്ധ്യം അവർക്കിടയിൽ അനുഭവവേദ്യമാക്കുകയാണു സഭയിവിടെ ചെയ്യേണ്ടതു്. അതിനു് "മനുഷ്യവർഗ്ഗത്തിൻെറ സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങളുമായി"1 സഭ അലിഞ്ഞുചേരണം "മിഷൻപ്രവർത്തനം മനുഷ്യാവതാരപരമായ ഒരു കത്തവ്യമാണു്"2. മനുഷ്യസമൂഹവുമായി മനുഷ്യാവതാരത്തിലൂടെ എല്ലാവിധത്തിലും ഇണങ്ങിച്ചേർന്ന ക്രിസ്തുവിനെപ്പോലെയാവണം സഭയും.

പ്രേഷിതപ്രവർത്തനത്തിനു വിവിധമുഖങ്ങളുണ്ടു്: ക്രൈസ്തവൻെറ സാക്ഷ്യം; സുവിശേഷപ്രസംഗവും ദൈവജനത്തിൻെറ വിളിച്ചുകൂട്ടലും, ക്രൈസ്തവസമൂഹത്തിൻെറ രൂപവൽക്കരണം.

---

1. A. G., n. 10.

2. Cfr. Commentary on the Documents of Vatican II, Edited by Herbert Vorgrinber, Vol IV, p. 126; Cfr also A. G. n. 5.

നാല്

# ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക

ഓരോ ക്രൈസ്തവനും സഭയിൽ പല കടമകളുണ്ട്. ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയാണ് അവന്റെ പ്രധാനകടമകളിൽ പ്രഥമമായതു്. ഓരോ ക്രൈസ്തവനുമുള്ള പൗരോഹിത്യപരമായ മിഷന്റെ ഭാഗമാണിതെന്നു പറയാം. ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽനിന്നുതന്നെയാണ് അല്മായനീ മിഷൻ സ്വീകരിക്കുന്നതു്. മനുഷ്യർക്കു മുമ്പിൽ ദൈവത്തിനു സാക്ഷ്യം വഹിക്കുകയായിരുന്നു ക്രിസ്തു തന്റെ ഭൗമികമിഷനിലൂടെ. ദൈവത്തെപ്പററിയുള്ള സത്യം—ദൈവം നന്മയും രക്ഷയും സൗഭാഗ്യവും എല്ലാമാണെന്ന സത്യം —ക്രിസ്തു തന്റെതന്നെ വ്യക്തിത്വത്തിലും പ്രവൃത്തികളിലും വ്യക്തമായി നിഴലിച്ചുകാട്ടി. വാക്കുകളിലൂടെ മാത്രമല്ല ക്രിസ്തു ദൈവത്തിനു സാക്ഷ്യം വഹിച്ചതെന്നു നാമോർക്കണം. പീലാത്തോസിന്റെ മുമ്പിൽ

അവിടുന്നു സത്യത്തിൻെറ സമുജ്ജ്വലസാക്ഷിയായി നിന്നു1. മനുഷ്യരോടു ദൈവത്തിനുള്ള സ്നേഹത്തിനു സമുന്നതവും ഉത്തമവുമായ സാക്ഷ്യമായിരുന്നു കാൽവരിക്കുന്നിലെ അവിടുത്തെ ബലി.

തൻെറ ജനമാകുവാനായി വിളിക്കപ്പെട്ട ക്രൈസ്തവർക്കു ലോകത്തിൽ ദൈവമൊരു പ്രത്യേക മിഷനേകിയിട്ടുണ്ട്. ദൈവത്തിനു ആദ്ധ്യാത്മികബലികളർപ്പിച്ചുകൊണ്ടു് അവിടുത്തെ സ്നേഹത്തിനും രക്ഷയ്ക്കും ലോകത്തിൻെറ മുമ്പാകെ സാക്ഷ്യം വഹിക്കുക—ക്രിസ്തുവിൻെറ മിഷൻെറ തുടർച്ചയാണിതു്. ഈ അർത്ഥത്തിൽ ഏതൊരു ക്രൈസ്തവനും മിഷൻപ്രവർത്തനത്തിനു വിളിക്കപ്പെട്ടവനാണു്. അല്മായപൗരോഹിത്യത്തിൽ നിന്നാണു് ഈ അവകാശം സിദ്ധിക്കുക.

അല്മായപൗരോഹിത്യത്തിൽ രണ്ടു ഘടകങ്ങൾ ഉൾച്ചേർന്നിട്ടുണ്ട്: ആദ്ധ്യാത്മികബലിയർപ്പണവും സാക്ഷ്യംവഹിക്കലും.

**സാക്ഷ്യംവഹിക്കൽ—**
**അതിൻെറ ഭിന്നരൂപങ്ങൾ**

ലോകത്തിൽ ദൈവത്തിനു സാക്ഷ്യംവഹിക്കുക എന്ന ക്രൈസ്തവമിഷനിലേക്കൊരു സമർപ്പണംകൂടിയാണു ജ്ഞാനസ്നാനം. പാപത്തിനു മരിച്ചു് നവജീവനിലേക്കുയിർത്തവനാണു ക്രൈസ്തവനെന്നൊരു പ്രഘോഷ

1. തിമോ. 6: 13

ണവുമാണീ ജ്ഞാനസ്നാനത്തിലൂടെ നടക്കുക. ദൈവപുത്രരാകുവാൻ ക്രൈസ്തവരൊന്നാകെ ക്ഷണിക്കപ്പെട്ടിരിക്കുന്നു എന്നൊരു വിളംബരവുമാണിതെന്നു പറയാം. ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവുമായി സാത്മ്യം പ്രാപിക്കുന്ന വേളയിൽത്തന്നെ ക്രൈസ്തവൻ ക്രിസ്തുവിൽനിന്ന് ആ മിഷൻ സ്വീകരിക്കുന്നു: "......എൻെറ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (മത്താ. 28: 18). അതോടെ ക്രൈസ്തവൻ പരിശുദ്ധാത്മാവിനെ സ്വീകരിച്ചുകഴിഞ്ഞു. ഏതു ജീവിതത്തുറയിലും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാൻ സന്നദ്ധതയും ശക്തിയും വിവേകവും പകർന്നു കൊടുത്തുകൊണ്ടു പരിശുദ്ധാരൂപി അവരോടൊത്തുണ്ടാവും. ക്രിസ്തുവിൻെറ ജ്ഞാനസ്നാനവേളയിൽ ദൈവത്തിൻെറ സാക്ഷ്യമായി ക്രിസ്തുവിനെ ലോകത്തിനു ചൂണ്ടിക്കാട്ടിയതും അങ്ങനെ ജീവിക്കുന്നതിനു പ്രചോദനമേകിയതും പരിശുദ്ധാരൂപിയാണ്. തൻെറ പരീക്ഷണങ്ങൾക്കിടയിൽ സാത്താനെതിരായി ശക്തിയായിത്തന്നെ പോരാടിക്കൊണ്ടു ക്രിസ്തു ദൈവത്തിനു സാക്ഷ്യംവഹിച്ചു. അവിടുന്നു സനാതനസത്യങ്ങൾ ഉരുവിട്ടപ്പോഴും പാപങ്ങൾ പൊറുത്തപ്പോഴും വേദനിക്കുന്നവർക്ക് ആശ്വാസമണച്ചപ്പോഴും എല്ലായ്പോഴും ദൈവത്തിനു സാക്ഷ്യം വഹിക്കുകയായിരുന്നു.

പ്രാഥമികസഭയിൽ പരിശുദ്ധാരൂപിയെ സ്വീകരിച്ചതോടെ സുവിശേഷം പ്രസംഗിക്കാനും ശത്രുക്കൾ

ക്കമുമ്പിൽ ആ സുവിശേഷത്തിനും വിശ്വാസത്തിനും സാക്ഷ്യവാഹകരായി വർത്തിക്കാനും അപ്പസ്തോലന്മാർക്ക കഴിഞ്ഞു. സ്റ്റീഫനെപ്പോലുള്ള രക്തസാക്ഷികളും ഒന്നാംതരം സാക്ഷ്യവാഹകർതന്നെ. സ്ഥൈര്യലേപനം എന്ന കൂദാശവഴിയായി സാക്ഷ്യം വഹിക്കാനുള്ള വരം പരിശുദ്ധാത്മാവിയിൽനിന്ന ക്രൈസ്തവന ലഭിക്കുന്നു. ക്രൈസ്തവൻെറ ജീവിതം എവിടേയും എപ്പോഴും ധൈര്യവും ശക്തിയുമാവശ്യപ്പെടുന്ന ഒരു ജീവിതമാണു്.

ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും—രണ്ടും സമർപ്പണമാണു്. ദൈവത്തിൻെറ പുത്രനായി ജീവിക്കാനുള്ള സമർപ്പണമാണ് ആദ്യത്തേതു്; മററുള്ളവരെ ദൈവപുത്രരാക്കാനുള്ള ഉദ്യമത്തിൻെറ അർപ്പണമാണു രണ്ടാമത്തേതു്. ഇവയിലൂടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കുന്നു. ക്രൈസ്തവൻെറ ജീവിതം അതിൻെറ സാകല്യത്തിൽ ക്രൈസ്തവവിശ്വാസത്തിനു സാക്ഷ്യം വഹിക്കണം. ദൈവത്തോടും മനുഷ്യരോടുമുള്ള ക്രൈസ്തവസ്നേഹത്തിൻെറ സാക്ഷ്യമാണതു്. എന്നുവച്ചാൽ, നാം ഓരോരുത്തരോടും ദൈവത്തിനുള്ള സ്നേഹത്തിൻെറ സാക്ഷ്യം. കാരണം, ദൈവത്തോടും മനുഷ്യരോടുമുള്ള ക്രൈസ്തവസ്നേഹത്തിൽ തെളിഞ്ഞു തെളിഞ്ഞു വരുന്നതു മനുഷ്യരോടുള്ള ദൈവത്തിൻെറ നിസ്സീമസ്നേഹമാണു്.

ക്രിസ്തുവിനുവേണ്ടി സ്വജീവൻ ചിന്തുമ്പോൾ ക്രൈസ്തവവിശ്വാസവും സ്നേഹവുമെത്ര ശക്തവും ഉള്ളുറ

പ്പുററത്തുമായാണു തോന്നുക. വാക്കിലൂടെ മാത്രമല്ല, ജീവിതത്തിലൂടെ ഒരു യഥാർത്ഥക്രൈസ്തവനായിരിക്കുക—അതാണ് ഓരോ ക്രൈസ്തവനും നിർവ്വഹിക്കാവുന്ന ഏററം വലിയ സാക്ഷ്യംവഹിക്കൽ.

ക്രൈസ്തവസാക്ഷ്യം രണ്ടുതരത്തിൽ നിർവ്വഹിക്കാമെന്നു ഡിക്രി ചൂണ്ടിക്കാട്ടുന്നു: സമീപസ്ഥരുമായുള്ള സംഭാഷണത്തിലൂടേയും ഉപവിപ്രവൃത്തികളിലൂടേയും. ഇവയിലൂടെ ക്രൈസ്തവിശ്വാസത്തെപ്പററി ജനങ്ങളിലെള്ളപ്പം അവബോധമുളവാക്കാനാവും ക്രൈസ്തവൻെറ ജീവിതമാണിവിടെ പ്രസംഗിക്കുന്നതും പ്രവത്തിക്കുന്നതും. മററുള്ളവർ തന്നിലുള്ള നല്ല പ്രവൃത്തികൾ കണ്ടു ദൈവത്തെ സ്തുതിക്കുക (മത്താ. 5: 16); മനുഷ്യജീവിതത്തിൻെറയും സ്നേഹത്തിൻെറയും യഥാത്ഥമായ ആഴവും അത്ഥവും തൻെറ ജീവിതത്തിൽനിന്ന് അവർ പഠിക്കുക—ഇവയാണു സൽപ്രവൃത്തികളിലൂടെയുള്ള സാക്ഷ്യംവഹിക്കൽകൊണ്ടു സാധിക്കുന്നവ.

## സാക്ഷ്യംവഹിക്കലിൻെറ ആവശ്യകത

ക്രിസ്തുസന്ദേശം സകല ജനപദങ്ങളിലും സമൂഹങ്ങളിലും ആഴ്ന്നിറങ്ങണം. എന്നാൽ നേരിട്ടുള്ള പ്രസംഗം എപ്പോഴും പ്രായോഗികവും സാദ്ധ്യവുമായിരിക്കുകയില്ല. ഇവിടെയാണു സാക്ഷ്യംവഹിക്കൽ കൂടുതൽ ആവശ്യമായി വരിക. ഈ സാക്ഷ്യംവഹിക്കലിലൂടെ ക്രിസ്തുസന്ദേശം നിശ്ശബ്ദമായാണെങ്കിലും ജനപദങ്ങൾ

ക്കിടയിലും സമൂഹങ്ങൾക്കിടയിലും പ്രഘോഷിക്കപ്പെടുകയാണു്; അവരുടെ ജീവിതത്തേയും ഈ സാക്ഷ്യംവഹിക്കൽ സ്വാധീനിക്കുന്നുണ്ടു്—അവരറിയാതെ സംഭവിക്കുന്നെന്നു മാത്രം. ഇങ്ങനെ അവരുടെ ജീവിതത്തിൽ അലിഞ്ഞുചേർന്നു തുടങ്ങുന്ന ക്രൈസ്തവാദർശങ്ങൾ ഭാവിയിൽ ക്രൈസ്തവവിശ്വാസത്തിൻെറ വിത്തു വീഴുമ്പോൾ നൂറുമേനി വിളയിക്കാനുള്ള മണ്ണൊരുക്കുകയാണിപ്പോൾ.

ഒരുവൻ യഥാർത്ഥക്രൈസ്തവനായി ജീവിച്ചതുകൊണ്ടുമാത്രം ഈ നിശ്ശബ്ദഘോഷണം നടക്കണമെന്നില്ല. ചുററുമുള്ളവരുമായി സ്നേഹത്തിലൂടേയും ഐക്യത്തിലൂടേയും ഒന്നായിത്തീരുകകൂടി ആവശ്യമാണിക്കാര്യത്തിൽ. അവരും താനും ഒരേ സമൂഹത്തിലെ അംഗങ്ങളാണെന്നു് ഓരോ ക്രൈസ്തവനും മനസ്സിലാക്കുകയും അങ്ങനെ ജീവിക്കുകയുംകൂടി ആവശ്യമാണു്. സമൂഹത്തിലെ മററംഗങ്ങളുമായുള്ള സ്നേഹബന്ധങ്ങൾക്കും മററും കേടുവരുത്തുന്ന ഒന്നായി ക്രൈസ്തവവിശ്വാസത്തെ കാണാൻ ഒരിക്കലുമവസരം സൃഷ്ടിക്കരുതു്. സാംസ്കാരിക സാമൂഹിക രംഗങ്ങളിൽ ക്രൈസ്തവൻ പ്രവർത്തനനിരതനായിരിക്കണം; മററുള്ളവരോടു് ഒത്തിണങ്ങിനിന്നു വർത്തിക്കുകയുംവേണം. താൻ ജീവിക്കുന്ന നാടിൻെറ ദേശീയവും മതപരവുമായ പൈതൃകങ്ങളിലേക്കും പാരമ്പര്യങ്ങളിലേക്കും ക്രൈസ്തവനും ഊളിയിട്ടിറങ്ങണം. അവിടെ കണ്ടുമുട്ടുന്ന ചില സത്യങ്ങളുടെ

വെളിച്ചത്തിൽ, ക്രൈസ്തവസന്ദേശത്തിലേക്കു കുറെക്കൂടി വ്യക്തവും ആഴവുമായൊരു ഉൾക്കാഴ്ച സിദ്ധിച്ചെന്നു വരും. ഇങ്ങനെ സമൂഹവും സംസ്കാരവും ദേശീയാചാരങ്ങളുമായി ഇണങ്ങിപ്പോകാൻ ഒരുക്കമില്ലാത്തിടത്തോളംകാലം ക്രൈസ്തവസാക്ഷ്യമൊരു പരാജയമായിരിക്കും. കാരണം, തികഞ്ഞ അപരിചിതരായി, തങ്ങളുടെ മതത്തോടും സംസ്കാരത്തോടും സമൂഹത്തോടുമൊക്കെ കൂറില്ലാത്ത വിദേശിയരായേ മററുള്ളവർ ക്രൈസ്തവരെ അപ്പോഴെണ്ണുകയുള്ളൂ.

ജീവിതസാഹചര്യവുമായുള്ള ഈ താദാത്മ്യം തേടൽ ഒരു യഥാർത്ഥമനുഷ്യനായി ജീവിച്ചുകൊണ്ടുകൂടിയായിരിക്കണം. മനുഷ്യത്വമില്ലാത്ത ക്രൈസ്തവനായിരുന്നുകൊണ്ടായിരിക്കരുതെന്നു സാരം. ക്രൈസ്തവാരൂപി ഉള്ളിൽത്തികയുമ്പോൾ ബാഹ്യചേഷ്ടകളെല്ലാം സ്വാഭാവികവും സാധാരണവും മററുള്ളവരുടെ ജീവിതത്തോടൊത്തുപോകുന്നതുമായിരിക്കും. അപ്പോഴവൻെറ ജീവിതം നൂറുശതമാനം മാനുഷികവും ക്രൈസ്തവവുമായിരിക്കാതെ വയ്യാ. ക്രിസ്തുമതം മറുനാടൻമതമാണെന്ന ധാരണ മിഷൻരാജ്യങ്ങളിലെ ജനങ്ങൾക്കിന്നുമുണ്ട്. അതിനു കാരണവുമുണ്ട്. ക്രിസ്തുമതം അവിടങ്ങളിൽ ആദ്യം പ്രസംഗിച്ചവർ വിദേശിയരായിരുന്നു; തന്നെയുമല്ല അവരുടെ ജീവിതത്തിലൂടേയും വാക്കുകളിലൂടേയും ജനങ്ങൾ ദർശിച്ച ക്രിസ്തുമതത്തിൽ വൈദേശികച്ചുവ വല്ലാതെ തോന്നിയുമിരുന്നു. ക്രിസ്തുമതത്തിലെ ബാഹ്യാചാരങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം വൈദേശി

കമായിരുന്നു; അർത്ഥശൂന്യങ്ങളായി അവർക്കു തോന്നി അവയെല്ലാം. ഇത്തരമൊരു മതത്തിൻെറ അനുയായി കഠം സമൂഹത്തിൽനിന്നു പിടിച്ചു പിന്നോക്കം തള്ളപ്പെട്ടെങ്കിൽ അതു സ്വാഭാവികമാണു്. ഗൗരവാവഹവും ദയനീയവുമായൊരു സ്ഥിതിവിശേഷമാണിതു്. ക്രിസ്തുമതത്തിൻെറ ദേശീയാനുരൂപണത്തെപ്പററി ഇത്രയധികം ഒച്ചപ്പാടുണ്ടാക്കാനിതുതന്നെ കാരണം. ദേശീയസംസ്കാരവും സമൂഹവും ദേശീയാചാരങ്ങളുമായി ഇണങ്ങിയൊന്നാകുമ്പോഴേ ജീവിതസാഹചര്യങ്ങളെ സ്വാധീനിക്കുന്നതിനും മററുള്ളവരോടൊത്തു സഹോദരന്മാരായി സമാധാനപൂർവ്വവും സൗഹാർദ്ദപൂർവ്വവും ജീവിക്കാൻ ക്രൈസ്തവർക്കു സാധിക്കൂ. അപ്പോഴാണു ഫലദായകമായ സംഭാഷണം അവരുമായി സാധിക്കുക.

## സുഹൃത്സംഭാഷണത്തിലൂടെയുള്ള സാക്ഷ്യം

ശാസ്ത്രസാങ്കേതികതലങ്ങളിലുണ്ടാവുന്ന പരിവർത്തനങ്ങളുടെ മുമ്പിൽ നിശ്ചലവും നിഷ്പക്ഷവുമായ ഒരു നിലപാടായിരുന്നു ഒരു കാലത്തു സഭ പുലർത്തിയിരുന്നതു്. ആ ദുരവസ്ഥയിൽനിന്നൊട്ടേറെ മുമ്പോട്ടു നീങ്ങിക്കഴിഞ്ഞു സഭ. മനുഷ്യനു നന്മ കൈവരുത്താനുതകുന്ന എല്ലാററിനേയും ഇരുകൈയും നീട്ടി സ്വീകരിച്ചിരുത്താൻ സഭയിന്നു ഒരുക്കമാണു്; അങ്ങനെ ചെയ്തുതുടങ്ങിയിട്ടുമുണ്ടു്. എന്നുവച്ചു് എല്ലാമങ്ങു കണ്ണടച്ചു സ്വീകരിക്കുന്നെന്നു വരുന്നില്ല. വിശ്വാസത്തിനും പാരമ്പ

ര്യത്തിനും വിലങ്ങനെ വരുന്നതെന്തും സൗഹാർദ്ദപുരസ്സരം മാററി നിറുത്തുകതന്നെ ചെയ്യും. ലോകത്തിലായിരിക്കുന്നിടത്തോളംകാലം ഇത്തരം സാഹചര്യങ്ങളിലവർക്കൊരു കടമയുണ്ട്. മനുഷ്യരുടെ ധാർമ്മികതയ്ക്കും നന്മയ്ക്കും കേടുവരുത്തുന്നവയിലേക്കു കൈചൂണ്ടി മുന്നറിയിപ്പുകൊടുക്കുക. സൗഹാർദ്ദസംഭാഷണത്തിലൂടെയാണു സഭയിന്നിതു സാധിക്കുക. പക്ഷേ ഒന്നുണ്ട് ഇക്കാര്യം സാധിക്കണമെങ്കിൽ–തങ്ങളുടെ സമൂഹത്തിൻെറ ഒരവിഭാജ്യഭാഗമാണു തങ്ങളോടു സംഭാഷിക്കാനടുത്തെത്തുന്നതു് എന്ന അവബോധം. ഈ സാമീപ്യത്തിലൂടെ അവർ സഭയെ അടുത്തറിയാനിടയാവുന്നു; ജനതകൾക്കിടയിൽ ദൈവം നല്കിയിരിക്കുന്ന അമൂല്യനിധികൾ അവർ കണ്ടെത്തുന്നു.

ഈ സംഭാഷണത്തിൻെറ കാര്യത്തിൽ ചിലതു ശ്രദ്ധിക്കാനുണ്ട്: ചിന്തകളേയും ആശയങ്ങളേയും ലളിതവും വ്യക്തവുമായി അവതരിപ്പിക്കണം. സൗമ്യത തിങ്ങി നില്ക്കണം ഈ സംഭാഷണത്തിലുടനീളം. വേദനാജനകമോ അരോചകമോ ആയ ഒരു വാക്കുപോലുമവിടെ കടന്നുകൂടാനിടവരരുതു്. സത്യത്തിലേക്കുള്ള ഒരു സൗഹാർദ്ദക്ഷണമായിരിക്കണം. സംഭാഷിക്കാനെത്തുന്നവരുടെ വാക്കുകളിലും ഉദ്ദേശ്യങ്ങളിലും പൂർണ്ണവിശ്വാസമർപ്പിക്കുക. എങ്കിലേ അവിടെ സുഹൃദ്ബന്ധമുയർന്നുവരൂ. ശ്രോതാക്കളുടെ മാനസികാവസ്ഥയേയും ജീവിതപശ്ചാത്തലത്തേയുംമററുംപററി നന്നായൊരറിവുണ്ടാ

യിരിക്കണം. ആ അറിവിൻെറ സഹായത്തോടെ നമ്മെത്തന്നെ അവരോടനുരൂപപ്പെടുത്തിക്കൊണ്ടായിരിക്കണം നമ്മുടെ സംഭാഷണം.

അതതുസ്ഥലത്തേയും പരിതോവസ്ഥയുടേയും ആവശ്യങ്ങൾക്കനുസൃതമായി ഈ സംഭാഷണം രൂപം കൊള്ളുന്നു. അതുകൊണ്ടു സംഭാഷണത്തിലേർപ്പെടുന്നതിനു മുമ്പ് ആ സ്ഥലത്തേയും അവിടങ്ങളിൽ വസിക്കുന്നവരേയും നന്നായി പഠിക്കണം. അവരുടെ ജീവിതത്തിലലിഞ്ഞിണങ്ങിക്കിടക്കുന്ന ആചാരസംസ്കാരങ്ങൾ, വിശ്വാസവിചാരങ്ങൾ എല്ലാററിലും മനസ്സിരുത്തിക്കൊണ്ടും അവയെ മാനിച്ചുകൊണ്ടും അവരോടടുക്കാതെ വയ്യാ. അവരുടെ ജീവിതാന്തരീക്ഷത്തിൽ അലിഞ്ഞുനില്ക്കണം സഭയും. ദൈവവചനം മനുഷ്യസ്വഭാവവുമായി ഒന്നായതുപോലെ സഭയ്ക്കും മാനുഷികമായ സകലതുമായി ഒന്നാകാതെ വയ്യാ. ക്രിസ്തു സാധാരണജീവിതം നയിച്ചതുപോലെ നാമും സാധാരണജീവിതം നയിക്കണം. മനുഷ്യരുടെ വിവിധങ്ങളായ ആവശ്യങ്ങൾ, ദുരദൃഷ്ടങ്ങൾ, വേദനകൾ എല്ലാററിലേക്കും ശ്രദ്ധയും താല്പര്യവുമില്ലാതെ വരരുതൊരിക്കലും. അവരുടെ സഹോദരന്മാരായി നമ്മെ എണ്ണുകയും അങ്ങനെ പ്രവർത്തിക്കുകയുമാവശ്യമാണ്. "ഡയലോഗിൻെറ ജീവൻ സ്നേഹവും അതിലപ്പുറം സേവനവുമാണ്"[1].

---

1. Ecclesiam Suam, p. 42. St. Paul Publications.

സുഹൃത്സംഭാഷണത്തിൻെറ വഴിയിൽ സൂക്ഷി ക്കേണ്ടതായ പലതുണ്ട്. വിശ്വാസത്തിൻെറ തറയിൽ കാലുറപ്പിച്ചുനിന്നുകൊണ്ടായിരിക്കണം സംഭാഷണത്തി ലേർപ്പെടുക. ഏതു സാഹചര്യമിളക്കിയാലും ഇളകാ ത്തത്ര ഉറപ്പുററ അടിത്തറയിലൂന്നിനില്ക്കുന്ന വിശ്വാസ മാണു ഡയലോഗിനൊരുങ്ങിയിറങ്ങുന്നവനാവശ്യം. ശ രിയായ ക്രൈസ്തവജീവിതം അവനിൽ നിറഞ്ഞുനില്ക്കു കയും വേണം. വിശ്വാസവിഷയങ്ങളുടെ കാതലിൽ കൊള്ളുന്ന വിട്ടുവീഴ്ചകൾക്കൊന്നും സ്ഥാനവും നല്കരു തു് സംഭാഷണത്തിൽ.

ഡയലോഗെന്നു പറയുമ്പോൾ നാമിവിടെ അർത്ഥ മാക്കുക സൗഹാർദ്ദത്തിനോ ഉല്ലാസത്തിനോ വേണ്ടിയു ള്ള വെറും സംഭാഷണമല്ല; ക്രിസ്തുവിനു സാക്ഷ്യം വ ഹിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടു നടത്തുന്ന സംഭാഷണമാണു്. താൻ വിശ്വസിക്കുന്നവയുമായി സംഭാ ഷണത്തിലേർപ്പെടുന്ന ക്രൈസ്തവൻ സാക്ഷ്യം വഹിക്കു ന്നു. യഥാർത്ഥമായ ഡയലോഗിൽ സ്വന്തമായുള്ള അടി സ്ഥാനബോധ്യങ്ങളും വിശ്വാസങ്ങളും താത്വികചിന്ത കളുമൊന്നും ക്രൈസ്തവൻ തള്ളിപ്പറയുകയില്ല; അവയെ പ്പററി സംസാരിക്കും. തൻെറ ജീവിതത്തിൽ ക്രിസ്തു വിനെ എങ്ങനെ അനുഭവിച്ചറിഞ്ഞെന്നും അവൻ പറ യും. ഇതര വ്യക്തിയോടു് ആദരവും ധാരണയും പുലർ ത്തിക്കൊണ്ടായിരിക്കും സംഭാഷണം നീങ്ങുക. ഇങ്ങനെ ക്രിസ്തുവെന്ന വ്യക്തിയെ ചൂഴ്ന്നായിരിക്കണം ഡയ ലോഗിൻെറ നീക്കം.

## ഡയലോഗും സഭയും

സന്മനസ്സുള്ള സകലരോടും സഭയ്ക്കു സംഭാഷണത്തിലേർപ്പെടണം. ഓരോ മനുഷ്യനിലും—ശത്രുവായിരുന്നാലും ശരി—അവർ തല്പരയാണു്; അത്തരക്കാരുടെ ജീവിതത്തിലേക്കല്പം വെളിച്ചമണയ്ക്കാനാണു് ഇന്നവർ ശ്രമിക്കുക. ഈശ്വരനിഷേധകരോടു സ്നേഹബന്ധം പുലർത്താനും സംഭാഷിക്കാനുമൊക്കെയായി ഒരു സെക്രട്ടറിയേററുതന്നെ ഇന്നു സഭയ്ക്കുണ്ടു്. സാധിക്കുന്നിടത്തെല്ലാം സാധിക്കുന്നവർക്കിടയിലെല്ലാം സാധിക്കുന്ന മാർഗ്ഗങ്ങളിലൂടെ സുവിശേഷഘോഷണം നടത്താൻ സഭ പണ്ടത്തേക്കാളേറെ ശ്രമിക്കുന്നുണ്ടിന്നു്. ഡയലോഗാണു് ഉചിതവും ഉത്തമവുമായ മാർഗ്ഗം. ചിലയിടങ്ങളിലെ പ്രത്യേക സാഹചര്യങ്ങളിൽ ഇതേ പററുകയുള്ളുതാനും. ഈ ഡയലോഗിലൂടെ സഭാദൗത്യം കളഞ്ഞുകുളിക്കുകയല്ല; അതിനു സാക്ഷ്യം വഹിക്കുകയാണു നാം ചെയ്യുക. പ്രസംഗവും പ്രവൃത്തിയും ഡയലോഗിൽ ഒത്തുചേർന്നു നില്ക്കുന്നു. 'ഭൂമിയുടെ ഉപ്പും ലോകത്തിൻെറ വെളിച്ചവുമാണു സഭയപ്പോൾ. മനുഷ്യഹൃദയങ്ങളിൽ അവർ ആ 'ഉപ്പു' വിതറുന്നു; അവരുടെ ആന്തരികനേത്രങ്ങൾക്കു മുമ്പിൽ അവർ ആ വെളിച്ചമുയർത്തിക്കാട്ടുന്നു; മനുഷ്യരുടെ ആന്തരികജീവിതത്തിൽ വിത്തെറിയുന്നു. ആ ഉപ്പു് അവിടെ ഉററ കൂടണമെങ്കിൽ, ആ വെളിച്ചമവരുടെ അന്തർനേത്രങ്ങളെ കാഴ്ചയോഗ്യമാക്കണമെങ്കിൽ, ആ വിത്തുകളവിടെ വളർന്നു വിളയണമെങ്കിൽ

ദൈവാനുഗ്രഹമവിടെ കടന്നുചെല്ലാതെ വയ്യാ. സകല ജീവിതത്തുറകളിലുമുള്ളവരോടു സകല ജീവിതസാഹചര്യങ്ങളിലുമുള്ളവരോടു സത്യം, നീതി, സ്വാതന്ത്ര്യം, സാഹോദര്യം, സമാധാനം, സംസ്കാരം—അങ്ങനെ പലതിനെപ്പററി സഭയ്ക്കു പറയാനുണ്ട്.

## സ്നേഹത്തിലൂടെയുള്ള സാക്ഷ്യം

ക്രൈസ്തവസാക്ഷ്യത്തിൻെറ മറെറാരു മുഖമാണു ക്രൈസ്തവപരസ്നേഹം. പരസ്നേഹപ്രവൃത്തിയാണു പ്രേഷിതൻെറ അടയാളം. "സകല പ്രേഷിതപ്രവത്തനങ്ങളും സ്നേഹത്തിൽനിന്നുതട്ടവിക്കുകയും വേണം"[1].

'നിന്നെപ്പോലെ നിൻെറയടുത്തുള്ളവനേയും സ്നേഹിക്കുക'—ആ ഒരൊററക്കല്പന പത്തു പ്രമാണങ്ങളുടേയും സത്തുററിയെടുത്തതാണു്. ക്രൈസ്തവൻെറ ജീവിതവീക്ഷണത്തിനു് ഒരു വിശാലതയും വിശേഷതയുമുണ്ട്: ഏതൊരുവനേയും ഒരുപോലെ നോക്കിക്കാണുക. അവൻെറ സ്നേഹത്തിനർഹനാണു് ഓരോ മനുഷ്യനും. മനുഷ്യരെയൊന്നാകെ ഒന്നായിക്കാണുകയും അങ്ങനെ സ്നേഹിക്കുകയും ചെയ്യുന്ന ദൈവത്തിൻെറ വീക്ഷണത്തിൻെറ ചെറിയൊരംശമാണു ക്രൈസ്തവനിലുമുള്ളതു്. അയല്ക്കാരനെ സ്നേഹിക്കുകയെന്ന പ്രമാണത്തെ ക്രിസ്തു

---

1. അല്മായപ്രേഷിതത്വം, നമ്പർ 8.

സ്വജീവിതത്തിൽ പകർത്തി. സ്നേഹവിഷയമെന്ന നിലയ്ക്കു സഹോദരങ്ങളോട്ട് അവിടുന്നു തന്നെത്തന്നെ തുല്യനാക്കി; താദാത്മ്യപ്പെടുത്തി. ദൈവത്തിൽനിന്നു് ഒട്ടനവധിപടി താഴെ മാത്രമെത്തിനില്ക്കുന്ന മനുഷ്യനോടുള്ള ദൈവത്തിൻെറ സ്നേഹം ഇത്ര അഗാധമെങ്കിൽ, തന്നോടു തുല്യനായിരിക്കുന്ന സഹജീവികളെ എത്രയഗാധമായും ആത്മാർത്ഥമായും ക്രൈസ്തവൻ സ്നേഹിക്കണം?

സ്നേഹമാണു് എക്കാലവും സഭയുടെ പ്രത്യേകലക്ഷണം. ആദിമകാലത്തു് അഗാപ്പെ (സ്നേഹവിരുന്നു്) യിലൂടെ സഭ വ്യക്തമാക്കി സ്നേഹംവഴി എല്ലാവരും ക്രിസ്തുവിൽ ഒന്നാണെന്ന സത്യം. പില്ക്കാലങ്ങളിൽ പരസ്നേഹപ്രവർത്തനങ്ങളിലൂടെ ഇതേ സത്യം സഭ വ്യക്തമാക്കിക്കൊണ്ടിരിക്കുന്നു. ഈ പ്രവർത്തനങ്ങൾ സഭയുടെ സ്വന്തമാണു്; അവളുടെ കടമയും അവകാശവുമാണു്. അതുകൊണ്ടാണു് അഗതികളോടും രോഗികളോടുമുള്ള അനുകമ്പയും പരസ്നേഹപ്രവർത്തനങ്ങളും മററു സാഹോദര്യപ്രവർത്തനങ്ങളുമെല്ലാം സഭ വളരെയേറെ കാര്യമായി കണക്കിലെടുക്കുന്നതു്. ഭക്ഷണം, വസ്ത്രം, ഭവനം, വൈദ്യസഹായം, തൊഴിൽ, വിദ്യാഭ്യാസം, മനുഷ്യോചിതമായി ജീവിക്കാനാവശ്യമുള്ള സൗകര്യങ്ങൾ എന്നിവയുടെ അഭാവത്താൽ കഷ്ടപ്പെടുന്നവർ വളരെയുണ്ടു്. അരിഷ്ടത, അനാരോഗ്യം, ജയിൽവാസം മുതലായവയാൽ ക്ലേശിക്കുന്നവരുമുണ്ടു്. അവരെയെല്ലാം സമാശ്വസിപ്പിക്കുവാനും സമുദ്ധരിക്കാനും സ

ഭയുമുണ്ട്. ക്രിസ്തുവിനെ സമീപിച്ചവരിൽ ആരുംതന്നെ അവിടുത്തെ സ്നേഹവും സഹായവും കിട്ടാതെ പോയിട്ടില്ല. എല്ലാ നിലയിലും തരത്തിലുംപെട്ട മനുഷ്യരെ അവിടുന്നു സഹായിച്ചു; സമുദ്ധരിച്ചു. എല്ലാത്തരം വേദനകളാലും രോഗങ്ങളാലും ക്ലേശിക്കുന്ന ഹതഭാഗ്യരെ അവിടുന്നു സേവിച്ചു. അവസാനം സകലർക്കുമായി സ്വജീവനർപ്പിക്കുകയും ചെയ്തു. ഈ ക്രിസ്തുനാഥനെയാണു സഭ അനുകരിക്കുക. വേദനിക്കുന്നവർക്കെല്ലാം ആശ്വാസവും അഭയവും നല്കുവാനും അവരുടെ ജീവൽപ്രശ്നങ്ങളിലും ആകുലതകളിലും ഉത്കണ്ഠകളിലും നീറുന്ന നിമിഷങ്ങളിലും അവരോടൊത്തു പങ്കു പററാനും സഹതപിക്കാനും സഹിക്കാനും സഭ ശ്രമിക്കുന്നു. സഭയുടെ ആധുനികലോകത്തിലെ ഉത്തരവാദിത്വത്തേയും ദൗത്യത്തേയും 'സഭ ആധുനികലോകത്തിൽ' എന്ന കോൺസ്റ്റിററ്യൂഷനിൽ വിശദമായി വരച്ചുകാട്ടുന്നുണ്ട്. "ഇക്കാലത്തെ മനുഷ്യരുടെ, വിശിഷ്യാ പാവങ്ങളുടേയും പീഡിതരുടേയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉൽകണ്ഠയുമെല്ലാം ക്രിസ്തുവിൻെറ അനുയായികളുടേയും കൂടിയാണ്"[1]. എന്നൊരു ആമുഖത്തോടുകൂടിയാണു സഭ ലോകത്തിലേക്കിറങ്ങിച്ചെല്ലുക. "നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ, അതുകൊണ്ടു നിങ്ങൾ എൻെറ ശിഷ്യരാകുന്നു എന്ന് എല്ലാവരും അറിയും'[2] എന്ന കർത്താവിൻെറ വാക്കുകൾ

---

1. Church in the Modern World, n. I.
2. യോഹ. 13: 35

ഓർത്തുകൊണ്ടു കൂടുതൽ ഔദാര്യത്തോടും കാര്യക്ഷമതയോടുംകൂടെ ആധുനിക മനുഷ്യനെ ശുശ്രൂഷിക്കുന്നതിനെക്കാൾ കൂടുതലായി താൽപര്യപൂർവ്വം മറെറാന്നും അന്വേഷിക്കാനില്ല"[1]. ഇന്നത്തെ അസ്വാസ്ഥതകൾക്കും സങ്കീർണ്ണതകൾക്കും പ്രശ്നങ്ങൾക്കുമെല്ലാം പരിഹാരം കാണാനായി ഏതാനും കർമ്മപരിപാടികൾ സഭ അവതരിപ്പിക്കുന്നുണ്ടു്; അവ പ്രായോഗികമാക്കുവാൻ എല്ലാ നല്ല മനുഷ്യരേയും സഭ ആഹ്വാനം ചെയ്യുന്നു; ഒപ്പം സഭയുടെ സമ്പൂർണ്ണസഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നുണ്ടു്.

മാനുഷികാവശ്യങ്ങളുടേയും മാനുഷികദുരിതങ്ങളുടേയും പട്ടികയ്ക്കു പെട്ടെന്നൊരന്തം കാണുക സാധ്യമല്ല; പെട്ടെന്നവയ്ക്കുപരിഹാരം കണ്ടെത്താനും സാധിച്ചെന്നു വരില്ല. ഇത്തരം സാഹചര്യത്തിലാണു ജീവിതനൈരാശ്യവും ആശാഭംഗങ്ങളുമുണ്ടാവാനിടയുള്ളതു്. അവരുടെ കഷ്ടതകൾ പങ്കിടുവാനും അവരോടൊത്തു സഹതപിക്കുവാനും അവരെ സമാശ്വസിപ്പിക്കുവാനും ഒരാൾ അവരിൽത്തന്നെയുണ്ടെന്നു് അവർക്കു പറഞ്ഞുകൊടുക്കേണ്ടതാവശ്യമാണു്. അവിടുത്തെ എങ്ങനെ ശ്രവിക്കുവാൻ കഴിയുമെന്നു പഠിപ്പിക്കുകയുംവേണം. അവിടുത്തെ സ്നേഹപൂർവ്വവും ആശ്വാസദായകവുമായ സ്പർശനമവർക്കനുഭവപ്പെടും അപ്പോൾ. ഇതൊക്കെ ചൂണ്ടിക്കാട്ടുന്നതു് ഒരു വസ്തുതയിലേക്കാണു്—സഭയു

1. Church in the Modern World, n. 93.

ടെ ദൗത്യം ഇന്നോ നാളെയോ തീരുന്നില്ല; മനുഷ്യ വംശമുള്ളിടത്തോളംകാലം അതും തുടരേണ്ടതുണ്ട്. അതുകൊണ്ടു ക്രൈസ്തവൻ എന്നും പ്രേഷിതപ്രവർത്തനത്തിലേർപ്പെട്ടിരിക്കാൻ കടമയുള്ളവനാണ്.

സാമ്പത്തിക സാമൂഹികതലങ്ങളിലെ പ്രശ്നങ്ങളുടെ പരിഹാരത്തിനായി പ്രവർത്തിക്കുമ്പോൾ സഭയുടെ പരസ്നേഹം വ്യക്തമായി അനുഭവപ്പെടും. ക്രൈസ്തവരും പൗരന്മാരാണ്; സമൂഹത്തിലെ അംഗങ്ങളാണ്. അതുകൊണ്ടാണ് രാഷ്ട്രത്തിന്റെയോ സമൂഹത്തിന്റെയോ ഏതൊരു പ്രശ്നത്തിലും പ്രയാസത്തിലും ക്രൈസ്തവരും തല്പരരും ആകാംക്ഷാഭരിതരുമായിരിക്കുക. ക്രൈസ്തവസ്നേഹത്തിന്റെ ചൈതന്യത്തിൽനിന്നായിരിക്കും ഈ തല്പരതയും ആകാംക്ഷയുമൊക്കെ വരുന്നതു്. തങ്ങളുടെ സഹോദരരും ദൈവമക്കളുമായ മനുഷ്യർ വിശപ്പ്, അജ്ഞത, രോഗം എന്നിവയ്ക്കെതിരായി സമരത്തിലേർപ്പെട്ടിരിക്കുമ്പോൾ, ലോകത്തിൽ സമാധാനം സ്ഥാപിക്കാനായുള്ള പരിശ്രമത്തിൽ വ്യാപൃതരായിരിക്കുമ്പോൾ ക്രൈസ്തവർക്കെങ്ങനെ നിഷ്ക്രിയരായിരിക്കാൻ കഴിയും? ഈ പ്രവത്തനങ്ങൾ ക്രൈസ്തവരുടെ അവകാശവും കടമയുമാണ്—മനുഷ്യവംശത്തെ സേവിക്കാനുള്ള അവകാശവും കടമയും. ഇവയങ്ങു മാററിവച്ചിട്ടു സഭയുടെ കാര്യംമാത്രം പരിഗണിച്ചാൽ പോരാ. അതുകൊണ്ടാണു കൗൺസിൽ ക്രൈസ്തവരോടുദ്ബോധിപ്പിക്കുന്നതു്: "വിശപ്പിനും അജ്ഞതയ്ക്കും രോ

ഗത്തിനമെതിരെ യുദ്ധം പ്രഖ്യാപിച്ചുകൊണ്ടു മെച്ചപ്പെട്ട ഒരു ജീവിതവ്യവസ്ഥിതിക്കു രൂപം കൊടുക്കാനും സമാധാനം സുസ്ഥിരമാക്കാനുംവേണ്ടി അധ്വാനിക്കുന്നവരുടെ യത്നത്തിൽ ക്രൈസ്തവരും പങ്കെടുക്കണം"I.

സഹജീവികളുടെ ജീവിതത്തിൽനിന്നും ജീവൽപ്രശ്നങ്ങളിൽനിന്നും വലിഞ്ഞുകന്നമാറി ആദർശങ്ങളുടെയോ ആശയങ്ങളുടെയോ ദന്തഗോപുരത്തിൽ നിഷ്ക്രിയരായി കഴിയുന്നവരല്ല ക്രൈസ്തവർ. ക്രിസ്തുമതമൊരു ആദർശവാദമല്ല. മനുഷ്യരെ നല്ലവരാക്കണമെന്ന ലക്ഷ്യത്തോടെ നിർമ്മിച്ചു കൂട്ടിയിരിക്കുന്ന കുറെ ധർമ്മശാസ്ത്രതത്വങ്ങളുടെ സംഹിതയുമല്ല ക്രിസ്തുമതം. സ്വന്തം രക്ഷയെപ്പററിമാത്രം ചിന്തിക്കുന്ന കുറെ വ്യക്തികളുടെ ജീവിതരീതിയുമല്ല അതു്. പ്രത്യുത, സാധാരണമനുഷ്യരുടെ ജീവിതത്തിൻെറതന്നെ ഭാഗമാണു ക്രിസ്തുമതം. അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളുമായി ക്രിസ്തുമതം അവശ്യം ബന്ധപ്പെട്ടു കിടക്കുന്നു. സാമൂഹികമായൊരു മതമാണു ക്രിസ്തുമതം; ചലനാത്മകവും ക്രിയാത്മകവുമാണതു്. ചുരുക്കിപ്പറഞ്ഞാൽ അവശ്യം മിഷനറിയാണു്; നിരന്തരം പ്രേഷിതപ്രവർത്തനനിരതയാണു് ക്രിസ്തുമതം.

വിദ്യാഭ്യാസരംഗം വളരുന്ന ക്രൈസ്തവതലമുറയുടെ ജീവിതപരിശീലനത്തിനും വിദ്യാഭ്യാസത്തിനുമുള്ള മാർഗ്ഗമെന്ന നിലയിൽ വർത്തിക്കുന്നു. എന്നാൽ, അതി

---

I. A. G. n. 12.

ലുപരി മനുഷ്യൻെറ അന്തസ്സിനും മൂല്യങ്ങൾക്കും ഏററം വലിയ സേവനവും പരിഗണനയുമാണു വിദ്യാഭ്യാസത്തിലൂടെ സഭ നല്കിക്കൊണ്ടിരിക്കുക. വിദ്യാലയങ്ങൾക്കുടാതെ മിഷൻപ്രദേശങ്ങളിൽ പല ധർമ്മസ്ഥാപനങ്ങളുണ്ടു്. അക്രൈസ്തവരെ ആകർഷിച്ചുടപ്പിക്കുന്നതിനോ മാനസാന്തരപ്പെടുത്തുന്നതിനോ വേണ്ടിയുള്ള മിഷനറിമാരുടെ ഉപകരണമല്ല അവയൊന്നുംതന്നെ. അക്രൈസ്തവർക്കിടയിൽ ദൈവത്തിൻെറ സ്നേഹത്തിനും ക്രിസ്തുവിൻെറ സന്ദേശത്തിനുമെല്ലാമുള്ള സാക്ഷ്യവും തെളിവുമാണു് അവയെല്ലാം. അതേസമയം മാനുഷ്യകത്തിൻെറ വളർച്ചയ്ക്കും രാഷ്ട്രത്തിൻെറ വികാസത്തിനും സംഭാവന ചെയ്യുകയുമാണു്.

ഒരു പടികൂടി കടന്നു കൗൺസിൽ നമ്മോടാവശ്യപ്പെടുകയാണു്: "സ്വകാര്യമോ പൊതുവോ ആയ സ്ഥാപനങ്ങൾ, ഗവണ്മെൻറുവക അന്തർദ്ദേശീയസ്ഥാപനങ്ങൾ, മററു ക്രൈസ്തവ-ക്രൈസ്തവേതര വിഭാഗങ്ങൾ നടത്തുന്ന സംരംഭങ്ങൾ എന്നിവയ്ക്കു ബുദ്ധിയും വിവേചനാശക്തിയുമുപയോഗിച്ചു സൗഹാർദ്ദപൂർവ്വകമായ സഹകരണം നല്കണം." സ്വന്തമായി സ്ഥാപനങ്ങളും പ്രവർത്തനങ്ങളുംവേണം. എങ്കിലും, അതോടൊപ്പം എല്ലാവരുമായി സഹകരിച്ചു പ്രവർത്തിക്കണം. പ്രവത്തനവിഭവങ്ങളേയും കഴിവുകളേയും ഒന്നിച്ചുകൂട്ടി വൻകാര്യങ്ങൾ നേടുവാൻ കഴിയുമപ്പോൾ. സാഹോദര്യത്തിൻേറയും സ്നേഹത്തിൻേറതുമായ ഒരന്തരീക്ഷ

ത്തിൽ ഒരേ ലക്ഷ്യത്തിനായി എല്ലാവർക്കും പ്രവർത്തി ക്കാൻ സാധ്യമാവുകയും ചെയ്യുന്നു. ക്രൈസ്തവസ്നേഹ ത്തിനു സാക്ഷ്യം വഹിക്കാൻ പററിയ സന്ദർഭങ്ങൾകൂ ടിയാണതു്. വിദ്യാഭ്യാസം, സാമൂഹികപ്രവർത്തനങ്ങൾ, ആതുരശുശ്രൂഷ എന്നിവയുടെ രംഗങ്ങളിൽ മററു സം ഘടനകളും സ്ഥാപനങ്ങളുമായി യോജിച്ചുനിന്നു വർത്തി ക്കേണ്ടതുണ്ടു്. അവരുടെ ഉദ്ദേശ്യം നമ്മുടേതിൽനിന്നു വിഭിന്നമായിരിക്കാം; എന്നാൽ തുടർച്ചയായ സമ്പർ ക്കത്തിലൂടെ നമുക്കവരുടെ ഉദ്ദേശ്യങ്ങളെ സംശുദ്ധമാ ക്കാനും ക്രൈസ്തവാദർശങ്ങളോടു് അടുപ്പിക്കുവാനും സാ ധിക്കും. അങ്ങനെ അവരെ "ദൈവത്തിങ്കലേക്കു നയിക്കു ന്ന പ്രവേശനമാർഗ്ഗം മലക്കെ തുറന്നുകൊടുക്കു"കയാണു നാം[1].

അപ്പോൾ വളരെ ഭാരിച്ചതും ക്ലേശകരവും ഉത്തര വാദിത്വപൂർണ്ണവുമായ ഒരു കടമയാണു്, ഒരു ദൗത്യമാ ണു ക്രൈസ്തവലോകത്തിൽ നിർവ്വഹിക്കാനുള്ളതു്. വ്യ വസായരംഗത്തും രാഷ്ട്രീയരംഗത്തുമെല്ലാം ക്രൈസ്തവർ കടന്നു ചെല്ലണം. ഗവണ്മെൻറുവൃത്തങ്ങളിലും അന്താരാ ഷ്ട്രീയമണ്ഡലങ്ങളിലും കയറിപ്പററണം. വിദ്യാഭ്യാസം, കല, സാഹിത്യം, നീതിന്യായക്കോടതികൾ, കുടുംബം, ശാസ്ത്രം എന്നിവയുടെയെല്ലാം മണ്ഡലങ്ങളിൽ ക്രൈസ്ത വനു തൻേറതായ സംഭാവനകൾ നല്കുവാനുണ്ടു്. ഇ വിടെയെല്ലാം മനുഷ്യവംശത്തെ സ്നേഹിക്കാനും സേവി

---

1. A. G. n. 12.

ക്കാനും അവസരങ്ങൾ ധാരാളമുണ്ട്-പ്രത്യേകിച്ചും പര സ്പരവിദ്വേഷവും പകയും അനൈക്യവും പടർന്നു ക യറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ രാഷ്ട്രീയ-സാമൂഹി കാന്തരീക്ഷത്തിൽ. അരാജകത്വവും അസമാധാനവും യുദ്ധവും സമരവും ഘെരാവോയുമെല്ലാം നടമാടുന്നിടങ്ങ ളിൽ ശാന്തിയും സമാധാനവും രമ്യതയും സ്നേഹവും സ്ഥാപിക്കുവാൻ ക്രൈസ്തവൻ കടന്നുചെല്ലുകതന്നെ വേണം. ഇതെല്ലാം വളരെയേറെ സഹനങ്ങളും ബുദ്ധിമു ട്ടുകളും നമ്മിൽനിന്നാവശ്യപ്പെടുന്ന പ്രവത്തനങ്ങളാ ണ്. മനുഷ്യർക്കുവേണ്ടി സ്വയം സഹിക്കാനും അവ രോടൊത്തു സഹിക്കാനുമുള്ള മിഷനായിരുന്നല്ലോ ക്രി സ്തുവിൻേറതു്. അതുതന്നെയാണു സഭയുടേതും ഓരോ ക്രൈസ്തവൻേറതും. മനുഷ്യൻെറ പ്രശ്നങ്ങളും കഷ്ട പ്പാടുകളും അവഗണിക്കുക ക്രിസ്തുവിനെ അവഗണിക്കു ന്നതിനു തുല്യമാണ്. ജീവിതവും മതവും തമ്മിൽ വേർതിരിച്ചു കാണുക ക്രൈസ്തവ വിരുദ്ധമാണ്.

എന്നാൽ, ഈ രംഗങ്ങളിലെയൊക്കെ പ്രവർത്ത നങ്ങളിൽ കൈകടത്താനോ നിയന്ത്രിക്കാനോ അനാവ ശ്യമായ സ്വാധീനമടിച്ചേല്പിക്കാനോ സഭ ശ്രമിക്കുക യല്ല ചെയ്യുക. മാനവപുരോഗതിയെ ലക്ഷ്യമാക്കി എ ല്ലാവരുമായി സഹകരിക്കാനാണു സഭ ആഗ്രഹിക്കുന്ന തു്. മനുഷ്യവംശത്തിൻെറ മുഴുവൻ വളർച്ചയും പൂർ ണ്ണതയും സാധിക്കുക സഭയുടേയുംകൂടി ധർമ്മമായതു കൊണ്ടാണതു്. മനുഷ്യരെ സ്നേഹിക്കുവാനും സേവിക്കാ നുമുള്ള ദൗത്യത്തിൻെറ നിർവ്വഹണമാണതു്. മനുഷ്യഗ

ണത്തെ സേവിക്കാനും സ്നേഹിക്കാനുംമാത്രമുള്ള അധികാരവും അവകാശവുമേ അവർ ആവശ്യപ്പെടുന്നുള്ളു.

ക്രൈസ്തവസാക്ഷ്യത്തിൻെറ സ്വാധീനവും നേട്ടവുമൊക്കെ എത്രമാത്രമെന്നു നിർണ്ണയിക്കാനത്ര എളുപ്പമല്ല; പ്രത്യേകിച്ചും, സുവിശേഷഘോഷണം അതിലൂടെ നേരിട്ടു നടക്കാത്തപ്പോൾ. എന്നു വരികിലും സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ സുപ്രധാനമായ അർത്ഥവും സ്ഥാനവുമുണ്ട് സാക്ഷ്യവഹിക്കലിനു്. ആധികാരികവും സജീവവുമായ ക്രൈസ്തവസാക്ഷ്യമൊരിക്കലും നിഷ്ഫലമായിപ്പോകുകയില്ല. അദൃശ്യവും ആന്തരികവുമാണു് അതിൻെറ പ്രവർത്തനം. അതുകൊണ്ടാണു് എവിടേയും ഏതുസാഹചര്യത്തിലും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയെങ്കിലും ചെയ്യണമെന്നു സഭ ആവശ്യപ്പെടുന്നതു്.

അഞ്ച്

# സുവിശേഷപ്രസംഗവും ദൈവജനത്തിൻെറ ഒന്നിച്ചുകൂട്ടലും

## സുവിശേഷപ്രചാരണവും മാനസാന്തരവും

ക്രൈസ്തവസാക്ഷ്യത്തിൻെറ രണ്ടു മുഖങ്ങളാണു സുഹൃത്സംഭാഷണവും ക്രൈസ്തവസ്നേഹവും. ഇവ രണ്ടു മുൾക്കൊള്ളുന്ന ക്രൈസ്തവസാക്ഷ്യം സകല സാഹചര്യങ്ങളിലും സകലർക്കുമിടയിലും ഫലപ്രദമായി ഉപയോഗിക്കാവുന്ന ഒരു മാർഗ്ഗമാണ്. പരോക്ഷമായ സുവിശേഷപ്രചാരണമാണ് ഈ മാർഗ്ഗമുപയോഗിച്ചു നടത്തുന്നതു്.

നേരിട്ടുള്ളതും പ്രത്യക്ഷവുമായ മാർഗ്ഗത്തിലൂടെയു

ള്ള സുവിശേഷപ്രചാരണത്തെപ്പററി ഡിക്രി പ്രത്യേകം പ്രസ്താവിക്കുന്നുണ്ട്. സുവിശേഷപ്രസംഗമാണ് ആ മാർഗ്ഗം. എല്ലാ സാഹചര്യങ്ങളിലും എല്ലാവരുടേയുമിടയിലും ഇതുപയോഗിക്കാൻ കഴിഞ്ഞെന്നു വരില്ല. എങ്കിലും ഈ മാർഗ്ഗമാണു സുപ്രധാനവും അനുപേക്ഷണീയവും. സുവിശേഷം പരസ്യമായി പ്രഖ്യാപിക്കുകയും വിളംബരം ചെയ്യുകയുമാണിവിടെ ചെയ്യുക. അതുകൊണ്ടു നിവൃത്തിയുള്ളിടത്തെല്ലാം ഇതു നിർവ്വഹിക്കണം: "എവിടെയെല്ലാം ക്രിസ്തുവിൻെറ രഹസ്യം വിളംബരം ചെയ്യുവാൻ ദൈവം അവസരം തരുന്നുവോ അവിടെയെല്ലാം ജീവനുള്ള ദൈവത്തേയും മനുഷ്യരക്ഷയ്ക്കായി അവിടുന്ന് അയച്ച ക്രിസ്തുവിനേയും ആത്മവിശ്വാസത്തോടും സ്ഥിരതയോടുംകൂടി എല്ലാ മനുഷ്യരോടും പ്രസംഗിക്കണം"[1]. ക്രൈസ്തവസാക്ഷ്യത്തേയും പരസ്നേഹപ്രവർത്തനങ്ങളേയും തള്ളിപ്പറയുകയല്ല; സുവിശേഷം ശ്രവിക്കുന്നതിനും സ്വീകരിക്കുന്നതിനും അക്രൈസ്തവസഹോദരങ്ങളെ ഒരുക്കിയെടുക്കുവാൻ അവയ്ക്കു കഴിയും; വാസ്തവത്തിൽ അവയാണു് ഒരുക്കിക്കൊണ്ടിരിക്കുന്നതും. എങ്കിലും നാമൊന്നു മറക്കരുതു്: ക്രൈസ്തവസാക്ഷ്യമല്ല, സുവിശേഷത്തിൻെറ നേരിട്ടുള്ള പ്രസംഗമാണു് പ്രേഷിതപ്രവർത്തനത്തിൻെറ കാതൽ.

സുവിശേഷപ്രസംഗം ഫലദായകമാകണമെങ്കിൽ പ്രസംഗത്തിനു മുമ്പുതന്നെ ആ സുവിശേഷത്തിനു ജീ

1. A. G., n. 13.

വിതത്തിലൂടെ സാക്ഷ്യം വഹിക്കണം. അഥവാ രണ്ടുമൊന്നിച്ചു നടക്കുകയെങ്കിലും വേണം. പ്രവൃത്തിയിൽ പകർത്താനാവുന്ന സത്യങ്ങളും പ്രസ്താവങ്ങളുമാണു പ്രസംഗിക്കുന്നതെന്നു് അവർക്കു ബോധപ്പെടണം. അതുകൊണ്ടു് വാക്കുകളിൽ നിന്നെന്നതിനെക്കാഠം പ്രവൃത്തികളിൽനിന്നുവേണം ഈ സത്യങ്ങഠം അവരിലേക്കു പ്രവഹിക്കാൻ; ക്രൈസ്തവരുടെ ജീവിതത്തിൽ ആ വാക്കുകഠം യാഥാർത്ഥ്യമായിബ്ഭവിച്ചിരിക്കുന്നതായി ചൂണ്ടിക്കാട്ടി തെളിയിക്കാനും നമുക്കു കഴിയണം. ക്രിസ്തു സ്വന്തജീവിതത്തിലും പ്രവൃത്തികളിലും കൈചൂണ്ടിക്കൊണ്ടു പ്രസംഗിച്ചു. നിലവിലിരുന്ന പല ആചാരങ്ങളേയും വിശ്വാസങ്ങളേയും ചോദ്യം ചെയ്യുകയും അവയും മറികടക്കുകയും ചെയ്യുന്ന ആശയങ്ങളായിരുന്നു അവിടുത്തെ സുവിശേഷത്തിലുഠംക്കൊണ്ടിരുന്നതു്. അവയെ വിശ്വസിക്കാനും കൈനീട്ടി വേഗമങ്ങു സ്വീകരിക്കാനും അതുകൊണ്ടാരും തയ്യാറാകാൻ വഴിയില്ല. എന്നാൽ സംഭവിച്ചതു മറിച്ചാണു്. ക്ഷണത്തിൽത്തന്നെ എല്ലാവരേയും അവയെപ്പററി ബോധവാന്മാരാക്കുവാൻ അവിടുത്തേക്കു കഴിഞ്ഞു. കാരണം, ആ വാക്കുകഠം അവിടുത്തെ ജീവിതത്തിൽ അവർ വായിച്ചു; അവിടെയവ നിറവേറിയിരിക്കുന്നതായി അവർ കണ്ടു. താൻ പ്രസംഗിക്കുന്നതിനു നൂറു ശതമാനവും സ്വജീവിതത്തിൽ സാക്ഷ്യം വഹിക്കുവാൻ ക്രിസ്തുവിനെപ്പോലെ ആർക്കും കഴിഞ്ഞിട്ടില്ല. കഴിയുന്നിടത്തോളം ഇതുപോലെ സാ

ക്ഷ്യം വഹിക്കാൻ അവിടുത്തെ അനുയായികളോടും അവിടുന്നാവശ്യപ്പെടുകയാണു്.

വാക്കുകളും പ്രവൃത്തിയുമായുള്ള ഈ പൊരുത്തം ഹൃദയങ്ങളെ ചലിപ്പിക്കുകയും ആകർഷിക്കുകയും ചെയ്യുന്നു. അങ്ങനെ മനഃപരിവർത്തനത്തിനാരംഭം കുറിക്കുന്നു. ധാർമ്മികവും മാനസികവുമായ രൂപപരിണാമത്തിലൂടെ ശ്രേഷ്ഠമായ ഒരു ജീവിതത്തിലേക്കുള്ള വെറുമൊരു മാററമല്ല മനഃപരിവർത്തനമെന്നു വച്ചാൽ. പ്രത്യുത, കുറെക്കൂടി അഗാധവും അടിസ്ഥാനപരവുമായ ഒരു പരിവർത്തനമാണതു്. മനുഷ്യൻ ഒന്നാകെയുള്ള ഒരു മാററമാണിവിടെ സംഭവിക്കുക. കാരണം, വിശ്വാസത്തിലേക്കുള്ള പരിവർത്തനമാണിതു്. വ്യക്തിയുടെ സമഗ്രവും സമ്പൂർണ്ണവുമായ പരിവർത്തനമതാവശ്യപ്പെടുന്നു. ക്രിസ്തുവിനെ സ്വീകരിക്കുകയും അതോടെ ക്രിസ്തുവിനു സ്വയം സമർപ്പിക്കുകയുമാണു വിശ്വാസത്തിൽ നടക്കുക. വ്യക്തി മുഴുവനായി ആണു ക്രിസ്തുവിനെ സ്വീകരിക്കുന്നതു്; വ്യക്തി മുഴുവനായാണു് അവിടുത്തേക്കു സമർപ്പിക്കപ്പെടുന്നതും. ബുദ്ധികൊണ്ടുമാത്രമോ മനസ്സുകൊണ്ടുമാത്രമോ അവിടുത്തെ സ്വീകരിക്കാനാവില്ല; അവിടുത്തേക്കു സമർപ്പിക്കാനുമാവില്ല. മനുഷ്യനെന്ന വ്യക്തി ബുദ്ധിയോ മനസ്സോ മാത്രമല്ല എന്നതുതന്നെ കാരണം. സുവിശേഷത്തിലൂടെയുള്ള ദൈവത്തിൻെറ വിളിക്കു ശ്രോതാവു നല്കുന്ന പ്രത്യുത്തരമാണു വിശ്വാസമെന്നു പറയാം. ഈ പ്രത്യുത്തരം വ്യക്തിയുടേതാകണ

മെങ്കിൽ വ്യക്തിമുഴവനുമാണതു നല്കേണ്ടതു്; ബുദ്ധി മാത്രമല്ല. അതുകൊണ്ടാണു ബുദ്ധിയിൽ മനസ്സിലാക്കി വയ്ക്കാനോ മനസ്സിൽ മറക്കാതെ വയ്ക്കാനോ ഉള്ള ഏതാനും ആശയങ്ങൾമാത്രമായി സുവിശേഷം പ്രസംഗിക്കരുതെന്നു പറയുക. അങ്ങനെ പ്രസംഗിക്കുമ്പോൾ ക്രിസ്തുവിൻെറ സന്ദേശം ജീവനില്ലാത്ത, ഉണങ്ങിവരണ്ട കുറെ ആശയങ്ങളായി ബുദ്ധിയിലും മനസ്സിലുംമാത്രം തങ്ങിക്കിടക്കുകയേയുള്ളൂ. ആരേയുമതു് ആകർഷിക്കുന്നില്ല. അതുകൊണ്ടു് അതു ജീവിതത്തിലേക്കു പകർത്താനും ആർക്കും താല്പര്യവുമില്ല. ക്രിസ്തുസന്ദേശത്തിൻെറ സന്തോഷകരമായ വശം നഷ്ടപ്പെടുകയാണിങ്ങനെ. അതൊരു സദ്വാർത്തയാണു്. അതു സദ്വാർത്തയായി അഥവാ സുവിശേഷമായി പ്രസംഗിക്കപ്പെടണം. അപ്പോഴേ അതു മനുഷ്യനെ ആകർഷിക്കുകയുള്ളൂ; ദൈവത്തിൻെറ വിളി ആനന്ദദായമായി അനുഭവപ്പെടുകയുള്ളൂ. ഈ സുവിശേഷത്തെ സ്വീകരിച്ചുകൊണ്ടു്, അതിനനുസൃതമായി ജീവിതത്തിൽ പരിവർത്തനം സൃഷ്ടിച്ചുകൊണ്ടു് ദൈവത്തിൻെറ വിളിക്കു് അയാൾ മറുപടി നല്കുന്നു. അപ്പോൾ സുവിശേഷപ്രഘോഷണത്തിൻെറ അവശ്യഫലമാണു മനഃപരിവർത്തനത്തിലൂടെയുള്ള പ്രത്യുത്തരം.

സകലർക്കുമായുള്ള രക്ഷയുടെ വിളിയാണു സുവിശേഷത്തിൻെറ ഉള്ളടക്കം. ക്രിസ്തുവിലുള്ള മനുഷ്യരക്ഷയുടെ സന്ദേശമാണതിൽ മുഴങ്ങിനില്ക്കുക. എങ്കിൽ, ഈ രക്ഷാകരരക്ഷണം ലോകത്തിൻെറ ഒരു കോണിൽ, ചരി

ത്തിൻെറ ഒരു ഘട്ടത്തിൽമാത്രം ഒതുങ്ങിനിന്നാൽ പോരാ. ലോകാതിർത്തികളോളമതു പ്രതിദ്ധ്വനിക്കുക യും ലോകാവസാനത്തോളമതു് ആവർത്തിക്കുകയും വേ ണം. ഇതു ക്രിസ്തുവിൻെറ ആഗ്രഹമാണു്. ഭൗമികമിഷ നശേഷം സ്വപിതാവിങ്കലേക്കു തിരിക്കവേ ഉത്തരവാ ദിത്വമേറിയ ഒരു ദൗത്യം ശിഷ്യന്മാർക്കവിടുന്നു നല്കി: "നിങ്ങൾ ലോകമെങ്ങുംപോയി സകല സൃഷ്ടികളോടും സുവിശേഷം അറിയിക്കുവിൻ"1. അങ്ങനെ രക്ഷാകര കർമ്മം ദ്വിതീയാഗമനം (Parousia) വരെയും തുടരുക എന്ന ജോലി, സ്ഥലകാലങ്ങളിലൂടെയുള്ള തൻെറ തു ടർച്ചയായ സഭയെ ക്രിസ്തു ഭരമേല്പിച്ചു. അവിടുത്തെ പ്ര ബോധനത്തെ—സുവിശേഷത്തെ—സകലർക്കുമേകണം. എന്താണാ പ്രബോധനത്തിൻെറ ഉള്ളടക്കം? അതു് വി. മർക്കോസ് തൻെറ സുവിശേഷത്തിൽ ഒരൊററ വാച കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്: "ഈശോ ദൈവരാജ്യ ത്തിൻെറ സുവിശേഷം പ്രസംഗിച്ചിരുന്നു...സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു; നി ങ്ങൾ പശ്ചാത്തപിച്ചു സുവിശേഷത്തിൽ വിശ്വസിക്കു വിൻ"2. ഇതൊരു വിളിയാണു്—ഒരു ദൈവവിളി; ക്രിസ്തുവിലുള്ള രക്ഷയിലേക്കുള്ള സ്നേഹസമന്വിതമായ ക്ഷണം.

ക്രിസ്തുവിൻെറ സുവിശേഷത്തിൻെറ പ്രഥമഘോ ഷകർ അപ്പസ്തോലന്മാരായിരുന്നല്ലോ. അവരിൽ മിഴി

---

1. മർക്കോ. 16: 15.
2. മർക്കോ 1: 14, 15.

വുററ രണ്ടു വ്യക്തിത്വങ്ങൾ നമ്മുടെ മുമ്പിൽ തെളി ഞ്ഞുവരുന്നു: പത്രോസും പൗലോസും. ക്രിസ്തുവിൻെറ സുവിശേഷത്തെ രക്ഷയുടെ സദ്വാർത്തയായി(Kerygma) അവർ ആവിഷ്കരിച്ചു. പന്തക്കുസ്താനന്തരം സുവിശേഷഘോഷണം പത്രോസ് സമുൽഘോടനം ചെയ്തതുതന്നെ ഒരു സദ്വാർത്തയോടെയാണ്: "കർത്താവിൻെറ നാമം വിളിക്കുന്ന ഏവനും രക്ഷപ്രാപിക്കും"1. ദൈവസ്നേഹത്തേയും അതിൻെറ പ്രകാശനമായ രക്ഷയേയുംപററി പത്രോസ് സമുൽഘോഷിച്ചതു തൻെറ വ്യക്തിപരമായ അനുഭവത്തികവിൽ നിന്നാണ്. അതുകൊണ്ടാവാം അദ്ദേഹത്തിൻെറ വാക്കുകൾ ആയിരങ്ങളുടെ ഹൃദയാന്തരാളത്തിലാണു പതിഞ്ഞതു്. തന്നെയുമല്ല, തങ്ങളുടെതന്നെ രക്ഷയിലേക്കുള്ള ആഹ്വാനം ആരിലാണ് ആ ഞ്ഞു സ്പർശിക്കാതിരിക്കുക. ഇത്തരുണത്തിൽ മനുഷ്യനിൽ നിന്നൊരു പ്രതികരണമുണ്ടാവാതെ വയ്യാ. ആ പ്രതികരണം ക്രിസ്തുവിലൂടെയുള്ള ദൈവത്തിൻെറ രക്ഷാകരവിളിക്കൊരു പ്രത്യുത്തരമാകണമെങ്കിൽ വിശ്വാസത്തിലൂടേയുംമനഃപരിവർത്തനത്തിലൂടെയുമായിരിക്കണം അവനതു പ്രകാശിപ്പിക്കുക. അതിനു മനുഷ്യനെ സന്നദ്ധനാക്കേണ്ടതുണ്ടു്.

പത്രോസിനെപ്പോലെ പൗലോസും സുവിശേഷത്തെ സന്തോഷവാർത്തയായി പ്രസംഗിച്ചു. ക്രിസ്തുവിൻെറ രക്ഷാകരവിളിയെ ചെവിക്കൊള്ളുകയും രക്ഷ ക

---

1. നടപടി. 2: 21

ണ്ടെത്തുകയും ചെയ്യുവനാണല്ലോ പൗലോസ്. രക്ഷയ്ക്കു സമുജ്ജ്വലമായ സാക്ഷ്യം വഹിക്കാൻ അദ്ദേഹത്തിനു മങ്ങനെ സാധിച്ചു. പ്രഥമപ്രസംഗത്തിൽ ആവേശഭരിതമായ ഭാഷയിലാണു് ആ സദ്വാർത്തയെ അദ്ദേഹം ഉൽഘോഷിച്ചതു്: "നിങ്ങൾക്കാകുന്നു രക്ഷയുടെ വചനം അയയ്ക്കപ്പെട്ടിരിക്കുന്നതു്[1]. ദൈവം അവനെ മരിച്ചവരിൽനിന്നു് ഉയിർപ്പിച്ചു[2]. ആകയാൽ സഹോദരന്മാരേ, ഇവൻമൂലംതന്നെ പാപങ്ങളുടെ മോചനം നിങ്ങളോടറിയിക്കപ്പെടുന്നു എന്നും...ഏവനും ഇവനാൽ നീതീകരിക്കപ്പെടുന്നു എന്നും നിങ്ങൾ അറിയുക"[3]. ഈ സദ്വാർത്ത ശ്രവിച്ചവരുടെ പ്രതികരണമെന്തായിരുന്നു? "അവർ (പൗലോസും കൂട്ടരും) അവരുടെ പക്കൽനിന്നു മടങ്ങുമ്പോൾ പിറേറ ശാബത്തിലും തങ്ങളോടു് ഇതേ വചനങ്ങൾ സംസാരിക്കണമെന്നപേക്ഷിച്ചു...പുറജാതികൾ ഇതു കേട്ടപ്പോൾ സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു" 4.

രക്ഷയുടെ സന്തോഷവാർത്തയ്ക്കു മനുഷ്യരെ ദൈവരാജ്യത്തേക്കാകർഷിക്കാൻ കഴിയൂ എന്നല്ലേ ആദിമനൂററാണ്ടുകളിലെ അത്ഭുതാനുഭവങ്ങൾ വരച്ചു കാട്ടുക? ഇന്നു സുവിശേഷത്തെ ഒരു ഭാരമായാണു സകലരും എണ്ണുക. നമ്മുടെ സുവിശേഷഘോഷണരീതിയുടെ തകരാറാണിതിനു കാരണം. ജീവനററ കുറെ പ്രസ്താവനകളു

---

1. നടപടി. 13: 26; (2) നട. 13: 30; (3) നട. 13: 38, 39.
4. നടപടി. 13: 42, 48

ടേയും അമൂർത്തങ്ങളായ കുറെ പ്രമാണങ്ങളുടേയും കർക്കശമായ കുറെ കടമകളുടേയും സമാഹാരമെന്നതിനെക്കാഠം ക്രിസ്തുവിലൂടെയുള്ള ദൈവത്തിൻെറ വിളിയും മനുഷ്യരക്ഷയുമുഠംക്കൊള്ളുന്ന ഒരു സന്തോഷവാർത്തയായി (Kerygma) സുവിശേഷമിന്നു പ്രഘോഷിക്കപ്പെടുന്നില്ല. സഭ ആദ്യമേ തുടങ്ങിവച്ച സദ്വാർത്താപരമായ പ്രസംഗ(Kerygmatic Preaching)ത്തിൽനിന്നു തെന്നിമാറിപ്പോയതെന്നുമുതല്ക്കെന്നു പറയുക വയ്യാ. നമുക്ക് അപ്പസ്തോലികകാലത്തേക്കു മടങ്ങാം. ഭൗതികജീവിതത്തിൽ രക്ഷയ്ക്കായി വെമ്പൽകൊള്ളുന്ന ആധുനികമനുഷ്യനോടു ക്രിസ്തുവിലുള്ള അവൻെറ രക്ഷയെപ്പററി അപ്പസ്തോലന്മാരെപ്പോലെ നമുക്കുംപറഞ്ഞുകൊടുക്കാം.തൻെറ രക്ഷയുടെ വാർത്തയാണ് അവനു സ്വീകാര്യം. ഈ ആഹ്ളാദവാർത്ത കേഠംക്കാനിടവരുന്നതിനൊക്കെ മുമ്പേ തന്നെ വിശ്വസിക്കേണ്ട കുറെ സത്യങ്ങളും അനുഷ്ഠിക്കേണ്ട കുറെ കല്പനകളുമവനു ലഭിച്ചാലോ? അപ്പോഴാണവൻ അവയെല്ലാം വലിച്ചെറിയുക. അവയ്ക്കു് അവൻെറ ഇച്ഛാശക്തിയെ സ്പർശിച്ചുണർത്താൻ വയ്യാ. ദൈവം ക്രിസ്തുവിലൂടെ തന്നെ സ്നേഹിക്കുകയും രക്ഷയിലേക്കു മാടിവിളിക്കുകയും ചെയ്യുന്നു എന്ന സന്തോഷവാർത്തയോ എന്നാൽ, അവൻെറ ഇച്ഛാശക്തിയെയാണു തട്ടിയുണർത്തുക. ഫലമോ? ക്രിയാത്മകമായൊരു പ്രതികരണം. വിശ്വാസത്തിലൂടേയും മനഃപരിവർത്തനത്തിലൂടേയും അവൻ ആ വിളിക്കു പ്രത്യുത്തരമേകുന്നു.

എന്നാൽ, ഈ പ്രത്യുത്തരം പരസ്യമായി പ്രകടിപ്പിക്കാനും സുവിശേഷാനുസൃതം ജീവിക്കാനും സന്ദേഹിക്കുകയും ശങ്കിക്കുകയും ചെയ്യുന്നവർ വളരെയുണ്ട്. കാരണം, വർഷങ്ങളായി കൈയിൽ കാത്തുപോന്ന ആദർശങ്ങളും പാലിച്ചുപോന്ന പ്രത്യേകജീവിതരീതിയും വലിച്ചെറിയുവാൻ വലിയ വൈഷമ്യം തോന്നുന്നു. ക്രിസ്തുവിൽ നിന്നകന്നു ജീവിക്കാൻ പ്രേരണയും സമ്മർദ്ദവും ചെലുത്തുന്ന പല കാരണങ്ങളുണ്ട്. ഇവയെപ്പററി നാം സുവിശദമായി പഠിക്കണം. വ്യക്തിപരമായി നാം ഓരോരുത്തരേയും സമീപിച്ച് അവരുടെ പ്രത്യേകപ്രശ്നങ്ങളെ പഠിക്കുകയാണാവശ്യം.

സകല മനുഷ്യരിലും നന്മയ്ക്കും സദാചാരത്തിനുമായുള്ള ആഗ്രഹം സ്വതേയുണ്ടെന്നു പറയാം. അതുപോലെതന്നെ ലോകത്തിനതീതനായ ഒരു ശക്തിയെപ്പററിയുള്ള ബോധവും. എന്നാൽ ജീവിതവ്യഗ്രതകളുടെ കുത്തൊഴുക്കിൽ കറങ്ങിക്കഴിയുന്ന മനുഷ്യന് ഇതെല്ലാം ശ്രദ്ധിക്കാനേ കഴിയുന്നില്ല. ധാർമ്മികനിയമങ്ങളെപ്പററി പൊതുവായ ഒരു ബോധമെങ്കിലും എല്ലാവർക്കുമുണ്ട്. നന്മയും തിന്മയും വേർതിരിച്ചറിയാനുമൊരു കഴിവു മനുഷ്യനുണ്ട്. ഈ കഴിവും ശക്തിയുമെല്ലാം ദൈവത്തിൽനിന്നു വന്നവയാണ്. നന്മയേത്, തിന്മയേത് എന്നു നിശ്ചയിക്കാൻ ദൈവത്തിൻെറ വെളിച്ചമാവശ്യമാണ്. പരിഷ്കാരമോ സംസ്കാരമോ ഇല്ലാത്ത ചില ജനവിഭാഗങ്ങൾ ആത്മഹത്യ നല്ലതാണെന്നു

കരുതുന്നു; മററു ചിലർ ബഹുഭാര്യാത്വം നല്ലതെന്നു കരുതുന്നു. ഇവിടെ അവർക്കു വെളിച്ചവും വഴികാട്ടിയുമാവശ്യമാണു്. മനുഷ്യനാവശ്യമുള്ള ഈ വെളിച്ചവും ദൈവികസഹായവും സഭയിലൂടെ മാത്രമേ ലഭ്യമാകുന്നുള്ളൂ. അതിസ്വാഭാവികജീവിതത്തിനുമായി സ്വതേ മനുഷ്യനു ദാഹമുണ്ടെങ്കിലും അധികമാളുകളും ക്രിസ്തുവിൻെറ വിളി ശ്രവിക്കുന്നില്ല. രക്ഷയുടെ സന്ദേശത്തെപ്പററി സഭയ്ക്കുവരോടു പറയേണ്ടതുണ്ടു്. അവരുടെ ഹൃദയത്തിൻെറ വാതില്ക്കൽ മുട്ടി അവരുടെ ആഗ്രഹങ്ങളെ തട്ടിയുണർത്തണം. രക്ഷയ്ക്കായുള്ള ആഗ്രഹമാണ് അവയിൽ പ്രധാനം. ക്രിസ്തുവിൽമാത്രമേ ഈ രക്ഷ സാധിക്കാനാവൂ എന്ന സത്യവും അവർക്കു നല്കണം.

മാനസാന്തരം—ഇന്നുവരെയുള്ള ജീവിതത്തിൽ നിന്നു പുതിയതും നല്ലതുമായ ഒരു ജീവിതത്തിലേക്കുള്ള പ്രവേശനമാണതു് എന്നു നവാഗതർക്കറിയാം. ദൈവവുമായി വ്യക്തിപരവും സമഗ്രവുമായ ബന്ധവും സമർപ്പണവും പുലർത്തുന്ന സ്നേഹത്തിൻെറ ഒരു ജീവിതത്തിലേക്കുള്ള പ്രവേശനമാണതു്. ആന്തരികജീവിതത്തിൻെറ ഈ പരിവർത്തനം ക്രമേണ ബാഹ്യജീവിതത്തിൽ പ്രതിഫലിക്കും. അങ്ങനെ ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യനായി മാറുന്നു.

എന്നാൽ, മതപരിവത്തനമൊരു സാഹസികപ്രവൃത്തിയാണു്. കാരണം, സ്വസമുദായത്തിൻെറ വിമർശനവും കുററപ്പെടുത്തലും വെറുപ്പുപോലും മതപരിവർ

ത്തനത്തിന്റെ മൂതിരുന്നവർ ഏല്ക്കേണ്ടിവരുന്നു. മതപരിവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു സാഹചര്യമാണിതു്. ഈ സാഹചര്യത്തിൽനിന്നു നവാഗതരെ രക്ഷിക്കാൻ മിഷനറിമാർ മുൻകൂട്ടി ശ്രദ്ധിക്കുക ആവശ്യമാണു്.

ഇൻഡ്യയിലെ ചില സംസ്ഥാനഗവണ്മെൻറുകൾ—ഒറീസ്സാ, മദ്ധ്യപ്രദേശ്, ബീഹാർ—മതപരിവർത്തനത്തിനെതിരായി നിയമങ്ങൾ നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ടു്. നിർബന്ധപൂർവ്വമായ മതപരിവർത്തനത്തെ തടയാനാണു നിയമങ്ങൾ നിർമ്മിച്ചിരിക്കുന്നതെന്നു വിശദീകരണം നല്കുന്നുണ്ടു്. എന്നാൽ എല്ലാത്തരം പ്രേഷിതപ്രവർത്തനങ്ങളേയും വരിഞ്ഞുകെട്ടി നിർത്താനുള്ള നീക്കമാണിതെന്നു വ്യക്തമാണു്. ഇൻഡ്യൻ ഭരണഘടനതന്നെ നിർബന്ധപൂർവ്വമായ മതപരിവത്തനത്തെ തടഞ്ഞിട്ടുണ്ടു്. ഇന്ത്യയിലെങ്ങും നിർബന്ധിത മതപരിവത്തനം നടന്നതായി പരാതിയുമില്ല. പിന്നെന്തു പ്രസക്തിയാണു് ഈ നിയമങ്ങളുടെ പുതിയ ആവിഷ്കരണത്തിനുള്ളതെന്നു വ്യക്തമല്ല. നിർബന്ധപൂർവ്വമായ മതപരിവർത്തനത്തെ സഭയും അനുവദിക്കുന്നില്ല. "കത്തോലിക്കസഭയുടെ പഠനങ്ങളിൽ സർവ്വപ്രധാനമായ ഒന്നാണു മനുഷ്യൻ സ്വമനസ്സാലെ ദൈവത്തിൽ വിശ്വസിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യണമെന്നതു്......അതുകൊണ്ടു ക്രിസ്തീയവിശ്വാസം സമാശ്ലേഷിക്കാൻ ഒരുവനേയും അവൻെറ മനസ്സിനെതിരായി നിർബന്ധിച്ചുകൂടാ. കാരണം, സ്വഭാവത്താലെ

തന്നെ സ്വാതന്ത്ര്യമനസ്സിൽനിന്നുദ്ഭൂതമാകുന്ന ഒന്നാണു വിശ്വാസപ്രഖ്യാപനം......രക്ഷകനായ ക്രിസ്തു രക്ഷിക്കുകയും ദത്തുപുത്രസ്ഥാനത്തേക്കു വിളിക്കുകയും ചെയ്ത മനുഷ്യനു സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെ അവലംബിക്കാൻ കഴിയണമെങ്കിൽ പിതാവ് അവനെ തന്നിലേക്ക് ആകർഷിക്കുകയും അവൻ ബോധപൂർവ്വവും സ്വാതന്ത്ര്യവുമായ വിശ്വാസവിധേയത്വം പ്രദർശിപ്പിക്കുകയും വേണം. അതുകൊണ്ടു മതകാര്യങ്ങളിൽ മനുഷ്യൻെറ ഭാഗത്തുനിന്നുള്ള എല്ലാത്തരം സമ്മർദ്ദങ്ങളും ഒഴിവാക്കുകയെന്നതു വിശ്വാസത്തിൻെറ സ്വഭാവവുമായി യോജിച്ചുപോകുന്ന കാര്യമാണു്"[1].

അരൂപിയിലും സത്യത്തിലും അവിടുത്തേക്കു ശുശ്രൂഷ ചെയ്യുവാനായി ദൈവം മനുഷ്യനെ വിളിക്കുന്നുണ്ടു്. ആ വിളി കേൾക്കുവാൻ മനസ്സാക്ഷിയിൽ അവനു കടമയുണ്ടു്. എന്നാൽ അവിടുന്നു നിർബന്ധിക്കുന്നില്ല. മനുഷ്യൻെറ സ്വന്തവും സ്വാതന്ത്ര്യവുമായ തീരുമാനത്തിനു വിട്ടുകൊടുത്തിരിക്കുകയാണു്. ക്രിസ്തുവും തൻെറ ശിഷ്യന്മാരെ തന്നിലേക്കാകർഷിക്കുകയും ക്ഷണിക്കുകയും ചെയ്തതു് അവരുടെ സ്വാതന്ത്ര്യത്തെ മാനിച്ചുകൊണ്ടായിരുന്നു. തൻെറ വാക്കുകൾ സ്ഥിരീകരിക്കാനായി അത്ഭുതങ്ങൾ പ്രവർത്തിച്ചെങ്കിലും അതവരിൽ സമ്മർദ്ദം ചെലുത്താൻവേണ്ടിയല്ലായിരുന്നു. സത്യത്തിനവിടുന്നു സാക്ഷ്യം വഹിച്ചു. എന്നാൽ അതിനെ എതിർത്ത

---

1. മതസ്വാതന്ത്ര്യം, നമ്പർ 10.

വരുടെമേൽ അതു് അടിച്ചേല്പിക്കാൻ അവിടുന്നുദ്യമി ച്ചില്ല. സ്നേഹത്തിലൂടെയാണു് അവിടുത്തെ രാജ്യമവിടു ന്നു വികസ്വരമാക്കുന്നതും വളർച്ചയിലെത്തിക്കുന്നതും.

അപ്പസ്തോലന്മാരും ക്രിസ്തുവിനെപ്പോലെ മനുഷ്യ സ്വാതന്ത്ര്യത്തെ മാനിച്ചു. ആരെയുമവരും സമ്മർദ്ദം ചെലുത്തുകയോ നിർബന്ധിക്കുകയോ ചെയ്തിട്ടില്ല. ഒരു കൃത്രിമമാർഗ്ഗമോ പ്രലോഭനമോ അവരുപയോഗിച്ചുമില്ല. സകല ശക്തിയും കഴിവുമുപയോഗിച്ചു് അവർ ക്രിസ്തുവി നെപ്പററി ഉദ്ബോധിപ്പിച്ചു. നാമോരോരുത്തരും നമ്മെ പ്പററിത്തന്നെ ദൈവത്തിനു കണക്കു കൊടുക്കേണ്ടതു ണ്ടെന്നും[1] അതുകൊണ്ടു് ഓരോരുത്തനും സ്വന്തം മനഃ സാക്ഷിയെ അനുസരിക്കാൻ ബാധ്യസ്ഥനാണെന്നും അ പ്പസ്തോലന്മാർ ലോകത്തിനു വ്യക്തമാക്കിക്കൊടുത്തു[2]. ദൈവത്തിൻെറ ശക്തിയിൽ അവർക്കു പൂർണ്ണവിശ്വാ സമുണ്ടായിരുന്നു. ആ ശക്തി വിശ്വാസത്തിലേക്കും ര ക്ഷയിലേക്കും മനുഷ്യരെ നയിക്കുമെന്നും അവർക്കുത്തമ ബോധ്യമുണ്ടായിരുന്നു. "മതസ്വാതന്ത്ര്യം മനുഷ്യൻെറ വ്യക്തിത്വത്തിനു ചേർന്നതാണു്; ദൈവാവിഷ്കൃത സത്യങ്ങൾക്കനുരൂപമാണു്. ഈ വിധത്തിൽ മതസ്വാ തന്ത്ര്യത്തെ സഭ അംഗീകരിക്കുകയും പോഷിപ്പിക്കുക യും ചെയ്യുന്നു. ഈ വസ്തുത അംഗീകരിക്കുമ്പോൾ ക്രിസ്തു വിൻേറയും അപ്പസ്തോലന്മാരുടേയും കാലടികളെയാണു

1. റോമ 14: 12.
2. മതസ്വാതന്ത്ര്യം, നമ്പർ 11.

സഭ പിന്തുടരുന്നതു്. ഇതു സുവിശേഷസത്യങ്ങളോടു തികച്ചും വിശ്വസ്തമായ നിലപാടാണു്.....കഴിഞ്ഞകാലത്തു സുവിശേഷചൈതന്യത്തോടു പൂർണ്ണമായി യോജിക്കാത്ത അഥവാ അതിനു വിരുദ്ധമായ സംഭവങ്ങൾ തന്നെയുണ്ടായിട്ടുണ്ടു്. എങ്കിലും ക്രിസ്തീയ വിശ്വാസം സ്വീകരിക്കാൻ ആരേയും നിർബന്ധിച്ചുകൂടാ എന്നുള്ള സഭയുടെ പഠനം പാലിക്കപ്പെട്ടിട്ടുണ്ടു്"[1].

തന്നെ സേവിക്കുന്നതിനായി ദൈവം മനുഷ്യനെ ക്ഷണിക്കുന്നുണ്ടു്; എന്നാൽ ഒരിക്കലുമതിനു് അവിടുന്നു നിർബന്ധിക്കുന്നില്ല. ക്രിസ്തു ശിഷ്യന്മാരെ ക്ഷണിച്ചതു് നിർബന്ധിച്ചോ ബലം പ്രയോഗിച്ചോ അല്ല; അവരുടെയുള്ളിൽ വിശ്വാസമുണർത്തിക്കൊണ്ടാണു്. കോതമ്പിനിടയിൽ കളകൾ വളരാൻ അവിടുന്നനുവദിച്ചപ്പോൾ[2] മനുഷ്യമഹത്വത്തേയും സ്വാതന്ത്ര്യത്തേയും ആദരിക്കുകയാണു് അവിടുന്നു ചെയ്തതു്. ബലപ്രയോഗമോ പ്രലോഭിപ്പിക്കലോ, മററിതുപോലുള്ള മാർഗ്ഗങ്ങളാലോ അല്ല സ്നേഹവും സേവനവും വഴിയാണു ക്രിസ്തുരാജ്യം പ്രചരിപ്പിക്കേണ്ടതു്.

## മതാധ്യാപനവും ക്രിസ്തീയപരിശീലനവും

ജ്ഞാനസ്നാനം ആഗ്രഹിക്കുന്നവരും പ്രായപൂർത്തിയെത്തിയവരുമായവർക്കു മതാധ്യാപനവും ക്രൈസ്തവ

---

1. മതസ്വാതന്ത്ര്യം നമ്പർ 12
2. മത്തായി. 13: 30, 40-42

ജീവിതത്തിലേക്കുള്ള അഭ്യസനവും നല്കുന്ന ഘട്ടത്തെ ക്രിസ്തീയപരിശീലനകാലമെന്നു വിളിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിക്കുവാനും സഭയിലംഗമാകാനും ആഗ്രഹിക്കുന്നവർക്കു മതബോധനം നല്കുക ആവശ്യമാണ്. വിവിധ മതസത്യങ്ങളെക്കുറിച്ചുള്ള ഇത്തരം പ്രബോധനങ്ങളെയെല്ലാം മൊത്തത്തിൽ മതാധ്യാപനം എന്നു വിളിക്കാം. ജ്ഞാനസ്നാനാർത്ഥികളെ ഉദ്ദേശിച്ചുള്ള ഈ മതാധ്യാപനം തത്വങ്ങളുടേയും പഠനങ്ങളുടേയും വെറും അവതരിപ്പിക്കലല്ല; പൂർണ്ണമായ ക്രിസ്തീയ ജീവിതത്തിനുള്ള അഭ്യസനവും ഗുരുവായ ക്രിസ്തുവിനോട് അവരെ ബന്ധിക്കുന്നതിനു വേണ്ടതായ പരിശീലനഘട്ടവുമാണ്''1. ജ്ഞാനസ്നാനത്തിനുമുമ്പുള്ള ഈ ഘട്ടത്തിൽ ക്രിസ്തുവുമായി കൗദാശികമായി ഒന്നാകുന്നില്ലെങ്കിലും "തിരുസ്സഭയിൽ അംഗങ്ങളാകുവാനുള്ള സ്പഷ്ടമായ ആഗ്രഹത്തോടുകൂടി പാർത്തിരിക്കുന്ന വിശ്വാസാർത്ഥികൾ ഈ ആഗ്രഹത്താൽത്തന്നെ തിരുസ്സഭയുമായി ഐക്യപ്പെടുന്നു. തിരുസ്സഭാമാതാവ് ഇവരെ തൻെറ സ്വന്തമായി കരുതി സ്നേഹത്തോടും താല്പര്യത്തോടും കൂടി ആലിംഗനം ചെയ്യുന്നു''2.

ജ്ഞാനസ്നാനാർത്ഥികളെ അഭ്യസിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക എന്നതു സുവിശേഷഘോഷണത്തോടു ബന്ധപ്പെട്ട ഒരു കടമയാണ്. വിശ്വാ

1. A. G., n. 14.
2. L. G. n. 14.

സികാംക്കുള്ള ക്രൈസ്തവപ്രാരംഭ പരിശീലനത്തിൽ വൈദികനും ജ്ഞാനസ്നാനപിതാക്കന്മാരും സമൂഹവും —ചുരുക്കത്തിൽ സഭ മുഴുവനും— ഒന്നുപോലെ താല്പര്യവും ശ്രദ്ധയുമുള്ളവരായിരിക്കണം. സഭയിൽനിന്നാണു ജ്ഞാനസ്നാനത്തിലേക്കുള്ള ദൈവവിളി അവരിലേക്കെത്തുന്നതു്; സഭയുടെ സഹായത്തോടെ വേണം അതു വളരാനും പൂർണ്ണതയിലെത്താനും.

ക്രിസ്തുവിൻെറ വചനമാണു മതപരിശീലനകാലത്തു് വിശ്വാസാർത്ഥികൾ ശ്രവിക്കുക. അതിനു് ഈ പരിശീലനകാലത്താണു് അവർ പ്രത്യുത്തരമേകുന്നതു്. വിശ്വാസപ്രമാണം, കർത്തൃപ്രാർത്ഥന, സുവിശേഷങ്ങൾ എന്നിവയെപ്പററിയുള്ള ബോധനരൂപങ്ങളിലൂടെ ദൈവവചനം അവർക്കു ലഭിക്കുന്നു. പുതിയൊരു ജീവിതവീക്ഷണവും മൂല്യബോധവും കണ്ടെത്തുവാൻ അതവരെ സഹായിക്കും; ജീവിതത്തെ മുഴുവൻ പരിവർത്തനത്തിലേക്കു നയിക്കും. മതാഭ്യസനത്തിൻെറ കാലഘട്ടത്തിലാണു മാനസാന്തരം നടക്കുക. മാനസാന്തരം നടന്നു എന്നുവച്ചു മതത്തിൻെറ എല്ലാ സത്യങ്ങളും പഠിച്ചെന്നോ ക്രിസ്തുവുമായി നേരിട്ടു സമ്പർക്കത്തിലേർപ്പെടുവാൻ തുടങ്ങിയെന്നോ വരുന്നില്ല. ഇതിലേക്കെല്ലാമുള്ള തയ്യാറെടുപ്പു മാനസാന്തരത്തിലൂടെയാണു നടക്കുക.

ജ്ഞാനസ്നാനത്തിനുമുമ്പുള്ള ഈ ക്രിസ്തീയപരിശീലനകാലത്തു മൂന്നു ഘട്ടങ്ങൾ നമുക്കു കാണുവാൻ കഴിയും: ശ്രോതാക്കൾ, വേദാർത്ഥികൾ അഥവാ ജ്ഞാനസ്നാ

നാത്ഥികൾ, തിരഞ്ഞെടുക്കപ്പെട്ടവർ. രണ്ടാംനൂററാണ്ടിൻെറ അവസാനത്തോടുകൂടിമാത്രമേ ഈ ത്രിവിധഘട്ടങ്ങളോടുകൂടിയ പൂൎണ്ണവും സുഘടിതവുമായ മതാഭ്യസനം തുടങ്ങിയുള്ളൂ. മൂന്നാംനൂററാണ്ടിൻെറ ആരംഭത്തിൽ (215) എഴുതിയ ഹിപ്പോളിററസിൻെറ "അപ്പസ്തോലികപാരമ്പര്യ"ത്തിൽ ഈ പരിശീലനത്തിൻെറ വിശദ പരിപാടികൾ വിവരിക്കുന്നുണ്ടു്. ആരെങ്കിലും സഭയിൽ പ്രവേശിക്കാനാഗ്രഹിക്കുന്നു എങ്കിൽ ക്രൈസ്തവർ അയാളെ സഭാധികാരികളുടെ പക്കലേക്കു നയിക്കുന്നു. വളരെ കർശനമായ പരിശോധനയ്ക്കും പഠനത്തിനും ശേഷമേ ഒരു വ്യക്തിയെ സഭയിലേക്കു പ്രവേശിപ്പിക്കുകയുള്ളൂ. സഭാപ്രവേശനമാഗ്രഹിക്കാനുള്ള പ്രേരണകളെന്തെല്ലാം; കഴിഞ്ഞകാലജീവിതമെങ്ങനെയിരുന്നു—ഇവയെല്ലാം പരിശോധനാവിഷയമാവുന്നു.

സാധാരണമായി മൂന്നുവർഷത്തെ പരിശീലനമാണു് ആദിമനൂററാണ്ടുകളിൽ നല്കിയിരുന്നതു്. ആറാം നൂററാണ്ടിൽ എട്ടുമാസമായിരുന്നെങ്കിൽ ഏഴാം നൂററാണ്ടായപ്പോഴേക്കും നാല്പതുദിവസമായി കുറഞ്ഞു. എന്നുവരികിലും ചിലപ്പോൾ വളരെക്കൊല്ലങ്ങൾ ഈ പരിശീലനം നീണ്ടുനിന്നിട്ടുണ്ടു്, ചിലരുടെ ജീവിതത്തിൽ. അംബ്രോസ്, അഗസ്റ്റിൻ, ഗ്രിഗരി നസ്സിയാൻസൻ, ജോൺ ക്രിസോസ്റ്റോം എന്നിവർക്കു മുപ്പതു വർഷങ്ങൾ കഴിഞ്ഞുമാത്രമേ ജ്ഞാനസ്നാനം നല്കിയുള്ളൂ. മധ്യയുഗങ്ങളിലെ മിഷനറിമാർ പഴയതുപോലുള്ള മതാഭ്യസനകാലം ജ്ഞാനസ്നാനാത്ഥികൾക്കായി നിർബ-

ന്ധിതമാക്കിയില്ല. ദേവപൂജയും അന്ധവിശ്വാസവുമൊക്കെ പരസ്യമായി പരിത്യജിച്ച് പരസ്യമായി ക്രൈസ്തവവിശ്വാസമേററുദ്ഘോഷിക്കുകമാത്രം മതിയായിരുന്നു. ജ്ഞാനസ്നാനാനന്തരമായിരുന്നു ക്രൈസ്തവജീവിതത്തിനാവശ്യമുള്ള പരിശീലനം നല്കിയിരുന്നതു്. വി. ഫ്രാൻസിസ് സേവ്യർ ഭാരതത്തിലുംമററും ഈ മാർഗ്ഗമാണു സ്വീകരിച്ചതു്—ജ്ഞാനസ്നാനത്തിനുശേഷം മതാഭ്യാസനം നല്കുക.

മധ്യയുഗങ്ങൾക്കുശേഷം നീണ്ട മതപരിശീലനകാലം പൂർണ്ണമായി നിന്നുപോയിരുന്നു. ആധുനികകാലത്തു്, ആഫ്രിക്കയിൽമാത്രമാണു് അതു പുനഃസ്ഥാപിതമായിരിക്കുന്നതു്. 'വൈററ് ഫാദേഴ്സ്' എന്നറിയപ്പെടുന്ന മിഷനറിവൈദികരാണു് പുനഃസ്ഥാപകർ. വ്യത്യസ്തങ്ങളായ ത്രിവിധഘട്ടങ്ങളോടുകൂടിത്തന്നെ നാലുവർഷത്തേക്കുള്ള പരിശീലനമാണു് അവർ നല്കിപ്പോന്നതു്. ഇന്നു് രണ്ടു കൊല്ലത്തെ പരിശീലനമെങ്കിലും ജ്ഞാനസ്നാനത്തിനു മുമ്പു നല്കണമെന്നാണു് ആഫ്രിക്കൻ സഭയിലെ പൊതുനിയമം.

മതാഭ്യസനത്തിൻെറ രംഗത്തു പല കോട്ടങ്ങളും പരാജയങ്ങളും സംഭവിച്ചുപോയിട്ടുണ്ടു്. അതു നിഷേധിക്കാനാവില്ല. മതതത്വങ്ങൾ ജീവിതത്തിലേക്കു പകർത്താനുള്ള പരിശീലനം തീർത്തും അവഗണിക്കപ്പെട്ടു. കുറെ സത്യങ്ങൾ ഹൃദിസ്ഥമാക്കിവയ്ക്കുന്ന സമ്പ്രദായത്തിനു പ്രാധാന്യം നല്കിത്തുടങ്ങി. അതോടെ ജീവിത-

ST. ANTONY'S ... KERALA

വും മതവുമായി വിടവും വൈരുദ്ധ്യവും കണ്ടുതുടങ്ങി.

എന്നാൽ, മതാഭ്യസനത്തിൻെറ കാര്യത്തിൽ വലിയൊരു പരിവർത്തനവും നവീകരണവും ഇന്നു നടന്നുകൊണ്ടിരിക്കുന്നു. മതബോധനരംഗത്തു് ഈയടുത്തകാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന നൂതനനീക്കങ്ങൾ മതാഭ്യസനരംഗത്തൊരു പുനരുജ്ജീവനത്തിനു വഴിയൊരുക്കിക്കൊണ്ടിരിക്കുകയാണു്. ആരാധനക്രമസംബന്ധമായ പഠനങ്ങളിലുണ്ടായ പുരോഗതിയും വളരെ സഹായിക്കുന്നുണ്ടിതിനു്. ഇതിൻെറയെല്ലാം ഫലമായി പ്രാരംഭക്രിസ്തീയ പരിശീലനകാലത്തിൻെറ ആവശ്യകത തെളിഞ്ഞു തെളിഞ്ഞുവരികയാണു്. റീത്തുകൾക്കായുള്ള തിരുസ്സംഘം 1962 ഏപ്രിൽ 16-ാം തീയതി ആദിമകാലത്തെപ്പോലുള്ള പ്രാരംഭമതപരിശീലനം പുനഃസ്ഥാപിച്ചുകൊണ്ടു കല്പന പുറപ്പെടുവിച്ചു. ആരാധനക്രമത്തെപ്പററിയുള്ള കോൺസ്ററിററ്യൂഷനിൽ, പ്രായപൂർത്തിയായവർക്കുവേണ്ടിയുള്ള ജ്ഞാനസ്നാനക്രമം പരിഷ്കരിക്കണമെന്നും ജ്ഞാനസ്നാനാർത്ഥികൾക്കായി പുനഃസ്ഥാപിച്ചിട്ടുള്ള പരിശീലനഘട്ടത്തെ പരിഗണിച്ചുവേണം പരിഷ്കാരം നടത്തുവാൻ എന്നും പ്രത്യേകം ഊന്നിപ്പറയുന്നുണ്ടു്[1].

മതാഭ്യസനകാലത്തെ മൂന്നുഘട്ടങ്ങളായി തിരിക്കാം. മതസത്യങ്ങൾ പറഞ്ഞുകൊടുക്കുന്നതിനു മുമ്പുള്ള ഒരുക്കത്തിൻെറകാലമാണു് ആദ്യത്തേതു്. എങ്ങനെയാണു ഒരു

---

1. cfr. Constitution on the Liturgy, nos. 64-66

വ്യക്തിയെ ഒരുക്കിയെടുക്കുക? ക്രിസ്തുസന്ദേശത്തെ ശ്രവിക്കുവാനും സ്വീകരിക്കുവാനും തടസ്സങ്ങൾ സൃഷ്ടിക്കാവുന്നവ എന്തൊക്കെയെന്നു പഠിക്കുകയും അവയെ മാററുന്നതിനു പരിശ്രമിക്കുകയും ചെയ്യുന്നു; ആധ്യാത്മിക യാഥാർത്ഥ്യങ്ങളിൽ താല്പര്യവും ആഗ്രഹവും അയാളിലുളവാക്കുന്നു; തൻെറ വ്യക്തിപരമായ ജീവൽപ്രശ്നങ്ങൾക്ക് ഉത്തരവും പരിഹാരവും ദൈവത്തിൽ കണ്ടെത്താമെന്നുള്ള പ്രത്യാശ അവനിൽ ജനിപ്പിക്കുന്നു. ഇങ്ങനെയാണു ക്രിസ്തുസന്ദേശത്തിൻെറ ഫലപ്രദമായ ശ്രവണത്തിനും ശ്രദ്ധയ്ക്കുമായി ഒരുവനെ ഒരുക്കുന്നതു്. ഇവിടെ ഓരോ വ്യക്തിയേയും അവൻെറ ജീവിതസാഹചര്യങ്ങളെ കണക്കിലെടുത്തുകൊണ്ടാണു സമീപിക്കുക. ക്രിസ്തുവിനെ ദർശിക്കാൻ ഉഴലുന്ന വ്യക്തിയെ അങ്ങേയററത്തെ ബഹുമാനത്തോടെ സമീപിക്കാനാണു ശ്രമിക്കുന്നതു്.

സുവിശേഷത്തിൻെറ ആഹ്ളാദമയിയായ സന്ദേശം പകർന്നുകൊടുക്കുക—അതാണു രണ്ടാമത്തെ ഘട്ടത്തിൽ വരുന്നതു്. ദൈവത്തെപ്പററിയുള്ള ഒരവബോധവും ദൈവത്തിൻെറ സ്വരം ആന്തരികമായി ശ്രവിക്കാനും സ്വീകരിക്കുവാനുമുള്ള സന്നദ്ധതയും അക്രൈസ്തവരിലുണ്ടാകുമ്പോൾ ക്രിസ്തുവിൻെറ രക്ഷാകരസന്ദേശം അവർക്കു നല്കിത്തുടങ്ങുന്നു; ക്രിസ്തുവിനെ അവർക്കു സുപരിചിതനായൊരു വ്യക്തിയായി അവതരിപ്പിക്കുന്നു. ക്രിസ്തുവിൻെറ രക്ഷാകരക്ഷണത്തിനു് ഉത്തരം നല്കുവാൻ അക്രൈസ്തവരപ്പോഴേക്കും കഴിവുററവരും ഒരു

Dharmaram College Library
Bangalore-29
DVK Library
Bangalore - 29

ക്കമുള്ള വരുമായിരിക്കം. ജീവിതപരിവത്നത്തിനായി കാലെടുത്തുവച്ചുകൊണ്ടു് അവർ ക്രിസ്തുവിൻെറ ക്ഷണത്തിനു പ്രത്യുത്തരം കൊടുക്കുന്നു. അങ്ങനെ സ്വജീവിതത്തെ ക്രിസ്തുവിനു സമർപ്പിക്കുന്നു. മാനസാന്തരമാണു് ഈ ഘട്ടത്തിൻെറ ലക്ഷ്യം; ജീവിതപരിവത്തനമാണു് ഇവിടെ പ്രതീക്ഷിക്കുന്നതു്.

യഥാർത്ഥത്തിലുള്ള മതാഭ്യസനം ഇനിയാണു നടക്കുന്നതു്. ഇതാണു മൂന്നാംഘട്ടം. തങ്ങളുടെ രക്ഷയായി ക്രിസ്തുവിനെ സ്വീകരിച്ച അക്രൈസ്തവരെ സഭയുടെ രഹസ്യത്തിലേക്കു പ്രവേശിപ്പിക്കേണ്ടതുണ്ടു്; മതതത്വങ്ങളിൽ, വിശ്വാസസത്യങ്ങളിൽ അവർക്കു വിജ്ഞാനവും പരിശീലനവും നല്കുക ആവശ്യമാണു്. ഹൃദയത്തിൽ വിശ്വാസം ദൃഢമൂലമാവണം. ഇതൊക്കെ മുന്നിൽ കണ്ടുകൊണ്ടു ക്രിസ്തുവിൻെറ സന്ദേശം വിശദമാക്കിക്കൊടുക്കുന്ന കാലമാണു മതാഭ്യസനത്തിൻെറ ഈ അവസരം. ഉത്തമ ക്രൈസ്തവജീവിതത്തിനു കൊള്ളാവുന്നവരായി അവരെ രൂപീകരിക്കാനും അതിനാവശ്യമുള്ളവ പഠിപ്പിക്കാനും പരിശീലിപ്പിക്കാനും അങ്ങനെ ക്രൈസ്തവവ്യക്തിത്വങ്ങൾ കരുപ്പിടിക്കാനും ഈ ഘട്ടത്തിലെ മതാഭ്യസനത്തിനു കഴിയും.

അതുകൊണ്ടു കൗൺസിൽ ആവശ്യപ്പെടുകയാണു്. "ജ്ഞാനസ്നാനാർത്ഥികൾ രക്ഷണീയരഹസ്യങ്ങളിലും സുവിശേഷസന്മാർഗ്ഗജീവിതചര്യയിലും ഉചിതമായ പരിശീലനം നല്കണം. ക്രൂടെക്കൂടെയുള്ള തിരുക്കർമ്മാനു

ഷ്ഠാനങ്ങൾവഴി ദൈവജനത്തിന്റേതായ വിശ്വാസത്തിന്റേയും ദൈവാരാധനയുടേയും ഉപവിയുടേയും ജീവിതത്തിലേക്ക് അവരെ ആനയിക്കണം"[1]. തിരുക്കർമ്മങ്ങളുടെ അനുഷ്ഠാനത്തിലൂടെ ഇങ്ങനെ അവർക്കു പരിശീലനം നല്കുമ്പോൾ ദൈവികയാഥാർത്ഥ്യവും ക്രൈസ്തവവിശ്വാസത്തിന്റെ അന്തസ്സത്തയും ആഴമായി അവർക്കനുഭവവേദ്യമാവും; അവരുടെ ജീവിതത്തെ മുഴുവനായി സ്പർശിച്ചിളക്കുന്ന ഒരു പ്രത്യേകാനുഭവമായിരിക്കുമതു്. ക്രിസ്തുവിനോടുകൂടി മരിക്കുകയും സംസ്കരിക്കപ്പെടുകയും ഉയിർക്കുകയും ചെയ്യുന്ന ആ പ്രഥമകൂദാശയിൽത്തന്നെ—ജ്ഞാനസ്നാനത്തിൽത്തന്നെ—അതു് അവർക്കനുഭവപ്പെടുന്നു. പിന്നീട്, പരിശുദ്ധാത്മാവിയെ സ്വീകരിച്ചുകൊണ്ടു ദത്തുപുത്രരായി മാറുമ്പോൾ പുതിയ മനുഷ്യരായി തങ്ങൾ മാറിയതായി അവർക്കു വ്യക്തമായി മനസ്സിലാവും.

ജ്ഞാനസ്നാനാർത്ഥികളെ ദൈവജനത്തിന്റെ ഭാഗമായിത്തന്നെ നാം കണക്കാക്കണം. മതാദ്ധ്യാപകരും വൈദികരും മാത്രമേ അവർക്കാവശ്യമുള്ള പ്രാരംഭപരിശീലനം നല്കുന്നുള്ളൂ എങ്കിൽ, ദൈവജനത്തിന്റെ ഭാഗമാണു തങ്ങളെന്ന അവബോധം അവർക്കുണ്ടായെന്നു വരില്ല. അതുകൊണ്ടു വിശ്വാസികളുടെ സമൂഹം മുഴുവനും അവരിൽ തല്പരമായിരിക്കണം; അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ന

---

1. A. G. n. 14.

യിക്കുകയും ചെയ്യണം. അതിലൂടെ തങ്ങളുടെ ഭാഗമാണ് അവരും എന്നു ക്രൈസ്തവസമൂഹം വ്യക്തമാക്കുകയായിരിക്കും ചെയ്യുക. പില്ക്കാലത്ത്, ജീവിതത്തിൻെറ സാക്ഷ്യവും വിശ്വാസപ്രഖ്യാപനവുംവഴി സുവിശേഷം പ്രചരിപ്പിക്കാനും സഭയെ വളർത്തുവാനും സഹകരിക്കേണ്ടതെങ്ങനെയെന്ന് അവർക്കു മനസ്സിലാക്കിക്കൊടുക്കുവാനും ക്രൈസ്തവസമൂഹത്തിനു കഴിയും.

ക്രിസ്തുവിൻെറ കുടുംബത്തിലെ അംഗങ്ങളായാണു ജ്ഞാനസ്നാനാത്ഥികളെ സഭ കണക്കാക്കുക. കാരണം, അവർ സഭയുമായി ഐക്യപ്പെട്ടിരിക്കുന്നു; തന്നെയുമല്ല, വിശ്വാസത്തിൻേറയും സ്നേഹത്തിൻേറയും ജീവിതം നയിക്കുവാൻ അവർ ആരംഭിച്ചിരിക്കുന്നു. അതുകൊണ്ട് ജ്ഞാനസ്നാനാർത്ഥികളെ അവിശ്വാസികളായോ അക്രൈസ്തവരായോ സഭാസമൂഹത്തിനു വെളിയിലുള്ളവരായോ പുറംതള്ളുവാൻ സഭയ്ക്കു കഴിയുകയില്ല.

## ആറ്

# ക്രൈസ്തവസമൂഹത്തിൻെറ രൂപവത്കരണം

ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കിടയിൽ അത്ഭുതകരവും അനിതരസാധാരണവുമായ ഒരു ഐക്യം കാണുവാൻ കഴിയും. സകല ക്രൈസ്തവരും ഒരൊററജനമായി വിളിച്ചുകൂട്ടപ്പെട്ടിരിക്കുകയാണ്. ക്രിസ്തുവിലുള്ള വിശ്വാസമാണ് അവരെ ഒന്നിച്ചുചേർക്കുക. മുന്തിരിച്ചെടിയോടു ശാഖകൾ ചേർന്ന് ഒന്നായിരിക്കുന്നതുപോലെ ക്രൈസ്തവരും ക്രിസ്തുവിനോടു ചേർന്ന് ഒരൊററ ശരീരമായിരിക്കുന്നു. അതുകൊണ്ടു് ക്രിസ്തുവിൻെറ അതേ ജീവൻ അവരിൽ ഓരോരുത്തരിലും സ്പന്ദിക്കുന്നുണ്ടു്. അങ്ങനെ ക്രിസ്തുവിനെപ്പോലെ അവരും പുരോഹിതന്മാരും പ്രവാചകന്മാരും രാജാക്കന്മാരുമായി. ദിവ്യബലി

യിൽ അവരെല്ലാവരും ഒന്നുചേർന്നു ക്രിസ്തുവിലൂടെ ദൈവവുമായി സംസാരിക്കുന്നു; ഒരേയൊരു അപ്പം ഭക്ഷിക്കുന്നു; ഒരേയൊരു ക്രിസ്തുവിനു വാക്കിലൂടേയും ജീവിതത്തിലൂടേയും സാക്ഷ്യം നല്കുന്നു. ഒരേ സ്നേഹത്തിൽ ജീവിക്കുന്നു. ഒരേയൊരു പരിശുദ്ധാത്മാവിനെയാണു് എല്ലാവരും സ്വീകരിച്ചിരിക്കുന്നതു്. ക്രിസ്തു അവർക്കിടയിൽ സന്നിഹിതനാണു് എപ്പോഴും. ചുരുക്കത്തിൽ "ക്രൈസ്തവസമൂഹം ദൈവസാന്നിദ്ധ്യം വിളിച്ചറിയിക്കുന്ന ഒരടയാളമാണു്"[1].

സുവിശേഷത്തിൻെറ ഉദ്ഘോഷമാണു ക്രൈസ്തവസമൂഹങ്ങൾ രൂപമെടുക്കുവാൻ കാരണമാകുക. സുവിശേഷഘോഷണത്തിൻെറ ഫലമാണു്; അതാണുതാനം സുവിശേഷഘോഷണത്തിൻെറ ലക്ഷ്യവും. ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന പരിശുദ്ധാത്മാവ് സകലരേയും ഒന്നിപ്പിക്കുകയും ഒരൊററ ജനമാക്കിയെടുക്കുകയും ചെയ്യുന്നു. "ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ക്ഷയിച്ചുപോകുന്ന ബീജത്തിൽനിന്നല്ല, പ്രത്യുത, ദൈവത്തിൻെറ ജീവനുള്ള വചനത്തിൽനിന്നും[2]; മാംസത്തിൽനിന്നല്ല, പ്രത്യുത ജലത്തിൽനിന്നും പരിശുദ്ധാത്മാവിൽനിന്നുമാണു്[3] പുനർജനനം പ്രാപിക്കുന്നതു്. ഇവർ 'തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപൗരോഹിത്യവും

---

1 A. G. n. 15.
2. 1 പത്രോസ് 1: 23.
3. യോഹ. 3: 56

വിശുദ്ധീകരിക്കപ്പെട്ട ജനപദവും ദൈവം തനിക്കായി നേടിയെടുത്ത ജനതയും'...ആയിരിക്കുന്നു".[1]

"ദൈവത്തിൻെറ സഹപ്രവർത്തകരായ"[2] മിഷനറിമാർക്കു് ഒരു പ്രത്യേകകടമയുണ്ടു്: "ആദ്യം ഒരു ജനതയല്ലാതിരിക്കുകയും ഇപ്പോൾ ദൈവത്തിൻെറ ജനവുമായ"[3] ഒരു സമൂഹത്തിനു രൂപം കൊടുക്കുക. സ്വന്തം ആവശ്യങ്ങൾ കഴിയുന്നിടത്തോളം സ്വയം നിർവ്വഹിക്കാൻ കഴിവുള്ള സമൂഹങ്ങൾ കരുപ്പിടിപ്പിക്കുവാനും മിഷനറിമാർ ശ്രദ്ധിക്കണമെന്നാണു ഡിക്രി അനുസ്മരിപ്പിക്കുന്നതു്. ചുററുപാടുമുള്ള മനുഷ്യർക്കു് അപരിചിതവും വൈദേശികവുമായി ഈ സമൂഹങ്ങൾ തോന്നാനിടവരുതു്. അതതു ദേശത്തിൻെറ സാംസ്കാരികപാരമ്പര്യത്തെ അവഗണിക്കുകയുമരുതു്. ക്രൈസ്തവസമൂഹങ്ങൾ അവിടങ്ങളിലെ സംസ്കാരത്തിൽനിന്നുത്ഭവിച്ചു് അതിൽത്തന്നെ ലയിച്ചു വളരണം. സഹപൗരന്മാരുമായുള്ള സമ്പർക്കത്തിലും പെരുമാററത്തിലും സമൂഹത്തിനു നല്കുന്ന സേവനപരിപാടികളിലുമെല്ലാം ക്രൈസ്തവാരൂപിയും സുവിശേഷചൈതന്യവും നിറഞ്ഞുനില്ക്കണം. ക്രൈസ്തവനെപ്പോലെ ക്രൈസ്തവസമൂഹവും ക്രിസ്തുവിനു സാക്ഷ്യം വഹിക്കണം; ക്രൈസ്തവവ്യക്തികളുടെ സമൂഹാത്മകമായ സാക്ഷ്യമാണതു്.

1. 1 പത്രോസ് 2: 9-10; cfr. L. G. n. 9
2. A. G. n. 15.
3. 1 പത്രോസ് 2: 10; cfr. L. G. n. 9.

മററൊന്നുകൂടി നാമോർക്കണം. ഓരോ ക്രൈസ്തവസമൂഹവും സഭയുടെ ഓരോ പ്രതീകമാണു്; ഓരോ കൊച്ചു പതിപ്പാണു്; സഭയെ ഒന്നാകെ ഒരു പ്രത്യേകസ്ഥലത്തു പ്രതിനിധാനം ചെയ്യുകയാണു്.

വിവിധറീത്തുകളിൽപെട്ട സമൂഹങ്ങളടുത്തടുത്തു കഴിയേണ്ടി വന്നേക്കാം. അവർക്കിടയിൽ സ്നേഹവും ധാരണയും ഐക്യവും പുലർത്താൻ മിഷനറിമാർ സഹായിക്കണം. ഇതിനൊക്കെയായി ഓരോ സമൂഹത്തേയും ശ്രദ്ധാപൂർവ്വം പരിശീലിപ്പിക്കുകയും പരിപക്വമാക്കിയെടുക്കുകയും ആവശ്യമാണു്.

ഐക്യമേനിസത്തിൻേറതായ ഒരു അന്തരീക്ഷവും അരൂപിയും പുതിയതായി രൂപമെടുക്കുന്ന സമൂഹങ്ങളിൽ പ്രത്യേകം പുലർത്തണമെന്നു ഡിക്രി എടുത്തു പറയുന്നുണ്ടു്. മററു ക്രൈസ്തവവിഭാഗങ്ങളിൽ കാണുന്ന നന്മയായിട്ടുള്ളവയെ ആദരിക്കാനും അവയ്ക്കു വില കല്പിക്കുവാനും പൊതു താല്പര്യവും പൊതുനന്മയുമുള്ള കാര്യങ്ങളിൽ അവരോടൊത്തു സഹകരിക്കാനും ഈ നവാഗതരെ പഠിപ്പിക്കണം. ജ്ഞാനസ്നാനത്തിലൂടെ ദൈവജനത്തിൻേറ ദാനങ്ങളിൽ അവരും പങ്കുകാരായിരിക്കുകയാണു്. സഭ അനുവദിക്കുന്നിടത്തോളം അകത്തോലിക്കസഹോദരങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കാൻ ക്രൈസ്തവസമൂഹങ്ങളെ ആദ്യംമുതല്ക്കേ പരിശീലിപ്പിക്കണം. ഐക്യമേനിക്കൽചൈതന്യം നിറഞ്ഞുനില്ക്കുന്നിടത്തോളം കാലമേ ക്രിസ്തുവിനു വിശ്വസ്തതാപൂർവ്വം

സാക്ഷ്യംവഹിക്കാൻ ക്രൈസ്തവസമൂഹങ്ങൾക്കു കഴിയൂ. വിശ്വാസസംബന്ധമായ കാര്യങ്ങളെ പ്രത്യക്ഷമായോ നേരിട്ടോ സ്പർശിക്കാത്ത മേഖലകളിൽ സഹകരണാടിസ്ഥാനത്തിൽ അകത്തോലിക്കരുമായി പ്രവർത്തിക്കാം. ധാർമ്മികതത്വങ്ങളേയും മൂല്യങ്ങളേയും പ്രകൃതിനിയമങ്ങളേയും സംരക്ഷിക്കാനും സ്കൂളുകൾ, കുടുംബം, ആശുപത്രികൾ, സാമൂഹികപ്രവർത്തനങ്ങൾ എന്നിവയിലൂടെ അവയെ പൊതുജീവിതത്തിൽ രൂഢമൂലമാക്കുവാനും ക്രൈസ്തവർക്കു കഴിയും.

ഈ എക്യുമേനിക്കൽവീക്ഷണവും സഹകരണാരൂപിയും വളർത്തണമെങ്കിൽ മിഷനറിമാരിൽ ആദ്യമേ അവയുണ്ടായിരിക്കണം. കത്തോലിക്കരും അകത്തോലിക്കരുമായ മിഷനറിമാർ മാത്സര്യവും വിദ്വേഷവും വച്ചുപുലർത്തിക്കൊണ്ടു ക്രിസ്തുവിനെ പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ അവരുടെ വാക്കുകൾക്കും സാക്ഷ്യത്തിനും എന്തു വില കല്പിക്കാനാവും? അകത്തോലിക്കരും നാം പ്രസംഗിക്കുന്ന അതേ ക്രിസ്തുവിനെയാണു പ്രസംഗിക്കുക. ഒരുവിധത്തിൽപ്പറഞ്ഞാൽ അവരും ജ്ഞാനസ്നാനത്തിലൂടെ സഭയ്ക്കുള്ളിലാണ്. ഈ വീക്ഷണകോണിൽക്കൂടി നമുക്കവരെ നോക്കിക്കാണാൻ ശ്രമിക്കാം. തെററുകൾ തിരുത്തുവാനും സ്നേഹത്തോടും രമ്യതയോടും ധാരണയോടുംകൂടി പ്രവർത്തിക്കാനുമുള്ള മനോഭാവമിന്നു കൈവന്നിട്ടുണ്ടെന്നതു സമാശ്വാസകരംതന്നെ.

അകത്തോലിക്കരുമായി വാദപ്രതിവാദത്തിലേർപ്പെടുന്നതിനു പകരം സുഹൃത്സംഭാഷണത്തിലേർപ്പെടാൻ ക്രൈസ്തവസമൂഹങ്ങളെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയുമാണാവശ്യം. ദൈവശാസ്ത്രപരമോ താത്വികമോ ആയ കാര്യങ്ങളിൽ സംഭാഷണമാരംഭിക്കാൻ അവർക്കു കഴിഞ്ഞെന്നുവരില്ല. ആദ്യകാലത്തു് അങ്ങനെ തുടങ്ങുന്നതു് അവരെസ്സംബന്ധിച്ചിടത്തോളം ബുദ്ധിപൂർവ്വമാണെന്നു കരുതാനാവില്ല. അനുദിനജീവിതത്തിലെ സാധാരണസംഭവങ്ങളിൽ നിന്നായിരിക്കട്ടെ ഇത്തരം സുഹൃത്സംഭാഷണത്തിന്റെ തുടക്കം.

തങ്ങളുടെയിടയിൽനിന്നു ദൈവവിളികൾ ധാരാളമായി പ്രോത്സാഹിപ്പിക്കാനും പരിപോഷിപ്പിക്കാനും ക്രൈസ്തവസമൂഹത്തിലെ സകലർക്കും കടമയുണ്ടു്. വൈദികരോ ഡീക്കന്മാരോ ആകുവാനുള്ളവരെ തിരഞ്ഞെടുത്തയയ്ക്കണം. ക്രൈസ്തവസമൂഹത്തെ പോററുകയും പരിപുഷ്ടമാക്കുകയും ചെയ്യുന്നതിവരാണു്. പുറത്തുനിന്നാരെങ്കിലും കടന്നുവന്നിതു നിർവ്വഹിക്കുക അത്ര സുസാധ്യവും പ്രായോഗികവുമല്ല. പ്രാദേശികസഭ വളരുകയും സ്വയം പര്യാപ്തമാവുകയും ചെയ്യണമെങ്കിൽ അവിടെനിന്നുതന്നെ വൈദികരും കന്യാസ്ത്രീകളുമൊക്കെയുണ്ടാവണം; തന്നെയല്ല ഒരു പ്രദേശത്തെ സാമൂഹികസാംസ്കാരികമണ്ഡലത്തിൽ വേരൂന്നിനില്ക്കാൻ പ്രാദേശിക സഭ, കഴിവുററവളാകണമെങ്കിൽ അവിടത്തെ ജനങ്ങളെ സേവിക്കാൻ കഴിയുന്ന പ്രാദേശികവൈദികരുണ്ടാവുക ആവശ്യമാണു്.

## ഏതദ്ദേശീയവൈദികർ

പ്രാദേശികവൈദികരുടെ പല സംഘങ്ങൾ ഒന്നിക്കുമ്പോഴാണു ദേശീയവൈദികരുടെ സംഘമുണ്ടാവുക. പ്രാദേശികസഭകളുടെ വളർച്ചയ്ക്കും വികാസത്തിനും പ്രാദേശികവൈദികരാവശ്യമായിരിക്കുന്നതുപോലെ ഒരു പ്രത്യേകദേശത്തെമ്പാടും സഭ വളർന്നു വികസിക്കണമെങ്കിൽ തദ്ദേശീയവൈദികരാവശ്യമാണു്. "ചെറിയകാര്യങ്ങളിൽ മിഷനറിമാരെ സഹായിക്കുകയും അവരുടെ പ്രവർത്തനങ്ങളെ പൂർത്തിയാക്കുകയും മാത്രമല്ല തദ്ദേശീയവൈദികർക്കു ചെയ്യുവാനുള്ളതു്. തങ്ങളുടെ തന്നെ ജനങ്ങളെ ഭരിക്കാനും നയിക്കാനുമവർക്കവകാശമുണ്ടു്. പ്രേഷിതപ്രവർത്തനം പുരോഗമിച്ചുകഴിഞ്ഞ പ്രദേശങ്ങൾ തദ്ദേശീയവൈദികരെ ഏല്പിക്കുക കൂടുതൽ നവാഗതരെ നേടുവാൻ സഹായിക്കുകയില്ലേ?"[1]

തദ്ദേശീയവൈദികരായ മിഷനറിമാർക്കു കൂടുതൽ ആളുകളെ ക്രിസ്തുവിലേക്കു നയിക്കുവാൻ കഴിയുന്നതിന്റെ കാരണം മാർപ്പാപ്പാ വിശദമാക്കുന്നുണ്ടു്. അവർക്കിടയിൽ ജനിച്ചുവളർന്നു വികാരപരമായും വിചാരപരമായും ചിന്താപരമായും അവരോടിണങ്ങിച്ചേർന്നവരാണു തദ്ദേശീയവൈദികർ. അതുകൊണ്ടു്, ചുററുമുള്ളവരിൽ വിശ്വാസമേകാൻ അവർക്കു വേഗം കഴിയും; അതി

1. Pius XI, "Rerum Ecclesiae".

നേററം ഉചിതമായ മാറ്റം കൈക്കൊള്ളാനും അവർക്കറിയാം. വിദേശിയരായ മിഷനറിമാർക്കു കടക്കാൻ കഴിയാത്തിടങ്ങളിൽ ഇവർക്കെളുപ്പം കടന്നു ചെല്ലാം. ഭാഷയുടെ കാര്യമാണു വിദേശമിഷനറിമാരുടെ മറെറാരു പ്രശ്നം. നാട്ടുഭാഷകൾ പഠിച്ചാൽത്തന്നേയും അവയിലൂടെയുള്ള ആശയപ്രകാശനമത്ര വ്യക്തവും പൂർണ്ണവുമായിരിക്കുകയില്ല. ഇങ്ങനെ സുവിശേഷത്തിൻെറ ഫലപ്രദമായ ഉദ്ഘോഷണത്തെ ദോഷകരമായി ബാധിക്കുന്ന പലതിനേയും നിഷ്പ്രയാസം നേരിടാൻ തദ്ദേശീയ മിഷനറിമാർക്കു കഴിയും.

ദൈവാനുഗ്രഹങ്ങളുടേയും ദൈവികജീവൻേറയും സഭാപഠനങ്ങളുടേയും സംവാഹകരാണു മിഷനറിവൈദികർ മിഷൻരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം. അവ ജനങ്ങൾക്കു പൂർണ്ണമായി ലഭിക്കണമെങ്കിൽ അവരുടെ ജീവിതത്തോടനുരൂപവും അവർക്കു സുഗ്രഹവുമായ വിധത്തിലവ നല്കണം. അതിനു്, ജനങ്ങളുടെ ജീവിതരീതിയും ജീവിതസാഹചര്യവും നന്നായറിയാവുന്ന തദ്ദേശീയമിഷനറിവൈദികർതന്നെ വേണം. ജനങ്ങളുടെയിടയിൽത്തന്നെ ജനിച്ചുവളർന്നുവന്ന വൈദികർക്കേ അവരുടെ ചിന്താഗതിയും ജീവിതവീക്ഷണവും അഭിരുചികളും മനഃശാസ്ത്രവുമെല്ലാം ശരിക്കറിയുവാനും അവയ്ക്കനുസൃതമായി ദേശീയസഭയുടെ ബാഹ്യഘടകങ്ങൾക്കു രൂപം നല്കാനും കഴിയൂ. തദ്ദേശീയവൈദികർ സമ്പൂർണ്ണമായി സഭാഭരണവും ശുശ്രൂഷാകർമ്മങ്ങ

ളും ഏറ്റെടുത്തു നിർവ്വഹിക്കുമ്പോൾ മാത്രമേ സഭ പൂർണ്ണമായും ദേശീയമാവൂ; പൂർണ്ണമായി ആ ദേശവുമായി താദാത്മ്യപ്പെടുകയുള്ളൂ.

അതുകൊണ്ടു ദേശീയവൈദികരേയും സന്യാസിമാരേയും പരിശീലിപ്പിച്ചെടുക്കുക—അതാണു മിഷനിലെ പ്രധാന ജോലി. ദേശീയവൈദികരുടെ നിയന്ത്രണത്തിലും ഭരണത്തിലുമുള്ള പ്രാദേശികസഭകളുടെ സ്ഥാപനമാണു പ്രേഷിതപ്രവർത്തനത്തിൻെറ ലക്ഷ്യംതന്നെ.

ദേശീയവൈദികരുടെ സംഖ്യ വർദ്ധിപ്പിക്കുക—അതു് അജപാലനപരമായ കടമയും പ്രേഷിതപ്രാധാന്യമുള്ള ധർമ്മവുമാണെന്നു മാർപ്പാപ്പാമാർ ഇടയ്ക്കിടെ മെത്രാന്മാരെ അനുസ്മരിപ്പിച്ചുകൊണ്ടിരുന്നു. പതിനഞ്ചാം ബനഡിക്ട് മാർപ്പാപ്പായുടെ മാക്സിമും ഇല്ലുദ്, (1919), പതിനൊന്നാം പീയൂസിൻെറ 'റേരും എക്ലേസിയേ' (1926), പന്ത്രണ്ടാംപീയൂസിൻെറ 'എവാഞ്ചെലി പ്രെക്കോണെസ്' (1951), ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പായുടെ 'പ്രിൻചെപ്സ് പാസ്തോരും' (1959) എന്നീ ചാക്രികലേഖനങ്ങളിൽ ഇക്കാര്യം ഊന്നിപ്പറഞ്ഞിട്ടുണ്ടു്.

ദേശീയവൈദികരുടെ സംഖ്യ മിക്ക മിഷൻരാജ്യങ്ങളിലും ഉയർന്നുവരുന്നുണ്ടെന്നതു് ആശാവഹമാണു്. ആഫ്രിക്കയിലെ വൈദികരിൽ നാലിലൊരുഭാഗം ദേശീയരാണു്. ഏഷ്യയിലേതിൽ മൂന്നിൽ രണ്ടുഭാഗവും ദേശീയരാണു്.

ദേശീയവൈദികരുടെ പരിശീലനത്തോടനുബന്ധിച്ച് എന്തെല്ലാം പരിഗണിക്കുകയും ശ്രദ്ധിക്കുകയും ചെയ്യേണ്ടതുണ്ടെന്നു ഡിക്രി വിശദമായി നല്കുന്നുണ്ട്[1]. അവർക്കു ഭാവിയിൽ ഇടപഴകുവാനുള്ള ജനങ്ങളുടെ ചിന്താഗതി, പ്രവർത്തനരീതികൾ, പൊതുപ്രവണതകൾ, സംസ്കാരം എന്നിവയുമായി സമ്പർക്കത്തിലേർപ്പെടാൻ സൗകര്യമുണ്ടായിരിക്കണം. പ്രാദേശികമതങ്ങൾ, ആചാരങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയെപ്പററിയും ക്രിസ്തുമതത്തിനു് അവയുമായുള്ള സമ്പർക്കസാധ്യതകളെപ്പററിയും അവർക്കു വ്യക്തമായ അറിവാവശ്യമാണു്. സ്വജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ നിലവാരത്തേയും അവസ്ഥാവിശേഷങ്ങളെയുംപററി ഏതാണ്ടൊരു രൂപം ലഭിച്ചിരിക്കുന്നതും നല്ലതാണു്. അക്രൈസ്തവരുമായി സാഹോദര്യപൂർവ്വം പെരുമാറുവാനും തോളോത്തുനിന്നു പ്രവർത്തിക്കാനും വേണ്ട പരിശീലനവും അവശ്യം സിദ്ധിച്ചിരിക്കണം. ഉന്നതപഠനങ്ങൾ നടത്തിയ വൈദികരെ മിഷൻനാടുകളിൽ ആവശ്യമുണ്ടു്. എന്നാൽ, ഉപരിപഠനത്തിനയയ്ക്കുക സ്വന്തം നാട്ടിലെ വൈദികപരിശീലനത്തിനും പഠനത്തിനും കുറെക്കാലത്തെ അജപാലനപരമായ ജോലികൾക്കുംശേഷമായിരിക്കണം. അതിനുമുമ്പു് കഴിയുന്നിടത്തോളം വിദേശങ്ങളിലേക്കു് ആരേയും അയയ്ക്കാതിരിക്കുന്നതാണു നല്ലതു്. ദേശീയമായ അജപാ

---

1. A. G. n. 16.

ലനാവശ്യങ്ങൾക്കു യോജിച്ചതായിരിക്കുകയില്ല അവിട ങ്ങളിലെ പഠനവും പരിശീലനവും. "വൈദികവിദ്യാത്ഥികൾ കഴിയുന്നിടത്തോളം തങ്ങളുടെ ജനങ്ങളുമായി ഒരുമിച്ചു ജീവിച്ചും അവരുമായി ബന്ധപ്പെട്ടും തങ്ങളുടെ പഠനം"[1] നടത്തിയെങ്കിലേ അവരുടെ ഭാവിപ്രവത്തനങ്ങൾ വിജയമണിയുകയുള്ളു.

പ്രേഷിതപ്രവർത്തനത്തിൽ വൈദികരെ വളരെയധികം സഹായിക്കാൻ ആറാംപട്ടക്കാർക്കു കഴിയും. ദൈവശുശ്രൂഷയ്ക്കായി കൈവയ്പു സ്വീകരിക്കുന്നവരാണ് ഇവർ. മെത്രാനോടും വൈദികരോടുമുള്ള ഐക്യത്തിൽ ദൈവാരാധനാകർമ്മം, വചനശുശ്രൂഷ, പരസേവനം എന്നിവയിലൂടെ ദൈവജനത്തെ സേവിക്കുക—അതാണവരുടെ ദൈവവിളി. "നിയമാനുസൃതമായ തലവന്മാർ അധികാരപ്പെടുത്തുന്നതനുസരിച്ച് ആഘോഷപൂർവ്വമായ ജ്ഞാനസ്നാനം നല്കുക, ദിവ്യകാരുണ്യം സൂക്ഷിക്കുക, വിതരണം ചെയ്യുക, തിരുസ്സഭയുടെ നാമത്തിൽ വിവാഹകർമ്മത്തിൽ സഹായിക്കുകയും ആശീർവ്വദിക്കുകയും ചെയ്യുക, മരണാസന്നർക്കു തിരുപ്പാഥേയം നല്കുക, വിശ്വാസികൾക്കായി വി. ഗ്രന്ഥം വായിക്കുക, ദൈവജനത്തെ പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുക, വിശ്വാസികളുടെ ദൈവാരാധനാകർമ്മങ്ങളിലും പ്രാത്ഥനയിലും നേതൃത്വം വഹിക്കുക, കൂദാശാനുകരണങ്ങൾ പരികർമ്മം ചെയ്യുക, മര

1. A. G., n. 16.

ണാനന്തരകർമ്മങ്ങളിലും ശവസംസ്കാരത്തിലും ഔദ്യോഗികമായി പങ്കുകൊള്ളുക എന്നിവ ഡീക്കന്മാരുടെ (ആറാം പട്ടക്കാരുടെ) കടമയാണ്[1]. അതുകൊണ്ടു മിഷൻപ്രദേശങ്ങളിൽ, വൈദികർക്കു പതിവായി പോകാൻപററാത്തിടങ്ങളിൽ പ്രേഷിതപ്രവർത്തനവും മററു് ആദ്ധ്യാത്മികാവശ്യങ്ങളും നിർവ്വഹിക്കാൻ ഇവർക്കു കഴിയും. വൈദികർ വല്ലകാലത്തും ചെല്ലുന്നതുവരെ ആദ്ധ്യാത്മികപരിചരണവും സേവനവുമില്ലാതെ വിശ്വാസികൾ സാധാരണമായി അനാഥരായി കഴിയുകയായിരിക്കും. വേദാധ്യാപകരോ ഉപദേശിമാരോ കണ്ടെന്നു വരാം. അവരുടേയും പ്രവർത്തനാധികാരത്തിൻെറ പരിധി വളരെ പരിമിതമാണു്. ക്രൈസ്തവസമൂഹങ്ങളെ നയിക്കുകയും ഭരിക്കുകയും വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുവാൻ ഡീക്കന്മാരുടെ സഹായം അവശ്യാവശ്യകമാണു്. ഡീക്കൻ പട്ടത്തിൻെറ പുനരുദ്ധാരണം ഓരോ ദേശത്തേയും മെത്രാൻസംഘത്തിൻെറ തീരുമാനത്തിനു വിട്ടുകൊടുത്തിരിക്കുകയാണു്. 1966 ഒക്ടോബർമാസത്തിൽ നടന്ന ഭാരതത്തിലെ മെത്രാന്മാരുടെ ദേശീയ കോൺഫ്റൻസിൽ അല്മായർക്കു ഡീക്കൻ പദവി കൊടുക്കണമെന്ന നിർദ്ദേശം പതിനൊന്നിനെതിരെ 62 വോട്ടുകളുടെ ഭൂരിപക്ഷത്തോടെ പാസ്സായി.

---

1. L. G. n. 29.

## മതാധ്യാപകർ

പ്രേഷിതപ്രവർത്തനത്തിനായി സ്വയം സമർപ്പിച്ചിരിക്കുന്ന സ്ത്രീകളും പുരുഷന്മാരുമടങ്ങിയ മതാധ്യാപകരെ—ലക്ഷത്തിൽപ്പരം വരുമവർ—കൗൺസിൽ പ്രശംസിക്കുന്നു. വിശ്വാസത്തിന്റേയും സഭയുടേയും പ്രചാരണത്തിനായി അവർ നടത്തുന്ന അത്യന്താപേക്ഷിതമായ സേവനത്തിന്റെ പേരിൽ സഭയ്ക്കു് അവരോട്ട് അതീവമായ കൃതജ്ഞതയുണ്ട്. പല മിഷൻനാട്ടുകളിലേയും പ്രവർത്തനങ്ങളുടെ വിജയകാരണങ്ങളെടുക്കുമ്പോൾ ഈ മതാധ്യാപകരുടെ നിരന്തരവും അത്യധ്വാനപൂർണ്ണവുമായ പ്രവർത്തനമാണു മുൻപന്തിയിൽ വരിക. ഇവരില്ലായിരുന്നെങ്കിൽ ആഫ്റിക്കയിലെ വമ്പിച്ചതോതിലുള്ള മാനസാന്തരങ്ങൾ നടക്കുമായിരുന്നോ എന്നു സംശയിക്കണം. ലക്ഷക്കണക്കിനു് അക്രൈസ്തവർ വസിക്കുന്ന സ്ഥലങ്ങളിൽ ഒന്നോ രണ്ടോ മിഷനറിവൈദികർക്കെന്തു ചെയ്യാൻ കഴിയും? പലപ്പോഴും ജ്ഞാനസ്നാനത്തോടനുബന്ധിച്ച് ഏതാനും വാക്കുകൾ സംസാരിക്കാനേ മിഷനറിവൈദികനു സമയവും സൗകര്യവും കിട്ടാറുള്ളൂ. ജ്ഞാനസ്നാനത്തിനണയുന്നതുവരെ അക്രൈസ്തവരെ അഭ്യസിപ്പിച്ച് ഒരുക്കിയെടുക്കുന്ന ജോലിയും ഉത്തരവാദിത്വവും മുഴുവനായും മതാധ്യാപകന്റേതാണു്.

അതിവിപുലവും ഭാരിച്ചതുമായ ദൗത്യമാണു്

മിഷനറിവൈദികൻെറ സഹപ്രവത്തകരായ മതാദ്ധ്യാപകരുടേതു്. അവ ആവുന്നത്ര ഭംഗിയായി നിവ്വഹിക്കത്തക്കവിധമുള്ള പരിശീലനമവർക്കുണ്ടായിരിക്കണം. ആധുനികകാലത്തിനു പററിയ മതാധ്യാപകരെയാണാവശ്യം; സാംസ്കാരികമായി വളർച്ചയും പരിശീലനവും സിദ്ധിച്ചവരായിരിക്കണമെന്നു ഡിക്രി പ്രത്യേകം എടുത്തു പറയുന്നുണ്ടു്. ഉയർന്ന വിദ്യാഭ്യാസനിലവാരം പുലത്തുന്നവരായിരിക്കണം.മുൻകാലങ്ങളിൽ ധാമ്മികമായൊരു സ്വാധീനമുണ്ടായിരുന്നു അവക്കു്; അതു മതിയായിരുന്നു താനും. എന്നാലിന്നു ബൗദ്ധികവും സാംസ്കാരികവുമായ സ്വാധീനവും ആവശ്യമായി വന്നിരിക്കയാണു്. മതാധ്യാപനരീതികളുമായി പരിചയം ലഭിക്കുക, വിശുദ്ധ ഗ്രന്ഥത്തെപ്പററി ആഴമേറിയ പരിജ്ഞാനം സമ്പാദിക്കുക, ആരാധനക്രമത്തിൻെറ സ്വഭാവവും നിയമങ്ങളും മനസ്സിലാക്കുക, തുടർച്ചയായ ശിക്ഷണംവഴി മാതൃകായോഗ്യരായ വ്യക്തികളായി രൂപം പ്രാപിക്കുക—ഇങ്ങനെ മതാധ്യാപകർ നാനാമുഖമായ പരിശീലനവും ശിക്ഷണവും നേടിയവരായിരിക്കണം.

മതാധ്യാപകർക്കു പ്രേഷിതരംഗത്തു അദ്വിതീയമായൊരു സ്ഥാനവും ഗൗരവാവഹമായൊരു ചുമതലയുമാണുള്ളതു്. ഓരോ പ്രദേശങ്ങളിലും ആദ്യം കടന്നുചെന്നു ജനങ്ങളുമായി പരിചയപ്പെടുകയും സമ്പർക്കമാരംഭിക്കുകയും ചെയ്യുന്നതു മതാധ്യാപകരാണു്; അവർക്കേ ഇതു കഴിയൂ. മതാധ്യാപകർ അവരുടെയിടയിൽത്തന്നെ

ജീവിക്കുന്നവരായിരിക്കും. അതുകൊണ്ടു് അവരുടെ ഭാഷ മനസ്സിലാക്കാൻ സാധിക്കുന്നു; അവരുടെ ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, ചിന്താരീതി, ജീവിതസമ്പ്രദായങ്ങൾ, പാരമ്പര്യങ്ങൾ എല്ലാം നേരിട്ടറിയാനും കഴിയുന്നു. അവരുടെ പ്രയാസങ്ങളും യാതനകളും മനസ്സിലാക്കുവാനും അവരോടൊത്തു സഹിക്കാനും സഹതപിക്കാനും മതാധ്യാപകർക്കു് എളുപ്പം കഴിയും. ജ്ഞാനസ്നാനം സ്വീകരിച്ചവരെ പ്രാർത്ഥനകൾക്കും ആരാധനകൾക്കുമായി ഒന്നിച്ചുകൂട്ടുകയും വിശ്വാസരഹിതരെ ഉപദേശിക്കുകയും തെററു ചെയ്യുന്നവരെ തിരുത്തുകയും ശകാരിക്കുകയും ചെയ്യുക—ഇവയും മതാധ്യാപകർ ചെയ്യണം. സമൂഹത്തിൽ വഴക്കുകളുണ്ടാവും; അവ അവസാനിപ്പിച്ചു രമ്യത സ്ഥാപിക്കേണ്ടിവരും. മിഷൻ സ്റ്റേഷനിലെ സ്ഥിതിവിവരങ്ങളും പ്രശ്നങ്ങളും ആവശ്യങ്ങളും യഥാസമയം മിഷനറിയെ അറിയിക്കേണ്ടതും മതാധ്യാപകരാണു്. ചിലപ്പോൾ അടുത്തുള്ള ചില ചെറിയ സ്റ്റേഷനുകളും അവർക്കു ശ്രദ്ധിക്കേണ്ടതായി കാണും. വൈദികനു് എപ്പോഴും വന്നെത്താൻ സാധിക്കാത്തതുകൊണ്ടു് വചനശുശ്രൂഷ നടത്തുക, അത്യാവശ്യസന്ദർഭങ്ങളിൽ ജ്ഞാനസ്നാനം കൊടുക്കുക, ശവസംസ്കാരം നടത്തുക, രോഗികളെ സന്ദർശിക്കുകയും അവർക്കായി പ്രാർത്ഥനാകർമ്മങ്ങൾ നടത്തുകയും ചെയ്യുക—അങ്ങനെ പലതുംകൂടി മതാധ്യാപകൻെറ ചുമതലയിൽപ്പെടുന്നു. ഇടവകസംബന്ധമായ എല്ലാ രേഖകളും സൂക്ഷിക്കുക എന്ന ഉത്തരവാദിത്വവും അവരുടേതാ

ണു്. ഇങ്ങനെ നോക്കുമ്പോഠം മാതാധ്യാപകർ പ്രേഷിതപ്രവർത്തനത്തിലെ ഒരവശ്യഘടകമാണെന്നുതന്നെ പറയാം. മിഷനറിയുടെ സഹായകരും സഹപ്രവത്തകരും എന്നു് അവരെ വിളിക്കാം.

ഇങ്ങനെ വിസ്തൃതമായ പ്രവത്തനങ്ങഠം അവക്കുണ്ടെങ്കിലും പ്രധാനമായും മൂന്നുതരം പ്രവത്തനങ്ങളായി നമുക്കവയെ വേർതിരിക്കാം.

പ്രാർത്ഥനയിലൂടേയും പരിത്യാഗങ്ങളിലൂടെയുമുള്ള പ്രേഷിതപ്രവത്തനം—അതാണു് ആദ്യത്തെ വിഭാഗം. പ്രാത്ഥനയാണല്ലോ ഏററം പ്രധാനമായ പ്രേഷിതപ്രവത്തനം. ദൈവാനുഗ്രഹം മനുഷ്യരിലേക്കു വിളിച്ചുവരുത്തുന്ന മാഗ്ഗമാണതു്. മതാധ്യാപകൻെറ പ്രവർത്തനങ്ങളുടെ വിജയത്തിൻെറ രഹസ്യമിവിടെയാണു നമുക്കു കണ്ടെത്താനാവുക. പൊതുപൗരോഹിത്യത്തിൽ മതാധ്യാപകനും പങ്കു പററുന്നതുകൊണ്ടു ദിവ്യബലിയർപ്പണത്തിലും അയാഠം പങ്കു ചേരുന്നു. അങ്ങനെ തൻേറതായ എല്ലാ സഹനങ്ങളും ഉത്കണ്ഠകളും വേദനകളും അധ്വാനങ്ങളും തൻെറ ചുററിലുമുള്ളവരുടെ രക്ഷയ്ക്കായി ദിവ്യബലിയിൽ അയാഠം കാഴ്ചവയ്ക്കുന്നു.

അധ്യാപനത്തിലൂടെയുള്ള പ്രേഷിതപ്രവത്തനമാണു രണ്ടാമത്തേതു്. ഇതിലൂടെയാണു സഭയുടെ പ്രേഷിതപ്രവത്തനത്തിൽ ഏററം സജീവമായും ക്രിയാത്മകമായും അല്മായനായ മതാധ്യാപകൻ ഭാഗഭാക്കാകുന്നതും സ

ഹകരിക്കുന്നതും. പൂർണ്ണവും യഥാർത്ഥവുമായ അർത്ഥത്തിൽ അല്മായപ്രേഷിതനായിരിക്കുന്ന വ്യക്തി മതാധ്യാപകനാണ്. സുവിശേഷം പ്രസംഗിക്കാനായി ക്രിസ്തു നിയോഗിച്ചയച്ച എഴുപത്തിരണ്ടു ശിഷ്യന്മാരുടെ[1] അനുഗാമിയാണു മതാധ്യാപകൻ. മാനസാന്തരാനന്തരം നഗരവാസികളെ മുഴുവൻ ക്രിസ്തുവിൻെറ പക്കലേക്കു നയിച്ച സമരിയാക്കാരിയായ ആ സ്ത്രീയുടേതുപോലുള്ള[2] തീക്ഷ്ണതയുള്ളവനായിരിക്കണം മതാധ്യാപകൻ. പ്രഥമ രക്തസാക്ഷിയായ വി. സ്റ്റീഫനാണു മതാധ്യാപകൻെറ ആദർശപാത്രവും മാതൃകാപുരുഷനും. സുവിശേഷത്തിലും ലേഖനങ്ങളിലും നടപടികളിലുമെല്ലാം മതാധ്യാപകരായ അല്മായപ്രേഷിതരെപ്പററി പരാമർശിക്കുന്നുണ്ട്. അല്മായരും സഭയുടെ മൗലികഘടകമാണ് എന്നതാണ് അവരുടെ മതാധ്യാപനധർമ്മത്തിൻെറ ദൈവശാസ്ത്രപരമായ അടിസ്ഥാനം. മെത്രാനിൽനിന്നു കാനോനികനിയമനം ലഭിച്ച മതാധ്യാപകർ കാണും. അവർ മെത്രാൻെറ വിളിക്ക് അനുസരണയോടെ ചെവികൊടുക്കുകയും തങ്ങളെ ഭരമേല്പിച്ചിരിക്കുന്നവർക്കുവേണ്ടി സ്നേഹത്താൽ പ്രചോദിതരായി അർപ്പണാത്മകവും പരിത്യാഗപൂർണ്ണവുമായ അധ്വാനവും സേവനവും നല്കുകയും വേണം.

സഭയുടെ അധ്യാപനപരവും പൗരോഹിത്യപര

1 ലൂക്കാ 10: 1-9.
2, ജോൺ 4: 28-30.

വും അജപാലനപരവുമായ കർമ്മങ്ങളിൽ മതാധ്യാപകനും ഭാഗഭാഗിത്വമുണ്ടെന്നതു വ്യക്തമാണല്ലോ. ഹയരാർക്കിയുടെ ഔദ്യോഗികവാക്താക്കളോ പങ്കാളികളോ അല്ലെന്നുവരികിലും ഹയരാർക്കിയുടെ പ്രേഷിതകടമയുടെ നിർവ്വഹണത്തിൽ സഹകാരിയും സഹായകനുമാണ് അയാൾ. സഭയിലെ ജീവനുള്ള ഒരു ഘടകവും ഒരംഗവുമാണ് അയാൾ. തൻെറ ജീവൻെറ ഒരംശം ചുററുപാടും വ്യാപിപ്പിക്കുവാൻ പൂർണ്ണവളർച്ച പ്രാപിച്ച ഏതൊരു വ്യക്തിക്കും അഭിനിവേശമുണ്ട്. അതുപോലെ, തൻെറ പക്കലുള്ള അതിസ്വാഭാവികജീവൻ സ്വന്തമായി കൈകളിലമർത്തിവച്ചുകൊണ്ടിരിക്കാതെ മററുള്ളവരേയും അതിൽ പങ്കുപററുവാനായി ക്ഷണിക്കുവാൻ ഏതൊരു ക്രൈസ്തവനും ആഗ്രഹിക്കുന്നു. പരസ്യമായി ഇതു നിർവ്വഹിക്കാനും വിശ്വാസം ഏററുപറയുവാനുംവേണ്ട ആത്മധൈര്യം സ്ഥൈര്യലേപനത്തിലൂടെ ലഭിക്കുന്നു. സ്ഥൈര്യലേപനത്തെ ക്രൈസ്തവപ്രവർത്തനത്തിൻെറ കൂദാശയെന്നു വിളിക്കാം.

സന്മാതൃകയിലൂടെയുള്ള പ്രേഷിതപ്രവർത്തനമാണു മൂന്നാമത്തേതു്. സന്മാതൃക കാണിക്കുവാൻ ക്രിസ്തു അപ്പസ്തോലന്മാരോടാവശ്യപ്പെട്ടിട്ടുണ്ടു്[1]. മതാധ്യാപകൻെറ ദൈനംദിനജീവിതം, കടമകളുടെ നിർവ്വഹണം, ഭക്താഭ്യാസങ്ങൾ, മററുള്ളവരുമായുള്ള സമ്പർക്കസാമീപ്യങ്ങൾ, കുടുംബത്തിലെ പെരുമാററങ്ങൾ—എല്ലാം

1. മത്തായി 5: 16

ക്രൈസ്തവജീവിതത്തിൻെറ ഉത്തമോദാഹരണമായിരിക്കണം: ഇത്തരമൊരു ആദർശപരമായ ക്രൈസ്തവജീവിതത്തിലൂടെ പ്രേഷിതപ്രവർത്തനം നടത്താൻ മതാധ്യാപകനുള്ള കടമ വലുതാണു്; ഗൗരവാവഹവുമാണു്. ഇതിനായി പ്രത്യേക പരിശീലനവും ശിക്ഷണവും സമ്പാദിക്കേണ്ടതുണ്ടു്. അവ നല്കുവാൻ കഴിയുന്ന സ്ഥാപനങ്ങൾ രൂപതാടിസ്ഥാനത്തിലും പ്രാദേശികാടിസ്ഥാനത്തിലും ഉണ്ടാകണമെന്നു ഡിക്രി ആവശ്യപ്പെടുന്നുണ്ടു്. "തങ്ങളിൽത്തന്നെ ക്രിസ്തീയതഴക്കങ്ങൾ വളർത്തിക്കൊണ്ടുവരുന്നതിനും മററുള്ളവരേയും ഭക്തിയിലും ജീവിതവിശുദ്ധിയിലും പരിശീലിപ്പിക്കുന്നതിനും പര്യാപ്തമായ സ്ഥാപനങ്ങൾ കൂടുതലുണ്ടാകണം"[1]. അവരുടെ ആധ്യാത്മികജീവിതത്തിൻെറ അഭിവൃദ്ധിയെ ലാക്കാക്കി ഡിക്രി മറെറാരു നിർദ്ദേശംകൂടി വയ്ക്കുന്നുണ്ടു്. "മതാധ്യാപകരുടെ ശുശ്രൂഷാപദ്ധതിക്കു സഹായകരമായ ശിക്ഷണത്തിലും സാങ്കേതികവശങ്ങളിലും നവീനവൈദഗ്ദ്ധ്യം പ്രാപിക്കുന്നതിനു് അവരുടെ ആധ്യാത്മികജീവിതം പോഷിപ്പിക്കപ്പെടുന്നതിനും ഉറപ്പിക്കപ്പെടുന്നതിനുംവേണ്ടി അവരുടെ സമ്മേളനങ്ങളും പഠനക്കളരികളും ഇടയ്ക്കിടയ്ക്കു നടത്തണം"[2].

മതാധ്യാപകർ മിക്കവരും കുടുംബജീവിതം നയിക്കുന്നവരാണു്. അവർക്കു പല ഗാർഹികപ്രശ്നങ്ങളും

---

1. A. G., n. 17; cfr. John XXIII, Princeps Pastorum, AAS 1959, 855.
2. A. G. n. 17

പ്രയാസങ്ങളുമുണ്ടായെന്നും വരും. അവയുടെനേരെ കണ്ണടച്ചിട്ട് മുഴുവൻസമയവും മതാധ്യാപനത്തിനും മററു പ്രേഷിതപ്രവർത്തനത്തിനുമായി നീക്കിവയ്ക്കുക സാഹസമാണ്; ഉപവിക്കു വിരുദ്ധമാണ്. എങ്കിലും ഈ മഹനീയ ദൗത്യത്തിനായി തങ്ങളെത്തന്നെ മുഴുവനായി സമർപ്പിച്ചിരിക്കുന്നവരുണ്ട്; അവർക്കു നീതിപൂർവ്വകമായ വേതനം നല്കണമെന്നും മാന്യമായ ജീവിതനിലവാരവും സാമൂഹികഭദ്രതയും കൈവരുത്താൻ അവരെ സഹായിക്കണമെന്നും ഡിക്രി ഉദ്ബോധിപ്പിക്കുന്നുണ്ട്.

അവസരോചിതമെന്നു തോന്നുന്നെങ്കിൽ വേണ്ടവിധം പരിശീലനം നേടിയ മതാധ്യാപകൾക്കു പരസ്യമായ തിരുക്കർമ്മാനുഷ്ഠാനംവഴി 'കാനോനിക ദൗത്യം' (Missio Canonica) നല്കുന്നതു് അഭിലഷണീയമായി കൗൺസിൽ കരുതുന്നു. മതാധ്യാപനജോലിയുടെ മാഹാത്മ്യം വ്യക്തമാക്കുകയും സഭയുടെ പ്രതിനിധികൾ എന്ന നിലയിലാണു തങ്ങൾ പഠിപ്പിക്കുന്നതെന്ന ബോദ്ധ്യം അവരിൽ ഉളവാക്കുകയുമാണു ആഘോഷപൂർവ്വമായ ഈ ചടങ്ങിന്റെ ലക്ഷ്യം. ദിവ്യബലിക്കിടയിലാണ് ഇതു നടത്തുക. ദിവ്യബലിയുടെ ആരംഭത്തിൽ മെത്രാൻ, പരിശീലനം പൂർത്തിയാക്കിയ മതാധ്യാപകരെ പേരുപറഞ്ഞു വിളിക്കുമ്പോൾ അവർ മദ്ബഹായുടെ മുമ്പിൽ മുട്ടുകുത്തുന്നു. അതിനുശേഷം മതാധ്യാപകരുടെ വിളിയെപ്പററി മെത്രാൻ പ്രസംഗിക്കും. സുവി

ശേഷവായന കഴിയുമ്പോൾ സുവിശേഷം എല്ലാവരേയും അറിയിക്കുക എന്നുപദേശിച്ചുകൊണ്ടു് ഓരോ സുവിശേഷഗ്രന്ഥം ഓരോരുത്തർക്കും നല്കുന്നു. പിന്നീടു വിശ്വാസപ്രമാണം അവർ പരസ്യമായി ചൊല്ലുന്നു. ദിവ്യബലിയുടെ അവസാനഭാഗത്തു് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന അവർ ചൊല്ലുന്നു. തന്റെ രൂപതയുടെ എല്ലാഭാഗങ്ങളിലും പഠിപ്പിക്കുന്നതിനു് മതാദ്ധ്യാപകർക്കു ദൗത്യം നല്കിക്കൊണ്ടു മെത്രാൻ അവരെ ആശീർവ്വദിക്കുന്നു. ഒരു കൈയിൽ കത്തിച്ച തിരിയും മറേറ കൈയിൽ സുവിശേഷഗ്രന്ഥവുമായി ദൈവാലയത്തിന്റെ വിവിധ വാതിലുകളിൽക്കൂടി അവർ പുറത്തേക്കിറങ്ങുന്നു. അപ്പസ്തോലന്മാർ വിവിധ സ്ഥലങ്ങളിലേക്കു സുവിശേഷഘോഷണത്തിനായി ഇറങ്ങിപ്പുറപ്പെട്ടതിനെയാണിതു സൂചിപ്പിക്കുക.

## സന്യാസസഭകളുടെ പങ്കു്

സന്യാസസഭകളുടെ ക്രിസ്തുകേന്ദ്രീകൃതമായ വശത്തിനാണു കൗൺസിൽ പ്രാധാന്യം കൊടുക്കുക. സന്യാസജീവിതം ക്രിസ്തുവിനെ കേന്ദ്രീകരിച്ചുനില്ക്കുന്ന ജീവിതമാണു്. സന്യാസജീവിതം നയിക്കുമ്പോൾ അവിടുത്തെ ഏററവുമടുത്തനുകരിക്കുകയാണു ചെയ്യുക. "വരൂ, എന്നെ അനുഗമിക്കൂ" എന്ന ക്രിസ്തുവിന്റെ വ്യക്തിപരമായ വിളിക്കുള്ള പ്രത്യുത്തരമാണു സന്യാസജീവി

തം. ക്രിസ്തുവിനു തന്നെത്തന്നെ ഒരു സമ്മാനമായി അർപ്പിക്കുകയാണു് ഈ ജീവിതം സ്വീകരിക്കുന്നയാൾ. ക്രിസ്തുവിലുള്ള ഈ നിത്യമായ അർപ്പണമാണു സന്യാസജീവിതത്തെ അമൂല്യമാക്കുന്നതു്. സന്യാസജീവിതം ക്രിസ്തുകേന്ദ്രീകൃതമാകയാൽ അവശ്യം സഭാകേന്ദ്രീകൃതവുമാണു്. ക്രിസ്തുവിനു സേവനമനുഷ്ഠിക്കുന്നവർ അവിടുത്തെ മൗതികശരീരത്തിനും സേവനമനുഷ്ഠിക്കുകയാണു ചെയ്യുക. എല്ലാത്തരം സന്യാസജീവിതവും, ധ്യാനപരമായ ആശ്രമജീവിതമുൾപ്പെടെ, പ്രേഷിതാത്മകമാണു്. ക്രിസ്തുവിനു സമർപ്പിതരായ സന്യാസിമാർ അവിടുത്തെ മൗതികശരീരത്തിൻെറ–സഭയുടെ–വളർച്ചയ്ക്കുവേണ്ടി പ്രയത്നിക്കാനാണു സമർപ്പിക്കപ്പെട്ടിരിക്കുക—എന്നു വച്ചാൽ പ്രേഷിതപ്രവത്തനത്തിനു്. ഈ പ്രേഷിതപ്രവർത്തനം സന്യാസജീവിതഘടനയിൽത്തന്നെ ഉൾപ്പെട്ടതാണെന്നു സന്യാസജീവിതപരിഷ്കരണത്തെപ്പററിയുള്ള ഡിക്രി പറയുന്നു[1]. തിരുസ്സഭ അവരെ ഭരമേല്പിച്ചതും തിരുസ്സഭയുടെ നാമത്തിൽ അവർ നിർവ്വഹിക്കുന്നതുമാണു് ഈ പ്രവത്തനങ്ങൾ. "അതുകൊണ്ടു് അവരുടെ സന്യാസജീവിതം മുഴുവനും പ്രേഷിതചൈതന്യത്താൽ നിർഭരമായിരിക്കണം; പ്രേഷിതജീവിതം സന്യാസചൈതന്യംകൊണ്ടു നിറഞ്ഞുമിരിക്കണം"[2]. സന്യാസജീവിതമനുഷ്ഠിക്കുന്നവരുടെ പ്രേഷിതകടമ ഉത്തേജിപ്പിക്കുന്ന മറെറാരു ഘടകമാണു് ഉപവി. ഇതിലൂടെ

1. cfr. n. 8
2. Ibid

അവർ സഭ മുഴുവനുമായി പ്രത്യേകമായ വിധം യോജി പ്പിക്കപ്പെടുന്നു. ഇക്കാരണത്താൽ സഭ മുഴുവന്റെയും ആദ്ധ്യാത്മികോന്നമനത്തിനായി അവരുടെ ജീവിതം പ്രതിഷ്ഠിക്കപ്പെടുക ആവശ്യമാണു്. ഇതിൽനിന്നാണു ക്രിസ്തുരാജ്യം എല്ലായിടത്തും എല്ലാവരിലും സ്ഥാപിക്കാനുള്ള അവരുടെ കടമ വരുന്നതു്[1].

ക്രിസ്തുദൗത്യത്തിന്റേയും സഭാജീവിതത്തിന്റേയും വിവിധവശങ്ങളെ വ്യക്തമായി പ്രകാശിപ്പിക്കുവാൻ സന്യാസസഭകളുടെ സാന്നിദ്ധ്യത്തിനു കഴിയുന്നതുകൊണ്ടു സഭ പുതിയതായി സ്ഥാപിതമാവുന്നിടങ്ങളിൽ സന്യാസസഭകളും ആരംഭിക്കണമെന്നു ഡിക്രി ആവശ്യപ്പെടുന്നുണ്ടു്. സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ അവർക്കു പല തരത്തിൽ സഹകരിക്കാനും സഹായിക്കാനും കഴിയും. അതിനുള്ള എല്ലാ സാഹചര്യങ്ങളും സന്ദർഭങ്ങളുമവർക്കുണ്ടായിരിക്കണം. ഈ പ്രേഷിതസഹകരണം ശരിയായി നിർവ്വഹിക്കാൻ പര്യാപ്തരാവണമെങ്കിൽ സന്യാസികൾക്കു ശരിയായ പരിശീലനം സിദ്ധിച്ചിരിക്കണം. ഒരേ പ്രേഷിതലക്ഷ്യത്തോടുകൂടിയ ഒന്നിൽ കൂടുതൽ സഭകൾ ഒരേ സ്ഥലത്തുണ്ടാവാതിരിക്കാൻ ശ്രദ്ധിക്കണമെന്നു കൗൺസിൽ പ്രത്യേകം അനുസ്മരിപ്പിക്കുന്നുണ്ടു്. ഇന്നു പല മിഷൻരംഗങ്ങളിലും പ്രേഷിതപ്രവർത്തനത്തിൽ അത്യന്താപേക്ഷിതവും അമൂല്യവുമായ സഹായസഹകരണങ്ങൾ സന്യാസസഭ

1. cfr. L. G. n 44

കഠം നല്കിക്കൊണ്ടിരിക്കുന്നു. ഇവരുടെ സ്തുത്യർഹ സേവനങ്ങളെ അങ്ങേയററം ശ്ലാഘിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ടു്[1]. ക്രിയാത്മകപ്രവർത്തനങ്ങഠംക്കു പുറമേ നിശ്ശബ്ദമായി നിർവ്വഹിക്കുന്ന മററൊരു പ്രേഷിതപ്രവർത്തനമുണ്ടു്: ക്രൈസ്തവജീവിതത്തിന്റെയും ദൈവവിളിയുടേയും ആന്തരികസ്വഭാവം പ്രകടമാക്കുകയും സ്പഷ്ടമാക്കുകയും ചെയ്തുകൊണ്ടു് മററുള്ളവർക്കു് അടയാളവും സാക്ഷ്യവുമായിരിക്കുക. ആന്തരിക സമർപ്പണത്തിലൂടേയും ജീവിതവിശുദ്ധിയിലൂടേയും വിശുദ്ധിതന്നെയായ ദൈവത്തിന്റെ അടയാളമായി ക്രൈസ്തവർക്കും അക്രൈസ്തവർക്കുമിടയിൽ സന്യാസികഠം ജീവിക്കുന്നു. ഈലോകത്തിനപ്പുറത്തുള്ള ഒരു ലോകത്തിലേക്കു കൈചൂണ്ടുന്നതോടൊപ്പം അക്രൈസ്തവർക്കിടയിൽ ക്രിസ്തുവാകുന്ന ദീപത്തിന്റെ പ്രകാശധാര ചൊരിയുകയും ചെയ്തുകൊണ്ടു് അവർ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു.

ധ്യാനപരമായ ആശ്രമജീവിതം നയിക്കുന്ന സഭകളും പ്രാദേശികസഭകളിലുണ്ടാവണമെന്നു കൗൺസിൽ അഭിലഷിക്കുന്നു. കാരണം, സഭയുടെ സാന്നിദ്ധ്യം അവയിലൂടെ പൂർണ്ണമായും സമഗ്രമായും അനുഭവപ്പെടുന്നു. "അദൃശ്യമെങ്കിലും സമൃദ്ധമായ അവരുടെ പ്രേഷിതത്വത്താൽ ദൈവജനത്തെ അവർ വിപുലമാക്കുന്നു"[2].

1. cfr. L. G. n. 46.
2. സന്യാസജീവിതം n. 7

"ധ്യാനപരമായ ജീവിതം സഭയുടെ സാന്നിദ്ധ്യത്തിൻെറ തികവിനു് ആവശ്യകമായിരിക്കുന്നതുകൊണ്ടു് അതു പുതിയ സഭകളിലെല്ലാം സ്ഥാപിക്കപ്പെടേണ്ടതാണു്"[1]. അവയുടെ സ്ഥാപനത്തിനും വളർച്ചയ്ക്കുമായി എന്തൊക്കെ ചെയ്യണമെന്നു ഡിക്രി ചൂണ്ടിക്കാട്ടുന്നുണ്ടു്: കാതലായ വശങ്ങളെ പുലർത്തിക്കൊണ്ടു വിലയേറിയ പാരമ്പര്യങ്ങൾ വളർത്തുവാൻ ശ്രമിക്കുക; പുരാതന ആശ്രമജീവിതത്തിൻെറ ലളിതമായ തപശ്ചര്യകളിലേക്കു പിന്തിരിയുക; സ്ഥലത്തെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുവാൻ ശ്രമിക്കുക.

---

1. A. G. n. 18.

ഏഴ്

# പ്രാദേശികസഭകൾ

സുവിശേഷഘോഷണം നിർവ്വഹിച്ചതുകൊണ്ടോ ഏതാനും ആളുകളെ അങ്ങിങ്ങായി മാനസാന്തരപ്പെടുത്തിയതുകൊണ്ടോ പ്രേഷിതപ്രവർത്തനം പൂർണ്ണമാവുന്നില്ല. സാർവ്വത്രികസഭയുടെ പ്രതീകവും കൊച്ചുപതിപ്പുമെന്നു വിശേഷിപ്പിക്കാവുന്ന പ്രാദേശികസഭകളുടെ രൂപവത്കരണത്തോടെ മാത്രമേ പ്രേഷിതപ്രവർത്തനം പൂർണ്ണമായെന്നു പറയാനാവൂ; അപ്പോൾ മാത്രമേ പ്രേഷിതപ്രവർത്തനത്തിൻെറ ലക്ഷ്യം സാധിച്ചെന്നു കരുതാനാവൂ. "ക്രൈസ്തവസത്യത്തിൻെറ ദീപം ഒരിക്കലും കടന്നു ചെല്ലാത്തവർക്കിടയിൽ അതു തെളിക്കുക; അവരുടെയിടയിൽനിന്നു പുതിയ ക്രൈസ്തവരെ സമ്പാദിക്കുക—ഇവയെല്ലാം മിഷൻപ്രവർത്തനത്തിൻെറ ലക്ഷ്യങ്ങളാണ്. എന്നാൽ, ഏററം അടിസ്ഥാനപരവും എപ്പോഴും കൺമുമ്പിലുള്ളതുമായ ലക്ഷ്യം, ജനപദങ്ങൾക്കിടയിൽ സ്വന്തമായൊരു ഭരണാധികാരവും അ

ധികാരികളുമുള്ള സഭയെ സ്ഥാപിക്കുക എന്നതാണു""[1].

സഭ ലോകമെങ്ങും വളർന്നു വികസ്വരമാവണം. പ്രാദേശികസഭകളിലൂടെയാണു ഈ വളർച്ച സാധിക്കുക. വിവിധ പ്രാദേശികസഭകൾ ചേർന്നാണു് ഏകവും സാർവ്വത്രികവുമായ തിരുസ്സഭയുണ്ടായിരിക്കുന്നതു്. എവിടെയെല്ലാം പുതിയ പുതിയ പ്രാദേശികസഭകളുണ്ടാകുന്നോ അവിടെയെല്ലാം സാർവ്വത്രികസഭ കടന്നുവരികയാണു്; അവിടെയെല്ലാം സഭ സ്ഥാപിതമാവുകയാണു്. പ്രാദേശികസഭയുടെ രൂപവത്കരണത്തെ "ഒരു പ്രത്യേകസമൂഹത്തിലെ സഭാസ്ഥാപനം"[2] എന്നാണു ഡിക്രി വിളിക്കുക. ഒരു പ്രദേശത്തുള്ള നവാഗതരായ ക്രൈസ്തവർ ഒരു മെത്രാന്റെ നേതൃത്വത്തിൽ ഒരൊററ സമൂഹമാകുന്നതോടെ പ്രാദേശികസഭ രൂപം കൊള്ളുന്നു. സുവിശേഷഘോഷണത്തിനും മാനസാന്തരത്തിനുംശേഷം "സാമൂഹികജീവിതത്തിൽ വിശ്വാസികളുടെ സമൂഹം ആഴമായി സംസ്ഥാപിതമാകുന്നതോടെ"[3] ഈ സഭാസ്ഥാപനം അവശ്യാവശ്യമായി വരുന്നു. തങ്ങൾ വസിക്കുന്ന പ്രദേശത്തെ മനുഷ്യസമൂഹത്തിലെ ഒരു പ്രത്യേകവിഭാഗമാണു വിശ്വാസികളുടെ ഈ സമൂഹം. എന്നാൽ, ചുററുമുള്ള അക്രൈസ്തവരുമായുള്ള

---

1. Pius XII "*Evangelii Praecones*"
2. A. G. n. 19.
3. A. G. n. 19.

മാനുഷികവും സാമൂഹികവുമായ ബന്ധങ്ങൾക്ക് ഉലച്ചിലേശാനിടയാകാതെ സാധാരണമായിത്തന്നെ ക്രൈസ്തവർ ജീവിക്കുകയും പെരുമാറുകയും ചെയ്യണം. ഒരു തരത്തിലും മററുള്ളവരിൽനിന്നു വ്യത്യസ്തവും വിഭിന്നവുമായൊരു ഗ്രൂപ്പായിരിക്കരുത് ക്രൈസ്തവസമൂഹം. മാതൃകാപരവും അനുകരണീയവുമായ ക്രൈസ്തവജീവിതത്തിൻെറ കാര്യത്തിൽ മററുള്ളവരിൽനിന്നു വിഭിന്നരാകാതിരിക്കുകതന്നെ വേണം. ഏതായാലും സാമൂഹികജീവിതത്തിൻെറ മണ്ണിൽത്തന്നെ വേരൂന്നിനില്ക്കുന്നതായിരിക്കണം ക്രൈസ്തവസമൂഹം. ക്രൈസ്തവർ വിശ്വാസത്തിൽ ഉറപ്പും വളർച്ചയും മുററിയവരാകുമ്പോൾ, ഒരു സമൂഹത്തിനു രൂപംകൊടുക്കാൻ മാത്രം വിശ്വാസികളുണ്ടാകുമ്പോൾ കെട്ടുറപ്പും വേരുറപ്പുമുണ്ടാവുകതന്നെ ചെയ്യും. മറെറാന്നുകൂടിയുണ്ട്. ഒരു പ്രദേശത്തു സഭ ആഴമായി വേരൂന്നണമെങ്കിൽ അവിടത്തെ സംസ്കാരവുമായി സഭ അനുരൂപപ്പെടുകയും ഒരു പരിധിവരെ താദാത്മ്യപ്പെടുകയുംവേണം. അല്ലാത്തിടത്തോളംകാലം സഭ വൈദേശികമായും കൃത്രിമമായും അനുഭവപ്പെടും. അതു പ്രാദേശികസഭയുടെ വളർച്ചയ്ക്കും നിലനില്പിനും കോട്ടം വരുത്തുകയേയുള്ളു.

പ്രാദേശികസഭയ്ക്കു പ്രധാനമായും മൗലികമായും മൂന്നു ഘടകങ്ങളുണ്ട്: മെത്രാൻ, ഒരു പ്രത്യേക പ്രദേശം, മെത്രാൻെറ കീഴിലുള്ള വിശ്വാസികളുടെ ഒരു സമൂഹം. മെത്രാനാണു പ്രാദേശികസഭയുടെ അടിസ്ഥാനവും കേന്ദ്രബിന്ദുവും ഭരണാധിപനുമെല്ലാം. മെത്രാനെക്കൂടാതെ

പ്രാദേശികസഭ ഉണ്ടാവില്ല. മെത്രാനെ ചുഴ്ന്നാണ് അതു രൂപമെടുക്കുന്നതും വളരുന്നതും നിലനില്ക്കുന്നതും. സാർവ്വത്രികസഭയുമായി പ്രാദേശികസഭ ബന്ധം സ്ഥാപിക്കുന്നതും അതിൽനിന്നു ജീവനുൾക്കൊള്ളുന്നതുമെല്ലാം മെത്രാനിലൂടെത്തന്നെയാണ്. മെത്രാനോടൊപ്പം വൈദികരും സന്യാസികളും അല്മായരും പ്രാദേശികസഭയുടെ സജീവഘടകങ്ങളാണ്. ക്രിസ്തുവിൻെറ സന്ദേശം ഓരോ വ്യക്തിക്കും നല്കുക എന്ന ധർമ്മത്തിൻെറ ഫലപ്രദമായ നിർവ്വഹണത്തിനു് ഇവരെല്ലാവരും ഓരോ വിധത്തിൽ മെത്രാനെ സഹായിക്കേണ്ടതുണ്ടു്. അങ്ങനെ പ്രാദേശികസഭയുടെ വളർച്ചയ്ക്കും ഒപ്പം അതിൻെറ പ്രേഷിതപ്രവർത്തനത്തിനും മെത്രാനോടൊപ്പം സഭാംഗങ്ങളെല്ലാവരും ശ്രദ്ധിക്കുന്നു.

പ്രാദേശികസഭയെ ഇടവകകളായി വിഭജിക്കുന്നു. മെത്രാൻെറ സഹപ്രവർത്തകരും പ്രതിനിധികളുമായി വൈദികരെ ഈ ഇടവകകളിൽ നിയമിക്കുന്നു. അതുകൊണ്ടു് ഓരോ പ്രാദേശികസഭയ്ക്കും സ്വന്തമായി വൈദികരുണ്ടായിരിക്കണം. "ഒരു സമുദായത്തിൽ സഭാസ്ഥാപനയത്നം നിർണ്ണായകഘട്ടത്തിലെത്തുന്നതു് സാമൂഹികജീവിതത്തിൽ വേരുറച്ചിട്ടുള്ളതും സ്ഥലത്തെ സംസ്കാരങ്ങളുമായി ഏതാണ്ടു് അലിഞ്ഞു ചേർന്നിട്ടുള്ളതുമായ വിശ്വാസികളുടെ സമൂഹം ഉറച്ചതും ശാശ്വതവുമായ നിലയിൽ എത്തിച്ചേരുകയും ആവശ്യത്തിനുമതിയാവുകയില്ലെങ്കിലും സ്വന്തമായി വൈദികരും സന്യാസികളും അല്മായരും ഉണ്ടായിരിക്കുകയും സ്വന്തം

മെത്രാൻെറ നേതൃത്വത്തിൽ ദൈവജനത്തിൻെറ ജീവിതത്തിനും ജീവിതവികാസത്തിനും ആവശ്യമായ സ്ഥാപനങ്ങളും ശുശ്രൂഷകളും ഉണ്ടാവുകയും ചെയ്യുമ്പോഴാണു്"[1]. മെത്രാനും വൈദികരും സാർവ്വത്രികസഭയുമായി ഒന്നുചേർന്നു് ഒററ ശരീരമായിത്തീരുന്നു. സ്വന്തം ജനങ്ങൾക്കുവേണ്ടി സമർപ്പിതനും അവരുടെ പാലകനുമാണെങ്കിലും മെത്രാൻസംഘത്തിലെ അംഗമെന്ന നിലയിലും അപ്പസ്തോലന്മാരുടെ പിൻഗാമിയെന്നനിലയിലും ലോകമെങ്ങും പടന്നുകിടക്കുന്ന സഭ മുഴുവൻെറയും കാര്യത്തിൽ ജാഗ്രതയും താല്പര്യവും പുലർത്താൻ ഓരോ മെത്രാനും കടപ്പെട്ടവനാണു്. സാർവ്വത്രികസഭയുടെ പൊതുശിക്ഷണവും വിശ്വാസൈക്യവും പരിരക്ഷിക്കുവാൻ ശ്രമിക്കുക; ക്രൈസ്തവസഹോദരങ്ങളെ സ്നേഹിക്കാനുംസഹായിക്കാനും സ്വന്തം ജനങ്ങളെ ഉദ്ബോധിപ്പിക്കുക; സഭയുടെ പ്രേഷിതപ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക; അങ്ങനെ പ്രാദേശികസഭ സാർവ്വത്രികസഭയുടെ ഒരു ഭാഗമാണു് എന്ന ധാരണ ജനങ്ങൾക്കു നല്കുവാൻ ശ്രമിക്കുക—ഇവ വഴിയാണു സാർവ്വത്രികസഭയുമായി മെത്രാനും പ്രാദേശികസഭയ്ക്കുമുള്ള ബന്ധം സജീവമാകുന്നതു്[2]. സാർവ്വത്രികസഭയുമായുള്ള ഈ കൂട്ടായ്മബോധം മെത്രാനുമുണ്ടായിരുന്നാൽ പോരാ; വൈദികർക്കും വിശ്വാസികൾക്കും ഒന്നു

1. A. G., n. 19.
2. L. G. n. 23.

പോലെയുണ്ടായിരിക്കണം. എങ്കിലേ പ്രാദേശികസഭയ്ക്കു മുഴുവനായി ക്രൂട്ടായ്മബോധമുണ്ടെന്നു പറയാനാവൂ.

പ്രാദേശികസഭകളുടെ വളർച്ചയ്ക്ക് അല്മായർക്കു വളരെയേറെ ചെയ്യുവാനുണ്ട്. അവരിലൂടെ മാത്രമേ സാമൂഹിക സാംസ്കാരിക രാഷ്ട്രീയമേഖലകളെ സ്വാധീനിക്കാനും അങ്ങനെ സകലർക്കും സഭയുടെ സാന്നിധ്യവും സേവനവും അനുഭവവേദ്യമാക്കുവാനും സാധിക്കൂ.

ക്രൈസ്തവവ്യക്തികളുടെ ജീവിതത്തിൽനിന്നു് ഈ വളർച്ചയാരംഭിക്കണം. "ഇത്തരം പുതിയ സഭകളിൽ... ദൈവജനത്തിന്റെ ജീവിതം ക്രിസ്തീയജീവിതത്തിന്റെ എല്ലാ തുറകളിലും പരിപക്വമായിത്തീരണം"1. വ്യക്തികളുടെ ജീവിതം എല്ലാരംഗത്തും തികച്ചും ക്രൈസ്തവമാകുകയും പരിപക്വമാവുകയും ചെയ്യുമ്പോൾ പ്രാദേശികസഭ വളർന്നു തുടങ്ങുകയാണു്.. അവരുടെ ജീവിതം "വിശ്വാസത്തിന്റേയും ആരാധനയുടേയും പരസ്നേഹത്തിന്റേയും"2 ജീവിതമായി മാറണം. എല്ലാവരും ഇങ്ങനെയാവുന്നതോടെ "വിശ്വാസത്തിന്റേയും ആരാധനയുടേയും പരസ്നേഹത്തിന്റേയും" ഒരു സജീവസമൂഹമവിടെ രൂപമെടുക്കുന്നു. പൗരത്വപരവും പ്രേഷിതാത്മകവുമായ കർമ്മപരിപാടികളുണ്ടു് അല്മായർക്കു നിർവ്വഹിക്കാൻ. രാജ്യത്തെമ്പാടും സ്നേഹത്തിന്റേയും നീതിയുടേതുമായ സാമൂഹികവ്യവസ്ഥിതി കരുപ്പിടിക്കാൻ

1. A. G. n. 19.
2. Ibid.

യത്നിക്കുകയാണിതുവഴി അല്മായർ ചെയ്യുക. യഥാർത്ഥ ക്രിസ്തീയജീവിതവും കുടുംബജീവിതവുംവഴി അവരുടെ കുടുംബങ്ങൾ ചുററുമുള്ളവർക്കു മാതൃകകളായിരിക്കണം; സന്യാസവൈദികദൈവവിളികളുടെ കളരിയുമായിരിക്കണം. ഇതെല്ലാം പ്രാദേശികസഭയുടെ വികാസവും വളർച്ചയും സാധിക്കുവാൻ ആവശ്യകവും സഹായകവുമായ മാറ്റങ്ങളാണ്.

വളർച്ചയ്ക്കായി പാടുപെടുന്നവയാണു മിക്കപ്രാദേശികസഭകളും—പ്രത്യേകിച്ചും പുതിയതായി രൂപംപൂണ്ട സഭകൾ. വൈദികരുടെ കുറവ്, സാമ്പത്തിക പരാധീനതകൾ എന്നിവ അവയുടെ നാനാവിധ വളർച്ചയെ സാരമായി ബാധിക്കുന്നു. അതുകൊണ്ടു ഡിക്രി പ്രത്യേകം നിഷ്കർഷിക്കുന്നു: "പ്രാദേശികസഭകളുടെ വളർച്ചയ്ക്കും ക്രിസ്തീയജീവിതത്തിൻെറ പക്വതയ്ക്കും സർവ്വപ്രധാനമായി ഉപകരിക്കുന്ന സഹായങ്ങൾ നല്കിക്കൊണ്ടു സാർവ്വത്രികസഭ അതിൻെറ മിഷൻപ്രവർത്തനം തുടർന്നുകൊണ്ടുപോകുക അത്യാവശ്യമാണു"[1]. ചില പ്രാദേശികസഭകൾക്കു വളരെക്കാലത്തെ പഴക്കമുണ്ടെങ്കിലും അധഃപതനത്തിലും തളർച്ചയിലുമായിരിക്കാം ഇന്ന്. അങ്ങനെയുള്ളവയ്ക്കും പ്രേഷിതസഹായം നല്കണമെന്നു ഡിക്രി ആവശ്യപ്പെടുന്നുണ്ട്. സ്വയം പര്യാപ്തതയിലേക്കു വളരാനുള്ള ശ്രമം കൈവെടിയാതെ പുതിയ മാറ്റങ്ങളും ശ്രമങ്ങളുമാരംഭിക്കണം. ദൈവ

1. A. G. n. 19.

വിളിയുടെ വർദ്ധനത്തിൽ ശ്രദ്ധിക്കുകയാണ് ആദ്യം ചെയ്യേണ്ടതു്. അതോടൊപ്പം അജപാലന പരിപാടികളും പദ്ധതികളും ആവിഷ്കരിയ്ക്കുകയുമാവശ്യമാണ്. പ്രാദേശികസഭയുടെ വളർച്ച ഏററം പ്രധാനമാണ്; അതു സഭയുടെ മുഴുവൻ പ്രശ്നമാണ്.

## പ്രാദേശികസഭകളിലെ പ്രേഷിതപ്രവർത്തനം

സാർവ്വത്രികസഭ സ്വഭാവത്താലേ പ്രേഷിതയായിരിക്കുന്നതുപോലെ പ്രാദേശികസഭയും സ്വതേ പ്രേഷിതയാണ്. അക്രൈസ്തവരുടെയിടയിലേക്കു സാർവ്വത്രികസഭ അയയ്ക്കപ്പെട്ടിരിക്കുന്നതുപോലെ പ്രാദേശികസഭയും അയയ്ക്കപ്പെട്ടിരിക്കുന്നു. കാരണം, സാർവ്വത്രികസഭയെ ആവുന്നിടത്തോളം പ്രതിനിധാനം ചെയ്യുവാൻ പ്രാദേശികസഭ കടപ്പെട്ടിരിക്കുന്നു. ഓരോവ്യക്തിയും സമൂഹം മുഴുവനും അനുദിനജീവിതത്തിൻെറ സാക്ഷ്യത്തിലൂടെ ക്രിസ്തുവിനെ പ്രസംഗിക്കുവാൻ കടപ്പെട്ടവരാണ്. വചനത്തിൻെറ പ്രസംഗത്തിനുള്ള പശ്ചാത്തലമൊരുക്കുകമാത്രമാണിതുവഴി സാധിക്കുക. സുവിശേഷം പ്രസംഗിക്കപ്പെടണം; അതു മെത്രാൻെറ ധർമ്മമാണ്. അദ്ദേഹം സുവിശേഷം പ്രസംഗിക്കുകയും നവശിഷ്യരെ ക്രിസ്തുവിലേക്കു നയിക്കുകയും ചെയ്യേണ്ട മിഷനറിയാണ്[1]. ഈ സമുന്നതധർമ്മം നിർവ്വഹിക്കുവാൻ മെത്രാൻ നന്നായി തയ്യാറെടുക്കേണ്ടതുണ്ടു്. സ്വന്തം രൂപ

---

1. L. G. n. 25

തയുടെ അതിർത്തിക്കുള്ളിൽ വസിക്കുന്നവരുടെ ജീവിതസ്ഥിതികളും ദൈവത്തെപ്പററി അവർക്കുള്ള വ്യക്തിപരമായ ആശയഗതികളും മററും ശരിയായിത്തന്നെ ഗ്രഹിച്ചിരിക്കണം. അതിനു് ചുററുപാടുമുള്ള ജനങ്ങൾക്കിടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന നൂതനനീക്കങ്ങളും പരിവത്തനങ്ങളുമെല്ലാം നിരീക്ഷിച്ചറിഞ്ഞുകൊണ്ടിരിക്കുക ആവശ്യമാണു്. അപ്പോൾ മാത്രമേ യഥോചിതമായ സമീപനം സാധ്യമാവൂ.

അക്രൈസ്തവർക്കായിരിക്കണം പ്രധാനമായും നമ്മുടെ സേവനത്തിൻെറ ഫലങ്ങൾ ലഭിക്കുക. ദാരിദ്ര്യം, രോഗം, അജ്ഞത എന്നിവയിൽനിന്നു് അവരെ രക്ഷിക്കാൻ മെത്രാനായിരിക്കട്ടെ മുൻകൈയെടുത്തു പ്രവത്തിക്കുക. ക്രൈസ്തവപരസ്നേഹത്തിൽനിന്നുവരുന്ന ഒരു കടമമാത്രമാണിതു്. ക്രൈസ്തവസമൂഹത്തിൻെറ നേതാവു തന്നെ ആ കടമ നിവ്വഹിച്ചു തുടങ്ങട്ടെ. ആദിമസഭയിൽ പ്രത്യേകിച്ചും രണ്ടാംനൂററാണ്ടിൽ, ഇത്തരം പരസ്നേഹാധിഷ്ഠിത പ്രവത്തനങ്ങൾ മെത്രാന്മാരാണു പ്രധാനമായും നിവ്വഹിച്ചിരുന്നതു്. മെത്രാനോടൊപ്പം വിശ്വാസികളെല്ലാവരും നിർവ്വഹിക്കുമ്പോൾ സമൂഹം ഒന്നാകെ ക്രൈസ്തവപരസ്നേഹത്തിൻെറ ചൈതന്യത്താൽ നിർഭരമാവുകയാണു്; സമൂഹമൊന്നാകെ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയാണു്. പാവങ്ങളുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുക എന്നതു മെത്രാൻെറ കടമയും അവകാശവുമായി കണക്കാക്കിപ്പോരുന്നു. രൂപത

യുടെ മുഴുവൻ തലവനാണ് അദ്ദേഹം; അവിടെ സകല മനുഷ്യരുടേയും പിതാവാണദ്ദേഹം. സ്നേഹവും കാരുണ്യവുമുള്ള പിതാവായി തൻെറ ചുററുമുള്ള ജനങ്ങളോടു വർത്തിക്കുമ്പോഠം ക്രിസ്തുവിനെ പ്രസംഗിക്കുകയാണ്. മെത്രാനോടൊപ്പം ക്രൈസ്തവസമൂഹം മുഴുവനും, പ്രാദേശികസഭ മുഴുവനും, ക്രിസ്തുവിനെ പ്രസംഗിക്കുന്നു.

സുവിശേഷഘോഷണത്തിനായുള്ള മെത്രാൻെറ കടമയിൽ പങ്കുപററിക്കൊണ്ടു് അദ്ദേഹത്തെ സഹായിക്കുന്നവരാണു ഏതദ്ദേശീയ വൈദികർ. വിദേശീയരായ മിഷനറിവൈദികരോടൊത്തു് അവർ സുവിശേഷപ്രചരണത്തിനായി പ്രവർത്തിക്കണം. ഇവരോടു ചേർന്നുകൊണ്ടു മെത്രാൻെറ കീഴിൽ സുവിശേഷഘോഷണം നടത്തുകയും തിരുക്കർമ്മങ്ങഠം അനുഷ്ഠിക്കുകയും മററും ചെയ്യുമ്പോഠം ഒരു 'വൈദികസംഘം' (Priestly College) മാണു രൂപവത്കൃതമാവുക. വിദേശീയരായ വൈദികരും മെത്രാൻെറ കീഴിൽ ഈ സംഘത്തിലുഠംപ്പെടുന്നുണ്ടു്. പ്രാദേശികസഭയുടെ സാർവ്വത്രികസ്വഭാവത്തെ അഥവാ സാർവ്വത്രികസഭയുടെ ഭാഗമാണു പ്രാദേശികസഭ എന്ന സത്യത്തെ വ്യക്തമാക്കുവാൻ സഹായിക്കുന്നതാണു് അവരുടെ സാന്നിദ്ധ്യം. മെത്രാൻെറ അനുവാദത്തോടെ സ്വന്തം രൂപതവിട്ടു് ഇതരരൂപതകളിലും വിദൂരസ്ഥലങ്ങളിലുംപോയി പ്രേഷിതപ്രവർത്തനം നടത്താനും സന്നദ്ധതയുള്ളവരായിരിക്കണം പ്രാദേശികവൈദികരെന്നു

കൗൺസിൽ ആവശ്യപ്പെടുന്നുണ്ട്[1]. സാർവ്വത്രികസഭയുടെ പ്രേഷിതപ്രവത്തനത്തിൽ പ്രാദേശികസഭകൾ പങ്കെടുക്കുന്നതു് അഭിലഷണീയമായി കൗൺസിൽ കരുതുന്നു. കാരണം, സ്വന്തം ജനങ്ങളെ പ്രേഷിതതീക്ഷ്ണതയുള്ളവരാക്കാൻ അതു സഹായിക്കും. തന്നെയുമല്ല, സാർവ്വത്രികസഭയുമായുള്ള അവരുടെ കൂട്ടായ്മ അതിന്റെ തികവിൽ അനുഭവപ്പെടുവാനുമതു വളരെ സഹായിക്കും. വൈദികർ ആവശ്യത്തിനില്ലെങ്കിൽത്തന്നേയും പ്രേഷിതപ്രവർത്തനത്തിനായി കുറേപ്പേരെ അയയ്ക്കാനാണാവശ്യപ്പെടുന്നതു്. സ്വന്തം രൂപതയും അവിടത്തെ താല്പര്യങ്ങളുമായി കഴിയുന്ന പാരമ്പര്യമാണു പ്രാദേശികസഭയിലെ രൂപതാവൈദികർക്കുള്ളതു്, എന്നാൽ, സഭ സാർവ്വത്രികമാണു്; ഏകമാണു്; ഒന്നാകെ മിഷനറിയാണു്; ഒരൊററ ശരീരമാണു്. അതുകൊണ്ടു് എവിടെ പ്രവർത്തിച്ചാലും ഒരേ ദൗത്യത്തിന്റെ നിർവ്വഹണം തന്നെയായിരിക്കുമതു്.

മെത്രാന്മാർക്കും വൈദികർക്കുമുണ്ടായിരിക്കണമെന്നു കൗൺസിൽ ആവശ്യപ്പെടുന്ന ഇതേ മനോഭാവവും ചിന്താഗതിയും പ്രേഷിതവീക്ഷണവും സന്യാസികൾക്കും സന്യാസിനികൾക്കും അല്മായർക്കുമുണ്ടാവണം. എങ്കിലേ പ്രാദേശികസഭയുടെ മുഴുവന്റേതുമാവുകയുള്ളൂ ആ മനോഭാവവും ചിന്താഗതികളും പ്രേഷിതവീക്ഷണവും. ക്രൈസ്തവന്റെ പ്രേഷിതകടമ ഇതെല്ലാം

---

1. n. 20

ആവശ്യപ്പെട്ടുന്നുമുണ്ട്. ചൈനയിലോ പോളണ്ടിലോ കൊറിയായിലോ സഭ ഞെരുക്കങ്ങളിലൂടെ കടന്നുപോകുമ്പോഠം കേരളത്തിലെ ഓരോ ക്രൈസ്തവനും—പ്രാദേശികസഭ മുഴുവനും വേദനിക്കണം. ആ വേദനയിൽനിന്നു പ്രേഷിതസഹകരണത്തിൻെറ പ്രവർത്തനങ്ങഠം പുറപ്പെടുത്തുകയുംവേണം.

## അല്മായർ പ്രാദേശികസഭയിൽ

പ്രാദേശികസഭയുടെ വളർച്ചയ്ക്കും നിലനില്പിനും അല്മായർക്കുള്ള സജീവമായ പങ്കിനെപ്പററി ഡിക്രി പ്രതിപാദിക്കുന്നുണ്ടു്. ഹയരാർക്കിയോടൊത്തു പ്രവർത്തിക്കുന്ന അല്മായർകൂടി ആവശ്യമാണു സഭ യഥാർത്ഥത്തിൽ സ്ഥാപിതമായെന്നു പറയുവാനും സഭ പൂർണ്ണമായി ജീവിക്കാനും വളരാനും തുടങ്ങി എന്നു പറയുവാനും. അവരിലൂടെയാണു ജനങ്ങഠംക്കിടയിൽ സഭ സന്നിഹിതയാവുന്നതും യാഥാർത്ഥ്യമാവുന്നതും. അവരിലൂടെയാണു സഭ പ്രവർത്തിക്കുന്നതും അവരുടെ ജീവൻ മററുള്ളവരിലേക്കു പകരുന്നതും. കർമ്മനിരതരായ അല്മായരെക്കൂടാതെ സുവിശേഷത്തിനു ജനങ്ങളുടെ ചിന്തയേയും മനസ്സിനേയും പ്രവൃത്തിയേയും ജീവിതത്തേയും ഒരിക്കലും സ്വാധീനിക്കാനാവില്ല. അതുകൊണ്ടു് സഭയുടെ സ്ഥാപനകാലംമുതല്ക്കേ പക്വതയും പ്രേഷിത തീക്ഷ്ണതയുമുള്ള ക്രൈസ്തവാല്മായരുടെ സമൂഹത്തിനു രൂപം കൊടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്നു കൗൺസിൽ അനുസ്മരിപ്പിക്കുന്നു.

അല്മായർ തനിച്ചു പ്രാദേശികസഭകൾക്കു രൂപം നല്കിയ സംഭവങ്ങളുമുണ്ട് ചരിത്രത്തിൽ. കൊറിയായിൽ സഭയ്ക്കു് അടിത്തറ പാകി കെട്ടിപ്പൊക്കിയതു് അല്മായരാണു്. ചൈനയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സുപ്രസിദ്ധമിഷനറിയായ ഫാദർ റിച്ചിയുടെ ഏതോ ഗ്രന്ഥത്തിൽ ദൈവത്തെപ്പററി അവർ വായിച്ചറിയുവാനിടയായി. ദൈവത്തെപ്പററി കൂട്ടതലറിയുന്നതിനായി ഏതാനും ആളുകൾ കൊറിയായിൽനിന്നു പീക്കിങ്ങിലേക്കു പുറപ്പെട്ടു. പതിനേഴാംനൂററാണ്ടിലായിരുന്നു ഇതു്. അവിടെ കണ്ടുമുട്ടിയ മിഷനറിമാരെ കൊറിയായിലേക്കു് അവർ ക്ഷണിച്ചു. കുറെക്കാലം കഴിഞ്ഞുമാത്രമേ മിഷനറിമാർക്കു കൊറിയായിൽ പോകുവാൻ സാധിച്ചുള്ളൂ. അവർ അവിടെ ചെന്നെത്തുന്നതിനുമുമ്പേതന്നെ ദൈവത്തെപ്പററി മിഷനറിമാരിൽനിന്നു പഠിച്ചതെല്ലാം അല്മായർ മററുള്ളവരെ പഠിപ്പിച്ചുകഴിഞ്ഞിരുന്നു. തന്നെയുമല്ല അവർ ഒരു ക്രൈസ്തവസമൂഹം രൂപവത്കരിക്കുകപോലുംചെയ്തു. ഇങ്ങനെ അല്മായർ രൂപംകൊടുത്ത പ്രാദേശികസഭകളുടെ വളർച്ച പൂർത്തിയാക്കാൻവേണ്ടിമാത്രമായി മിഷനറിമാർ പോയ വേറെയും സംഭവങ്ങൾ ചരിത്രത്തിലുണ്ടു്.

സഭ സമുദായത്തിൽ വൈദേശികമാകാതിരിക്കാനായി അതിനെ പ്രാദേശികസംസ്കാരവുമായി ലയിപ്പിച്ചു സംസ്കരിച്ചെടുക്കുവാനും രൂപാന്തരപ്പെടുത്തുവാനും അല്മായർക്കു കഴിയും. പ്രാദേശികസംസ്കാരവുമായുള്ള ഇത്തരം അനുരൂപണം സഭാവളർച്ചയ്ക്കുന്നു

പേക്ഷണീയമാണ്. ക്രൈസ്തവർ ഉത്തമ ക്രൈസ്തവരായി, ക്രൈസ്തവവിശ്വാസത്തിനനുരൂപരായി ജീവിക്കുമ്പോൾ സഭയും ക്രൈസ്തവവിശ്വാസവും വൈദേശികമല്ലെന്നും തങ്ങൾക്കും സ്വീകരിക്കാവുന്നതാണെന്നുമുള്ള ബോധം അക്രൈസ്തവരിലുണ്ടാവും. ഇങ്ങനെ, വികസിച്ചുവരുന്ന യുവസഭകളുടെ വളർച്ചയെ ത്വരിതപ്പെടുത്തുകയാണ് അല്മായരുടെ പ്രധാന ചുമതല; അവരുടെ പ്രധാന പ്രേഷിതപ്രവർത്തനം.

## പ്രാദേശികാനുരൂപണം

പ്രേഷിതപ്രവർത്തനത്തെപ്പററിയുള്ള ഡിക്രിയിലും ആരാധനക്രമത്തെപ്പററിയുള്ള കോൺസ്റ്റിററ്യൂഷനിലും അനുരൂപണത്തിൻെറ ആവശ്യകതയും സ്വീകാര്യതയും വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

ക്രിസ്തുവിൻെറ മനുഷ്യാവതാരമാണ് അനുരൂപണത്തിൻെറ താത്വികാടിസ്ഥാനം. സഭയുടെ പ്രാദേശികാനുരൂപണം മനുഷ്യാവതാരത്തിൻെറ അവശ്യഫലമാണെന്നു പറയാം. ഏതെങ്കിലുമൊരു കാലത്തിൻെറയോ ദേശത്തിൻെറയോ പ്രത്യേകതകളോടോ സംസ്കാരത്തോടോ ഇണങ്ങിച്ചേരുകയും മററുള്ളവയിൽനിന്നെല്ലാം വിട്ടകന്നുനിൽക്കുകയും ചെയ്യുക സഭയ്ക്കു സാധ്യമല്ല. ക്രിസ്തുവിൻെറ മനുഷ്യാവതാരത്തിൻെറ സ്വഭാവവും ലക്ഷ്യവുമായി ഇതു ചേർന്നുപോകുകയുമില്ല. അവിടുന്നു മനുഷ്യനുമായും മനുഷ്യജീവിതവുമായും പൂർണ്ണമാ

യി താദാത്മ്യപ്പെട്ടു. അവിടുന്നു് ഒരു വ്യക്തിയായിരു ന്നതുകൊണ്ടു് ഒരു പ്രത്യേകസ്ഥലത്തും കാലത്തും ജനി ക്കുകയും ജീവിക്കുകയും ഒരു പ്രത്യേകപ്രദേശത്തെ സം സ്കാരവും ജീവിതരീതിയുമായി ഇണങ്ങിച്ചേരുകയും ചെയ്യേണ്ടിവന്നു. എങ്കിലും അവിടുന്നു് എല്ലാ മനുഷ്യ രുടേതുമാണു്; അവിടുത്തെ ദൗത്യം സാർവ്വലൗകിക മാണു്. അതുപോലെതന്നെ സഭയും ജന്മമെടുത്തതും വളർന്നുവന്നതും യവന-റോമൻസംസ്കാരങ്ങളുടെ പ ശ്ചാത്തലത്തിലാണെങ്കിലും സഭയുടെ ദൗത്യം സാർവ്വ ലൗകികമാണു്; സഭ എല്ലാമനുഷ്യർക്കുംവേണ്ടിയുള്ള താണു്. ഒരു പ്രത്യേകസംസ്കാരവുമായി ഒട്ടിപ്പിടിച്ചു നില്ക്കാതെ എല്ലാ ജനപദങ്ങളേയും സംസ്കാരങ്ങളേ യും ക്രൈസ്തവീകരിക്കുകയാണു സഭയുടെ കർത്തവ്യം. നന്മയായതെല്ലാം സഭ സ്വീകരിക്കുവാൻ ശ്രമിക്കുന്നു. അതുകൊണ്ടു വിട്ടുവീഴ്ച കാണിക്കുന്ന പ്രശ്നമേ സാം സ്കാരികാനുരൂപണത്തിലില്ല. സഭ വിവിധനാടുകളിൽ അപരിചിതയും അന്യയുമാവാതെ സ്വന്തമായി സ്വീ കരിക്കപ്പെടണമെങ്കിൽ അതാതുദേശത്തിന്റേയും സമ യത്തിന്റേയും സവിശേഷതകളേയും ഘടകങ്ങളേയും ഉൾക്കൊള്ളാതെ വയ്യാ. പശ്ചാത്യദേശങ്ങളിൽ സഭ പാശ്ചാത്യമായിരിക്കണം; പൗരസ്ത്യദേശങ്ങളിൽ പൗര സ്ത്യമായിരിക്കണം; ഭാരതത്തിൽ ഭാരതീയമായിരിക്ക ണം. എവിടേയും സഭയുടെ അന്തസ്സത്ത അചഞ്ചലമായി ഒന്നുതന്നെയായിരിക്കുകയും ചെയ്യും.

സാംസ്കാരികാനുരൂപണത്തിനു സഭയോളം തന്നെ പഴക്കമുണ്ട്. ആഥൻസിൽ ഗ്രീക്കുതത്വജ്ഞന്മാരുടെ ഭാഷയിലാണു പൗലോസ്ശ്ലീഹാ സുവിശേഷം പ്രസംഗിച്ചതു്. അദ്ദേഹം വിവിധപ്രദേശങ്ങളിലെ സംസ്കാരങ്ങളെ പുച്ഛിച്ചു തള്ളിയില്ല. അവയെ എല്ലാം അദ്ദേഹം ആദരിക്കുകയും സ്വീകാര്യമായവ സ്വീകരിക്കുകയും ചെയ്തു. എന്നാൽ പില്ക്കാലത്തുള്ള പ്രേഷിതപ്രവർത്തനത്തിൽ സാംസ്കാരികാനുരൂപണത്തിനു സ്ഥാനം നല്കിയില്ല, തത്ഫലമായി പലയിടങ്ങളിലും ക്രിസ്തുമതം വൈദേശികമായി കാണപ്പെട്ടു; പ്രത്യേകിച്ചും ആഫ്രോ-ഏഷ്യൻരാജ്യങ്ങളിൽ. കച്ചവടത്തിനും കോളനിസ്ഥാപനത്തിനുമായി പുറപ്പെട്ട പാശ്ചാത്യരുടെ സഹായത്തോടെയാണ് അവിടങ്ങളിൽ ക്രിസ്തുമതം പ്രചരിച്ചതു്. പൗരസ്ത്യസംസ്കാരങ്ങളെപ്പററി പഠിക്കുവാനും അവയെ ആദരിക്കുവാനും അവർക്കു ക്ഷമയില്ലായിരുന്നു; പാശ്ചാത്യസംസ്കാരവുമായി താദാത്മ്യപ്പെട്ട ക്രിസ്തുമതത്തെ അപ്പാടെ പൗരസ്ത്യദേശങ്ങളിൽ അവർ അവതരിപ്പിച്ചു. സഭയുടെ വൈദേശികച്ഛായ ആഫ്രോ-ഏഷ്യൻരാജ്യങ്ങളിൽ ഇന്നും തങ്ങിനില്പുണ്ടു്. ഇന്നു പ്രേഷിതപ്രവർത്തനത്തിൻെറ വഴിയിൽ ഏററവും വലിയ വിലങ്ങുതടിയായി നിലകൊള്ളുന്നതും ഇതുതന്നെയാണ്.

അതതു ദേശത്തിൻേറയും കാലത്തിൻേറയും സാംസ്കാരികഭാവങ്ങൾ ഉൾക്കൊള്ളുവാൻ പരാജയപ്പെട്ടാൽ, വൈദേശികമായ മൂടുപടമിട്ടു പ്രത്യക്ഷപ്പെട്ടാൽ

ഒരിടത്തും സഭയ്ക്കു വളരാൻ കഴിയുകയില്ലെന്നു് അനുഭവത്തിൽനിന്നു വ്യക്തമാണു്. കൊളോണിയൽഭരണരീതിയുടെ അന്ത്യം കുറിച്ചുതുടങ്ങിയതോടെ പല ആഫ്രോ-ഏഷ്യൻ രാജ്യങ്ങൾക്കും ദേശീയബോധമുണ്ടായിത്തുടങ്ങിയിട്ടുണ്ടു്. കൊളോണിയൽ ശക്തികളുമായി ബന്ധമുണ്ടെന്നു കാണുന്ന എല്ലാററിനേയും വെറുക്കുകയും എതിർക്കുകയും ചെയ്യുന്ന കൂട്ടത്തിൽ സഭയും ഉൾപ്പെട്ടുപോകുന്നു. കോംഗോയിലും സുഡാനിലും ചൈനയിലും ബർമ്മയിലും സിലോണിലുമെല്ലാം സഭയ്ക്കും മിഷനറിമാർക്കും നേരിടേണ്ടിവന്ന ഞെരുക്കങ്ങൾക്കു കാരണം മറെറാന്നുമല്ല.

സഭയുടെ ജീവൻെറ പ്രശ്നമാണിന്നു സാംസ്കാരികാനുരൂപണം. പ്രാദേശികസഭകൾ അതാതുസ്ഥലത്തെ സാംസ്കാരികഭാവങ്ങൾ ഉൾക്കൊണ്ടു വളരണമെന്നു കൗൺസിൽ പ്രത്യേകം അനുസ്മരിപ്പിക്കുന്നു. സഭയുടെ നിലനില്പിനുവേണ്ടിയുള്ള ഒരു വിട്ടുവീഴ്ചയായോ പ്രവർത്തനങ്ങളുടെ നേട്ടങ്ങൾക്കായുള്ള ഒരു നയതന്ത്രമായോ ഒക്കെ സാംസ്കാരികാനുരൂപണത്തെ നോക്കിക്കാണുന്നതു തെററാണു്.

എട്ട്

# മിഷൻപ്രവർത്തനവും ആരാധനക്രമവും

ദിവ്യബലിയെ അടിസ്ഥാനവും കേന്ദ്രബിന്ദുവുമാക്കിയല്ലാതെ ഒരു ക്രിസ്തീയസമൂഹവും കെട്ടിപ്പടുക്കുക സാധ്യമല്ല''1. പ്രാദേശിക ക്രൈസ്തവസമൂഹത്തിനു രൂപം നല്കുക എന്നതു മിഷനറിയുടെ ചുമതലയാണ്. ക്രൈസ്തവസമൂഹത്തിന്റെ കാതലും കേന്ദ്രബിന്ദുവും ആരാധനക്രമത്തിൽ ഏററം ശ്രേഷ്ഠവുമായ ദിവ്യബലിയെ ചൂഴ്ന്നായിരിക്കണം ഈ ക്രൈസ്തവസമൂഹം രൂപമെടുത്തു വളരുക; അതിനെ ചൂഴ്ന്നുനിന്നേ വളരാൻ കഴിയുകയുള്ളൂ. സഭയുടെ ചരിത്രം ഇതു വ്യക്തമായി കാണിച്ചുതരുന്നുണ്ട്. ആദിമകാലത്തു സഭയുടെ പ്രേഷിതപ്രവത്തനത്തിനും സഭയുടെ വളർച്ചയ്ക്കും ആരാധനക്രമം

1. Decree on the Ministry and Life of the Priests n. 6

പ്രത്യേകിച്ചും ദിവ്യബലി അപ്രധാനമല്ലാത്ത ഒരു പങ്കു വഹിച്ചിട്ടുണ്ട്. അതുകൊണ്ടാണു "മിഷൻരംഗങ്ങളിൽ മാനസാന്തരവേലയെ സഹായിക്കുന്ന ഉപാധികളിൽ ഒന്നാംസ്ഥാനം ദിവ്യബലിക്കാണ്"[1] എന്നു് ലിററർജിയെപ്പററിയുള്ള കോൺസ്ററിററ്യൂഷനിൽ കൗൺസിൽ പ്രസ്താവിച്ചിരിക്കുന്നതു്. ക്രിസ്തുവിൻെറ രക്ഷാകരകർമ്മത്തിൻെറ ഫലങ്ങൾ മനുഷ്യനു നല്കുന്നതിൽ പ്രധാനപങ്കു ദിവ്യബലി വഹിക്കുന്നുണ്ടു്. അതുകൊണ്ടു ബലിയർപ്പണം മിഷൻരംഗങ്ങളുടെ ജീവനാണ്. കൗൺസിൽ വ്യക്തമാക്കുന്നു: "യഥാർത്ഥ ക്രൈസ്തവവിശ്വാസത്തിൻേറയും മിശിഹായുടെ രക്ഷാകര രഹസ്യങ്ങളുടേയും സഭയുടേയും സ്വഭാവമെന്താണെന്നു വിശ്വാസാർത്ഥികൾക്കു മനസ്സിലാക്കിക്കൊടുക്കാൻ ഏററവും കാര്യക്ഷമമായ മാർഗ്ഗം ബലിയർപ്പണമാണ്"[2].

ദിവ്യാരാധന ക്രൈസ്തവരുടെ സമുന്നതവും ശ്രേഷ്ഠവുമായ ഒരു സാമൂഹികധർമ്മമാണ്. അതു സമൂഹത്തിൻെറ ആരാധനയാണ്. അതിനായി ജനങ്ങൾ വിളിച്ചുകൂട്ടപ്പെടണം; 'ദൈവജന'ത്തിൽ അനേകംപേർ അംഗങ്ങളാവണം. ഇങ്ങനെ ദൈവാരാധന നടത്തുന്ന സമൂഹത്തിലേക്കു് അംഗങ്ങളെ നയിക്കുകയാണു ജ്ഞാനസ്നാനത്തിലൂടെ ചെയ്യുക; ക്രൈസ്തവാരാധനയ്ക്കായി വേർതിരിക്കപ്പെട്ടതിൻെറ അടയാളമാണു ജ്ഞാനസ്നാനം.

1. n. 2.
2. Ibid.

ക്രൈസ്തവാരാധന വിശ്വാസത്തിന്റെ പരസ്യപ്രഖ്യാപനമാണ്. അതുകൊണ്ടു ക്രൈസ്തവാരാധനയിലേക്കുള്ള ആഹ്വാനം ക്രൈസ്തവവിശ്വാസത്തിലേക്കുള്ള ആഹ്വാനംതന്നെയാണെന്നു പറയാം.

ആദിമകാലങ്ങളിൽ ദിവ്യാരാധന സാധാരണക്കാരായ ക്രൈസ്തവരുടെ ജീവിതത്തിൽ വളരെയേറെ സ്വാധീനം ചെലുത്തിയിരുന്നു. ദിവ്യബലിയിൽ സംബന്ധിച്ചതിന്റെ പേരിൽ അൻപതിൽപ്പരം ക്രൈസ്തവരുടെമേൽ ഡയോക്ലേഷ്യൻചക്രവർത്തിയുടെ കാലത്തു കാർത്തേജിലെ ഭരണാധികാരി കുററം ചുമത്തി. ദിവ്യബലികൂടാതെ തങ്ങൾക്കു ജീവിക്കാനാവില്ല എന്നാണ് അവർ പറഞ്ഞതു്. അത്ര അഗാധമായി ദിവ്യബലി അവരുടെ ജീവിതവുമായി ബന്ധപ്പെട്ടിരുന്നു.

ആദിമ ക്രൈസ്തവരുടെ ഐക്യബോധവും പരസ്പരധാരണയും സഹോദരസ്നേഹവും അക്രൈസ്തവരെ അത്ഭുതപ്പെടുത്തി. ഇവയെല്ലാം അവർക്കു ലഭിച്ചിരുന്നതു് ദിവ്യകാരുണ്യത്തിൽനിന്നായിരുന്നു. ഒരേ വിശ്വാസം ഏററുപറയുകയും കർത്താവിന്റെ മേശയ്ക്കു ചുററുമായി ഏകമനസ്സോടെ ഒന്നിച്ചുകൂടുകയും ഒരേ ശരീരത്തിൽനിന്നു ഭക്ഷിക്കുകയും ചെയ്തു ദൈവജനത്തിനു് ഐക്യത്തിനും സ്നേഹത്തിനുമൊക്കെ വേറെ മാർഗ്ഗമാവശ്യമില്ലായിരുന്നു. സഭാശരീരത്തിലെ അംഗങ്ങളാണു തങ്ങളോരോരുത്തരുമെന്ന ചിന്ത അവരെ അല്പമായപ്രേഷിതരാക്കിയെടുത്തു. അടിയുറച്ച വിശ്വാസവും ജീവി

തവിശുദ്ധിയുംവഴി ക്രിസ്തുവിനു് അവർ സാക്ഷ്യംവഹി ച്ചു. ഇങ്ങനെ അല്മായപ്രേഷിതരെ വളർത്തിയെടു ക്കാൻമാത്രം കഴിവുററതായിരുന്നു അന്നത്തെ ദിവ്യ ബലി അവരെസ്സംബന്ധിച്ചിടത്തോളം.

പ്രധാനമായും മൂന്നു പ്രേഷിതധർമ്മമുണ്ടു് ദിവ്യ ബലിക്കു്. അധ്യയനധർമ്മമാണു് ആദ്യത്തേതു്. സഭ യിൽ അംഗമാകുവാൻ ആഗ്രഹിക്കുന്നവനു് ഉടനെ ജ്ഞാനസ്നാനം നല്കുന്ന പതിവു് ആദിമസഭയിലില്ലാ യിരുന്നു. ക്രൈസ്തവതത്ത്വങ്ങൾ, ക്രൈസ്തവൻെറ കടമ കൾ എന്നിവയെപ്പററി ശരിയായ അറിവുണ്ടായിരിക്ക ണം. അവയ്ക്കനുസൃതമായി ജീവിച്ചുകൊള്ളാമെന്നു് ഉറ പ്പു നല്കുകയും ചെയ്യുന്നവരെ സഭയിലേക്കു സ്വീകരി ച്ചിരുന്നു. അക്കാലത്തു് മതപഠനക്ലാസ്സുകളില്ല. മതപഠ നപുസ്തകങ്ങളുമില്ല. ദിവ്യബലിയായിരുന്നു മതപഠന ത്തിനുള്ള പ്രധാനോപാധി. ബൈബിളിൽനിന്നുള്ള വിവിധ വായനകളും അവയുടെ വ്യാഖ്യാനങ്ങളും പ്രാർ ത്ഥനകളും ബലിവസ്തുക്കളും ആംഗ്യാനുഷ്ഠാനങ്ങളും തി രുവസ്ത്രങ്ങളുമെല്ലാം ജ്ഞാനസ്നാനാർത്ഥികളെ പലതും പഠിപ്പിച്ചിരുന്നു. പ്രത്യേകിച്ചും കുർബാനയുടെ ആദ്യ ഭാഗം. അതുകൊണ്ടാണു് ആ ഭാഗത്തെ അധ്യയന കുർബാന എന്നു വിളിക്കുക. ഇങ്ങനെ മതതത്ത്വങ്ങളെ പ്പററി സാമാന്യമായ ഒരു അറിവെങ്കിലും അവർക്കു ല ഭിക്കുന്നു. ബൈബിൾവായനയിലൂടേയും പ്രസംഗത്തി ലൂടേയും അവർ ക്രിസ്തുവിൻെറ സ്വരവും സന്ദേശവും

ശ്രുവിച്ചിരുന്നു. അതിന്ന് മറുപടി അവരിൽനിന്നാവശ്യപ്പെട്ടുന്നു — ജീവിതപരിവർത്തനത്തിലൂടെയുള്ള മറുപടി.

ക്രിസ്തുവിൻെറ പ്രബോധനങ്ങളെക്കുറിച്ചും ക്രിസ്തുമതത്തിൻെറ അടിസ്ഥാനതത്വങ്ങളെക്കുറിച്ചും ക്രൈസ്തവൻെറ കടമകളെക്കുറിച്ചും ദിവ്യബലിയിലെ സജീവഭാഗഭാഗിത്വത്തിലൂടെ ആദിമക്രൈസ്തവർ കൂടുതൽ ബോധവാന്മാരായിക്കൊണ്ടിരുന്നു; അങ്ങനെ ഉത്തമ അല്മായ പ്രേഷിതരുടെതായ സമൂഹത്തിന്ന് രൂപം കൊടുക്കുവാൻ ദിവ്യബലിയിലൂടെ സാധിക്കുന്നു.

അജപാലന ധർമ്മമാണു രണ്ടാമത്തേതു്. ക്രൈസ്തവവിശ്വാസം സ്വീകരിച്ചവരെ അതിലുറപ്പിച്ചുനിർത്തുകയും അവരുടെ ക്രൈസ്തവജീവിതം ചൈതന്യനിർഭരമാക്കുകയും ആവശ്യമാണല്ലോ. എങ്കിലേ ഒരു പ്രദേശത്തു സഭാസമൂഹം വളരുകയാണെന്നു പറയാനാവൂ; പ്രത്യേകിച്ചു മിഷൻരംഗത്തു്. ദിവ്യബലിയിലൂടെ ലഭിക്കുന്ന ആന്തരികജീവനും എല്ലാം അവരെ യഥാർത്ഥ ക്രൈസ്തവരാക്കിയെടുത്തുകൊള്ളും. തങ്ങളുടെ അനുദിനപ്രയാസങ്ങളേയും പ്രശ്നങ്ങളേയും സന്തോഷങ്ങളേയും ആഗ്രഹാഭിലാഷങ്ങളേയും എല്ലാം ദിവ്യബലിയിലൂടെ ക്രിസ്തുവിനർപ്പിക്കുവാനും അവിടുത്തോടൊത്തു രക്ഷാകരകർമ്മത്തിൽ പങ്കു പററാനും അങ്ങനെ ക്രിസ്തുവിനോടുകൂടെ ഒന്നായിജീവിക്കുവാനും ദിവ്യബലിയാണവരെ ഒരുക്കുന്നതു്. ക്രിസ്തുവിനെ തങ്ങളുടെ ജീവിതത്തിൻെറ

യും പ്രവൎത്തനങ്ങളുടേയും കേന്ദ്രബിന്ദുവായി കാണുവാനും ക്രൈസ്തവർക്കു കഴിയുക ദിവ്യബലിയിലൂടെ, പ്രത്യേകിച്ചും ദിവ്യകാരുണ്യത്തിലൂടെയാണു്.

മൂന്നാമത്തേതു് സാംസ്കാരികധൎമ്മമാണു്. പ്രേഷിതപ്രവർത്തനത്തിന്റെ വിജയത്തിനും സഭയുടെ വികാസത്തിനും അനുപേക്ഷണീയമായ ഒരു പരിപാടിയാണു് സാംസ്കാരികാനുരൂപണം. കൗൺസിൽ പല പ്രമാണരേഖയിലും അതിന്റെ ആവശ്യകതയും അതിനുള്ള പ്രായോഗികനിർദ്ദേശങ്ങളും എടുത്തു കാട്ടിയിട്ടുണ്ടു്. ആരാധനക്രമത്തിലൂടെയാണു് ഈ അനുരൂപണം ഏറ്റവും സാധിക്കുക; ഈ രംഗത്തെ അനുരൂപണമേ ജനങ്ങൾക്കു ശ്രദ്ധേയമായി തോന്നൂ. അതുകൊണ്ടു് ആരാധനക്രമത്തിലെ തിരുക്കർമ്മങ്ങളുടെ അനുഷ്ഠാനരീതികളിലും കർമ്മവിധികളിലുംകൂടി സാംസ്കാരികാനുരൂപണം സാധിക്കേണ്ടതുണ്ടു്. ക്രൈസ്തവാരാധന വിശ്വാസത്തിന്റെ പ്രഖ്യാപനമാണു്. ക്രൈസ്തവാരാധന നടത്തുന്ന സമൂഹത്തിലേക്കു ജനങ്ങൾ ആകർഷിക്കപ്പെടണം. ഈ ആകർഷണം വിശ്വാസത്തിലേക്കുള്ള അടുപ്പമാണു്. ഒരു സ്ഥലത്തെ സാംസ്കാരികമൂല്യങ്ങളും ആചാരങ്ങളും സ്വീകരിച്ചുകൊണ്ടു നടത്തുന്ന ആരാധനകർമ്മങ്ങൾ അന്നാട്ടുകാർക്കു സ്വന്തവും പ്രിയംകരവുമായി തോന്നും. അതുകൊണ്ടാണു്, സന്മാൎഗ്ഗത്തിനും വിശ്വാസത്തിനും എതിരല്ലാത്ത ദേശീയാചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ആരാധനക്രമത്തിൽ സ്ഥാനം നല്

കണമെന്നു കൗൺസിൽ പ്രത്യേകം അനുശാസിക്കുന്നു്. ആരാധനക്രമത്തെ ജനങ്ങളിലേക്കടുപ്പിക്കാനും ജനങ്ങളെ ആരാധനക്രമത്തിലേക്കു് ആകർഷിക്കാനും കഴിഞ്ഞാൽ മിഷൻപ്രവർത്തനത്തിൻെറ വിജയത്തെ തന്നെയാണതു സൂചിപ്പിക്കുന്നതു്. ആരാധനക്രമം സാംസ്കാരികജീവിതവുമായി അനുരൂപപ്പെടുന്നതോടെ പ്രാദേശികസഭയുടെ അനുരൂപണം ഏറെയും സാധിച്ചെന്നു പറയാം.

## ഒൻപതു്

# മിഷനറിദൈവവിളി

ദൈവജനത്തിലേ ഓരോ അംഗവും മിഷനറിയാണു്; വിശ്വാസപ്രചാരണത്തിനും സുവിശേഷഘോഷണത്തിനും സഭാസ്ഥാപനത്തിനുമൊക്കെയായി പ്രവർത്തിക്കാൻ ഓരോ വ്യക്തിക്കും കടമയുണ്ടു്[1]. മുഴുവൻ സമയവും അതിനായി മാററിവയ്ക്കാൻപോലും കഴിയുന്നവരുണ്ടായിരിക്കാം. എന്നാൽത്തന്നേയും പ്രത്യേക ദൈവവിളിയുള്ള കുറെ വ്യക്തികളെ—യഥാർത്ഥമായ അർത്ഥത്തിൽ മിഷനറിമാരെ—സഭയ്ക്കാവശ്യമുണ്ടു്. ഈ പ്രത്യേക ദൈവവിളിയുള്ളവരെപ്പററി കൗൺസിൽ സംസാരിക്കുന്നു: "സ്വദേശത്തോ വിദേശത്തോ എവിടേയും മിഷൻപ്രവർത്തനത്തിലേർപ്പെടാൻ സന്നദ്ധരായ വൈദികരും സന്യാസിനീസന്യാസികളും അല്മായരുമൊക്കെയുണ്ടനവധി. അതിനാവശ്യമുള്ളത്ര സഹജ

---

1. A. G. n. 23

വാസന, സ്വഭാവവിശേഷം, സവിശേഷവൈദഗ്ദ്ധ്യം എന്നിവയുകൂടിയുള്ള ഇത്തരമാളുകൾക്കുണ്ടെന്നു പറയാം പ്രത്യേകമിഷനറിദൈവവിളി"1. തൻെറ ദൗത്യം നിറവേററുന്നതിനാവശ്യമുള്ള സ്വാഭാവികവും അർഹവുമായ കഴിവുകൾ ഉൾക്കൊള്ളുന്നവരെന്നു തോന്നുന്നവരെ അവിടുന്നു തൻെറ സഹപ്രവർത്തകരാകുവാൻ വിളിക്കുന്നു. ശാരീരികവും മാനസികവും ബൗദ്ധികവും ധാർമ്മികവുമായി കെട്ടുറപ്പുള്ള ഒരു ജീവിതത്തിലേക്കുള്ള അടയാളങ്ങൾ കാണിക്കുന്നവരായിരിക്കണം അവർ. ഏതുതരം ജോലിയും സസന്തോഷം ഏറെറടുത്തു നിർവ്വഹിക്കാനുള്ള സന്നദ്ധതയും സന്മനസ്സുമുള്ളവരുമായിരിക്കണം. ഏതു മിഷൻരംഗത്തേക്കോ ഏതു പ്രവർത്തനരംഗത്തേക്കോ അയയ്ക്കപ്പെട്ടാലും സന്നദ്ധതയോടെ ഇറങ്ങിപ്പുറപ്പെടാൻമാത്രം സമർപ്പിതനായിരിക്കണം മിഷനറി. സ്വന്തം അഭിരുചികൾക്കും താല്പര്യങ്ങൾക്കും പ്രതീക്ഷകൾക്കും വിപരീതമായ സ്ഥലവും ജോലിയും ജീവിതസാഹചര്യവുമൊക്കെ ലഭിച്ചെന്നു വരാം. അപ്പോഴൊക്കെയും വിശ്വാസത്തിൻേറയും സമർപ്പണത്തിൻേറതുമായ ആദർശങ്ങളിൽനിന്നു ചൈതന്യവും ശക്തിയുമാർജ്ജിച്ച് അവയോടിണങ്ങിപ്പോകുവാനും വേണ്ട ശിക്ഷണം പ്രേഷിതർക്കു സിദ്ധിച്ചിരിക്കണം. തങ്ങളിൽനിന്നു വിദൂരത്തിൽ വസിക്കുന്ന ജനങ്ങളുടെ പക്കലേക്കു പോകുമ്പോൾ ക്രിസ്തുവിൽനിന്നു വിദൂര

---

1. A. G. n. 23

ത്തിൽ കഴിയുന്നവരുടെ പക്കലേക്കാണു പോകുന്നതെന്ന ചിന്തയാണാവശ്യം. പുതിയ രാജ്യങ്ങളിലേക്കും പുതിയജനങ്ങളുടെയിടയിലേക്കും അപ്പസ്തോലന്മാരെപ്പോലെ അവർ കടന്നു ചെല്ലുകയാണ്. ഭാഷ, ജീവിതരീതികൾ, ചിന്തകൾ—എല്ലാം അപരിചിതം. ഇതിന്റെയെല്ലാം മുമ്പിൽ അചഞ്ചലരായിനിന്നു ക്രിസ്തുവിന്റെ സന്ദേശമെത്തിക്കാനും അവിടുത്തെ ആജ്ഞ നിർവ്വഹിക്കാനുംവേണ്ട ആത്മധൈര്യവും സന്നദ്ധതയുമെല്ലാം അപ്പസ്തോലന്മാർക്കു ലഭിച്ചതുപോലെതന്നെ പരിശുദ്ധാത്മാവിൽനിന്ന് അവർക്കു ലഭിക്കുന്നു. അപ്പസ്തോലന്മാരെ വിളിക്കുകയും അവർക്കു പ്രചോദനമേകുകയും അവരെ ഒരുക്കുകയുംചെയ്ത അതേ പരിശുദ്ധാത്മാവാണു മിഷനറിമാരേയും വിളിക്കുകയും അവർക്കു പ്രചോദനമേകുകയും അവരെ ഒരുക്കുകയും ചെയ്യുന്നത്. മിഷനറിവൈദികർ മാത്രമല്ല ഈ വിളിയും ഒരുക്കവും സ്വീകരിക്കുക—മിഷനറിസിസ്റ്റേഴ്സും സഹോദരന്മാരുമുണ്ട്.

## മിഷനറിസിസ്റ്ററിന്റെ ദൈവവിളി

മിഷൻപ്രവർത്തനമുള്ളിടങ്ങളിലെല്ലാം മിഷനറിസിസ്റ്റേഴ്സുമുണ്ട്. പല സഭാസമൂഹങ്ങളിൽപ്പെട്ടവരാണവർ. സഭയുടെ പ്രേഷിതപ്രവർത്തനത്തിനു ബഹുമുഖങ്ങളായ പ്രവർത്തനങ്ങളിലൂടെ അവർ സംഭാവന നല്കിക്കൊണ്ടിരിക്കുന്നു. സാധാരണമായി ചില പ്രത്യേക

സാമൂഹികസേവന പരിപാടികഠം ഓരോ സഭാസമൂഹ ത്തിനുമുണ്ടായിരിക്കും. അങ്ങനെ വിദ്യാലയങ്ങഠം ആശു പത്രികഠം, അനാഥാലയങ്ങഠം, വൃദ്ധമന്ദിരങ്ങഠം തുടങ്ങി യവയിലേതെങ്കിലുമൊന്നു സ്ഥാപിച്ചു നടത്തുന്നതിൽ സവിശേഷശ്രദ്ധ നല്കുന്നു.

ഗ്രാമങ്ങഠംതോറും സഞ്ചരിച്ചു അക്രൈസ്തവസ്ത്രീക ളുമായി സമ്പർക്കത്തിലേർപ്പെട്ടു സൗഹൃദ്ബന്ധം സ്ഥാ പിക്കുന്ന സിസ്റ്റേഴ്സും വളരെയുണ്ട്. ഇങ്ങനെ മിഷൻ രംഗത്തേക്കു നോക്കിയാൽ മനുഷ്യസേവനത്തിലൂടേയും ആധ്യാത്മികശുശ്രൂഷയിലൂടേയും സുവിശേഷഘോഷ ണം നടത്തുന്ന ആയിരക്കണക്കിനു സിസ്റ്റേഴ്സിനെ കാണാം. അവർക്കെല്ലാം മിഷനറിദൈവവിളിയുണ്ടെന്നു പറയാം.

മിഷനറിസിസ്റ്ററിൻെറ ദൈവവിളി സഭയിൽ പു തിയൊരു സംഭവമല്ല. അതിനെപ്പററിയുള്ള ധാരണയി ലും അതിനോടുള്ള സമീപനത്തിലും പുതുമയുണ്ടെന്നു മാത്രം. മൂന്നാംനൂററാണ്ടിൽ സ്ത്രീകളുടെ സന്യാസസമൂ ഹങ്ങഠം സഭയിലാദ്യമായി രൂപമെടുത്തു. മതാത്മകമാ യൊരു സമൂഹജീവിതമെന്നല്ലാതെ പ്രേഷിതാത്മകമാ യ ലക്ഷ്യമോ പരിപാടിയോ അവയ്ക്കില്ലായിരുന്നു. എ ന്നാൽ ദൈവാലയശുശ്രൂഷയിൽ സഹായിക്കുക, അഠം ത്താരകഠം അലങ്കരിക്കുക, ജ്ഞാനസ്നാനാർത്ഥികളായ സ്ത്രീകളെ ഒരുക്കുക—അങ്ങനെ പലതുമവർ നിർവ്വഹി ച്ചിരുന്നു. മിഷനറി ദൈവവിളിയുടെ ആദ്യരൂപം ഇവി

ടെ നമുക്കു കാണാനൊക്കും. പില്ക്കാലങ്ങളിൽ രൂപമെടു ക്കുന്ന സ്ത്രീകൾ സന്യാസാലയങ്ങൾക്കുള്ളിൽ ജീവിത മാരംഭിച്ചു. തങ്ങളുടെ ചുററുപാടും അനേകം മനുഷ്യർ വേദനിക്കുന്നതു കണ്ടപ്പോൾ ഈ സന്യാസാലയങ്ങൾ അവർ ജീവകാരുണ്യപ്രവർത്തനങ്ങളുടെ സങ്കേതങ്ങളാ ക്കി മാററി. മധ്യയുഗങ്ങളിൽ ഇത്തരം സാമൂഹികവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങളുടെ കാര്യ ത്തിൽ പല നിയമങ്ങളും സിസ്റ്റേഴ്സിനെ നിയന്ത്രി ക്കാനുണ്ടായി. എങ്കിലും പതിനേഴാംനൂററാണ്ടോടുകൂടെ പുതിയ പുതിയ സമൂഹങ്ങൾ തുറന്ന പ്രവർത്തനങ്ങളു മായി രംഗത്തിറങ്ങിക്കഴിഞ്ഞു. അവിടംമുതൽ സഭാസ മൂഹങ്ങളുടെ പ്രേഷിതാത്മകവശത്തിനു പ്രാധാന്യം വ ളരുകയായിരുന്നു.

അക്രൈസ്തവലോകത്തിലേക്കു സഭ വളരുക ആവ ശ്യമാണ്. ഈ വളർച്ചയെ സഹായിക്കാൻ സ്ത്രീകളു ടെ സഹകരണവും പ്രയത്നവും സുപ്രധാനമായൊരു പ ങ്കു വഹിക്കുന്നുണ്ട്. അദ്ധ്വാനവും ത്യാഗവും ക്ഷീണവും അപകടവും പട്ടിണിയും അനാരോഗ്യവുമെല്ലാം പ്രേഷി തപ്രവർത്തനത്തിൻെറ അവശ്യഭാഗങ്ങളാണ്. ഇവയെ ല്ലാം സ്വയം സഹിച്ചുകൊണ്ടു സഭയ്ക്കുവേണ്ടി പ്രവർ ത്തിക്കാനും അങ്ങനെ മററു പ്രേഷിതർക്കു ശക്തിയും ആത്മധൈര്യവും നല്കാനും സമർപ്പിത വ്യക്തികളാ യ സ്ത്രീകൾക്കാണ് ഏറെയും കഴിയുക.

അക്രൈസ്തവരുടെ കുടുംബങ്ങളിൽ കടന്നുചെല്ലാ

നും അവരുടെ ജീവിതരീതികളോടും കുടുംബപ്രശ്നങ്ങളോടും അടുത്തിടപഴകുവാനും സിസ്റ്റേഴ്സിനാണു കൂടുതൽ വൈഭവം. കുടുംബപരമായ പല പാരമ്പര്യങ്ങളും അന്ധവിശ്വാസങ്ങളും കാത്തു പുലർത്തിപ്പോരുന്നതു് അധികവും സ്ത്രീകളാണു്. അവരെ സ്വാധീനിക്കാൻ സ്ത്രീകളായ മിഷനറിമാർതന്നെ വേണം.

സ്കൂളുകൾ, ആശുപത്രികൾ, ആതുരാലയങ്ങൾ, സാങ്കേതികസ്ഥാപനങ്ങൾ എന്നിവയിലൂടെ അനേകം അക്രൈസ്തവർ പുതിയ ജീവിതത്തിലേക്കു കടന്നുവരുന്നു. അവരെ മാതൃസഹജമായ സ്നേഹത്തോടും വാത്സല്യത്തോടും സ്വീകരിക്കാനും പരിചരിക്കാനും ശുശ്രൂഷിക്കാനും സ്ത്രീകൾക്കാണു സാധിക്കുക. അവയിലൂടെ ക്രിസ്തുവിൻെറ കാരുണ്യവും സ്നേഹവും അവർക്കു വ്യക്തമാക്കിക്കൊടുക്കാനും സിസ്റ്റേഴ്സു ശ്രമിക്കുന്നു.

സ്ത്രീകളെ ജ്ഞാനസ്നാനത്തിനൊരുക്കുക, സ്ത്രീകളായ മതാധ്യാപകർക്കു പരിശീലനം നല്കുക, യുവതികൾക്കു ധാർമ്മികവും മതാത്മകവുമായ ശിക്ഷണമേകുക—അങ്ങനെ പലവിധത്തിൽ മിഷൻപ്രദേശത്തെ സഭാപ്രവർത്തനങ്ങളെ സഹായിക്കുവാൻ മിഷനറിസിസ്റ്റേഴ്സിനു സാധിക്കുന്നു. ഭവനസന്ദർശകരായും കുടുംബോപദേശകരായും നേഴ്സുമാരായും ഡോക്ടർമാരായും മനുഷ്യസേവനം നടത്താൻ സിസ്റ്റേഴ്സിനെ സഭയ്ക്കാവശ്യമുണ്ടു്.

പ്രാദേശികസഭയുടെ സ്ഥാപനമാണു പ്രേഷിതപ്രവർത്തനത്തിൻെറ ലക്ഷ്യം. ഈ സഭാസ്ഥാപനത്തെ സഹായിക്കുന്ന മാർഗ്ഗങ്ങളെന്ന നിലയിൽ മിഷനറിസിസ്റ്റേഴ്സിൻെറ പ്രവർത്തനങ്ങളനപേക്ഷണീയമാണു്.

തൻെറ ദൈവവിളി ഗൗരവാവഹമായൊരു ഉത്തരവാദിത്വമാണെന്നു കാണുവാൻ കഴിയുന്ന മിഷനറിസിസ്റ്ററിനു് ഏററം നിസ്സാരമായ സാഹചര്യങ്ങളും അവസരങ്ങളും സുവിശേഷപ്രചാരണത്തിനായി നല്കപ്പെട്ടതായി കരുതുവാൻ കഴിയും. എന്തായാലും ക്രിസ്തുവിൻെറ സ്നേഹം പ്രതിഫലിപ്പിക്കുകയും മററുള്ളവരെ സ്വാധീനിക്കുകയും ആകർഷിക്കുകയും ചെയ്യുന്ന ഒരു ശക്തിയായി തൻെറ പ്രയത്നങ്ങളെ മാററുവാൻ ഓരോ മിഷനറിസിസ്റ്ററിനും സാധിക്കുന്നു. ഈ പ്രയത്നങ്ങളുടെ ഫലദായകത്വത്തിനു ചില കാര്യങ്ങൾ അവർക്കുണ്ടായിരിക്കണം: പ്രവർത്തിക്കാനുള്ള സന്നദ്ധത, ജനങ്ങളുടെ ഭാഷ സംസാരിക്കാനും അവരോടൊത്തിണങ്ങി ജീവിക്കാനുമുള്ള കഴിവു്, പ്രവത്തനപദ്ധതികൾ ആസൂത്രണം ചെയ്തു് ആരംഭിക്കുന്നതിനുള്ള സാമത്ഥ്യം, ദൈവസ്നേഹാധിഷ്ഠിതമായ മനുഷ്യസ്നേഹം.

അടിസ്ഥാനപരമായ കാര്യങ്ങളിൽ മിഷനറിസിസ്റ്ററിൻെറ ദൈവവിളി മറേറതൊരു ദൈവവിളിയിൽനിന്നും വ്യത്യസ്തമല്ല. മിഷനറിസിസ്റ്ററും സുവിശേഷകയാണു് എന്നുതന്നെ പറയാം.

## മിഷനറിസഹോദരൻെറ ദൈവവിളി

എന്തുകൊണ്ടു് ഒരു ചെറുപ്പക്കാരൻ മിഷനറിസഹോദരനാവണം? എന്തുകൊണ്ടൊരു വൈദികനായിക്കൂടാ? ചിലപ്പോഠം ചിലരങ്ങനെ ചിന്തിച്ചുപോകും. മിഷൻരംഗത്തു് ഈ സഹോദരന്മാർ എന്താണു ചെയ്യുന്നതു്? ഉപദേശിമാരായിരിക്കാം. അങ്ങനേയും ചിന്തിക്കുന്നവരുണ്ടു്.

ഒരു മിഷനറിസഹോദരനായി ജീവിക്കാൻ ദൈവം വിളിക്കുന്നതുകൊണ്ടാണവൻ മിഷനറിസഹോദരനാവുന്നതു്. പ്രത്യേകമായൊരു ജീവിതാവസ്ഥയാണതു്. പൗരോഹിത്യത്തേയും കന്യകാത്വത്തേയുംകാഠം താഴ്ന്നതായി സഹോദരനായി ജീവിക്കാനുള്ള ദൈവവിളിയെ കാണുവാനാവില്ല. ഈ പ്രത്യേക ദൈവവിളിക്കു ചില പ്രത്യേക ഉദ്ദേശ്യങ്ങളുണ്ടു്. ഒരു വൈദികനു ചെയ്യാൻ സാധിക്കാത്ത പലതും മിഷനറിസഹോദരനു ചെയ്യുവാനും അങ്ങനെ സഭയുടെ പ്രേഷിതപ്രവത്തനത്തെ സഹായിക്കാനും സാധിക്കും.

മിഷൻെറ ചരിത്രത്തിലേക്കു് ഒന്നെത്തിനോക്കിയാൽ മായാത്ത മുദ്രപതിപ്പിച്ച പല മിഷനറിസഹോദരന്മാരെ കാണാം. ആദ്യകാലംമുതല്ക്കേ സുവിശേഷപ്രചാരണത്തിനു മിഷനറിസഹോദരന്മാർ സഹകരിച്ചുപോന്നിരുന്നു. ഒററപ്പെട്ട വ്യക്തികളെന്ന നിലയിലല്ല, സമൂഹമെന്ന നിലയിലാണു് അവർ പ്രവർത്തിച്ചതു്.

മിഷനറിവൈദികസമൂഹത്തോടോ സന്യാസസഭകളോടോ അവർക്കു ബന്ധമുണ്ടായിരുന്നു. എന്നാൽ ഇന്നു സ്വതന്ത്രമായ സമൂഹങ്ങളായി സഹോദരന്മാർ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഓരോ സഭാസമൂഹവും സ്വന്തമായി ഓരോ പ്രത്യേക പ്രവത്തനമണ്ഡലം തിരഞ്ഞെടുക്കുന്നു. ആ പ്രത്യേകമണ്ഡലത്തിലെ പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ വേണ്ട വൈദഗ്ദ്ധ്യം ഈ സഭാസമൂഹത്തിലെ അംഗങ്ങൾക്കു നല്കുകയാണു പതിവ്. ഏതെങ്കിലും പ്രത്യേകജോലിയിലുള്ള ഈ വൈദഗ്ദ്ധ്യം പ്രേഷിതപ്രവത്തനത്തിനു് ഏററമാവശ്യമാണു്. മനുഷ്യസേവനപരമായ പല പല പ്രവത്തനങ്ങൾ മിഷനറിയുടെ മുമ്പിൽ നിർവ്വഹിക്കപ്പെടേണ്ടതായി കിടപ്പുണ്ടു്. ആ മണ്ഡലങ്ങളിലേക്കെല്ലാം കടന്നുചെല്ലാൻ ഒരു മിഷനറിവൈദികനു സാധിക്കുകയില്ല. അതു് അദ്ദേഹത്തിൻെറ പ്രാഥമികമായ വൈദികധർമ്മത്തെ ദോഷകരമായി ബാധിക്കാനിടയാവുകയേയുള്ളൂ. ഇവിടെയാണു മിഷനറിസഹോദരൻെറ സഹായമാവശ്യമായിവരിക.

മിഷനറിവൈദികൻെറ സഹായി എന്നതുകൊണ്ടാണോ മിഷനറിസഹോദരനും ഒരു മിഷനറിയാണെന്നു പറയുന്നതു്? ഒരിക്കലുമല്ല. പ്രത്യേകമായൊരു ദൈവവിളി അയാൾ സ്വീകരിക്കുന്നതുകൊണ്ടാണതു്. ഒരു സഭാസമൂഹത്തിൻെറ പേരിലോ വ്യക്തിപരമായ നിലയിലോ വേർതിരിച്ചാലും അതെല്ലാം ദൈവവിളിയാവശ്യപ്പെടുന്ന കടമകളിൽ നിന്നുവരുന്ന പ്രവർത്തനങ്ങ

ളാണു്. ഏതു മിഷനറി ദൈവവിളിയുടേയും പൊതുവായ ഘടകങ്ങൾ മിഷനറിസഹോദരൻെറ ദൈവവിളിയിലും കാണാവുന്നതാണു്. വീടും നാടും വിട്ടു് വിദൂരമായൊരു നാട്ടിൽ ജീവിക്കുക, പുതിയ നാടും ജനങ്ങളുമായി സമ്പൂർണ്ണമായി താദാത്മ്യപ്പെടുകയും അനുരൂപപ്പെടുകയും ചെയ്യുക; പ്രവർത്തനപാതയിലുയർന്നുവരുന്ന ക്ലേശങ്ങൾ സന്മനസ്സോടെ സ്വാഗതം ചെയ്യുക.

എന്തെല്ലാമാണു് ഒരു മിഷനറിസഹോദരനു തുറന്നുകിടക്കുന്ന പ്രവർത്തനമണ്ഡലങ്ങൾ? വെറും അടുക്കളപ്പണിക്കാരനോ പടികാവൽക്കാരനോ ഉപദേശിയോ ആകാനുള്ള വിളിയല്ലിതു്. മനുഷ്യജീവിതവുമായി അവശ്യം ബന്ധപ്പെട്ടു കിടക്കുന്ന മററുപല രംഗങ്ങളിലും സഭയുടെ പേരിൽ പ്രവർത്തിക്കാനുണ്ടു മിഷനറിസഹോദരനു്. സ്കൂളുകളിൽ പഠിപ്പിക്കുക, ആശുപത്രികൾ നടത്തുക, സാമൂഹികവും കാർഷികവും വ്യാവസായികവും സാംസ്കാരികവുമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക, പ്രസിദ്ധീകരണങ്ങളുടെ ചുമതല വഹിക്കുക—അങ്ങനെ നീണ്ടുകിടപ്പുണ്ടു് ആ പട്ടിക. ഇവയെല്ലാം പ്രേഷിത പ്രവർത്തനത്തിൻെറ ഭാഗമാണു്; ഇവയിലൂടെ സുവിശേഷഘോഷണം പരോക്ഷമായി സാധിക്കുകയാണു്. ഈ പ്രവർത്തനങ്ങളിലൂടെ തൻെറ ദൈവവിളിയുടെ കടമ മിഷനറിസഹോദരന്മാർ നിർവ്വഹിക്കുന്നു എന്നു പറയുവാൻ കാരണമിതാണു്. ബാഹ്യമായി നോക്കിയാൽ ഒരു പൊതുക്കാര്യപ്രവർത്തകനോ ഗ്രാമസേവകനോ എന്നതിലപ്പുറം അയാളെക്കുറിച്ചു നമ്മ

ക്കൊന്നും ചിന്തിക്കാൻ കഴിയുകയില്ല. എന്നാൽ ആദ്യമായി അയാളൊരു മിഷനറിയാണ്. പിന്നീടുമാത്രമാണു മററെല്ലാവിധ പ്രവർത്തകൻ. പ്രത്യേക വൈദഗ്ദ്ധ്യമുള്ള വ്യക്തിയാകയാൽ മിഷനറിസഹോദരൻ ഒരു ഒന്നാംകിട ഡോക്ടറോ മാനേജരോ അദ്ധ്യാപകനോ സാമൂഹികപ്രവത്തകനോ ഒക്കെ ആയെന്നു വരാം. എന്നാലും ഒരു ഒന്നാംതരം മിഷനറികൂടി ആകുന്ന കാര്യത്തിൽ പരാജയപ്പെട്ടാൽ അയാളുടെ മിഷനറിദൈവവിളിയുടെ ലക്ഷ്യം തെററുകയാണ്. തങ്ങളുടെ പ്രവർത്തനങ്ങളിലൂടെ മനുഷ്യരെ ക്രിസ്തുവിലേക്കടുപ്പിക്കുവാൻ തങ്ങൾ കടപ്പെട്ടവരാണ് എന്ന അവബോധം എപ്പോഴും ഉണ്ടായിരിക്കുക ആവശ്യമാണ്.

ലോകത്തെങ്ങുമുള്ള മിഷൻരംഗങ്ങളിലായി ആയിരക്കണക്കിനു മിഷനറിസഹോദരന്മാർ വിജയപ്രദമായ പ്രവത്തനങ്ങളിലേർപ്പെട്ടിരിക്കുന്നു. രണ്ടു കാരണങ്ങളാണ് അവരുടെ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ പിന്നിലുള്ളതു്: പ്രേഷിതപ്രവത്തനത്തോടു ബന്ധപ്പെട്ട ഏതെങ്കിലുമൊരു പ്രവർത്തനമണ്ഡലത്തിലേക്കു വേണ്ടത്ര വൈദഗ്ദ്ധ്യമുണ്ടു്; ആ വൈദഗ്ദ്ധ്യമവർ ശരിയായി ഉപയോഗിക്കുന്നു. തങ്ങൾ പ്രവത്തിക്കുന്ന നാടിനേയും അവിടത്തെ ആളുകളേയും പഠിച്ചറിയുന്നതിനും അവരോടു തങ്ങളെത്തന്നെ അനുരൂപപ്പെടുത്തിക്കൊണ്ടു പ്രവർത്തിക്കുന്നതിനും അവർക്കു കഴിയുന്നു; അങ്ങനെ സമർപ്പണത്തിന്റെ ജീവിതമാണവരുടേതു്. ഇതാണു മിഷനറിസഹോദരന്മാരുടെ ദൈവവിളി ആവശ്യപ്പെടുന്നതു്.

# മിഷനറിദൈവവിളി—ഒരു വിശകലനം

സകല ക്രൈസ്തവർക്കുമുള്ള പൊതുവായ മിഷനറി ദൈവവിളിയും തിരഞ്ഞെടുത്ത് അയയ്ക്കുന്ന മിഷനറി മാർക്കുള്ള പ്രത്യേകമിഷനറി ദൈവവിളിയും തമ്മിൽ ഒരു വിപരീതസ്വഭാവവുമില്ല; പരസ്പരപൂരകങ്ങളാണവ. ഓരോ വിശ്വാസിയുടേയും മിഷൻകടമയെ മറന്നിട്ട്, മിഷനറിമാരുടെ പ്രവത്തനങ്ങളെമാത്രം പരിഗണിക്കുക അപാകതയാണെന്നോർക്കണം. മറിച്ച് ചിന്തിക്കുന്നതും അപകടകരമാണ്. രണ്ടുകൂട്ടരുടേയും പ്രവത്തനങ്ങളത്യന്താപേക്ഷിതംതന്നെ. പ്രത്യേകമായ തിരഞ്ഞെടുപ്പും വിളിയുംവഴി പ്രത്യേകകടമകൾ കൈക്കൊള്ളുന്നവർ സഭാവളർച്ചയ്ക്കായി സ്വയം സമർപ്പിതരാണ്. സജീവമായും സമ്പൂർണ്ണമായും മിഷൻപ്രവർത്തനമവർ നടത്തുന്നു. അവർ വൈദികരാവാം; സന്യാസിനീസന്യാസികളാവാം. ആരായാലും അവരാണു യഥാർത്ഥത്തിൽ മിഷനറിമാർ.

അപ്പോഴുണ്ടാവും ഒരു ചോദ്യം: മിഷനറിദൈവവിളിയും സാധാരണ വൈദികദൈവവിളിയും തമ്മിലെന്തെങ്കിലും അന്തരമുണ്ടോ? ഇല്ലെന്നു പറയാം. പൗരോഹിത്യം ഒന്നേയുള്ളൂ. ക്രിസ്തുവിൻെറ സാർവ്വലൗകികരക്ഷാകരജോലിയുടെ സ്ഥലകാലങ്ങളിലെ തുടർച്ചയാണു പൗരോഹിത്യം. അജപാലനപരമോ പ്രേഷിതാത്മകമോ ഏതു തരത്തിലുമാവട്ടെ പൗരോഹിത്യം, ഒന്നേയുള്ളൂ അതിന്റെ ലക്ഷ്യം—ദൈവമഹത്വം. പക്ഷേ, ഒന്നു വിട്ടുകള

യാൻ സാധ്യമല്ല. യഥാർത്ഥവും വസ്തുനിഷ്ഠവുമായ ഒര ന്തരമുണ്ട് ഈ രണ്ടുതരം ദൈവവിളികൾ തമ്മിൽ. "ജനതകൾക്കിടയിലുള്ള മിഷനറിപ്രവത്തനത്തിന്, വിശ്വാസികൾക്കിടയിൽ അനുഷ്ഠിക്കപ്പെടുന്ന അജപാലനപരമായ പ്രവർത്തനങ്ങളിൽനിന്നും ക്രൈസ്തവൈക്യത്തിനുള്ള ഉദ്യമങ്ങളിൽനിന്നും വ്യത്യാസമുണ്ട്"[1]. സാരാംശത്തിൽ സാധർമ്മ്യമുണ്ടെങ്കിലും, വ്യത്യസ്തങ്ങളായ പ്രവർത്തനവൃത്തങ്ങളിൽനിന്നുള്ള കാഴ്ചപ്പാടിൽ രണ്ടു ദൈവവിളികളേയും രണ്ടായി എണ്ണുകയേ തരമുള്ളു. മിഷനറി ദൈവവിളിയുടെ സവിശേഷതകളെപ്പററിയുള്ളൊരു അപഗ്രഥനംതന്നെ ഇതു വ്യക്തമായി കാട്ടും.

ദൈവവിളിക്കു നല്കുന്ന പ്രത്യുത്തരത്തിൽ നാലു വിവിധ പടികൾ നമുക്കു വ്യക്തമായി ദർശിക്കാൻ കഴിയും: ദൈവവിളി സ്വീകരിക്കുക; അതിനെ പിൻചെല്ലുക; അതു മനസ്സിലാക്കുക; അതിന്റെ ആദർശലക്ഷ്യങ്ങൾ സ്വാനുഭവത്തിലാക്കുക.

അപ്പസ്തോലന്മാർ സ്വീകരിച്ച ദൈവവിളിയാണു പ്രഥമ മിഷനറിദൈവവിളിയായി കണക്കാക്കാവുന്നതു്. സകലതും ഉപേക്ഷിച്ചു ക്രിസ്തുവിനെ പിൻചെല്ലുവാനുള്ള ഒരു വിളിയായിരുന്നു. ലോകമെങ്ങുമുള്ള സകല ജാതികളോടും സുവിശേഷം പ്രസംഗിക്കാനുള്ള ദൗത്യവും ആ വിളിയോടൊപ്പമുണ്ടു്. മിഷനറി ദൈവ-

1. A. G. n. 6

വിളിക്ക് ഉദാത്തമാതൃകകളാണ് അപ്പസ്തോലന്മാർ. അവരിലേററമുയർന്നു നില്ക്കുക സെൻറ് പോളാണ്. മിഷനറിദൈവവിളിയുടെ യഥാതഥവും പൂർണ്ണവുമായ മാതൃകയാണദ്ദേഹത്തിൻെറ ദൈവവിളിയിൽ കാണുക. മിഷനറിദൈവവിളിയുടെ ആശയവും അർത്ഥവും പൂർണ്ണമായി അതു പ്രകാശിപ്പിക്കുന്നു. ഇക്കാലത്തെ മിഷനറിദൈവവിളിയിൽനിന്ന് ഒട്ടും ഭിന്നമല്ല സെൻറ് പോളിൻെറ ദൈവവിളിയും. നേരിട്ടും നാടകീയമായും ആണ് അതു സംഭവിച്ചതെന്നുമാത്രം. പോൾ നല്കിയ മറുപടി അതുല്യവും അസാധാരണവുമായിരുന്നു. സാവൂൾ എന്ന വ്യക്തിയെ സമഗ്രമായി ഇളക്കിമറിച്ച് പോളെന്ന വ്യക്തിക്കു രൂപം കൊടുക്കുവാൻമാത്രം ശക്തിയുള്ളതായിത്തീർന്നു ആ ദൈവവിളി. ദൈവവിളിയുടെ ശക്തി വ്യക്തമാവുന്നതു നാം നല്കുന്ന പ്രത്യുത്തരത്തെ ആശ്രയിച്ചാണ്.

## മിഷനറിദൈവവിളിയുടെ സവിശേഷതകൾ

1) ക്രിസ്തുവിൽനിന്നകന്നു ജീവിക്കുന്നവരെ അന്വേഷിച്ചിറങ്ങുക. "നൈയാമികാധികാരമേല്ക്കുന്ന മിഷനറിമാർ തികഞ്ഞ ആത്മാർത്ഥതയോടും അനുസരണയോടുംകൂടി ക്രിസ്തുവിൽനിന്നകന്നു ജീവിക്കുന്നവരുടെയിടയിലേക്കിറങ്ങിച്ചെല്ലുന്നു"1. ക്രിസ്തുവിൽ അവരിതു

1. A. G. n. 23

വരേയും വിശ്വസിക്കാത്തവരാണ്. ക്രൂദാശകളിലൊന്നിനുമവർ പങ്കുപററുന്നില്ല. സഭയുടെ ദൃശ്യഘടനയ്ക്കു പുറത്താണവർ. അവരുടെ സംഖ്യ 200 കോടിയിൽപ്പരം വരും. 'ക്രിസ്തുവിൽനിന്നകന്നു ജീവിക്കുന്ന'വരായി കൗൺസിൽ എണ്ണുന്ന മറെറാരു കൂട്ടരുണ്ട്. സ്വകീയമായൊരു ഹയരാർക്കിയോ വളർച്ചയെത്തിയ ക്രൈസ്തവ ജീവിതമോ തൃപ്തികരമായ സുവിശേഷഘോഷണമോ ഇല്ലാത്തിടങ്ങളിൽ കഴിയുന്ന ക്രൈസ്തവരാണവർ[1]. ഇവരുടെയെല്ലാം ഇടയിൽ ഇറങ്ങിച്ചെന്നു പ്രവർത്തിക്കുവാനുള്ള ദൗത്യമാണു മിഷനറിദൈവവിളിയിൽ ഉൾച്ചേർന്നിരിക്കുന്നതു്.

2) ക്രൈസ്തവസാഹചര്യങ്ങളിലേക്കിറങ്ങിച്ചെല്ലുക. വിശ്വാസം തിങ്ങിനിറഞ്ഞുനില്ക്കുന്ന ഒരു അന്തരീക്ഷത്തിൽനിന്നു് 'ക്രിസ്തുവിൽനിന്നകന്നു കഴിയുന്ന'വരുടെ പക്കലേക്കു മിഷനറി കടന്നു ചെല്ലണം. ഇതൊരു യാത്രയാണ്. ഭൂമിശാസ്ത്രപരമായ അതിരുകൾ കടന്നായിരിക്കണമെന്നില്ല ഈ യാത്ര. തന്റേതിൽനിന്നു വ്യതിരിക്തമായൊരു സാമൂഹിക മതാത്മകജീവിതവൃത്തത്തിലേക്കുള്ള ഒരു പ്രവേശനമായിരിക്കും പലപ്പോഴും ഈ യാത്ര.

3) സുവിശേഷഘോഷണവും സഭാസ്ഥാപനവും. ഇതു രണ്ടും മിഷൻപ്രവർത്തനത്തിന്റെ ലക്ഷ്യമായി

---

1. A. G. n. 6

ക്കരുത്തുന്നു. വചനത്തിൻെറ പ്രസംഗത്തിലൂടെ മനുഷ്യഹൃദയങ്ങളിൽ കടന്നുവന്ന ക്രിസ്തുവിനെപ്പോലെ സുവിശേഷം നല്കുന്ന വ്യക്തിയാണു മിഷനറി. ഒരു സന്തോഷവാർത്തയുടെ വക്താവാണു് അവൻ. ദൈവം മനുഷ്യരെ രക്ഷിക്കുന്നതിനായി സ്വപുത്രനെ അയച്ചു എന്ന സന്തോഷവാർത്ത നല്കിക്കൊണ്ടും, അങ്ങനെ അനേകരെ ക്രിസ്തുവിലേക്കു് ആകർഷിച്ചുകൊണ്ടും ക്രൈസ്തവസമൂഹത്തിനു രൂപം കൊടുക്കുന്നു. അതിൻെറ വളർച്ചയ്ക്കായി പരിശ്രമിക്കുക എന്നതും മിഷനറിയുടെ കടമയിൽപ്പെടുന്നു.

4) സമ്പൂർണ്ണസമർപ്പണം: മിഷനറിദൈവവിളിയുടെ ഒരവശ്യഘടകമാണു മിഷൻപ്രവർത്തനത്തിനായുള്ള സമ്പൂർണ്ണസമർപ്പണം. കൗൺസിൽ പറയുന്നു: "തന്നെത്തന്നെ ശൂന്യമാക്കിക്കൊണ്ടു് ഒരടിമയുടെ സ്വഭാവം സ്വീകരിച്ച അവിടുത്തെ ജീവനോടും മിഷനോടും ഒത്തുചേർന്നുകൊണ്ടു തൻെറ ജീവിതാന്ത്യത്തോളം തൻെറ ദൈവവിളിയോടൊട്ടിനില്ക്കാനും പ്രിയപ്പെട്ടവരെ വിട്ടകലാനും 'സകല മനുഷ്യർക്കും സകലതു'മാകുവാനും മിഷനറി സന്നദ്ധനായിരിക്കണം"[1]. ഈ സമ്പൂർണ്ണസമർപ്പണം മിഷൻപ്രവർത്തനത്തിൻെറ സ്വഭാവംതന്നെ ആവശ്യപ്പെടുന്നുണ്ടു്. അതിവിശാലമായ പ്രവർത്തനരംഗങ്ങൾ, വിവിധ സാംസ്കാരിക സാമൂഹികാന്തരീക്ഷങ്ങളുമായുള്ള അനുരൂപീകരണങ്ങൾ എന്നിവയെല്ലാം സ

1. A. G. n. 24.

മർപ്പണമാവശ്യപ്പെടുന്നവയാണു്. വൈദികൻേറതിൽ നിന്നും അല്മായൻേറതിൽനിന്നും വ്യതിരിക്തമായി മിഷനറിദൈവവിളിയെ കണക്കാക്കുന്നതു് ഇതു മു ന്നിൽവച്ചുകൊണ്ടാണു്.

ഒരു നിശ്ചിതസമയത്തേക്കുമാത്രം മിഷൻപ്രവർത്തനത്തിനായി പോകുന്നവരേയും കൗൺസിൽ പരാമർശിക്കുന്നുണ്ടു്. ഇവരും മിഷനറിമാർതന്നെ—ദൈവത്തിൻെറ പ്രത്യേകവിളിക്കു പ്രത്യേകമായി പ്രത്യുത്തരം നല്കിയതുകൊണ്ടു്. എങ്കിലും മിഷനറിദൈവവിളി അതിൻെറ പൂർണ്ണമായ അർത്ഥത്തിൽ കണ്ടെത്തുക ജീവിതാന്ത്യത്തോളം മിഷൻരംഗങ്ങളിൽ വർത്തിക്കുന്നവരിലാണു്.

പ്രേഷിതദൈവവിളി സമ്പൂർണ്ണമായ സമർപ്പണത്തിനായുള്ള വിളിയാണു്; സുവിശേഷത്തിനുള്ള സ്വയം സമർപ്പിക്കലാണതു്. സ്വന്തം ദൗത്യത്തിൻെറ നിർവ്വഹണത്തിനായി സ്വയം ശൂന്യനാക്കിയ ക്രിസ്തുവിനെപ്പോലെ മററുള്ളവർക്കുവേണ്ടി സ്വയം നല്കുന്നതിനും സ്വന്തമായ സകലതിനേയും പരിത്യജിക്കുന്നതിനും ഒരുവനു കടമ നല്കുന്ന വിളിയാണു മിഷനറി ദൈവവിളി. ക്രിസ്തുവിൻെറ പ്രതിനിധിയായി ജനങ്ങൾക്കിടയിലൂടെ സഞ്ചരിക്കാനും അവിടുത്തെ പ്രസംഗിക്കാനും ധൈര്യവും ആത്മശക്തിയും മിഷനറിക്കുണ്ടായിരിക്കണം. ഇതൊരു സാക്ഷ്യംവഹിക്കലിൻെറ ജീവിതമാണു്. സാക്ഷാൽ സുവിശേഷാനുസൃതമായ ജീവിതം

വഴി—ജീവൻ ബലിയർപ്പിക്കേണ്ട സാഹചര്യത്തിലും അരിഷ്ടതകളുടേയും ദാരിദ്ര്യത്തിൻേറയും ഞെരുക്കങ്ങളുടേയുമെല്ലാം മധ്യത്തിലും സമർപ്പണജീവിതത്തിൽ ഉറച്ചുനിന്നുകൊണ്ടു്—ക്രിസ്തുവിനു സാക്ഷ്യം വഹിക്കണമെങ്കിൽ അത്ര ഉറപ്പുററ ആധ്യാത്മികത കൈമുതലായുണ്ടായിരിക്കണം ഓരോ മിഷനറിക്കും. ആധ്യാത്മികവും ധാർമ്മികവുമായ ശിക്ഷണമതിനു് അവശ്യാവശ്യമാണു്.

പ്രേഷിതരിൽനിന്നു കൗൺസിൽ ആവശ്യപ്പെട്ടന്നതെന്തൊക്കെയെന്നു വ്യക്തമാക്കിയിട്ടുണ്ടു്: “അവസരോചിതം മുൻകൈയെടുത്തു പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധതയും സമാരംഭിച്ച പദ്ധതികൾ പ്രവൃത്തിപഥത്തിലാക്കുന്നതിനു വേണ്ട സ്ഥൈര്യവും വിഷമതകളിൽ പിടിച്ചുനില്ക്കുന്നതിനുവേണ്ട ഉറപ്പും, ഏകാന്തതയും ക്ഷീണവും പരാജയവുമുണ്ടാകുമ്പോൾ അവരെ ചെറുത്തു നില്ക്കുവാനുള്ള ക്ഷമയും മനോധൈര്യവും ഉണ്ടായിരിക്കണം”[1]. മററുള്ളവരോടും സഹപ്രവർത്തകരോടും പരിതഃസ്ഥിതികളോടും അപരിചിതമായ ആചാരങ്ങളോടും മററുമുള്ള മിഷനറിമാരുടെ മനോഭാവവും സമീപനവും പ്രതികരണവുമെല്ലാം ഉൽകൃഷ്ടവും സമർപ്പണാത്മകവും സൗഹാർദ്ദപരവും മാതൃകാപരവുമായിരിക്കുക പ്രേഷിതപ്രവർത്തനത്തിൻെറ വിജയത്തിനും സഭയുടെ നിലനില്പിനുതന്നേയും അതീവപ്രാധാ

---

1 A. G. n. 25.

ന്യമുള്ള ഒന്നാണു്. അതുകൊണ്ടു് ഇവയെല്ലാം മിഷനറിമാരുടെ ജീവിതത്തിൽ ലയിച്ചു ചേർന്നിരിക്കാൻ ശിക്ഷണകാലത്തുതന്നെ പരിശ്രമിക്കണമെന്നു കൗൺസിൽ നിഷ്കർഷിക്കുന്നുണ്ടു്.

ആധ്യാത്മികവും ധാർമ്മികവുമായ ശിക്ഷണത്തോടും പരിശീലനത്തോടുമൊപ്പം പോകേണ്ട മററൊന്നാണു ഭാവിപ്രേഷിതരുടെ ബൗദ്ധികവും അജപാലനപരവും പ്രേഷിതാത്മകവും പ്രായോഗികാഭ്യാസാധിഷ്ഠിതവുമായ ശിക്ഷണവും പരിശീലനവും. പ്രേഷിതപ്രവർത്തനത്തെപ്പററിയുള്ള ഡിക്രിയിൽ ഈ ശിക്ഷണവും പരിശീലനവും ഏതെല്ലാം തലങ്ങളിൽ എങ്ങനെ നല്കാമെന്നതിനു് ഒരു രൂപരേഖ കൊടുക്കുന്നുണ്ടു്. ആദ്യംതന്നെ ദൈവശാസ്ത്രത്തിലും ബൈബിൾവിജ്ഞാനീയത്തിലും വേണ്ട അറിവു സമ്പാദിക്കുകയാണു് ആവശ്യം. എങ്കിലേ ക്രിസ്തുവിനെ ജനങ്ങൾക്കു ശരിയായി അവതരിപ്പിച്ചുകൊടുക്കുവാനും സാക്ഷ്യപ്പെടുത്തുവാനും അവർക്കു കഴിയൂ. തന്നെയുമല്ല, അവരുടെതന്നെ പ്രേഷിതജീവിതത്തെ ആ അറിവു പരിപോഷിപ്പിച്ചു വളർത്തുകയും ചെയ്യും. സകല പ്രേഷിതരും, അവർ വൈദികരോ സഹോദരന്മാരോ സഹോദരികളോ അല്മായരോ ആരുമാവട്ടെ, തങ്ങളുടെ ജീവിതസ്ഥിതിക്കും ഭാവിപ്രവർത്തനങ്ങൾക്കുമനുസൃതവും ആവശ്യകവുമായ ഒരുക്കവും പരിശീലനവും സമ്പാദിക്കണമെന്നു ഡിക്രി പ്രത്യേകം എടുത്താവശ്യപ്പെടുന്നുണ്ടു്. അല്ലെങ്കിൽ പ്രേഷിത

പ്രവർത്തനരംഗത്തു് അവർ അപര്യാപ്തരായി മാറിയെന്നു വരും.

ഭാവിപ്രേഷിതർ പ്രവർത്തിക്കാൻ പോകുന്ന പ്രദേശങ്ങളിലെ ജനതയെപ്പററിയും അവരുടെ മതം, സംസ്കാരം തുടങ്ങിയവയെപ്പററിയും വ്യക്തമായ അറിവുണ്ടായിരിക്കണം. ആ ജനതയുടെ മുൻകാലചരിത്രവും അറിഞ്ഞിരിക്കേണ്ടതുണ്ടു്. അവരുടെ പിതൃസ്വത്തിനേയും പാരമ്പര്യത്തേയും ഭാഷയേയും ആചാരനടപടികളേയുമൊന്നും ഒരു മിഷനറിക്കും അവഗണിക്കാനാവില്ല. അവയെ മതിക്കുകയും ആദരിക്കുകയും അവയ്ക്കു വിലയും പരിഗണനയും നല്കുകയും ചെയ്യേണ്ടതാണു്. സമൂഹഘടന പ്രേഷിതപ്രവർത്തനത്തിനാകെ ഉലച്ചിലുളവാക്കാൻ പോരുന്നതായിരിക്കും ചില രാജ്യങ്ങളിൽ. അതുകൊണ്ടു ഭാവിപ്രേഷിതർ തങ്ങൾ അയയ്ക്കപ്പെടുവാൻപോകുന്നനാട്ടുകളിലെ സമൂഹഘടനയെപ്പററി ബോധവാന്മാരായിരിക്കണം; അതിനെപ്പററി നന്നായി പഠിച്ചറിയുകയുംവേണം. സമൂഹങ്ങളുടെ പരസ്പരബന്ധങ്ങൾ, വിവിധ ജാതികൾക്കിടയിലെ സാധർമ്മ്യങ്ങളും വൈധർമ്മങ്ങളും, അവരുടെ പരസ്പരസ്വാധീനം, ക്രൈസ്തവരോടു വിവിധജാതീയ ഘടകങ്ങൾ പുലർത്തുന്ന സമീപനവും വീക്ഷണവും—അങ്ങനെ പലതിനെപ്പററി കഴിയുന്നതും വ്യക്തമായൊരു രൂപം ലഭിച്ചിരിക്കാതെ വയ്യാ. അന്നാട്ടുകാരുടെ ധാർമ്മികക്രമം, വിശ്വാസ തത്വങ്ങൾ, മതപരമായ പ്രമാണങ്ങൾ, ആശയഗതികൾ എന്നിവ നേരിട്ടു് അനുഭവിച്ചറിഞ്ഞു മനസ്സിലാ

ക്കുന്നതിനായി അവിടങ്ങളിൽത്തന്നെ ഭാവിപ്രേഷിതരെ പരിശീലനത്തിനായി കുറെനാൾ അയയ്ക്കണം. അവരുടെ ഭാഷയും ആചാരാനുഷ്ഠാനങ്ങളും സ്വാമൂഹികവിധികളുമൊക്കെ നന്നായി പഠിക്കാനുമിതു സഹായിക്കും. സെമിനാരികളിലെ താത്ത്വികവും മതപരവുമായ പഠനത്തിൽനിന്നു പ്രായോഗികവും പ്രേഷിതാത്മകവും അജപാലനപരവുമായ വിജ്ഞാനം ഒരിക്കലും കിട്ടുന്നില്ല. അതുകൊണ്ടു ഭാവിപ്രവർത്തനങ്ങൾക്കുള്ള സ്ഥലങ്ങളിൽ കുറെക്കാലം ചെലവഴിക്കുന്നതും പ്രവർത്തനങ്ങളുടെ പ്രാരംഭമെന്ന നിലയിൽ കുറെയൊക്കെ പ്രവർത്തിക്കുന്നതും വളരെ പ്രയോജനപ്രദമായിരിക്കും. ഇങ്ങനെയുള്ള പ്രായോഗികാഭ്യാസംകൊണ്ടുകൂടിയേ ഭാവിപ്രേഷിതരുടെ പ്രേഷിതപരിശീലനവും ശിക്ഷണവും പൂർത്തിയാവൂ; സമഗ്രമാവൂ; അപ്പഴേ പ്രേഷിതരംഗത്തെ ന്തുരന്തുറാവശ്യങ്ങളെ നേരിടാൻ കഴിവുററതാവുകയുള്ളൂതാനും.

വ്യക്തിപരമായ നിലയിൽ ഇതെല്ലാം സാധിക്കുവാനോ സമ്പാദിക്കുവാനോ സാധ്യമല്ല. ഈയൊരു ലക്ഷ്യത്തെ മുൻനിറുത്തി പ്രവത്തിക്കുന്ന പ്രേഷിതസ്ഥാപനങ്ങൾക്കേ ഇതു സാധിക്കാനാവൂ. പ്രേഷിതദൈവവിളി സ്വീകരിച്ച വ്യക്തികൾ അവിടെ ഒന്നിച്ചു ജീവിക്കുകയും ഒന്നിച്ചു പരിശീലനം സമ്പാദിക്കയും ചെയ്യുന്നു. ഈ സ്ഥാപനങ്ങൾതന്നെ 'സഭയുടെ നാമത്തിലും ഹയരാക്കിയുടെ നിയന്ത്രണ'[1]ത്തിലും പ്രേഷിതപ്രവത്തനംനടത്തുന്നു.

---

1. A. G. n. 27.

ചില സ്ഥാപനങ്ങൾ സമ്പൂർണ്ണമായും പ്രേഷിതപ്രവർത്തനരംഗത്തു ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നവയാണ്; മററു ചിലതു ഭാഗികമായിമാത്രം. സഭ അവർക്കേല്പിച്ചുകൊടുത്തിരിക്കുന്ന പ്രത്യേക മിഷൻപ്രദേശങ്ങളിൽ വർഷങ്ങളായി അവർ അദ്ധ്വാനിക്കുകയാണ്; ആ അദ്ധ്വാനത്തിൻെറ ഫലമായി അവിടങ്ങളിലെല്ലാം പ്രാദേശികസഭകൾ ഉയർന്നു വന്നുകൊണ്ടിരുന്നു. അവരുടെ സംഘടിതപ്രേഷിതയത്നങ്ങളെ കൗൺസിൽ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. ഇനിയും അവരുടെ യത്നങ്ങളും സഹകരണങ്ങളും സഭയ്ക്കാവശ്യമുണ്ട്. പ്രത്യേകിച്ച് അനഭിവൃദ്ധരാജ്യങ്ങളിലെ പ്രേഷിതപ്രവത്തനത്തിനു്. സാമൂഹികസാംസ്കാരികരംഗങ്ങളിൽ ജനങ്ങൾക്കു സേവനവും സഹായവുമണയ്ക്കാനും മനുഷ്യരുടെ ജീവിതനിലവാരമുയർത്താനും ഇന്നു മിഷനറിമാർ മുന്നോട്ടു വരണം. അതിനു പ്രേഷിതപ്രവത്തനത്തിനായി സമർപ്പിതമായ സ്ഥാപനങ്ങൾ മുന്നോട്ടിറങ്ങാതെ വയ്യാ; അവയിലൂടെയേ ശ്രദ്ധേയമായ വിധത്തിൽ മിഷനറിമാർക്കെന്തെങ്കിലും ചെയ്യാനാവൂ. ഒരിക്കലും പ്രേഷിതപ്രവർത്തനം നടന്നിട്ടില്ലാത്ത ഒട്ടേറെ പ്രദേശങ്ങൾ ഇനിയും അവശേഷിക്കുന്നു. അത്തരം പ്രദേശങ്ങൾ ചില പ്രേഷിതസ്ഥാപനങ്ങളെ സഭയിന്നു ഭരമേല്പിക്കുകയാണ്; കൂടുതലായി ഏല്പിക്കുവാൻ തയ്യാറുമാണ്. ആധുനികസാഹചര്യങ്ങളുടെ പ്രശ്നങ്ങളേയും വെല്ലുവിളികളേയും അഭിമുഖീകരിച്ചു

നിന്നു പുതിയ പ്രദേശങ്ങളിൽ സുവിശേഷം പ്രസംഗിക്കുന്ന ചുമതല ഏറെറടുത്തു കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയുന്ന ധാരാളം പ്രേഷിതസ്ഥാപനങ്ങൾ ഉണ്ടാവണം; സ്ഥാപനങ്ങളുണ്ടാവണമെങ്കിൽ, അവയുടെ പ്രവത്തനം വിജയപ്രദമാവണമെങ്കിൽ കഴിവും തീക്ഷ്ണതയും സമർപ്പണബോധവുമുള്ള അനേകായിരം പ്രേഷിതരുണ്ടാവണം—ഇതാണിന്നു് സഭയുടെ ഏററം വലിയ ആവശ്യം.

## പത്ത്

# മിഷനറിയും ജനങ്ങളും

സുവിശേഷപ്രചാരണത്തിനിറങ്ങുന്ന മിഷനറി താൻ പ്രവർത്തിക്കുന്ന ദേശത്തേയും അവിടത്തെ ജനങ്ങളേയും സ്നേഹിക്കണം. അല്ലെങ്കിൽ തൻെറ സകല പ്രവർത്തനങ്ങളും പരാജയത്തിലേ കലാശിക്കൂ. ജനങ്ങളുമായി സമ്പർക്കവും സാമീപ്യവും പുലർത്തിക്കൊണ്ടു മാത്രമേ മിഷനറിയ്ക്കവിടെ പ്രവർത്തനം തുടങ്ങാനാവൂ. വെറും ശാരീരികമായ സാന്നിദ്ധ്യമല്ല ഈ സമ്പർക്കവും സാമീപ്യവുംകൊണ്ടർത്ഥമാക്കുക; കുറെ ജനങ്ങളെ ശ്രോതാക്കളായി വിളിച്ചുകൂട്ടുക എന്നുമല്ല. മറിച്ച് ഹൃദയം ഹൃദയത്തോടടുക്കുന്ന ഒരു ബന്ധമാണതു്; മാനസികമായ ഒരു ബന്ധമാണതു്. സഹാനുഭൂതിയോടെ ജനങ്ങളെ സമീപിക്കുകയും അവരോട്ട് എല്ലാവിധത്തിലും താദാത്മ്യപ്പെടുകയും ചെയ്യുന്ന മിഷനറി ആഴമേറിയതും സകലർക്കും സ്വീകാര്യവുമായ ഒരു ബന്ധമാണു് അവരുമായി സ്ഥാപിക്കുക.

സ്നേഹം അറിവിൽനിന്നേ ഉണ്ടാവൂ. ജീവിതത്തിലാദ്യമായി കണ്ടുമുട്ടുന്നവരെ ആർക്കും പെട്ടെന്നങ്ങു സ്നേഹിക്കാനാവില്ല. ഒരു മിഷൻപ്രദേശത്തേക്കു് ആദ്യമായി കടന്നുവരുന്ന വിദേശമിഷനറിക്കു തീർത്തും അപരിചിതരായ ജനങ്ങളോടു സ്നേഹമോ അടുപ്പമോ ആദ്യം തന്നെ ഉണ്ടാവുക സാധ്യമല്ല. ഉണ്ടാവണമെങ്കിൽ അവരെ അറിയേണ്ടതുണ്ടു്; അവരെപ്പററി പഠിക്കേണ്ടതുണ്ടു്; അവരെ വ്യക്തിപരമായി പരിചയപ്പെടേണ്ടതുണ്ടു്. ഇതെല്ലാം സാധിക്കുക അവർക്കിടയിൽ ജീവിച്ചുകൊണ്ടാണു്; അവരുടെ അനുദിനജീവിതത്തിൽ പങ്കുചേർന്നുകൊണ്ടാണു്. തനിക്കു് അസ്വീകാര്യവും അതൃപ്തികരവും അനിഷ്ടകരവുമായ പലതും മിഷനറിക്കു കൈനീട്ടി സ്വീകരിക്കേണ്ടതായി വരും. അവരെ മുഴുവനായി തൻെറ സ്വന്തം ജനങ്ങളായി കാണുകയും അതനുസരിച്ചു പെരുമാറുകയും ചെയ്യുവാൻ മിഷനറി പഠിക്കേണ്ടതുണ്ടു്. മിഷനുവേണ്ടിയുള്ള സമ്പൂർണ്ണസമർപ്പണത്തിൽനിന്നാണു് ഇതിനുള്ള ശക്തിയും പ്രചോദനവുമെല്ലാം ലഭിക്കുക.

മിഷനറിവഴിയാണു സഭ ഒരു പ്രത്യേകപ്രദേശത്തു രൂപമെടുക്കുന്നതും വളരുന്നതും. ക്രിസ്തുവിൻെറ സന്ദേശം സ്വീകരിക്കപ്പെടുകയോ നിരാകരിക്കപ്പെടുകയോ ചെയ്യുന്നതിനും മിഷനറിയാണു കാരണക്കാരൻ. അവർക്കിടയിലുള്ള സഭയുടെ സാന്നിദ്ധ്യത്തേയും പ്രവർത്തനത്തേയുംപററിയുള്ള ധാരണ അവർക്കു കിട്ടുന്നതു്

മിഷനറിയിൽനിന്നാണു്. സഭയെ അപരിചിതയോ സുപരിചിതയോ ആയി രൂപപ്പെടുത്തുവാൻ മിഷനറിക്കു കഴിയും. 'സഭയ്ക്കു് ഒരിടത്തും അപരിചിതയായിരിക്കാൻ സാധ്യമല്ല'[1]. ഒരു രാജ്യത്തിനും വിദേശിയമായി മിഷൻ കാണപ്പെടാനിടവരരുതു്. മറിച്ചു് ആ രാജ്യത്തിൻെറ എല്ലാ അംശങ്ങളോടുംകൂടി അതിൻേറതായി മാറണം എന്നു പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പായും പറഞ്ഞിട്ടുണ്ടു്[2]. ഇത്തരമൊരു സാന്നിദ്ധ്യം സാധിക്കുക സഭയെ സംബന്ധിച്ചിടത്തോളം എളുപ്പമല്ല. മിഷൻെറ ചരിത്രം പരിശോധിച്ചാൽ പല അബദ്ധങ്ങളും ഈ രംഗത്തുണ്ടായതായി കാണാം. പ്രത്യേകിച്ചും ചൈന, ഇന്ത്യാ, ജപ്പാൻ, ആഫ്രിക്ക എന്നിവിടങ്ങളിൽ.

ക്രിസ്തുവിൻെറ സന്ദേശം ഒരു സംസ്കാരത്തിൻെറയോ മനുഷ്യവർഗ്ഗത്തിൻെറയോ കുത്തകയല്ല; അവയുടെ അടിമയുമല്ല. എന്നുവരികിലും സംസ്കാരവും ക്രിസ്തുസന്ദേശവുമായി പല ബന്ധങ്ങളുമുണ്ടു്. ക്രിസ്തുസന്ദേശത്തിൻെറ പ്രചാരണം പല സാംസ്കാരിക ഘടകങ്ങളെ ആശ്രയിച്ചാണു നില്ക്കുന്നതു്. കാരണം ആരും സ്വീകരിക്കാനൊരുക്കമല്ലെങ്കിൽ ഈ സന്ദേശ പ്രചാരണത്തിൻെറ ലക്ഷ്യവും ഫലവും സാധിക്കുന്നില്ല. തങ്ങളുടേതായ പരിതോവസ്ഥകളിലും പാരമ്പര്യങ്ങളിലും ആചാരങ്ങളിലുമൊക്കെയാണു ശ്രോതാക്കൾ കഴിയു

1. Pope Benedict XV, AAS 11 (1919) p. 445.
2. Pope Pius XII, AAS 36 (1944) p. 210; cfr. A. G. n. 15.

ക. സ്വീകർത്താവിൻെറ സ്വഭാവത്തിനനുസൃതമായിരിക്കും സ്വീകരിക്കുന്ന വിധവും. പ്രേഷിതപ്രവർത്തനരംഗത്തു് ഈ തത്വത്തിനുള്ള സ്ഥാനത്തെപ്പററി സഭയ്ക്കു ബോധമുണ്ടു്.

ദേശീയസംസ്കാരത്തോടു മിഷനറിമാർക്കുണ്ടായിരിക്കേണ്ട സമീപനത്തെപ്പററി വിശ്വാസപ്രചാരണത്തിനായുള്ള തിരുസ്സംഘം 1959-ൽത്തന്നെ നിർദ്ദേശം നല്കിയിട്ടുണ്ടു്. തങ്ങളുടെ സ്വകീയമായ ആചാരങ്ങളേയും പാരമ്പര്യങ്ങളേയും വിശ്വാസത്തിനും ധാർമ്മികതയ്ക്കുമെതിരല്ലാത്തിടത്തോളംകാലം വലിച്ചെറിയുവാൻ ജനങ്ങളോടാവശ്യപ്പെടരുതു്. മറിച്ചു വിശ്വാസം മാത്രമവർക്കു നല്കുക. എല്ലാ ആചാരങ്ങളേയും സാംസ്കാരികപാരമ്പര്യങ്ങളേയും അംഗീകരിക്കുകയും മാനിക്കുകയും ചെയ്യുവാൻ വിശ്വാസത്തിനു കഴിയും. സ്വതേ നല്ലതായുള്ളതൊന്നും നശിപ്പിക്കുന്നില്ല സുവിശേഷം. ഏതെങ്കിലും സംസ്കാരത്തെയോ നാഗരികതയെയോ താൻ പോകുന്നിടങ്ങളിലെല്ലാം നട്ടുവളർത്തുകയല്ല സുവിശേഷപ്രസംഗകൻെറ ധർമ്മം; പ്രത്യുത, ഓരോന്നിൻേറയും സംസ്കാരവും നാഗരികതയും മാനിച്ചുകൊണ്ടു് അതിൻെറ നടുവിലേക്കു വിശ്വാസത്തിൻെറ വെളിച്ചവുമായി കടന്നിറങ്ങുകയാണു് അയാളുടെ ധർമ്മം.

തൻെറ ചുററുപാടുമുള്ള മനുഷ്യരുടെ സംസ്കാരവും പാരമ്പര്യവുമെല്ലാം പഠിച്ചറിയാനും മനസ്സിലാ

ക്കാനും മിഷനറി ശ്രമിക്കണം. അല്ലെങ്കിൽ അവർക്കു പൂജ്യവും അമൂല്യവുമായ പലതിനേയും മിഷനറി ച വിട്ടിത്തേച്ചെന്നു വരാം; അവർക്കു പരിശുദ്ധവും പ്രിയ ങ്കരവുമായതിനെ നിസ്സാരമായിത്തള്ളിയെന്നു വരാം. അ തോടെ തങ്ങളുടെ വംശത്തിൻേറയും നാടിൻേറയും ശ ത്രുവായി മിഷനറിയെ അവർ കാണുന്നു; ഏതോ വൈ ദേശികപ്രസ്ഥാനത്തിൻെറ വക്താവായി വന്നിരിക്കുന്ന ഒരന്യനും അപരിചിതനുമായേ അദ്ദേഹത്തെ അവർക്ക പ്പോഗം കാണാൻ കഴിയൂ. എന്നാൽ ദൈവത്തിൻെറ സ ന്ദേശം പ്രസംഗിക്കുന്ന ഒരു പ്രേഷിതനും ലോകത്തി ലൊരിടത്തും അപരിചിതനായിരിപ്പാൻ പാടില്ല.

വളരെ ഉയർന്ന സംസ്കാരം പുലർത്തുന്ന ചില പൗരസ്ത്യരാജ്യങ്ങളുണ്ട്. അവിടങ്ങളിൽ ബുദ്ധിപരവും ആധ്യാത്മികവും സാംസ്കാരികവുമായുണ്ടാവുന്ന വളർ ച്ച ശ്ലാഘനീയമാണ്. അകത്തോലിക്ക രാജ്യങ്ങളിലെ ഈ വളർച്ചയ്ക്കും സാംസ്കാരികമുന്നേററത്തിനും നമു ക്കു വില കല്പിക്കാതെ വയ്യാ. ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പാ ഒരിക്കൽ മിഷനറി മെത്രാന്മാരോടായി പറ ഞ്ഞു: "മനുഷ്യസംസ്കാരത്തെ സമ്പന്നമാക്കുവാൻ ക ഴിവുള്ള കലയുടേയും ചിന്തയുടേയും യഥാർത്ഥമായ മൂ ല്യങ്ങളെ സഭയും അംഗീകരിക്കുകയും പ്രോത്സാഹിപ്പി ക്കുകയും ചെയ്യുന്നു. എല്ലാ സംസ്കാരങ്ങളേയും മാററി നിർത്തിക്കൊണ്ട് ഒരു പ്രത്യേക സംസ്കാരവുമായി

സഭ താദാത്മ്യം തേടുന്നില്ല"[1]. തത്വശാസ്ത്രവും കലയും ശില്പവിദ്യയും സംഗീതവും സാഹിത്യവുമെല്ലാം പ്രേഷിതപ്രവത്തനത്തിനു സഹായകരങ്ങളാണു്. എല്ലായിടങ്ങളിലും ഇവയിലെല്ലാംതന്നെ ഒന്നുപോലെ ഉപകാരപ്രദമായെന്നു വരില്ല. എങ്കിലും അനഭിവൃദ്ധപ്രദേശങ്ങളിലും ആദിമവർഗ്ഗക്കാർക്കിടയിലും വളരെയേറെ ഉപകാരപ്രദമാണു്. ചൈനയിലെ മിഷനറിമാരായിരുന്ന മത്തയോ റിച്ചിയും ആഡംസ്കാലും ചൈനയിലെ ചക്രവർത്തിമാരെപ്പോലും സ്വാധീനിച്ചുവശത്താക്കിയതു് കണക്കുശാസ്ത്രത്തിലും സയൻസിലുമുള്ള അവരുടെ അവഗാഢമായ അറിവാണു്. കണക്കും ശാസ്ത്രവും സുവിശേഷഘോഷണത്തിനു സഹായകമായി ഉപയോഗിക്കാൻ അവർക്കു സാധിച്ചു. ഇക്കാലത്തു്, ജനങ്ങളുടെ ചിന്താഗതികളും ആശയങ്ങളും കലകളും സയൻസും തത്വചിന്തയുമെല്ലാം നന്നായി പഠിക്കുകയും അവയുമായി സാധിക്കുന്നിടത്തോളം താദാത്മ്യപ്പെടുകയും ആവശ്യമാണു്.

താനുൾക്കൊള്ളുന്ന സമൂഹത്തിൽ പരിവർത്തനങ്ങൾ വരുത്തേണ്ടവനാണു മിഷനറി. പുതിയൊരു ജീവിതരീതി—ക്രൈസ്തവജീവിതം—അവർക്കിടയിൽ അവതരിപ്പിക്കുന്നതോടെ ഈ പരിവർത്തനമാരംഭിക്കുകയായി. എന്നാൽ ഈ പരിവത്തനം മററു ചില രംഗത്തെ പരിവത്തനങ്ങളോടൊത്തു പോകണം— സാമൂഹികവും

---

1. AAS. 51, (1959) p. 844.

സാമ്പത്തികവുമായ ജീവിതരംഗത്തെ പരിവർത്തനവുമായി. ഇതും പ്രേഷിതപ്രവർത്തനത്തിൻെറ ഭാഗംതന്നെയായി കരുതാം. കാരണം, നീതിപൂർവ്വകമായ ഒരു സാമൂഹിക വ്യവസ്ഥിതി സ്ഥാപിക്കാനുള്ള കടമ മിഷനറിക്കുണ്ടു്; അതാണു് ആദ്യം ചെയ്യേണ്ട മനുഷ്യസേവനം. സുവിശേഷത്തിൻെറ സന്ദേശം ശ്രവിക്കുന്നതിനു് അവരെ ഒരുക്കുക എന്ന നിലയിലും ഇതു പ്രേഷിതപ്രവർത്തനത്തിൻെറ ഭാഗമായി കരുതാം. ഭക്ഷണവും പാർപ്പിടവും വസ്ത്രവും ജോലിയും ശരീരസുഖവുമില്ലാതെ വേദനിക്കുന്നവരുടെ മുമ്പിൽ എങ്ങനെ സുവിശേഷം പ്രസംഗിക്കാനാവും? ഇത്തരം പ്രശ്നങ്ങൾ എല്ലാമിഷനറിമാർക്കുമുണ്ടാവും—ഏററക്കുറച്ചിൽ കണ്ടേനു വരാമെന്നുമാത്രം.

സുവിശേഷം പ്രസംഗിക്കണമെന്ന വ്യഗ്രതയ്ക്കിടയിൽ സഭ ഒരിക്കലും ആരോടും തൻെറ ജീവിതരീതികളും ആചാരങ്ങളും ചിന്താഗതികളും വലിച്ചെറിഞ്ഞിട്ടു് വിദേശിയമായ മറെറാന്നു സ്വീകരിക്കാനാവശ്യപ്പെട്ടിട്ടില്ല. മനുഷ്യൻെറ മനുഷ്യത്വത്തെ സഭ എക്കാലവും ആദരിച്ചുപോരുന്നു. ഇക്കാര്യത്തിൽ വർഷങ്ങൾക്കു മുമ്പുമുതല്ലേ, വിശ്വാസപ്രചാരണത്തിനുള്ള തിരുസ്സംഘത്തിൻെറ സ്ഥാപനകാലം മുതല്ലേ, തുടർച്ചയായി മിഷനറിമാർക്കു നിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരുന്നു സഭ. എങ്കിലും ഒററപ്പെട്ട ചില പരാജയങ്ങളും അബദ്ധങ്ങളും ചിലയിടങ്ങളിൽ ചിലപ്പോൾ സംഭവിച്ചിട്ടുണ്ടാവാം. വത്തിക്കാൻ കൗൺസിൽ സംസ്കാരസാ

ത്മീകരണത്തിൻേറയും അനുരൂപണത്തിൻേറയും കാര്യത്തിൽ പുതിയ കാഴ്ചപ്പാടുകൾ നല്കിയിട്ടുണ്ടു്. തിരുസ്സഭ, സഭ ആധുനികലോകത്തിൽ, ലിററർജി എന്നീ പ്രമാണരേഖകളിലും മിഷൻപ്രവർത്തനത്തെപ്പററിയുള്ള ഡിക്രിയിലും നമുക്കതു വ്യക്തമായി കാണാം. "ക്രിസ്തുവിൻെറ രാജ്യം ഈ ലോകത്തിലല്ലാത്തതിനാൽ സഭ അഥവാ ദൈവജനം ഈ രാജ്യസ്ഥാപനത്തിൽ ഏതെങ്കിലും ജനപദത്തിൻെറ ഭൗതികക്ഷേമത്തിനു് ഏതെങ്കിലും തരത്തിൽ ഹാനി വരുത്താതെ അതതു ജനപദങ്ങളുടെ ഇടയിൽ സൃഷ്ടിപരമായി കാണുന്ന കഴിവുകളും സമ്പന്നതയും നടപ്പുകളും പരിപോഷിപ്പിക്കുകയും അവയെ സ്വന്തമാക്കിക്കൊണ്ടു വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ധന്യമാക്കുകയും ചെയ്യുന്നു"1.

---

1. L. G. n. 13

## പതിനൊന്ന്

# സുവിശേഷഘോഷണവും മാനവപുരോഗതിയും

അവികസിതരാജ്യങ്ങളാണ മിഷൻരാജ്യങ്ങളധികംതന്നെയും. അവിടങ്ങളിൽ പ്രേഷിതപ്രവർത്തനത്തിലേർപ്പെടുന്ന മിഷനറിമാർ മാനുഷികപ്രശ്നങ്ങളുടെ നടുവിലാണ കഴിയുക; ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, വസ്ത്രം, ചികിത്സാസൗകര്യങ്ങൾ തുടങ്ങിയ അടിയന്തിരജീവിതാവശ്യങ്ങൾക്കായി കൈ നീട്ടുന്ന ജനലക്ഷങ്ങളുടെ നടുവിലാണ സുവിശേഷം പ്രസംഗിക്കാനായി ചെല്ലുന്ന മിഷനറി ജീവിക്കുക. ഈ സാഹചര്യത്തിൽ സുവിശേഷഘോഷണമോ സാമൂഹികപ്രവർത്തനമോ? ഏതിനാണ മുൻതൂക്കവും പ്രാധാന്യവും കല്പിക്കേണ്ടതു്? മിഷനറിമാർ സ്വയം ചോദിച്ചുപോകും.

ജീവിതത്തിൻെറ പ്രാഥമികാവശ്യങ്ങൾപോലു മില്ലാതെ ക്ലേശിക്കുന്ന മനുഷ്യരോട്, നിലനില്പിനുവേ ണ്ടി പിടയുന്ന മനുഷ്യരോട്ട സുവിശേഷം പ്രസംഗിക്കു ക അവരുടെ ജീവൽപ്രശ്നങ്ങളും വേദനകളും പരിഗ ണിച്ചുകൊണ്ടായിരിക്കണം. മനുഷ്യനേയും മനുഷ്യജീ വിതത്തേയുംപററിയുള്ള ക്രൈസ്തവവീക്ഷണത്തിലെ അടിസ്ഥാനപരമായ ഒരു സത്യമാണ് ഇവിടെ തെളി ഞ്ഞു നില്ക്കുന്നതു്. മനുഷ്യോന്നമനത്തിനായുള്ള പ്രവർ ത്തനങ്ങളും പ്രേഷിതപ്രവർത്തനവും വ്യതിരിക്തങ്ങള ല്ല; പരസ്പരപൂരകങ്ങളാണവ[1]. അവ വ്യത്യസ്തമായ ര ണ്ടു കടമകളുമല്ല. ഒരേ ഒരു കടമയിലാണ് അവയുൾ ക്കൊള്ളുക. അവ രണ്ടും ഒരേ മനുഷ്യവ്യക്തിയെ സ്പർ ശിക്കുന്നവയാണ്. ദൈവം മനുഷ്യനെ മുഴുവനായാണ് രക്ഷിക്കുന്നതു്. അവൻെറ ശാരീരികമായ താത്കാലി കാവശ്യങ്ങളും ആത്മീയമായ ശാശ്വതാഭിലാഷങ്ങളും സഫലീകരിച്ചുകൊണ്ടാണ് അവിടുന്ന് അവനെ രക്ഷി ക്കുക. എങ്കിലും ശാശ്വതമായ മൂല്യങ്ങൾക്കാണ് പ്രാ ധാന്യവും വിലയും കല്പിക്കേണ്ടതു്. ഈ ശാശ്വതമൂല്യ ങ്ങൾ ശരീരത്തിൻേറതായ ആവശ്യങ്ങളെ അവഗണി ക്കാൻ ഒരിക്കലും കാരണമാകുന്നില്ല; അങ്ങനെയായിരി ക്കാൻ സാധ്യവുമല്ല. മറിച്ച്, അവയ്ക്കു് അർത്ഥവും വില യും നല്കുകയാണു ചെയ്യുക. ആത്മാവും ശരീരവും ക്രൂ

---

(1) Archbishop Sergio Pignedoli, Evangelization and Development, International Fides Service, Jan. 31, 1970. P. 46.

ടുമ്പോഴേ മനുഷ്യൻ പൂർണ്ണനാവുന്നുള്ളൂ; മനുഷ്യൻ മനുഷ്യനാവുന്നുള്ളൂ. പൂർണ്ണനായ മനുഷ്യനെയാണു സഭയ്ക്കു സമീപിക്കേണ്ടതും; അവനോടാണു സഭയ്ക്കു സുവിശേഷം പ്രസംഗിക്കേണ്ടതും. അതുകൊണ്ട് മനുഷ്യൻെറ ആത്മീയമായ ആവശ്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കാനിറങ്ങുന്നതോടൊപ്പം, ഒരുപക്ഷേ അതിനു മുമ്പേ തന്നെ, അവൻെറ ശാരീരികാവശ്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ സഭയ്ക്കു കടമയുണ്ട്.

മറെറാരു വീക്ഷണകോണിലൂടെ നോക്കിയാലും മനുഷ്യോന്നമനപ്രവർത്തനവും പ്രേഷിതപ്രവത്തനവും തമ്മിലുള്ള ബന്ധംതന്നെയാണു തെളിഞ്ഞുനില്ക്കുക. സുവിശേഷത്തിൻെറ രത്നച്ചുരുക്കമായി നാം കണക്കാക്കുന്നതു് ദൈവസ്നേഹവും സഹോദരസ്നേഹവുമാണല്ലോ. അങ്ങനെയെങ്കിൽ സുവിശേഷം പൂർണ്ണമായി പ്രസംഗിക്കപ്പെടണമെങ്കിൽ അതിൻെറ രണ്ടു സന്ദേശങ്ങൾക്കും മിഷനറി തൻെറ പ്രവർത്തനങ്ങളിലൂടെ സാക്ഷ്യം വഹിക്കണം. ആദ്യത്തേതു് 'ആധ്യാത്മിക'സന്ദേശ (Spiritual Message) മാണു്. ആധ്യാത്മികജീവിതവുമായാണു് അതിനു നേരിട്ടു ബന്ധമുള്ളതു്. രണ്ടാമതു് 'സാമൂഹിക'സന്ദേശ (Social Message) മാണു്. സഹോദരസ്നേഹത്തിലധിഷ്ഠിതമാണു് ഈ സന്ദേശം. സഹജീവികളുടെ ജീവിതംതന്നെയാണു് ഈ സന്ദേശം സ്പർശിക്കുക[1].

---

(1) Cfr. Gerald Mahon, M.H.M., Mission and Development in *Church is Mission,* Geoffrey Chapman, London, (1969) P. 180.

ഈ കാഴ്ചപ്പാടുകളിൽനിന്നു ചിന്തിക്കുമ്പോഴ് സാമൂഹികപ്രവർത്തനങ്ങളും പ്രേഷിതപ്രവർത്തനവുമായുള്ള ബന്ധം വ്യക്തമായിവരും. ജനങ്ങൾക്കു ക്ഷേമവും ജീവിതസൗകര്യവും മററും കൈവരുത്തുവാൻ മററാരെയുംകാൾ സുവിശേഷത്തിൻെറ വക്താക്കൾക്കാണു കഴിയുക; അതുകൊണ്ടു് വളരെ ഭാരിച്ചതും ക്ലേശകരവുമായ ഒരു ദൗത്യമാണു സഭയ്ക്കിന്നു ലോകത്തിൽ നിർവ്വഹിക്കാനുള്ളതു്. 'സഭ ആധുനികലോകത്തിൽ' (Church in the Modern World) എന്ന കൊൺസ്റ്റിററ്യൂഷനിലൂടെ വത്തിക്കാൻകൗൺസിൽ ഇതു വ്യക്തമായി പറഞ്ഞുവയ്ക്കുന്നുണ്ടു്. അതിനുമുമ്പുതന്നെ പോൾ മാർപ്പാപ്പായും ഈ പ്രശ്നത്തേയും അതിൻെറ പരിഹാരത്തിനായി സഭയ്ക്കുള്ള കടമയേയുംപററി ബോധവാനായിരുന്നു. അദ്ദേഹം നമ്മുടെ സത്വരശ്രദ്ധയെ ക്ഷണിക്കുകയാണു്: "അതിരൂക്ഷവും അതിദയനീയവുമായ ഒരു സ്ഥിതിവിശേഷമാണിന്നു നമ്മുടെ മുമ്പിലുള്ളതു്...ജീവിതത്തിനനുപേക്ഷണീയമായവയുടെ അഭാവത്താൽ അനേകായിരം നിരപരാധികളായ ശിശുക്കൾ മരണത്തിലേക്കു വഴുതിവീണുകൊണ്ടിരിക്കുന്നു. ലോകമെങ്ങുമുള്ള ജനങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു. മാനവപുരോഗതിയുടെ ഭാവി ഇരുളടഞ്ഞതാണു്. തങ്ങളുടെ ഉത്തരവാദിത്വങ്ങളുമായി സകലരും പ്രവർത്തനരംഗത്തിറങ്ങേണ്ട സമയമാണിതു്"[1].

---

1. Populorum Progressio, n. 80.

പ്രേഷിതപ്രവർത്തനത്തെപ്പററിയുള്ള ഡിക്രിയിലെന്നതുപോലെ[1] 'മാതാവും ഗുരുനാഥയും' (Mater et Magistra) 'സഭ ആധുനികയുഗത്തിൽ'(Church in the Modern World), 'മാനവപുരോഗതി' (Populorum Progressio) എന്നിവയിലെല്ലാം മുഴങ്ങി നില്ക്കുന്നതു് സാമൂഹിക സാമ്പത്തികവികസനങ്ങൾക്കായുള്ള പ്രവർത്തനങ്ങളിൽ മിഷനറിമാർ സജീവമായി സഹകരിക്കണമെന്ന ആശയമാണു്.

വിവിധ രാജ്യങ്ങളിലെ പ്രേഷിതപ്രവർത്തനചരിത്രം നോക്കിയാൽ, സാമൂഹികപ്രവർത്തനങ്ങളും പ്രേഷിതപ്രവർത്തനവും തമ്മിലുള്ള ബന്ധം പണ്ടേ മിഷനറിമാർ മനസ്സിലാക്കിയിരുന്നു എന്നു കാണാം. സ്കൂളുകൾ, ആതുരാലയങ്ങൾ, അനാഥാലയങ്ങൾ, ആശുപത്രികൾ, കാർഷികവികസനപരിപാടികൾ, സാങ്കേതികസ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കു് അവർ പ്രാധാന്യം നല്കിയിട്ടുണ്ട് മിക്ക സ്ഥലങ്ങളിലും.

സേവനത്തിൻെറ ജീവിക്കുന്ന പ്രതീകങ്ങളായ കന്യാസ്ത്രീകൾ രാപകൽ അവിശ്രമം അധ്വാനിക്കുന്ന എത്രയെത്ര ആശുപത്രികളും ഹെൽത്തു സെൻററുകളും അനാഥശാലകളുമൊക്കെയാണു ലോകത്തെമ്പാടുമുള്ളതു്. സൈക്കിളിലും കാളവണ്ടിയിലുമായി ഗ്രാമങ്ങളിലുടനീളം ചുററിസ്സഞ്ചരിച്ചു്, കുടിലുകൾ സന്ദർശിച്ചു ഗ്രാ

1. A. G. n. 12.

മീണരെ പഠിപ്പിക്കുകയും രോഗികളെ ചികിത്സിക്കുകയും പരിചരിക്കുകയും ചെയ്യുന്ന മിഷനറിമാർ മാനവപുരോഗതിക്കായി സേവനമനുഷ്ഠിക്കുന്നവരാണ്. അനാഥരായ കുഞ്ഞുങ്ങൾക്കും അശരണരായ വൃദ്ധജനങ്ങൾക്കും അഭയമരുളുന്ന മുന്നൂറിൽപ്പരം ജീവകാരുണ്യസ്ഥാപനങ്ങൾ ഭാരതത്തിലിന്നുണ്ട്. കാർഷികവികസനത്തിനും വ്യവസായവത്കരണത്തിനും വഴി തെളിക്കുന്ന സാങ്കേതിക പരിശീലനം നല്കിക്കൊണ്ട് രാഷ്ട്രനിർമ്മാണത്തിൽ മിഷനറിമാർ സഹകരിക്കുകയാണു ചെയ്യുന്നത്. മെച്ചവും മേന്മയുമേറിയ വിളവുണ്ടാകാനുതകുന്ന മാർഗ്ഗങ്ങൾ അവർ ജനങ്ങൾക്കുപദേശിച്ചുകൊടുക്കുന്നു. നല്ലയിനം വിത്തുകൾ, വളങ്ങൾ, കാർഷികോപകരണങ്ങൾ, ജലസേചന സൗകര്യങ്ങൾ തുടങ്ങിയവ സുലഭമാക്കിക്കൊടുക്കുന്നു. ഈ രംഗത്തു ജനങ്ങൾക്കു സാങ്കേതികപരിജ്ഞാനം നല്കുന്ന അനേകം പരിശീലനകേന്ദ്രങ്ങൾ മിഷനറിമാർ പലയിടത്തും സ്ഥാപിച്ചു നടത്തുന്നുണ്ട്. അജ്ഞതയെ എന്നേക്കുമായി അകററുന്നതിനായി അനേകം സ്കൂളുകളും കലാലയങ്ങളും മിഷനറിമാർ സ്ഥാപിച്ചു നടത്തുന്നു. ഇൻഡ്യയുൾപ്പെടെ മിക്ക ഏഷ്യനാഫ്റിക്കൻരാജ്യങ്ങളിലും പൊതുവിദ്യാഭ്യാസത്തിനു വഴി തുറന്നതും അഭ്യസ്തവിദ്യരുടെ ആദ്യതലമുറയെ വാർത്തെടുത്തതും മിഷനറിമാർതന്നെയാണ്. ഏഷ്യനാഫ്റിക്കൻ മിഷൻരംഗങ്ങളിലായി സഭ നേരിട്ടു വിദ്യാഭ്യാസം നല്കുന്ന കുട്ടികളുടെ എണ്ണം അറുപതുലക്ഷത്തിലധികമാണ്. ഉദ്ദേശം അറുപതിനായിരം വി

ദ്യാലയങ്ങളാണ വർദ്ധിച്ച ക്ലേശങ്ങൾ സഹിച്ചും സഭ ഇന്നു നടത്തുന്നത്. ഏഷ്യയിൽത്തന്നെ മിഷൻപ്രവർത്തനത്തിൻെറ ഭാഗമായി ഇപ്പോൾ പതിനഞ്ചു കത്തോലിക്കാ യൂണിവേഴ്സിററികളും 225-ൽപ്പരം കോളേജുകളുമാണുള്ളത്. ഇന്ത്യയിൽ എൺപതിലേറെ കോളേജുകളും ആയിരത്തിലധികം കത്തോലിക്കാസ്കൂളുകളുമുണ്ട്. സാർവ്വലൗകികവീക്ഷണവും വൈജ്ഞാനികവും സാംസ്കാരികവുമായ ഉന്നതനിലവാരവും സ്വായത്തമാക്കുവാൻ മിഷനറിമാർ വിദ്യാഭ്യാസരംഗത്തെ പ്രവത്തനത്തിലൂടെ ജനങ്ങളെ കഴിവുററവരാക്കുകയാണ ചെയ്യുക. പ്രസിദ്ധീകരണങ്ങൾ, വായനശാലകൾ, സിനിമ, നാടകം എന്നിവയിലൂടെ സാഹിത്യകലാരംഗങ്ങളിൽ മനുഷ്യവളർച്ചയ്ക്കു സേവനമനുഷ്ഠിക്കുകയും ചെയ്യുന്നുണ്ട്. പട്ടിണിയുടെ ദൂരീകരണത്തിനായി മിഷൻനാട്ടുകളിൽ സഭ ആത്മാത്ഥമായി പ്രവത്തിക്കുന്നു. ഇതു സഭയുടെ അനുപേക്ഷണീയമായ പ്രേഷിതകർത്തവ്യമാണ്: "വിശപ്പിനും അജ്ഞതയ്ക്കും രോഗത്തിനുമെതിരെ യുദ്ധം ചെയ്തുകൊണ്ടു മെച്ചപ്പെട്ട ഒരു ജീവിത വ്യവസ്ഥിതിയ്ക്കു രൂപം കൊടുക്കുവാനും ലോകസമാധാനം സുസ്ഥിരമാക്കുവാനും യത്നിക്കുന്നവരുടെ പരിശ്രമങ്ങളിൽ ക്രൈസ്തവരും പങ്കെടുക്കണം. സ്വകാര്യമോ പൊതുവോ ആയ സ്ഥാപനങ്ങളോ ഗവണ്മെൻേറാ അന്തർദ്ദേശീയ പ്രസ്ഥാനങ്ങളോ വിവിധക്രൈസ്തവവിഭാഗങ്ങളോ ക്രൈസ്തവേതരമതങ്ങൾതന്നെയോ നടത്തുന്ന ഈ മാതിരി സംരംഭങ്ങളോടു വിവേചനാപൂവ്വമായ സൗഹാർദ്ദത്തോ

ടെ സഹകരിക്കുന്നതിൽ അവർ ഉത്സുകരായിരിക്കുകയുംവേണം"[1]. ഇന്നു ദുരിതാശ്വാസപ്രവർത്തനങ്ങൾക്കാണു മിഷനറിമാർ ഏറേയും ശ്രദ്ധിക്കുകയും ശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതു്.

ഇങ്ങനെ മനുഷ്യസേവനത്തിലധിഷ്ഠിതമായ പ്രവർത്തനത്തിലൂടെയാണു് മിഷനറിമാർ സുവിശേഷപ്രസംഗം നടത്തിയതും നടത്തിക്കൊണ്ടിരിക്കുന്നതും. 'ക്രിസ്തുവിലുള്ള വിശ്വാസവുമായി സഭ കടന്നു ചെന്നിടങ്ങളിലെല്ലാം 'മാനവപുരോഗതിക്കുവേണ്ടി സഹകരിക്കാനും പ്രവർത്തിക്കാനും സഭ മറന്നില്ല'[2]. സഭയ്ക്കു് അവികസിതരാജ്യങ്ങളിൽ നിർമ്മാണാത്മകമായ സാന്നിധ്യമുണ്ടാവണമെന്നു നിർബന്ധമുണ്ടു്. അവിടങ്ങളിലെ പ്രശ്നങ്ങളെ പരിശോധിക്കുകയും പഠിക്കുകയും ചെയ്യുന്നതിലല്ല ഈ സാന്നിധ്യമടങ്ങിയിരിക്കുക; പ്രത്യുത, ജോലിയും സാങ്കേതികസഹായവും ജനങ്ങൾക്കേകുവാൻ സഹകരിക്കുന്നതിലാണു്. 'കാരിത്താസ് ഇൻറർനാഷനാലിസ്' (Caritas Internationalis) 'മിസരയോർ' (Miseror), 'അഡ്വേനിയാത്ത്' (Adveniat), 'സേക്കോഴ്സ് കത്തോലിക്കേ' (Secours Catholique) —തുടങ്ങിയ സംഘടനകളിലൂടെ സഭയിങ്ങനെ അവികസിതരാജ്യങ്ങളിൽ നിർമ്മാണാത്മകപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽപ്പെട്ട സാങ്കേതികവും

1. A. G. n. 12
2. Cfr. Pope Paul VI, Populorum Progressio, n. 12

വിദ്യാഭ്യാസപരവും ആതുരശുശ്രൂഷാപരവും സാമൂഹ്യക്ഷേമകരവുമായ സഹായപദ്ധതികളും അന്തർദ്ദേശീയ സംഘടനകളും രൂപമെടുക്കുന്നതിനുമുമ്പ്, ജനങ്ങളുടെ വിവിധാവശ്യങ്ങളും വികസനപരിപാടികളും മിഷനറിമാരായിരുന്നു സാധിച്ചുകൊടുത്തുകൊണ്ടിരുന്നത്. ഇന്ന് ഈ സ്ഥിതിക്കു മാററം വന്നിട്ടുണ്ട്. അതുകൊണ്ട്, സുവിശേഷത്തിൻെറ നേരിട്ടുള്ള പ്രസംഗത്തിനും മററുജോലികളുടെ നിർവ്വഹണത്തിനും മിഷനറിമാർക്കിന്നു കൂടുതൽ സമയവും സൗകര്യവും ലഭിക്കുന്നുണ്ട്.

സ്ഥായിയും ക്രമപ്രവൃദ്ധവുമായ മാനവപുരോഗതി സാധിക്കണമെങ്കിൽ ജീവൽപ്രശ്നങ്ങളുടെ അനുദിന പരിഹാരമോ താത്കാലിക ശമനമോ പോരാ; ആ പ്രശ്നങ്ങളുണ്ടാക്കാനിടനല്കുന്ന സാമൂഹികഘടന ഉടച്ചുവാർക്കുവാൻ ശ്രമിക്കുകയാണു വേണ്ടതു്. ആ പ്രശ്നങ്ങളിൽനിന്നു സ്വയം പുറത്തു കടക്കുവാൻ ജനങ്ങളെ കെല്പുററവരാക്കിയെടുക്കുകയാണാവശ്യം. ഇങ്ങനെ സ്വാശ്രയത്വത്തിലൂടെ സ്വന്തം ജീവിതത്തിനു പുരോഗതി കൈവരുത്തുവാൻ ജനങ്ങളെ ഒരുക്കുവാനായിരിക്കണം മിഷനറിമാർ കൂടുതൽ ശ്രദ്ധിക്കേണ്ടതു്.

സാമൂഹികപ്രവർത്തനങ്ങളിൽ വ്യാപൃതനാകുന്നതുകൊണ്ട് വെറുമൊരു സാമൂഹികപ്രവർത്തകനാണു മിഷനറി എന്നു കരുതുക അബദ്ധമാണു്. സാമൂഹികപ്രവർത്തകൻേറതിൽനിന്നു വിഭിന്നവും അതേസമയം സമുന്നതവുമായ ഒരു ആദർശവും ലക്ഷ്യവും സമർപ്പണവു

മാണു മിഷനറിയുടേതു്; അങ്ങനെയായിരിക്കണം താനും.

തികച്ചും തെററായ മറെറാരു കാഴ്ചപ്പാടു ചിലർ പുലർത്തിപ്പോരുന്നുണ്ടു്: മനുഷ്യനെ സ്നേഹിച്ചാൽ മതി; അതു ദൈവത്തെ സ്നേഹിക്കുന്നതുതന്നെയാണു്. അതേസമയംതന്നെ സാമൂഹികപ്രശ്നങ്ങൾക്കുള്ള പരിഹാരവും സാമൂഹികവികസനത്തിനുള്ള പദ്ധതിയുമായി സുവിശേഷത്തെ ഇവർ തരം താഴ്ത്തിക്കളയുകയും ചെയ്യുന്നു. സാമൂഹികോന്നമനവും വികസനവും മററും സാധിക്കുന്നതോടെ സുവിശേഷഘോഷണവും സാധിച്ചു എന്ന ധാരണ തെററാണു്. നേരെ മറിച്ചാണു സംഭവിക്കുക: സുവിശേഷത്തിൽ നിന്നാണു യഥാർത്ഥമായ സാമൂഹികവികസനം കൈവരുക. സാമൂഹികപ്രശ്നങ്ങളുടെ ശരിയായ പരിഹാരത്തിനാവശ്യമായ ശക്തിയും പ്രചോദനവും ക്രിസ്തുവിൻെറ സന്ദേശത്തിൽനിന്നാണു ലഭിക്കുന്നതു്. സമ്പന്നരായ വ്യക്തികളും വികസിതരാജ്യങ്ങളും പാവങ്ങളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയും കാരുണ്യവും കാട്ടുന്നില്ല. ഇതു വിദ്യാഭ്യാസത്തിൻെറയോ വിജ്ഞാനത്തിൻെറയോ പഠനങ്ങളുടെയോ കുറവുകൊണ്ടുണ്ടാകുന്നതല്ല. ദരിദ്രരാഷ്ട്രങ്ങളുടെ ഉയർച്ചയ്ക്കുവേണ്ടി ഇന്നു നടക്കുന്നിടത്തോളം ആസൂത്രണങ്ങൾ ഒരിക്കലുമുണ്ടായിട്ടില്ല. എന്നിട്ടും സമ്പന്നരാഷ്ട്രങ്ങൾ തങ്ങളുടെ

ആദായത്തിൻെറ ഒരു ശതമാനംപോലും ദരിദ്രരാജ്യ ങ്ങൾക്കു നല്കുന്നില്ല. ക്രൈസ്തവബോധത്തിൻെറ അഭാ വമാണിതിനു കാരണമായി എടുത്തു കാട്ടാവുന്നതു്. ഇ ന്നു സാമൂഹികപ്രശ്നങ്ങൾക്കു പരിഹാരം കാണണ മോ, സാമൂഹികവികാസവും ഉന്നമനവും സാധിക്കണ മോ എങ്കിൽ, ഇന്നത്തെ സമൂഹത്തിൽ ക്രൈസ്തവസ ന്ദേശം മാറെറാലിക്കൊള്ളണം.

സുവിശേഷഘോഷണത്തിനു് ആധുനികലോക ത്തിൽ ക്രിയാത്മകമായ പങ്കു വഹിക്കാനുണ്ടു്; മാനവ ജീവിതത്തിൽ ഗണനീയമായൊരു പരിവർത്തനം സാധി ക്കാനുണ്ടു്. സുവിശേഷത്തിൽ അടിത്തറയിട്ടുകൊണ്ടുള്ള സാമൂഹികസേവനപ്രവർത്തനങ്ങളേ ഫലദായകമാവൂ. അതുമാത്രമേ യഥാർത്ഥമായ സാമൂഹിക വികാസത്തി ലേക്കു വഴി തെളിക്കൂ; അതുമാത്രമേ മനുഷ്യൻെറ അ ന്തരാത്മാവിൽ ചലനങ്ങളുയർത്താനുതകൂ. വളർച്ച യ്ക്കും വികാസത്തിനുംവേണ്ടിയുള്ള ഇന്നത്തെ ലോക ത്തിൻെറ അഭിലാഷങ്ങൾക്കും പ്രയത്നങ്ങൾക്കുമെതിരെ തുഴയുന്നവരല്ല മിഷനറിമാർ. മിഷനറിമാരെന്നു പറയു മ്പോൾ വൈദികർമാത്രമല്ല, സഹോദരന്മാർ, സഹോ ദരികൾ, മതാധ്യാപകർ, അല്മായർ—എല്ലാവരേയും മുമ്പിൽ കാണുന്നുണ്ടു്. ഇവരെല്ലാം മാനവപുരോഗതി ക്കു സാരമായ സംഭാവനകൾ നല്കിക്കൊണ്ടിരിക്കുന്നു. സ്കൂളുകൾ, ആശുപത്രികൾ, സാങ്കേതികസ്ഥാപനങ്ങൾ തുടങ്ങിയവയിലൂടെയുള്ള സേവനത്തിനു പുറമേ കുറെ

കൂടി വിലയേറിയ സംഭാവനകൾ അവർ ലോകത്തിനു നല്കുന്നുണ്ട്. സഹജീവികളെ സഹായിക്കാനുള്ള കടമയെപ്പററി വ്യക്തികളിലും രാഷ്ട്രങ്ങളിലും ഒരു അവബോധമുണർത്തുവാൻ കഴിയുന്നുണ്ടവർക്ക്. മററുള്ളവരുടെ ജീവിതാവശ്യങ്ങൾ പരിശോധിക്കുമ്പോൾ അവരുടെ പാരമ്പര്യങ്ങൾ, അന്തസ്സ്, യഥാർത്ഥമായ ആവശ്യങ്ങൾ എന്നിവയെ കണക്കിലെടുക്കുകയും ആദരിക്കുകയുംവേണമെന്നു മിഷനറിമാർ കാണിച്ചുകൊടുക്കുന്നു. കൊളോണിയലിസത്തിൻെറ നേരിയ നിഴൽപോലും കൂടാതെ ഈ പ്രവർത്തനങ്ങളവർ നടത്തുന്നു. സ്വാർത്ഥപരമോ ദേശീയമോ രാഷ്ട്രീയമോ ആയ എന്തെങ്കിലും നേട്ടത്തെ മുൻനിർത്തിയുമല്ല ഈ വികസനപ്രവർത്തനങ്ങളിലേർപ്പെടേണ്ടതു് എന്നും അവർ വ്യക്തമാക്കിക്കൊടുക്കുന്നു. ജീവിതസൗകര്യമുള്ളവർ ഇല്ലാത്തവർക്കു നല്കുന്ന സഹായമായി മാനവപുരോഗതിക്കുള്ള യത്നങ്ങളെ തിരിച്ചുവിടുവാൻ മിഷനറിമാർ ശ്രമിക്കുന്നുണ്ട്. "നിങ്ങളുടെ കൂടാരങ്ങൾ വിസ്തൃതമാക്കുകയും അതിൻെറ തിരശ്ശീലകൾക്കു വീതികൂട്ടുകയും ചെയ്യുക"[1] എന്ന ഐസയാസിൻെറ വാക്കുകൾ മുഴങ്ങി നില്ക്കുകയാണു്. ക്രൈസ്തവരും മിഷനറിമാരുമെന്ന കാര-

---

1. ഐസയാസ് 54: 2

ണത്താൽ വിശാലമായ ലോകത്തിലെ പൗരന്മാരും വി പുലമായ ലോകകുടുംബത്തിലെ അംഗങ്ങളുമായി തങ്ങ ളെത്തന്നെ മിഷനറിമാർ കാണുന്നു. ഇങ്ങനെ ക്രൈസ്ത വവും സാർവ്വജനീനവുമായ മനുഷ്യദർശനം മിഷനറി മാർ പുലർത്തിപ്പോരുന്നുണ്ട്. ഇന്നത്തെ പ്രേഷിതപ്ര വർത്തനത്തിൽ ഈ മനുഷ്യദർശനം സ്വാധീനം ചെലു ത്തിവരുന്നുണ്ടെന്നുള്ളതു സമാശ്വാസകരംതന്നെ. പ്രേ ഷിതപ്രവർത്തനത്തെപ്പററിയുള്ള ഡിക്രിയിലുടനീളം ഈ മനുഷ്യദർശനത്തിൻെറ വെളിച്ചം തുവിനില്പുണ്ട്.

പന്ത്രണ്ട്

# പ്രശ്നങ്ങൾക്കു മുമ്പിൽ

സഭയുടെ പ്രേഷിതപ്രവർത്തനത്തിൻെറ പാതയിൽ പ്രതിബന്ധങ്ങളുടേയും പ്രശ്നങ്ങളുടേയും മതിൽക്കെട്ടുകളുയർന്നു വരാറുണ്ട്. പ്രേഷിതപ്രവത്തനത്തെപ്പററിയുള്ള ഡിക്രിയിലൂടെ കൗൺസിൽ ഇക്കാര്യം എടുത്തു പറയുന്നുണ്ട്"[1]. ഓരോ മിഷൻരാജ്യത്തേയും പ്രശ്നങ്ങൾ വിവിധങ്ങളായിരിക്കാം. അവിടത്തെ പ്രത്യേകസാഹചര്യങ്ങളിൽനിന്നു വരുന്നവയാണത്. എന്നാൽ ലോകത്തെങ്ങും കണ്ടുവരാവുന്ന ചില പൊതുവായ പ്രശ്നങ്ങളുണ്ട്.

സഭയുടെ വളർച്ചയ്ക്കു വിഘാതമായി നില്ക്കുന്ന ഒരു ഭീകരശക്തിതന്നെയാണ് അതിരുകടന്ന ദേശീയത. കഴിഞ്ഞകാലത്തെ കയ്പേറിയ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഇന്നു ദേശീയത സഭയ്ക്കെതിരാ

---

1. A. G., n. 6.

യി ശബ്ദമുയർത്തുക. സാമ്രാജ്യസ്ഥാപനത്തിനും മററു മായി പല യൂറോപ്യൻശക്തികളും ഏഷ്യനാഫ്റി ക്കൻരാജ്യങ്ങളിൽ കയറിപ്പററി. അവരോടൊപ്പം മിഷനറിമാരും മിഷൻപ്രവർത്തനത്തിനു് അവിടങ്ങളി ലെത്തി. ശ്ലാഘനീയമായ പലതുമവർ അവിടങ്ങളിൽ ചെയ്യെങ്കിലും അവർക്കെതിരായി ജനങ്ങളിൽ വെറുപ്പും വിദ്വേഷവും നിറഞ്ഞുനിന്നിരുന്നു. കാരണം, തങ്ങളോ ടു വിദേശഭരണമേധാവികാം അനീതിയും വഞ്ചനയും ക്രൂരതയുമെല്ലാം കാട്ടിയപ്പോാം മിഷനറിമാർ നിശ്ശബ്ദ മായി അവയെല്ലാം അംഗീകരിക്കുന്നതായി അവർക്കു തോന്നി. അവസാനം, നീണ്ടുനിന്ന അടിമത്തത്തിൽനി ന്നു മിക്ക യൂറോപ്യൻകോളനികളും സ്വാതന്ത്ര്യം പ്രാ പിച്ചു. വിദേശഭരണത്തോടുള്ള അമർഷം വിദേശിക ളോടും യൂറോപ്യൻഭാഷയോടും സംസ്കാരത്തോടും യൂ റോപ്യൻ മിഷനറിമാർ പ്രചരിപ്പിച്ച ക്രിസ്തുമതത്തോ ടുമുള്ള വെറുപ്പും വിദ്വേഷവുമായി മാറിയിരിക്കുകയാ ണു് ഇവർക്കിടയിലിന്നു്. വിദേശഭരണത്തോടൊപ്പം വിദേശികളായ ഉദ്യോഗസ്ഥന്മാർപോലും നാടുവിടണ മത്രേ. അക്കൂട്ടത്തിൽ വിദേശീയരായ വൈദികരും ക ന്യാസ്ത്രീകളും നാടുവിടുവാൻ നിർബന്ധിതരാകുന്നു. വി ദേശികാം എന്ന നിലയിൽ മിഷനറിമാർ പ്രവർത്തി ച്ചാൽ പ്രേഷിതപ്രവർത്തനത്തെ അതു സാരമായി ബാ ധിക്കുകതന്നെ ചെയ്യും. അപകടമായ ദേശീയബോധ ത്തിൻേറയും പാശ്ചാത്യവിദ്വേഷത്തിൻേറയും പ്രേരണ യാൽ, വിദേശത്തുനിന്നു വന്നതാണെന്ന കാരണത്താൽ

ക്രിസ്തുമതത്തെത്തന്നെ അവർ അസ്വീകാര്യമായി തള്ളിയെന്നും വരാം.

കോംഗോയിലെ സംഭവംതന്നെ നമുക്കുദാഹരണമാണ്. ബൽജിയം കോളനിയായിരുന്ന കോംഗോ 1960-ൽ സ്വാതന്ത്ര്യം പ്രാപിക്കുമ്പോഠം അവിടത്തെ ജനങ്ങളിൽ 90 ശതമാനവും കത്തോലിക്കരായിരുന്നു. ഇക്കാലമത്രയും തങ്ങളെ അടക്കിഭരിച്ച ബൽജിയത്തോട്ട് അമർഷവും വിദ്വേഷവും അവരിൽ നിറഞ്ഞുനിന്നിരുന്നു. അനേകായിരം ബൽജിയൻ ഉദ്യോഗസ്ഥന്മാരെ അവർ പീഡിപ്പിച്ചു. കോംഗോയിലെ മിഷനറിമാരിൽ ഭൂരിഭാഗവും ബൽജിയംകാരായിരുന്നു. അവരിലധികവും നാടുവിട്ടു. ശേഷിച്ചവർക്കു്, പ്രത്യേകിച്ചും കന്യാസ്ത്രീകഠംക്കു്, സഹിക്കേണ്ടിവന്ന പീഡനങ്ങഠം അതിദാരുണങ്ങളാണു്. ഇത്രയധികം ദേശീയാവേശവും ഭീകരതയും കാട്ടുന്നില്ലെങ്കിലും ഈ വിദ്വേഷമനസ്ഥിതി കോളനിവാഴ്ചയിൽ കഴിഞ്ഞിട്ടുള്ള പല രാജ്യങ്ങളിലുമിന്നുണ്ടു്. ഒന്നുകിൽ അധീശശക്തിയോടു്, അല്ലെങ്കിൽ യൂറോപ്യൻലോകത്തോടു മൊത്തത്തിൽ, അതുമല്ലെങ്കിൽ മിഷനറിമാരുഠംപ്പെടെ പടിഞ്ഞാറുനിന്നു വന്ന സകലതിനോടും അവർക്കു വെറുപ്പാണു്. ഇങ്ങനെ വിദേശഭരണാധികാരികളോടുള്ള വെറുപ്പ് അവരോടൊപ്പമുണ്ടായിരുന്ന മിഷനറിമാരോടും അവർ പ്രതിനിധാനം ചെയ്യുന്ന സഭയോടും അവർക്കു തോന്നിപ്പോവുന്നു. സ്വാതന്ത്ര്യം പ്രാപിച്ചിട്ട് വർഷങ്ങഠംതന്നെ ആയാലും ഈ മനഃസ്ഥിതിക്കു മാററമുണ്ടാവുകയില്ല. ദേ

ശീയതാബോധം ഒന്നിനൊന്നു വർദ്ധിക്കുകയേയുള്ളൂ. ഈ പ്രശ്നത്തെ മുൻകൂട്ടി കണ്ടുകൊണ്ടു പല മാർപ്പാപ്പാമാരും ഏതദ്ദേശീയമിഷനറിമാരെ പരിശീലിപ്പിച്ചു രംഗത്തിറക്കുന്നതിൻെറ അടിയന്തിരാവശ്യത്തെപ്പററി കൂടെക്കൂടെ ശക്തിയായി ഉദ്ബോധിപ്പിച്ചിട്ടുണ്ടു്. ഇന്നു മിക്ക മിഷൻരാജ്യങ്ങളിലും ദേശീയമിഷനറിമാർ വേണ്ടത്രയില്ല; അവരാവശ്യത്തിനു് എത്രയും വേഗമുണ്ടാവുക സഭയുടെ പ്രേഷിതപ്രവർത്തനത്തിനു് അത്യന്താപേക്ഷിതമാണു്.

രാഷ്ട്രങ്ങൾ തമ്മിലുണ്ടാകുന്ന യുദ്ധവും ശത്രുതയുമൊക്കെ പ്രേഷിതപ്രവർത്തനത്തിനു പ്രതിബന്ധമുണ്ടാക്കാറുണ്ടു്. ജനിച്ചുവളർന്ന നാടിനേയും ജനങ്ങളേയും വിട്ടു പുതിയൊരു നാട്ടിൽ ജീവിക്കുകയാണു മിഷനറിമാർ. ഈ രണ്ടു രാജ്യങ്ങൾ തമ്മിൽ ശത്രുതയോ യുദ്ധമോ തുടങ്ങിയാൽ പ്രേഷിതപ്രവർത്തനത്തെ അതു സാരമായി ബാധിക്കുകതന്നെ ചെയ്യും. ജനങ്ങൾതന്നെ മാനസികമായി മിഷനറിയിൽനിന്നകലാനിടവരും. ഒരു ശത്രുവിനെയായിരിക്കും അവർ ആ വിദേശിയിൽ കാണുക. സംശയദൃഷ്ടിയോടെയായിരിക്കും ഗവണ്മെൻറു് എപ്പോഴും എവിടേയും അദ്ദേഹത്തെ വീക്ഷിക്കുക. നിസ്സാരകാര്യങ്ങൾപോലും ദേശവിരുദ്ധപ്രവർത്തനമോ ചാരവൃത്തിയോ ആയി വ്യാഖ്യാനിക്കും. ഏതു സമയത്തും രാജ്യബഹിഷ്കരണമോ സഞ്ചാരനിയന്ത്രണമോ ഉണ്ടായെന്നുംവരാം. ഇങ്ങനെ സദാസമയവും നിരീക്ഷണത്തിനും നിയന്ത്രണത്തിനും വിധേയനായി കഴിയേ

ണ്ടിവന്നാൽ വീർപ്പുമുട്ടുന്ന ഒരന്തരീക്ഷത്തിലായിരിക്കും മിഷനറി. അവിടെ എങ്ങനെ പ്രേഷിതപ്രവത്തനം നടക്കും? പലരും മടങ്ങിപ്പോയെന്നു വരാം; പുതിയതായി ആർക്കും പ്രവേശനവും അനുവദിച്ചെന്നു വരില്ല. അങ്ങനെ അവിടത്തെ പ്രേഷിതപ്രവത്തനം തകരുകയായിരിക്കുംചെയ്യുക.

പ്രേഷിതപ്രവർത്തനത്തെസ്സംബന്ധിച്ചിടത്തോളം വലിയൊരു പ്രശ്നമാണ് ദാരിദ്ര്യം. ഐക്യരാഷ്ട്ര ഭക്ഷ്യകൃഷിസംഘടന (F.A.O.) യുടെ കണക്കനുസരിച്ചു ലോകത്തിലിന്നുള്ള മുന്നൂററിയിരുപതിൽപ്പരംകോടി ജനങ്ങളിൽ നാല്പതുകോടിയോളം കടുംപട്ടിണിയിൽ കഴിയുന്നവരാണ്. ലോകജനതയിൽ പകുതിയോളമാളുകൾ പോഷകഗുണങ്ങളുള്ള നല്ല ഭക്ഷണം ലഭിക്കാത്തവരാണ്. ഇതിൻെറയെല്ലാം ഫലമായി ആരോഗ്യം ക്ഷയിച്ച് പ്രവർത്തനശേഷിയില്ലാത്ത, വിവിധരോഗങ്ങൾക്കടിപ്പെട്ട ഒരു തലമുറയെയാണു നാം കാണുക. ഈ സാഹചര്യത്തിൽ ഭക്ഷണം, ആരോഗ്യം, വസ്ത്രം, പാർപ്പിടം എന്നീ ജീവൽപ്രശ്നങ്ങളല്ലാതെ ആധ്യാത്മികമൂല്യങ്ങളൊന്നും അവരുടെ ശ്രദ്ധയെ പിടിച്ചു നിർത്താൻ പോകുന്നില്ല.

ഈ പ്രത്യേകപരിതഃസ്ഥിതി മിഷനറിമാർ പ്രത്യേകം കണക്കിലെടുക്കണം. മാനവസംസ്കാരത്തിൻെറയും ലോകസമാധാനത്തിൻെറയും നേർക്കൊരു വെല്ലുവിളിയാണത്. തങ്ങളോട് അനീതി കാട്ടുന്നുവെന്നു

തോന്നുന്ന സാമൂഹിക വ്യവസ്ഥിതിക്കെതിരെ അവർ പ്രതികാരാവേശംകൊണ്ടെന്നു വരാം. സാമൂഹികവിപ്ലവമായി അതു പൊട്ടിത്തെറിച്ചെന്നു വരാം. ഇവിടെയാണു കമ്മ്യൂണിസം കടന്നുവന്ന് അവരുടെ വിശ്വാസവും പ്രതീക്ഷയും കൈക്കലാക്കുന്നതു്. റഷ്യയിലെ സാർചക്രവർത്തിമാരുടെ ദുർഭരണത്തിൽനിന്നും ചൈനയിലെ നിഷ്കരുണരായ ചൂഷകഭരണാധികാരികളിൽനിന്നും ജനങ്ങൾ ആശ്വാസം തേടിയതു് കമ്മ്യൂണിസ്റ്റു വിപ്ലവത്തിലൂടെയാണല്ലോ. ദാരിദ്ര്യത്തിന്റേയും അസംതൃപ്തിയുടേയും തണൽപററിയാണു കമ്മ്യൂണിസം വളരുക. സാധുക്കളായ ജനലക്ഷങ്ങൾക്കിടയിൽ കമ്മ്യൂണിസം പടർന്നുകൊണ്ടിരിക്കുന്നു—വിവിധ രൂപഭാവങ്ങളിലാണെന്നുമാത്രം. കമ്മ്യൂണിസത്തിന്റെ ആശയങ്ങളുടെ സ്വാധീനവലയത്തിൽപ്പെട്ട ജനങ്ങൾ മിഷനറിയുടെ വാക്കുകൾക്കു ചെവി കൊടുക്കുവാൻ സന്നദ്ധരായിരിക്കുകയില്ല. വ്യാവസായികമായും സാങ്കേതികമായും മററുമുള്ള വളർച്ച ഭൗതികമായ ഒരു ജീവിതവീക്ഷണമാണു് അവർക്കു നല്കുന്നതു്. ആധ്യാത്മികമായൊരു വീക്ഷണമവരിൽ വളർത്തുവാൻ മിഷനറിമാർ കുറെ ക്ലേശിക്കേണ്ടതുണ്ടു്.

ജനപ്പെരുപ്പമാണു പ്രേഷിതപ്രവർത്തനത്തെ ബാധിക്കുന്ന മറെറാരു പ്രശ്നം. വർഷംതോറും രണ്ടുശതമാനം എന്ന നിരക്കിനു ജനസംഖ്യ വർദ്ധിക്കുകയാണു്. ഈ നിലയിൽപോയാൽ മുപ്പതുകൊല്ലം കഴിയു

മ്പോഠം ഇന്നത്തേതിൻെറ ഏതാണ്ടിരട്ടി ജനങ്ങഠം ലോകത്തിലുണ്ടായിരിക്കുമെന്നു കണക്കുകഠം കാണിക്കുന്നു. ഭക്ഷ്യോല്പാദനരംഗത്തു വർദ്ധനവുണ്ടാകുന്നില്ലെങ്കിൽ മുപ്പതുകൊല്ലം കഴിയുമ്പോഠം ഇന്നുള്ളതിൻെറ ഇരട്ടി ദരിദ്രരേയും പട്ടിണിക്കാരേയും നമുക്കു കാണാൻ കഴിയും.

മിഷൻനാടുകളിലാണു ദാരിദ്ര്യം ഏററം രൂക്ഷമായി അനുഭവപ്പെടുന്നതു്. പ്രതിവർഷം മൂന്നു ശതമാനം എന്ന നിരക്കിൽ ജനങ്ങഠം വർദ്ധിക്കുമ്പോഠം ഭക്ഷ്യവിഭവങ്ങളുടെ ഉല്പാദനം നാലുശതമാനത്തോളം കുറയുകയാണുണ്ടാകുന്നതു്. അധഃപതിച്ചുവരുന്ന ഈ സാമൂഹ്യസ്ഥിതിയിൽ, സഭയുടെ വളർച്ച കൂടുതൽ വിഷമകരമായ പ്രശ്നങ്ങളെയാണു നേരിടുന്നതു്. ജീവിതത്തിൻെറ പ്രാഥമികാവശ്യങ്ങഠംപോലും സാധിക്കാതെ കഷ്ടപ്പെടുന്ന ജനലക്ഷങ്ങഠം ഒരുവശത്തു്. ജനപ്പെരുപ്പത്തെ തടയാനുള്ള കൃത്രിമമാർഗ്ഗങ്ങളുംമററും മറുവശത്തു്. ധാർമ്മികതയ്ക്കുവേണ്ടി നിലകൊള്ളാൻ കടപ്പെട്ട മിഷനറി അക്കാരണത്താൽത്തന്നെ പൊതുജനങ്ങളിൽനിന്നു് ഒററപ്പെടുന്ന സാഹചര്യമാണിന്നു മിക്കയിടങ്ങളിലും, മാനുഷികവും ധാർമ്മികവുമായ മൂല്യങ്ങഠംക്കെതിരല്ലാത്ത മാർഗ്ഗങ്ങഠം മിഷനറിമാർ നിർദ്ദേശിക്കുകയും അവയെപ്പററി ജനങ്ങളെ ബോധവാന്മാരാക്കുകയും ചെയ്യുക പ്രേഷിതദൗത്യത്തിൻെറ ഭാഗമാണു്.

സമൂഹഘടനയുടെ പ്രത്യേകത മിക്കപ്പോഴും പ്രേഷിതപ്രവർത്തനത്തിനു പ്രതിബന്ധങ്ങളും പ്രശ്നങ്ങ

ങ്ങളും സൃഷ്ടിക്കാറുണ്ട്. ഭാരതത്തെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നം വ്യക്തമായി കാണാൻ കഴിയും. ഭാരതത്തിലെ സാമൂഹികഘടനയും ക്രിസ്തുമതസ്വീകരണത്തിൻെറ സാമൂഹികഫലങ്ങളും സവിശേഷശ്രദ്ധയർഹിക്കുന്നതാണ്. ഇന്ത്യയിൽ വിവിധജാതികളുടെ ഓരോ ഘടനയാണു നിലവിലിരിക്കുന്നതു്. ഹിന്ദുക്കളേയും മുസ്ലീമുകളേയും ക്രൈസ്തവരേയും പാർസികളേയും ആദിവാസികളേയും ഭരിക്കുന്ന നിയമങ്ങൾ വ്യത്യസ്തങ്ങളാണ്. ഈ സ്ഥിതിവിശേഷം പ്രേഷിതപ്രവർത്തനത്തേയും ജ്ഞാനസ്നാനസ്വീകരണത്തേയും ബാധിക്കും. ഒരു ഹൈന്ദവൻ ജ്ഞാനസ്നാനം സ്വീകരിക്കുന്നതോടെ തൻെറ ഹൈന്ദവസമുദായത്തിലെ അംഗത്വവുമവന് നഷ്ടമാവുന്നു.

ഇന്ത്യയിലിങ്ങനെ ജാതിവ്യത്യാസമുള്ളതുകൊണ്ടു മതപരിവർത്തനത്തിനൊരുമ്പെടുന്ന ഹൈന്ദവനോ മുസ്ലീമിനോ ഒക്കെ രണ്ടുവലിയ പ്രതിബന്ധങ്ങളാണു നേരിടേണ്ടിവരിക. സ്വജനങ്ങളിലും സ്വസമുദായത്തിലുംനിന്നു വേർപെടേണ്ടിവരും. സാമൂഹികമായി അവൻ ഒററപ്പെട്ടുകയാണ്. രണ്ടാമത്തെ പ്രതിബന്ധം, ക്രിസ്തുമതത്തിൽ ചേർന്ന ഒരുവനെസ്സംബന്ധിച്ചിടത്തോളം തനിക്കോ തൻെറ സന്താനങ്ങൾക്കോ ജീവിതപങ്കാളിയെ ലഭിക്കുന്നതിനുള്ള പ്രയാസമാണ്. അവൻെറതന്നെ സമുദായത്തിൽ നിന്നാരും അവൻെറ കുടുംബവുമായി വിവാഹബന്ധത്തിലേർപ്പെട്ടുകയില്ല. മററുസമുദായങ്ങളുമായുള്ള

വിവാഹബന്ധവും നിഷേധിക്കപ്പെടുന്നു. സാമൂഹികമായ ഫലങ്ങളെ ഭയന്നാണ് അധികമാരും ക്രിസ്തുമതം സ്വീകരിക്കാൻ മുമ്പോട്ടു വരാത്തതു്.

സംസ്കാരസാത്മീകരണത്തിന്റേയും സാംസ്കാരികാനുരൂപണത്തിന്റെയുമെല്ലാം കാര്യത്തിലും പല പ്രശ്നങ്ങൾ നേരിടേണ്ടതായുണ്ടു്. ഭാരതത്തെസ്സംബന്ധിച്ചു പറഞ്ഞാൽ ഈ രംഗത്തു സഭ പരാജയപ്പെട്ടുപോയി. ക്രിസ്തുവിനേയും ക്രൈസ്തവതത്വങ്ങളേയും ആദരിച്ചനുകരിക്കുന്ന ഭാരതീയരനവധിയുണ്ടു്. എന്നാൽ അവർ സഭയേയും മിഷനറിമാരേയും വെറുക്കുന്നു. കാരണം, ഭാരതീയരും ഭാരതക്രൈസ്തവരും തമ്മിൽ അത്ര അകൽച്ചയുണ്ടു്. ഒരു വൈദേശികസംസ്കാരത്തെയാണ് ഇക്കാലമത്രയും ഭാരതസഭ സ്വന്തമായി സൂക്ഷിച്ചിരുന്നതു്.

സഭയുടെ ദൗത്യമെന്തെന്നു മനസ്സിലാക്കിക്കൊടുക്കാൻ നാം പരാജയപ്പെട്ടു; സഭയെ ഭാരതത്തിന്റെ അംശമാക്കുന്നതിനു പകരം വൈദേശികച്ഛായയിൽ ഇവിടെ അവതരിപ്പിച്ചു—ഇതെല്ലാമാണ് മിഷനറി വിരുദ്ധപ്രസ്ഥാനങ്ങളുണ്ടാവാൻ കാരണം. ഏതൊരു രാജ്യത്തിന്റേയും സംസ്കാരത്തിലും വിശ്വാസത്തിലുമടങ്ങിയിരിക്കുന്ന സത്യത്തേയും ധാർമ്മികമൂല്യങ്ങളേയും സ്വീകരിക്കാത്തിടത്തോളംകാലം അവിടെ മിഷൻപ്രവർത്തനം പരാജയമടയുകയേയുള്ളു.

ഭാരതത്തിലെ പ്രേഷിതപ്രവർത്തനത്തെപ്പററി

പറയുമ്പോൾ മററൊരു പ്രശ്നംക്രുടി മിഷനറിമാർക്കുണ്ട്. 'കീഴ്ജാതി'ക്കാരെന്നു വിളിക്കപ്പെടുന്ന ആദിവാസികൾപോലുള്ളവരുടെ ജീവിതരീതികൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, ഭാഷ എന്നിവ പ്രശ്നമുളവാക്കുവാൻ പോരുന്നവയാണ്. ഈ സമൂഹങ്ങളുടെ മനഃശാസ്ത്രം മിഷനറി വശമാക്കിയിരിക്കുകയും വേണം. അവരുമായി വളരെക്കാലം ഇടപഴകി ജീവിക്കുക അതിനാവശ്യമാണ്. അവരുടെ ജീവിതരീതികളും ആചാരങ്ങളും വിശ്വാസങ്ങളുമെല്ലാമായി മിഷനറിമാർ താദാത്മ്യപ്പെട്ടുകൊണ്ടുവേണം അവർക്കിടയിൽ പ്രേഷിതപ്രവർത്തനം തുടങ്ങുവാൻ.

പ്രേഷിതരംഗത്തെ പ്രശ്നങ്ങളുടെ പട്ടിക ഇനിയും നീളും. വേണ്ടത്ര മിഷനറിവൈദികരോ സഹോദരന്മാരോ സിസ്റ്റേഴ്സോ ഡോക്ടർമാരോ നേഴ്സുമാരോ അധ്യാപകരോ ഒക്കെ ഇല്ലാത്തതുകൊണ്ടു പ്രേഷിതപ്രവർത്തനം പലയിടങ്ങളിലും പ്രതിസന്ധിയെ നേരിടുകയാണ്. പ്രവർത്തനത്തിൻെറ സുഗമമായ പോക്കിനു് അവശ്യാവശ്യമായ ധനമില്ലാത്തതുകൊണ്ടു പല പ്രശ്നങ്ങളുമുയരുന്നുണ്ട്. ഓരോ മിഷൻരംഗത്തിനും അതിൻേറതായ അനേകം പ്രശ്നങ്ങൾ കാണും. മററുള്ളവയോളം ഗൗരവാവഹമല്ലെന്നുമാത്രം.

പ്രേഷിതപ്രവർത്തനത്തിനു മുമ്പിലുയരുന്ന പ്രശ്നങ്ങൾ മിഷനറിമാരുടെമാത്രം പ്രശ്നങ്ങളല്ല; സഭയുടെ വളർച്ചയുടെ നേർക്കുയരുന്ന പ്രതിബന്ധങ്ങളാണ്. അ

ത്തുകൊണ്ടു ക്രൈസ്തവരുടെ ഓരോരുത്തരുടേയുംകൂടി പ്രശ്നങ്ങളാണവ. അവയുടെ പരിഹാരത്തിനായി നമുക്കൊത്തുനിന്നു പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും പരിത്യാഗങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യാം. പ്രേഷിതപ്രവർത്തനം മനുഷ്യരക്ഷയെ ലക്ഷ്യമാക്കിയുള്ളതാണ്. മനുഷ്യരക്ഷ സഹനങ്ങളിലൂടേയും ഞെരുക്കങ്ങളിലൂടേയും സാധിക്കേണ്ടതാണ്. അതുകൊണ്ടാണു പ്രേഷിതപ്രവർത്തനത്തിനിത്രയധികം പ്രതിബന്ധങ്ങൾ നേരിടേണ്ടതായുള്ളത്. പ്രശ്നങ്ങളും പ്രതിബന്ധങ്ങളും കൂടുംതോറും സഭയുടെ പ്രേഷിതപ്രവത്തനം ശക്തിയാർജ്ജിക്കുകയാണ്; കൂടുതൽ കരുത്തോടെ സഭ വളരുകയാണപ്പോഴെല്ലാം.

## പതിമ്മൂന്ന്

# പ്രേഷിതസഹകരണം

പണ്ടത്തെക്കാളേറെ സ്വാവബോധം സഭയ്ക്കു നല്കുവാൻ വത്തിക്കാൻ കൗൺസിലിനു കഴിഞ്ഞു. തത്ഫലമായി വീശിയ വെളിച്ചത്തിൽ അവയുടെ ലക്ഷ്യസ്വഭാവങ്ങൾ ഒന്നിനൊന്നു സുവ്യക്തമായി വരുകയാണ്. പ്രേഷിതപ്രവർത്തനത്തെപ്പററിയുള്ള പ്രമാണരേഖയിലുടനീളം മററുള്ളവയിലേക്കാൾ കൂടുതലായി കാണാം സഭ സ്വതേ മിഷനറിയാണെന്ന ചിന്ത. ഈ വീക്ഷണം സഭയെയാകമാനം പുതിയ പാതയിലേക്കാണു നയിക്കുക; ഒപ്പം സഭയെ ആകമാനം പ്രവർത്തനോന്മുഖമാക്കുന്നു. സഭ മൊത്തത്തിലാണു പ്രേഷിതദൗത്യനിർവ്വഹണത്തിലേർപ്പെട്ടുക. അതൊരു പ്രത്യേകവിഭാഗത്തിനായിമാത്രം വകഞ്ഞുവയ്ക്കാനുള്ളതല്ല. ദൈവജനത്തിൻെറ മൗലികകടമയാണത്; ഓരോ ക്രൈസ്തവൻെറയും അവകാശവും ചുമതലയും. ക്രൈസ്തവൻെറ ക്രൈസ്തവികത പകൃതപ്രാപിച്ചതിൻെറ ഒന്നാംതരം

ലക്ഷണമായി കരുതാമിതിനെ. ഓരോ ക്രൈസ്തവനും തൻെറ വ്യക്തിപരമായ ഈ അവകാശത്തേയും ചുമതലയേയുംപററി ഉറപ്പുറെറാരു ബോധം ആദ്യമുൾക്കൊള്ളുക; എന്നിട്ട ജനതകൾക്കിടയിൽ നടക്കുന്ന പ്രേഷിതവേലയിൽ സ്വന്തമായൊരു പങ്കുവഹിക്കുക—കൗൺസിലിൻെറ ആഗ്രഹവും ആഹ്വാനവുമാണിതു്. ചുരുക്കത്തിൽ പ്രേഷിതസഹകരണത്തിനു ദൈവജനത്തെ ഒന്നൊഴിയാതെ ക്ഷണിക്കുന്നു സഭ.

ഇക്കഴിഞ്ഞ നാളുകൾവരെ പ്രേഷിതപ്രവത്തനം സഭയിലൊരു വിഭാഗത്തിൻെറമാത്രം കാര്യമായെണ്ണപ്പെട്ടിരുന്നു. മിഷൻരംഗങ്ങളിലും മറുനാടുകളിലുമൊക്കെ പണിയെടുക്കുന്ന മിഷനറിമാരുടെ കടമയാണതു്; തങ്ങൾക്കതിൽ കാര്യമെന്തു്—ഇത്തരമൊരു ഉദാസീന നിലപാടാണു ദൈവജനത്തിലൊട്ടുഭാഗവും പുലർത്തിപ്പോന്നതു്. ഈ വികലനിലപാടിൻെറ നേർക്കൊരാക്രമണംതന്നെയാണു കൗൺസിൽ നടത്തുക. പ്രേഷിതപ്രവർത്തനത്തിൻെറ സ്വഭാവം ഏവരേയും സ്പർശിക്കുന്നുണ്ടെന്നും എല്ലാവരും അതിനു കടപ്പെട്ടവരാണെന്നും കൗൺസിലെടുത്തു പറയുന്നു. അങ്ങനെ പ്രേഷിതസഹകരണത്തിൽ ദൈവജനത്തിനു് ഒട്ടാകെയുള്ള കടമയുടെ വ്യാപ്തിയും ആഴവും ഏറിയേറിവരുന്നതായി കാണാം കൗൺസിൽ ഡിക്രികളിലൂടെ; പ്രത്യേകിച്ചു്, പ്രേഷിതസഹകരണത്തെക്കുറിച്ചുള്ള കൗൺസിൽ വിചിന്തനങ്ങളിൽ.

പ്രേഷിതപ്രവർത്തനങ്ങൾക്കായി ദൈവജനത്തെ ചുമതലപ്പെടുത്തുന്ന ഒരടിസ്ഥാനകാരണമുണ്ട്. ജീവിക്കുന്നവനായ ക്രിസ്തുവിൻെറ അവയവങ്ങളാണ്—മാമോദീസാവഴി അംഗീകരിക്കുകയും സ്ഥൈര്യലേപനംവഴി സ്ഥിരീകരിക്കുകയും ദിവ്യകാരുണ്യംവഴി പരിപോഷിപ്പിക്കുകയും ചെയ്യുന്ന അംഗങ്ങളാണ്—ക്രൈസ്തവർ അഥവാ ദൈവജനം. തന്മൂലം ക്രിസ്തുശരീരത്തിൻെറ വളർച്ചയ്ക്കായി പ്രവർത്തിക്കാൻ അവർക്കു പ്രത്യേക ചുമതലയുണ്ട്[1]. ഒന്നുകൂടി വിശദമായിപ്പറഞ്ഞാൽ: പ്രേഷിതപ്രവർത്തനമെന്ന പ്രശ്നം സജീവസഭയുടെ, നിരന്തരം വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന സഭയുടെ പൊതുപ്രശ്നമാണ്. സ്ഥലകാലങ്ങളിലൂടെ ജീവിച്ചുകൊണ്ട് സംപൂർണ്ണവളർച്ചയിലെത്താൻ വെമ്പൽകൊള്ളുന്ന ക്രിസ്തുശരീരത്തിൻെറ ജീവൽപ്രശ്നംതന്നെയാണതു്. അവയവങ്ങളുടെ പ്രവർത്തനൈക്യവും കെട്ടുറപ്പും പരസ്പരസഹകരണവുംവഴിയാണ് ഏതു സജീവശരീരവും വളർച്ചയിലെത്തുക. സഭാശരീരത്തിൻെറ കാര്യവും ഇതുപോലെതന്നെ. ആത്യന്തികമായി നോക്കിയാൽ പ്രേഷിതപ്രശ്നം ജീവൻെറ പ്രശ്നമാണ്; സഭാശരീരത്തിൻെറ പ്രശ്നമാണ്; അതുകൊണ്ടതു സകല അംഗങ്ങളുടേയും പൊതുപ്രശ്നമാണ്. ഈ പൊതുപ്രശ്നത്തിനൊരു പരിഹാരമുണ്ടാവണമെങ്കിൽ, ക്രിസ്തുശരീരത്തിലേ സകല അംഗങ്ങളും തോളൊത്തു

---

1. A. G., n. 36; അപ്പ. 4, 13.

നിന്നു പ്രവർത്തിക്കണം; സഭ മുഴുവൻ പ്രേഷിതപ്രവർത്തനത്തിൽ മുഴുകിയിരിക്കണമെന്നു പറയുക, മിഷൻ സകലിടത്തുമുണ്ടെന്ന കാരണത്താലല്ല. പ്രത്യുത, ശരീരത്തിൻെറ വളർച്ചയിൽ എല്ലാ അവയവങ്ങളുടേയും ഏകതാനമായ പങ്കുചേരൽ ആവശ്യമായിരിക്കുന്നതുപോലെ, സഭാശരീരത്തിൻെറ വളർച്ചയ്ക്കും സഭാംഗങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനം അനുപേക്ഷണീയമാണ് എന്നതിനാലാണ്.

പ്രവർത്തനങ്ങളുടേയും കടമകളുടേയും വൈവിധ്യമനുസരിച്ചു മൂന്നു മേഖലകളിലായി നിത്താം പ്രേഷിതരെ. പരസ്പരാശ്രിതങ്ങളും പരസ്പരപൂരകങ്ങളുമാണ് ഈ മേഖലത്രയം. കാരണം, ഒരേ ഒരു പ്രേഷിതത്വത്തിൻെറ വിവിധവശങ്ങളിലാണവ സ്പർശിക്കുന്നതെന്നതുതന്നെ.

ആദ്യമേഖല നിയന്താക്കളെ ചുററിനില്ക്കുന്നു. പ്രേഷിതപ്രവർത്തനങ്ങളുടെ ശിരസ്സും ഹൃദയവുമാണവർ—മാർപ്പാപ്പായോടുകൂടിയ മെത്രാൻസംഘം. 'ലോകമെങ്ങും പോയി വചനം പ്രസംഗിക്കുക' എന്ന ക്രിസ്തുവാജ്ഞ നേരിട്ടും പ്രഥമമായും അവരെ സ്പർശിക്കുന്നു[1]. അവരുടെ ചുമതലയിലാണു പ്രേഷിതപ്രവത്തനത്തിൻെറ ഭാരിച്ച ചില ഉത്തരവാദിത്വങ്ങൾ. പ്രേഷിതപരിപാടികൾ ആസൂത്രണം ചെയ്യുകയും നൈയാമികമായും പ്രാ

1. A. G. n. 38.

യോഗികമായും നിയന്ത്രിക്കുകയും ചെയ്യുന്നതു് അവർ തന്നെ.

രണ്ടാമത്തെമേഖല പ്രവർത്തകരുടേതാണു്. പ്രേഷിതരംഗത്തു ജോലിയിലേർപ്പെട്ടിരിക്കുന്ന സകലരുമുൾപ്പെടുമതിൽ. അവരാണു പ്രേഷിതർ, യഥാർത്ഥത്തിലും സമഗ്രാർത്ഥത്തിലും. വൈദികർ, കന്യാസ്ത്രീകൾ, അത്മായർ എല്ലാവരുമുൾപ്പെടും ഈ ഗ്രൂപ്പിൽ.

മൂന്നാമത്തെ മേഖലയിലാണു പ്രേഷിതരംഗങ്ങളിൽനിന്നൊക്കെ വിദൂരതയിൽകഴിയുന്ന സകല ദൈവജനവുമുൾക്കൊള്ളുക. വൈദികരും കന്യാസ്ത്രീകളും അത്മായരുമെല്ലാമുണ്ടക്കൂട്ടത്തിലും. ഇവർക്കു് ഒരൊത്തിരി പ്രേഷിതപ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ കഴിയും— പ്രാർത്ഥന, ത്യാഗപ്രവൃത്തികൾ, സാമ്പത്തികസഹായം, ആൾസഹായം എല്ലാമെല്ലാം. പ്രേഷിതരംഗത്തിൻെറ പിന്നണിപ്രവർത്തകരും സംവിധായകരുമാണവർ.

ക്രൈസ്തവർ ലോകത്തിലാണു ജീവിക്കുന്നതു്. അതിനോടു ചില കടമകളുണ്ടവർക്കു്. ലോകത്തെ മറന്നിട്ടു്, അതിനോടുള്ള കടമകൾ അവഗണിച്ചിട്ടു് ഒരു പ്രേഷിതപ്രവർത്തനവുമില്ല. ശരിയായ പ്രേഷിതപ്രവത്തനം ലോകത്തോടുള്ള കടമകളുടെ നിർവ്വഹണത്തിൽത്തുടങ്ങി അവയോടൊത്തുതന്നെ മുന്നേറണം.

സുവിശേഷപ്രചാരണത്തിൽ പ്രഥമവും പ്രധാനവുമായി നിവർത്തിക്കാനുള്ള കടമ ഉത്തമ ക്രൈസ്തവജീവിതം നയിക്കുകയാണ്. ലോകത്തിൻെറ മുമ്പിൽ ക്രിസ്തുവിനു സജീവമായൊരു സാക്ഷ്യമായിരിക്കുമതു്; ഈ ഉത്തമജീവിതം സഭയിൽത്തന്നെ ആദ്യം പരിവർത്തനമുളവാക്കും. ഒരു പുതുജീവനും ചൈതന്യവും സഭയിൽ നിറഞ്ഞുനില്ക്കും. പ്രാർത്ഥനകൾ, പരിത്യാഗങ്ങൾ, താപസികാനുഷ്ഠാനങ്ങൾ എന്നിവ പ്രേഷിതപ്രവർത്തനത്തിനായി സമർപ്പിക്കപ്പെട്ടു തുടങ്ങും. പ്രേഷിത ദൈവവിളികൾക്കു ചെവി കൊടുക്കാനും അവയെ പ്രോത്സാഹിപ്പിക്കാനും അനേകരുണ്ടാവും. പ്രേഷിതാവശ്യങ്ങൾക്കായി സാമ്പത്തികസഹായങ്ങളും മററുമേകാൻ വിശ്വാസികൾ സന്നദ്ധരാവും. ഇങ്ങനെ പ്രേഷിതസഹകരണം വിവിധ രൂപങ്ങൾ കൈക്കൊള്ളുന്നു. ഈ സഹകരണത്തിനുത്തേജിതരാവണമെങ്കിൽ പ്രേഷിതരംഗങ്ങളുടെ യഥാതഥവും സുവിശദവുമായൊരു ചിത്രമവർക്കു സിദ്ധിക്കണം. അവിടങ്ങളിലെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ, വിഷമങ്ങൾ, പരാജയങ്ങൾ എല്ലാററിനേയുംപററി ബോധവാന്മാരാകണം ദൈവജനമാകെ. അപ്പോഴേ സഹകരണത്തിൻെറ ആവശ്യകത അവർക്കുള്ളിൽത്തട്ടുകയുള്ളൂ. മിഷനെപ്പററിയുള്ള വിവരണങ്ങൾ, വാർത്തകൾ തുടങ്ങിയവ പത്രമാസികകളിലൂടെ ജനങ്ങൾക്കേകണം. മററു ആധുനികവാർത്താവിനിമയ മാധ്യമങ്ങളിലൂടേയും സാധിക്കാമിതു്. ഈ വഴിക്കുള്ള

പ്രേഷിതസഹകരണത്തിനായി കൗൺസിൽ പ്രത്യേകം ആഹ്വാനം ചെയ്യുന്നു.

**ക്രൈസ്തവസമൂഹങ്ങൾ പൊതുവെ**

ഒരു പ്രത്യേകപ്രദേശത്തു ജീവിക്കുന്ന ക്രൈസ്തവർ പ്രാദേശികസഭയ്ക്കു രൂപംകൊടുക്കുന്നു. എന്നുവച്ചു തങ്ങളുൾക്കൊള്ളുന്ന സമൂഹവുമായുള്ള ബന്ധമോ ഐക്യമോ ശിഥിലമാവുന്നെന്നു വരുന്നില്ല. അവ പുലത്തിക്കൊണ്ടുതന്നെയാണു പ്രാദേശികക്രൈസ്തവസമൂഹങ്ങൾ വളർന്നുവരിക. ചുററും തൊട്ടുരുമ്മിക്കഴിയുന്നവരോടുള്ള ഐക്യബന്ധങ്ങൾ ക്രൈസ്തവാരൂപിയിൽ ദാർഢ്യമുററുറയ്ക്കുകയാണു വേണ്ടതു്. ഇടവകകൾ, രൂപതകൾ എന്നിവയാണു് ഈ ക്രൈസ്തവസമൂഹങ്ങൾ; സഭയുടെ ഓരോ കൊച്ചുപതിപ്പുകൾ. ക്രിസ്തുവിനും സാർവ്വത്രികസഭയ്ക്കും സാക്ഷ്യംവഹിക്കുകയാണു് ഈ സമൂഹങ്ങൾ അവയുടെ സ്വാഭാവികഘടനയാലേതന്നെ. ഈ ക്രൈസ്തവസമൂഹങ്ങൾക്കു ദൃശ്യമായ ഘടനയും പരസ്യമായ പ്രവത്തനപരിപാടികളുമുണ്ടു്. പ്രാത്ഥനാരാധനകൾ, കൂദാശാനുഷ്ഠാനങ്ങൾ, പ്രസംഗങ്ങൾ എന്നിവ പരസ്യമാക്കാതെ വയ്യാ. ഇവയിലൂടേയും വിശ്വാസികളിവയിൽ വഹിക്കുന്ന ഭാഗഭാഗിത്വത്തിലൂടെയുമെല്ലാം ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയാണു്. ഇടവകയുടെ കേന്ദ്രബിന്ദുവെന്നോണം നിലകൊള്ളുന്ന ദൈവാലയംതന്നെ ഒന്നാംതരം സാക്ഷ്യമല്ലേ? ഇടവകയിലേയും രൂപതയി

ലെയും വിവിധപ്രവൎത്തനങ്ങൾ, സംരംഭങ്ങൾ, സ്ഥാപനങ്ങൾ, സേവനരംഗങ്ങൾ എല്ലാററിലും ക്രിസ്തുവിൻെറ സാന്നിദ്ധ്യം സകലർക്കും അനുഭവവേദ്യമാവണം. അതിനു ക്രൈസ്തവസമൂഹങ്ങളുടെ ജീവിതത്തുടിപ്പുകളിൽ ത്തുറശതമാനവും മുഴങ്ങിനില്ക്കുക ക്രൈസ്തവികതയാവണം. ഓരോ ക്രൈസ്തവസമൂഹവും പ്രേഷിതരംഗത്താണു കഴിയുന്നതു്. അനേകം അക്രൈസ്തവർക്കിടയിലാണു് അവ. അവരെ ക്രിസ്തുവിലേക്കാകർഷിക്കുക എന്നതു് ഓരോ ക്രൈസ്തവസമൂഹത്തിൻേറയും പൊതു ചുമതലയാണു്.

ദൈവജനത്തിനു മൊത്തത്തിൽ പ്രേഷിതസഹകരണത്തിനുള്ള കടമയെപ്പററി ഊന്നിപ്പറഞ്ഞുവച്ചിട്ടു് ഡിക്രി ഹയരാർക്കിയുടെ ഭാഗത്തുനിന്നുള്ള സഹകരണത്തിലേക്കു കടക്കുകയാണു്.

## മെത്രാന്മാർ

വിശാലമായൊരു കാഴ്ചപ്പാടാണു മെത്രാന്മാരുടെ കടമകളുടെ കാര്യത്തിൽ ഡിക്രി പുലർത്തുന്നതു്. ലോകാതിർത്തികളോളം ഓരോ മെത്രാൻേറയും കടമകൾ വ്യാപിച്ചിരിക്കുന്നു. ഇക്കാലംവരേയും സ്വന്തം രൂപതയുടെ നാലതിരുകൾക്കപ്പുറമവ കടന്നിറങ്ങിയിട്ടില്ല. ലോകം മുഴുവൻേറയും രക്ഷയ്ക്കായാണു് ഓരോ മെത്രാനും അഭിഷിക്തനാവുക. എങ്കിലും സ്വന്തം രൂപതയുടെമേൽ കൂടുതലും പ്രത്യേകവുമായൊരു ഉത്തരവാദിത്വ

വും കടമയുമുണ്ട്. ലോകമെങ്ങുമുള്ള സഭയുടെ കാര്യത്തിൽ സഹകരണവും കൂട്ടായ്മയും മെത്രാന്മാർക്കുണ്ടാവുക ക്രിസ്തുവിൻെറ കല്പനയുടെ—'സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക' എന്ന കല്പനയുടെ—അടിസ്ഥാനത്തിലാണ്. മെത്രാന്മാരുടെ പ്രേഷിതസഹകരണത്തിനുള്ള കടമ പുറപ്പെടുന്നതു് ഈ കല്പനയിൽനിന്നുതന്നെ.

പ്രേഷിതസഹകരണത്തിൻെറ തുടക്കം മററങ്ങുമല്ല, സ്വന്തം രൂപതയിൽത്തന്നെ. രൂപതാതിർത്തിയിൽ പ്രേഷിതസ്വഭാവമുള്ള എല്ലാത്തരം പ്രവർത്തനങ്ങൾക്കും പ്രോത്സാഹനവും പ്രേരണയുമണച്ചുകൊണ്ടിതു തുടങ്ങാം. രൂപതമുഴുവനും പ്രേഷിതാരൂപിയും പ്രേഷിതതീക്ഷ്ണതയും മുററിനില്ക്കുകതന്നെ ചെയ്യുമപ്പോൾ. സുവിശേഷപ്രബോധനം ലോകമെങ്ങും സാധിക്കുന്നതിനു ദൈവസഹായമവശ്യകംതന്നെ. അതിന്നായി പ്രാത്ഥിക്കുവാൻ സകലരോടും മെത്രാനുദ്ബോധിപ്പിക്കുവാൻ കഴിയും. പ്രാത്ഥനയോടൊപ്പം സഹനങ്ങൾ, പരിത്യാഗങ്ങൾ എന്നിവയും പ്രേഷിതവിജയത്തിനായി കാഴ്ചവയ്ക്കാൻ ജനങ്ങളെ പ്രചോദിപ്പിക്കണമെന്നു് ഡിക്രി പറയുന്നു. മിഷൻരംഗങ്ങളിലേക്കുണ്ടാവണം ധാരാളം ദൈവവിളികൾ. രൂപതയിലെങ്ങും മിഷനറിദൈവവിളി പരിപോഷിപ്പിക്കുന്നതുവഴി ഏററം വലിയ പ്രേഷിതസഹകരണമാണു നിർവ്വഹിക്കുന്നതു്. രൂപതയിൽ ചിലപ്പോൾ ആവശ്യത്തിലേറെ വൈദികരും സന്യാസികളും കാണും. അവരേയും പ്രേഷിതരംഗത്തേക്കു

യയ്ക്കാൻ ഉത്സാഹിക്കണമെന്നു പ്രമാണരേഖ എടുത്തു പറയുന്നു. കൂടാതെ, രൂപതകളിലുള്ള പ്രേഷിതസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. ജനങ്ങളിൽ പ്രേഷിതാരൂപി പകരാനുതകും ഇത്തരം സ്ഥാപനങ്ങൾ. ലോകം മുഴുവനുമുള്ള പ്രേഷിതപ്രവർത്തനങ്ങൾക്കു തുണയും പിൻബലവുമേകാൻ ഇത്തരം പ്രേഷിതസ്ഥാപനങ്ങൾക്കു ചെറിയതോതിലെങ്കിലും കഴിയും. അവയിലൂടെ ജനങ്ങൾ ചെയ്യുന്നതെന്തും പ്രേഷിതപ്രവർത്തനങ്ങൾക്കു വേണ്ടിയാകയാൽ അതും പ്രേഷിതസഹകരണമായെണ്ണാം. സഭയുടെ സാർവ്വത്രികതയും പ്രേഷിതസഹകരണത്തിന്റെ ആവശ്യകതയും ഉദ്ഘോഷിക്കുന്നു ഇത്തരം സ്ഥാപനങ്ങൾ.

## രൂപതാവൈദികർക്കു മിഷൻപ്രവർത്തനമോ?

മിഷൻപ്രവർത്തനവും ഇടവകധർമ്മം അഥവാ അജപാലനധർമ്മവും രണ്ടായിക്കാണുകയായിരുന്നു പതിവ്. തങ്ങൾക്കുമുണ്ടു മിഷൻപ്രവർത്തനത്തിനു കടമയെന്ന കാര്യമേ രൂപതാവൈദികർ വിട്ടുപോയി. കൗൺസിൽ ഇന്നിതാ ആ ചിന്താഗതി തിരുത്തുകയാണ്. മിഷൻരംഗങ്ങളിലെ വൈദികദൗർലഭ്യം പരിഗണിച്ചു രൂപതാവൈദികരെ ധാരാളമായി അയയ്ക്കണമെന്നു മെത്രാന്മാരോടഭ്യർത്ഥിക്കുന്നു കൗൺസിൽ. ആവശ്യത്തിലധികം വൈദികരുള്ള രൂപതകൾക്ക് ഒരു വൈഷമ്യവുമുണ്ടാവില്ല. വൈദികദൗർലഭ്യമാണു സഭയ്ക്കിന്നു മിഷൻനാടുകളിൽ നേരിടേണ്ട കടുത്ത പ്രശ്നങ്ങളിൽ പ്രധാ

നം. സഭയുടെ മുഴുവൻ ശ്രേയസ്സിനായി തല്പരരായിരി ക്കേണ്ട മെത്രാന്മാർ സഭയുടെ ഒരുവശത്തുയർന്നുവരുന്ന പ്രശ്നങ്ങളേയും പോരായ്മകളേയും നേരിടാനും പരി ഹരിക്കാനും തയ്യാറായിരിക്കണം. അവരുടെ കൂട്ടായ്മ (collegiality) അത്യാവശ്യപ്പെടുന്നു[1]. ഇങ്ങനെ പ്രേഷിത സഹകരണത്തിന്റെ ഒട്ടേറെ വിവിധസാധ്യതകളേയും വിവിധവശങ്ങളേയുംപററി ചർച്ചചെയ്യുന്നതിനും ആ തീരുമാനങ്ങൾ പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതി നും മെത്രാന്മാരുടെ ദേശീയകോൺഫ്രൻസുകളെ ചുമ തലപ്പെടുത്തുകയാണു കൗൺസിൽ.

ഇത്തരം കോൺഫ്രൻസുകളിലാണു കൗൺസിൽ പ്രതീക്ഷകളർപ്പിക്കുന്നതു്. പ്രേഷിതസഹകരണത്തി നായി സുസംഘടിതവും ദീർഘവീക്ഷണാധിഷ്ഠിതവുമാ യ പദ്ധതികൾ അവ ആസൂത്രണംചെയ്യുമെന്നു കൗൺ സിൽ കരുതുന്നു. സംഘടിതമായ പ്രേഷിതസഹകരണ മുണ്ടാവാൻ ദേശീയകോൺഫ്രൻസുകൾ ശ്രമിച്ചേങ്കി ലേ പററൂ. ഒരു ദേശത്തെ വിശ്വാസികളെ മുഴുവൻ പ്രേ ഷിതസഹകരണത്തിന്റെ വഴിയിലേക്കു തിരിച്ചുവി ടാൻ കഴിയും. പലരാജ്യങ്ങളിലും നിലവിലുള്ള ഇത്തരം കോൺഫ്രൻസുകൾ പ്രേഷിതപ്രവർത്തനങ്ങളെ കൂടു തൽ ഫലദായകമാക്കുന്നതായി കൗൺസിൽ ഉറപ്പിച്ചു പറയുന്നുണ്ടു്[2].

---

1. Christus Dominus, n. 6.
2. Christus Dominus, n. 37.

## വൈദികർ

സഭയുടെ പ്രേഷിതത്വത്തോടു സ്വതേ ബന്ധപ്പെട്ടിരിക്കുന്ന മെത്രാൻപദവി. പ്രബോധനധർമ്മം, പവിത്രീകരണധർമ്മം, അജപാലനധർമ്മം എന്നിവയാണു മെത്രാൻപദവിയുടെ ത്രിവിധ ദിവ്യധർമ്മങ്ങൾ. ഇവയിൽ സഹകാരികളാണു് വൈദികർ[1]. അപ്പോൾ പ്രേഷിതപ്രവർത്തനത്തിന്റെ സഹകാരികളാവാനാണു വൈദികർ വിളിക്കപ്പെട്ടിരിക്കുന്നതും അഭിഷിക്തരായിരിക്കുന്നതും[2]. ക്രിസ്തുവിന്റെ മൗതികശരീരമിനിയും വളരണം. അതിന്നായി ഏറെ അദ്ധ്വാനിക്കേണ്ടതുണ്ടെന്നു വൈദികർ മനസ്സിലാക്കുക അനുപേക്ഷണീയമാണു്. അക്രൈസ്തവർക്കിടയിൽ സുവിശേഷം പ്രചരിപ്പിക്കാൻ താനും കടപ്പെട്ടവനാണെന്ന ബോധം ഓരോ വൈദികനും ഉണ്ടാകണമാദ്യം. ആ ബോധത്തിന്റെ വെളിച്ചത്തിലേ തന്റെ അജപാലനപരമായ പ്രവർത്തനങ്ങളെ ശരിയായ പ്രേഷിതപ്രവർത്തനങ്ങളായി രൂപാന്തരപ്പെടുത്താനാകൂ.

എങ്ങനെയാണീ അജപാലനധർമ്മം പ്രേഷിതപരമാക്കുക? ഇടവകയിലെ പ്രവർത്തനരംഗത്തുവച്ചുതന്നെയതു സാധിക്കാം. അക്രൈസ്തവരുടെ വർദ്ധിച്ചുവരുന്ന സംഖ്യയേയും അതേ സമയം അവർക്കിടയിൽ ക്രിസ്തുവിനെ പ്രസംഗിക്കുന്നതിനുള്ള സഭയുടെ ചുമതലയേ

1. Lumen Gentium, n. 28.
2. A. G. n. 39.

യുംപററി ജനങ്ങളിൽ അവബോധമുളവാക്കുക. പ്രസംഗങ്ങളിലൂടേയും മതാദ്ധ്യാപനക്ലാസ്സുകളിലൂടേയും മററും ഇതു സാധിക്കാം. സഭയുടെ ഔദ്യോഗികവക്താക്കളായി ലോകമെങ്ങും സുവിശേഷം പ്രസംഗിക്കാൻ തങ്ങളുടെ പുത്രീപുത്രന്മാരെ വിളിക്കണമെന്ന ആഗ്രഹം മാതാപിതാക്കളിൽ സംജാതമാകുക പ്രേഷിതത്വത്തിൻെറ ഒരാവശ്യംതന്നെയാണു്. ഭാവിമിഷനറിമാരെ സഭയ്ക്കു നല്കുവാൻ ഇത്തരം മാതാപിതാക്കൾ ഇനിയുണ്ടാവണം. തങ്ങളുടെ മക്കൾ ദൈവവിളിക്കു ഔദാര്യപൂർവ്വകമായൊരുത്തരം നല്കാൻ സന്നദ്ധതയുള്ളവരാകണമെങ്കിൽ അതിനനുസൃതമായ അന്തരീക്ഷത്തിലായിരിക്കണം അവർ വളർന്നുവരിക. ക്രൈസ്തവികത മുററിനില്ക്കുന്ന കുടുംബാന്തരീക്ഷം, മതബോധനം, ശിക്ഷണം അങ്ങനെ പല ഘടകങ്ങളാണവരുടെ സ്വഭാവത്തെ മെനഞ്ഞെടുക്കുക. ഇക്കാര്യങ്ങൾ ക്രൈസ്തവദമ്പതിമാരെ അനുസ്മരിപ്പിക്കേണ്ടതു വൈദികനാണു്. അതുവഴി ഭാവിപ്രേഷിതരുടെ വർദ്ധനത്തിനു സാഹചര്യം സൃഷ്ടിക്കുകയാണു ചെയ്യുക. അതേസമയം യുവതലമുറയിൽ സഭാസ്നേഹവും പ്രേഷിതാഭിരുചിയും ക്രൈസ്തവാദർശങ്ങളുമൊക്കെ വളർത്താൻ പരിശ്രമിക്കുകയും ആവശ്യമാണു്. പ്രേഷിതപ്രവർത്തനങ്ങൾ, പ്രശ്നങ്ങൾ എന്നിവയെല്ലാം ക്രൈസ്തവരുടെ മുമ്പിൽ വരച്ചുകാട്ടണം. സഹായസഹകരണങ്ങൾ നല്കാൻ ഓരോ ക്രൈസ്തവനും കടമയും അവകാശവുമുണ്ടെന്ന കാര്യം ഊന്നിപ്പറയണം. ഇങ്ങനെ നോക്കിയാൽ വൈദികൻെറ പ്രേഷിത

പരമായ അജപാലനധർമ്മത്തിൽപ്പെട്ടന്നവ വളരെക്കാണം.

സെമിനാരികൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ അധ്യാപകർ പ്രേഷിതപ്രവർത്തനങ്ങളിൽ നല്ലൊരു പങ്കു വഹിക്കുന്നുണ്ട്. ഭാവിപ്രേഷിതരെ കരുത്തും പ്രേഷിതതീക്ഷ്ണതയും നിറഞ്ഞവരാക്കി മാററുക എന്ന ഭാരിച്ച ചുമതല അവരുടേതാണ്. ഈ അധ്യാപകരുടെ കഴിവിനേയും നിപുണതയേയും ഒട്ടൊക്കെ ആശ്രയിച്ചിരിക്കും ഭാവിപ്രേഷിതരുടെ പ്രവർത്തനശേഷിയും തീക്ഷ്ണതയുമൊക്കെ. അതുകൊണ്ടു ഗൗരവാവഹവും ക്ലേശപൂർണ്ണവുമാണ് ഈ അധ്യാപകരുടെ കർത്തവ്യം. ഭാവിപ്രേഷിതരെ വാർത്തെടുക്കുന്ന ഈ ശില്പാചാര്യന്മാരുടെ നിസ്വാർത്ഥസേവനങ്ങൾ ഒന്നാംതരം പ്രേഷിതസഹകരണംതന്നെ. കൗൺസിലെണ്ണുന്നതും അങ്ങനെയാണ്.

## സന്യാസസഭകൾ

അകംനിറഞ്ഞ കൃതജ്ഞതയോടും തികഞ്ഞ മതിപ്പോടുംകൂടെയാണു കൗൺസിൽപിതാക്കന്മാർ സന്യാസസഭകളെപ്പററി സംസാരിക്കുന്നതു്. ലോകമെങ്ങും സുവിശേഷം പ്രചരിപ്പിക്കുന്നതിൽ ഇക്കഴിഞ്ഞ നൂററാണ്ടുകളിൽ അവർക്കുണ്ടായിരുന്ന പങ്ക് അനല്പമാണ്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെ ഏറിയ ഭാഗവു

മവരാണു നിർവ്വഹിച്ചുപോന്നതും പോരുന്നതും. തങ്ങളു ടെ പാരമ്പര്യവും പരിചയസമ്പത്തും പ്രവർത്തനശക്തി യുമൊക്കെ കൂടുതൽ വ്യാപകമായും വൻതോതിലുമുപ യോഗപ്പെടുത്താൻ കൗൺസിൽ ഉദ്ബോധിപ്പിക്കുക യാണവരെ. അവരഭ്യസിക്കാൻ കടപ്പെട്ടിരിക്കുന്ന ഉപ വിതന്നെ പ്രേഷിതപ്രവർത്തനങ്ങൾക്ക് അവരെ നിർ ബന്ധിക്കുന്നുണ്ട്. ഭാവിയിലും കൂടുതൽ തീക്ഷ്ണതയു ററതും ഫലദായകവുമായ പ്രവൎത്തനങ്ങൾ കൗൺസിൽ അവരിൽനിന്നു പ്രതീക്ഷിക്കുകയാണു്.

ധ്യാനപരമായ ജീവിതം നയിക്കുന്നവ, കർമ്മപ രമായ ജീവിതം നയിക്കുന്നവ—ഇങ്ങനെ രണ്ടു വിഭാഗ ത്തിൽ നിരത്താം പൊതുവിൽ സന്യാസസഭകളെ. ആവൃതിക്കു പുറത്തിറങ്ങി പ്രവർത്തിക്കുകയല്ലേ ധ്യാന പരജീവിതത്തെക്കാൾ അഭികാമ്യവും ആധുനികപരി തഃസ്ഥിതികൾക്കനുരൂപവും? മിക്കവരുമുയർത്താറുള്ള ചോദ്യമാണിതു്. ശരിയാണു കുറെയൊക്കെ. എന്നാൽ പ്രവർത്തനരംഗത്തു് അദ്ധ്വാനനിരതരായിരിക്കുന്നവ രെ സഹായിക്കുന്നതിൽ ആവൃതിക്കുള്ളിലുള്ളവർക്കു വ ലിയ പങ്കുണ്ട്. 'ദൈവജനത്തെ വിപുലമാക്കുകയാണവ രുടെ പ്രേഷിതത്വം'[1]. അക്രൈസ്തവഹൃദയങ്ങളിൽ സ്വ വിശേഷസ്വീകരണത്തിനും വിശ്വാസത്തിനുമൊക്കെ യുള്ള ഉൾച്ചലനങ്ങൾ ഉളവാക്കാൻ ദൈവകൃപവേണം. പ്രാൎത്ഥനയതിനാവശ്യകംതന്നെ. ധ്യാനപരജീവിതമനു

1. Perfectae Caritatis, n. 7.

ഷ്ഠിക്കുന്ന സന്യാസികളുടെ പ്രാർത്ഥനകൾ, പരിത്യാഗങ്ങൾ, താപസികാനുഷ്ഠാനങ്ങൾ—എല്ലാം മാനസാന്തരവേലയുടെ വിജയത്തിനായർപ്പിതമാവുന്നു. മറെറാരുവിധത്തിലും ഇവർ പ്രേഷിതപ്രവർത്തനത്തിൽ പങ്കു വഹിക്കുന്നു. അക്രൈസ്തവർക്കിടയിൽ ദൈവസ്നേഹത്തിനും ക്രൈസ്തവസാഹോദര്യത്തിനും മററും ഒന്നാംതരം സാക്ഷ്യമാണവർ വഹിക്കുന്നതു്. അതുകൊണ്ടാണു് അക്രൈസ്തവസാഹചര്യങ്ങളിൽ, മിഷൻരംഗങ്ങളിൽ പ്രത്യേകിച്ചും ഇത്തരം സഭകളുടെ ഭവനങ്ങൾ സ്ഥാപിതമാവണമെന്നു തിരുസ്സഭയാഗ്രഹിക്കുന്നതു്. ഈ സഭകളുടെ സാമീപ്യംമതി അക്രൈസ്തവസാഹചര്യങ്ങളിൽ ക്രൈസ്തവികതയുടെ നറുമണം വീശുവാൻ. ഇങ്ങനെ രണ്ടുവിധത്തിലുള്ള പ്രേഷിതസഹകരണം ഈ സഭകൾക്കു ചെയ്യാൻ കഴിയുന്നു.

ഇനി കർമ്മപരമായ ജീവിതം നയിക്കുന്നവരുടെ കാര്യമോ? ധ്യാനപരമായ ജീവിതം കുറെയൊക്കെയുണ്ടു് ഇവർക്കും. എങ്കിലും അതോടൊത്തു കൈകോർത്തിണങ്ങിനില്ക്കും ക്രിയാത്മകമായ പ്രവർത്തനങ്ങൾ. 'അവരുടെ സന്യാസജീവിതം പ്രേഷിതചൈതന്യത്താൽ നിർഭരമായിരിക്കണം; പ്രേഷിതജീവിതം സന്യാസചൈതന്യംകൊണ്ടും'1. ഇങ്ങനെ സന്യാസജീവിതവും ദൈനംദിനപ്രവർത്തനങ്ങളുമെല്ലാം പ്രേഷിതപരമാക്കണമെ

1. Perfectae Caritatis, n. 8.

ന്നാണു കൗൺസിലുദ്ബോധിപ്പിക്കുന്നതു്. അതിന്നു്, വേണ്ടിവന്നാൽ നിയമാവലി പരിഷ്കരിക്കാൻ തയ്യാറാവണമെന്നും കൗൺസിൽ പറയുന്നുണ്ടു്. തങ്ങളുടെ കഴിവുകളേയും പ്രവർത്തനസാധ്യതകളേയും ദൈവരാജ്യവിസ്തൃതിക്കായി ഉപയോഗിക്കാൻ അവർ സന്നദ്ധരാവണം. ജനങ്ങളുടെ അഭിരുചികൾക്കും ജീവിതപരിതഃസ്ഥിതികൾക്കും ചേരുന്നവിധത്തിലായിരിക്കണം അവരുടെ ജീവിതരീതി[1]. എങ്കിലേ സുവിശേഷത്തിന്നു് ആകർഷകത്വമേകാനും അതിനു സമുജ്ജ്വലസാക്ഷ്യം വഹിക്കാനുമൊക്കെ അവർക്കു സാധിക്കൂ.

**അത്മായർ**

ദൈവജനത്തിൻെറ നല്ലൊരുഭാഗവും അത്മായരാണു്. അവരെക്കൂടാതെ സഭയെപ്പററി ചിന്തിക്കാനാവില്ല. കൗൺസിലിൻെറ പ്രമാണരേഖകളിലേക്കൊന്നു നോക്കിയാൽത്തന്നെയതു വ്യക്തമാണു്. അത്മായനെപ്പററി പ്രതിപാദിക്കാത്ത പ്രമാണരേഖകളില്ല. 'സഭ ആധുനികലോകത്തിൽ', 'തിരുസ്സഭ' എന്നീ കോൺസ്റ്റിററ്യൂഷനുകളിലും, അത്മായപ്രേഷിതത്വം, ലിററർജി, എക്യുമേനിസം, മിഷൻപ്രവർത്തനം, ക്രിസ്തീയവിദ്യാഭ്യാസം എന്നീ കൗൺസിൽ രേഖകളിലും അത്മായപ്രേഷിതത്വത്തെപ്പററി ശക്തിയായി പറയുന്നുണ്ടു്.

---

1. Ibid., n. 3.

അത്മായർ സഭയുടെ ജീവസ്സററ ഭാഗമാകയാൽ അവരെക്കൂടാതെ സഭാവികസനമില്ല; സുവിശേഷപ്രചാരണം സഭ മുഴുവൻേറയും കർത്തവ്യവും അവകാശവുമാണല്ലോ. അപ്പോഴത്തു അത്മായരുടേതുകൂടിയാണു്. സഭയോടൊത്തു് അത്മായനും സഹകരിക്കാതെ വയ്യാ സുവിശേഷഘോഷണത്തിൽ. ക്രിസ്തുവിൻെറ രക്ഷാകരദൗത്യത്തിൽ അത്മായർ പങ്കുപററുന്നുണ്ടു്. രണ്ടുതരത്തിലാണതെന്നു കൗൺസിൽ പറയുന്നു: അവിടുത്തേ സാക്ഷികളും സജീവ ഉപകരണങ്ങളുമെന്ന നിലയിൽ1.

ക്രൈസ്തവരാജ്യങ്ങളിലേയും മിഷൻരാജ്യങ്ങളിലേയും അത്മായരെ പ്രത്യേകമായി മുന്നിൽക്കാണുന്നുണ്ടു കൗൺസിൽ. കാരണമുണ്ടു്. രണ്ടിടങ്ങളിലേയും സാഹചര്യങ്ങൾ വ്യത്യസ്തങ്ങൾ; സഭയുടെ വളർച്ചയും രണ്ടുതരത്തിൽ. അപ്പോൾ, അത്മായരുടെ പ്രവർത്തനമണ്ഡലങ്ങൾ അവയ്ക്കനുസൃതമാവാതെ വയ്യല്ലോ.

ക്രൈസ്തവരാജ്യങ്ങളിൽക്കഴിയുന്നവർക്കു പ്രധാനമായുള്ളതു സഹജീവികളുടെയിടയിലേ പ്രേഷിതവൃത്തിയാണു്. മിഷനെപ്പററി വിജ്ഞാനവും താല്പര്യവും അവരിൽ വളത്തുക അത്മായൻെറ കത്തവ്യമാണു്. ഓരോ അത്മായൻേറയും ജീവിതാവസ്ഥയേയും പ്രവർത്തനസാഹചര്യങ്ങളേയും ആശ്രയിച്ചിരിക്കും ഏറെക്കുറെ ഈ പ്രവർത്തനത്തിൻെറ സാധ്യതയും വിജയവും. സാഹിത്യകാരന്മാർ, പ്രസാധകർ, പത്രപ്രവർത്ത

1. Lumen Gentium n. 33, 35; A. G., n. 41.

കർ തുടങ്ങിയവർക്കു മിഷനെപ്പററി വിജ്ഞാനവും വിവരണങ്ങളുംമററും എവിടെയുമെത്തിക്കാനൊക്കും. അധ്യാപകർ, പ്രസംഗകർ തുടങ്ങിയവർക്കും വളരെയേറെ ചെയ്യാൻ സാധിക്കും. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്കിടയിൽ ദൈവവിളി, പ്രേഷിതപ്രവർത്തനം തുടങ്ങിയവയെപ്പററി അറിവേകാനവസരങ്ങളൊത്തിരിയുണ്ട്. യുവജനങ്ങളിൽ ക്രിസ്തീയജീവിതവീക്ഷണവും പ്രേഷിതചൈതന്യവുമൊക്കെ വളർത്തിയെടുക്കാൻ സ്കൂളുകൾക്കും കോളേജുകൾക്കും പ്രത്യേകമായൊരു കർത്തവ്യമുണ്ട്[1]. കുടുംബത്തിലും കത്തോലിക്കസംഘടനകളിലുമൊക്കെ പ്രേഷിതജീവിതത്തിലേക്കുള്ള ദൈവവിളികൾ തട്ടിയുണർത്തണം. ദൈവവിളി പരിപോഷിപ്പിക്കാൻ പററിയ സ്ഥലങ്ങളിവയാണ്. അവിടെ വേണ്ട അവസരങ്ങളിൽ വേണ്ടതുപോലെ ചെയ്യാൻ അത്മായരുണ്ടാവണം സന്നദ്ധരായി. തങ്ങൾക്കു സൗജന്യമായി സിദ്ധിച്ച വിശ്വാസത്തിൻെറ ദാനം മററുള്ളവർക്കും നല്കാൻ അത്മായർ ആത്മാർത്ഥമായി അഭിലഷിക്കണം. അപ്പോൾ അതിന്നായി എന്തു സഹായവും സഹകരണവുമർപ്പിക്കാൻ അവർ മനസ്സിരുത്തുകതന്നെ ചെയ്യും.

സുവിശേഷപ്രചാരണമിനിയും നടന്നുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ വസിക്കുന്ന അത്മായർക്കും ഭാരിച്ച

---

1. Apostolicam Actuositatem, n. 30.

പ്രേഷിതവേല ചെയ്യുവാനുണ്ട്. രണ്ടാണ് അവരുടെ പ്രേഷിതത്വത്തിന്റെ ഉന്നം. ഒന്ന്, വളർന്നുവരുന്ന പ്രാദേശികസഭയെ വികസ്വരമാക്കാൻ സഹായിക്കുക; രണ്ട്, ചുററുമുള്ള അക്രൈസ്തവരെ സുവിശേഷത്തിലേക്കാകർഷിക്കുക. ഇടവകയുടേയും രൂപതയുടേയും പ്രവർത്തനങ്ങളിൽ സഹകരിക്കേണ്ടവരാണവരും. ഇടവകയിലെ കാര്യങ്ങളിലെല്ലാം വൈദികരോടൊത്തുനിന്നു പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരാണത്മായർ. ഭരിക്കുക, പഠിപ്പിക്കുക, വിശുദ്ധീകരിക്കുക എന്നീത്രിവിധാധികാരങ്ങൾ പ്രാവർത്തികമാകാൻ അത്മായരുടെ പ്രേഷിതത്വമാവശ്യകംതന്നെ. ഇടവകയ്ക്കു പുറത്ത്, രൂപതയുടെ പ്രവർത്തനങ്ങളിലും മററും അത്മായർ സഹകരിക്കണം.

അത്മായസംഘടനകൾക്കും സാധിക്കും പ്രേഷിതപ്രവർത്തനങ്ങൾ സംഘടിതമായി ചെയ്യുവാൻ. ജീവിതത്തിൽ എപ്പോഴും എവിടേയും ഒരു പ്രേഷിതനായിരിക്കുവാൻതക്ക രൂപവത്കരണമായിരിക്കും ഇതുവഴി അംഗങ്ങൾക്കു ലഭിക്കുക. പഠനക്കളരികൾ, കോൺഗ്രസ്സുകൾ, മീററിംഗുകൾ, ചർച്ചായോഗങ്ങൾ, പുസ്തകങ്ങൾ, ആനുകാലികപ്രസിദ്ധീകരണങ്ങൾ—എന്നിവയിലൂടെയെല്ലാം സംഘാതമായ പ്രേഷിതപ്രവർത്തനം ചെയ്യുവാൻ കഴിയും അത്മായർക്കു്. ഒരു അത്മായസംഘടനയുടെ പ്രേഷിതപ്രവർത്തനം കത്തോലിക്കപ്രവർത്തനമാകണമെങ്കിൽ ചില ഗുണങ്ങളവശ്യം വേണം. സഭയുടെ പ്രേഷിതലക്ഷ്യംതന്നെയായിരിക്കണം സം

ഘടനയുടേതും. ഹയരാർക്കിയോട്ട സഹകരിച്ചുകൊണ്ടു വേണം പ്രവർത്തിക്കാൻ. സംഘടന സഭയുടെ പ്രതീകമെന്നോണമായിരിക്കണം. ഹയരാർക്കിയുടെ നിയന്ത്രണത്തിൻകീഴിലായിരിക്കണം പ്രവർത്തനങ്ങൾ.

കുടുംബത്തിലെ പ്രേഷിതർക്കു ചില പ്രവർത്തന പരിപാടികൾ നല്കുന്നുണ്ട്, "അത്മായപ്രേഷിതത്വം" എന്ന ഡിക്രി. ദരിദ്രരെ സഹായിക്കുക, നിരാലംബരായ കുട്ടികളെ വളർത്തുക, സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക, വിവാഹിതരാവാൻ പോകുന്നവരെ വേണ്ടവിധം ഒരുക്കുക; യുവാക്കൾക്കു മാർഗ്ഗദർശനം നല്കുക; മതാധ്യാപനം നടത്തുക; അവശതയനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കുക—അങ്ങനെ പലതുണ്ടവർക്കു ചെയ്യാവുന്നതായി.

അവികസിതരാജ്യങ്ങളിലും മററുമായി കഴിയുന്ന ജനങ്ങൾക്കു സാമ്പത്തികമായും സാമൂഹികമായും സഹായസഹകരണങ്ങളേകാൻ അത്മായരാണു മുൻകൈയെടുക്കേണ്ടവർ. ദാരിദ്ര്യത്തിലും രോഗത്തിലും ഞെങ്ങിഞെരുങ്ങുന്ന ജനങ്ങൾക്ക് ആശ്വാസമണയ്ക്കാൻ അത്മായരായിരിക്കണം മുൻപന്തിയിൽ. സാമ്പത്തികസഹായമാണവിടെ ഏററെയുമാവശ്യം. സാമൂഹികമായ ഒട്ടനവധി സേവനപരിപാടികളും സഹകരണമാർഗ്ഗങ്ങളും അത്മായർക്കാസൂത്രണം ചെയ്യാൻ കഴിയും. പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ ഇത്തരം പദ്ധതികൾക്കു രൂപം നല്കാനവർ തയ്യാറാവണം.

ജർമ്മനിയിൽ 1959-ൽ സ്ഥാപിതമായ "മിസരയോർ" (Misereor) പോലുള്ള സംഘടനകൾക്ക് അന്തർദ്ദേശീയതലത്തിൽ വളരെയേറെ പ്രേഷിതപ്രവർത്തനത്തിനു വകയുണ്ട്. സാമൂഹികരംഗത്തെ ക്രൈസ്തവീകരിക്കുക അത്മായന്റെ കർത്തവ്യമാണ്. സമൂഹത്തിലെ ചിന്താഗതി, നിയമങ്ങൾ, പാരമ്പര്യങ്ങൾ, സംവിധാനക്രമങ്ങൾ എന്നിവയിൽ ക്രൈസ്തവചൈതന്യം പ്രസരിപ്പിക്കണം. അത്മായരുടെ യഥാർത്ഥമായ പ്രേഷിതമണ്ഡലമിതുതന്നെ. വിശ്വാസത്തിനൊത്തതായിരുന്നെങ്കിലേ അത്മായരുടെ പ്രേഷിതപ്രവർത്തനമിവിടെ വിജയിക്കൂ. സാമൂഹികജീവിതത്തിന്റെ അടിസ്ഥാനപ്രവർത്തനങ്ങളിൽ അല്മായരുമിടപെടണം. സ്വരാജ്യത്തിന്റെ ഭരണപരമായ കാര്യങ്ങളിലവർ ശ്രദ്ധിക്കണം. മാതൃഭൂമിയുടെ വിശ്വസ്തരായ പൗരന്മാരായിരിക്കണം അല്മായർ. സാമൂഹികജീവിതത്തിന്റെ ഉയർച്ചയ്ക്കും നന്മയ്ക്കുമായി അത്യദ്ധ്വാനം ചെയ്യണമവർ. എല്ലായിടത്തും ക്രൈസ്തവചൈതന്യം പ്രസരിപ്പിച്ചുകൊണ്ടിരിക്കണം.

സർവ്വകലാശാലകൾ, സയൻസ് ഇൻസ്റ്റിററ്യൂട്ടുകൾ തുടങ്ങിയവയിൽ ജോലിയെടുക്കുന്ന അല്മായർ വളരെയുണ്ട്. തങ്ങളുടെ മതപരമായ അറിവും ക്രൈസ്തവചൈതന്യവുമൊക്കെ ചുററുമുള്ള ബുദ്ധിജീവികൾക്കിടയിൽ പ്രസരിപ്പിച്ചുകൊണ്ടും അവരെ സ്വാധീനിച്ചുകൊണ്ടും പ്രേഷിതപ്രവർത്തനമവർ നടത്തണം. ശാ

സ്ത്രീയ സാങ്കേതിക വിജ്ഞാനത്തോടൊപ്പം മതപരമായ അറിവും പകർന്നുകൊടുക്കാൻ അവർക്കു കഴിയും.

ഏതു തുറയിലും ഏതു തലത്തിലും സാഹോദര്യ മനോഭാവത്തോടെ മനുഷ്യോന്നമനത്തിന് അക്രൈസ്തവരുമായി സഹവർത്തിക്കാൻ അല്മായർ മുൻപന്തിയിലുണ്ടായിരിക്കണമെന്നു ഡിക്രി പ്രത്യേകം നിഷ്കർഷിക്കുന്നു. ഭൗതികമണ്ഡലത്തിൽനിന്നകന്നു ജീവിക്കാനാവില്ല അല്മാർക്കു്. അതിനെ പവിത്രീകരിച്ചു മനുഷ്യക്ഷേമം കൈവരുത്തുന്നതിൽ സുപ്രധാനപങ്ക് അല്മായരുടേതാണു്. ജീവിതത്തിന്റെ നല്ലകാര്യങ്ങൾ, കലകൾ, സംസ്കാരം, സമ്പത്തു്, സാങ്കേതികവിദ്യകൾ, അന്താരാഷ്ട്രീയബന്ധങ്ങൾ, രാഷ്ട്രീയ വ്യവസ്ഥിതികൾ എന്നിവയെല്ലാം ഭൗതികമണ്ഡലത്തിനു രൂപംകൊടുക്കുന്ന ഘടകങ്ങളാണു്. ഇവയുടെ പുരോഗതിക്കും വളർച്ചയ്ക്കുമായി അധ്വാനിക്കാൻ അല്മായർക്കുള്ള കടമ വലുതുതന്നെ. അതുവഴി ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ ഒരു തരത്തിൽ സഹകരിക്കുകയാണവർ. ഭൗതികമണ്ഡലത്തെ ക്രമപ്പെടുത്തുവാനും ക്രിസ്തുവിലൂടെയതിനെ ദൈവത്തിങ്കലേക്കു നയിക്കുവാനുമാണു് അല്മായരിവിടെ പരിശ്രമിക്കുക. ദൈവത്തിന്റെ ഉദ്ദേശ്യമിതാണു്. ഭൗതികമണ്ഡലം നവീകരിക്കുമ്പോൾ കഴിയുന്നിടത്തോളം അവയെ ക്രൈസ്തവതത്വ

ങ്ങളോട് അനുരൂപപ്പെടുത്താൻ നോക്കണം. ഭൗതിക മണ്ഡലത്തിലെ പ്രേഷിതപ്രവർത്തനങ്ങളിൽ ഉത്തമമായതു ക്രിസ്തീയസാമൂഹികപ്രവത്തനമാണു്.

ചുരുക്കത്തിൽ, 'അല്മായരുടെ ജീവിതം അക്രൈസ്തവരുടെ മുമ്പിൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കണം'1. —കൗൺസിൽ അങ്ങനെയാണു് അല്മായരുടെ പ്രേഷിതസഹകരണത്തെപ്പററി പറഞ്ഞവസാനിപ്പിക്കുക.

1. A. G. n. 14

## പതിന്നാല്

# പിന്നണിയിലെ

# പ്രവർത്തകശക്തികൾ

സഭയുടെ പ്രേഷിതപ്രവർത്തനത്തിനു സഹായ സഹകരണങ്ങളും പിൻബലവും നല്കുവാനായി വർഷങ്ങൾക്കു മുമ്പുതന്നെ സഭയിൽ സംഘടിതശ്രമങ്ങളാരംഭിച്ചിരുന്നു. പല സംഘടനകളതിനായി രൂപംകൊണ്ടു. അവയ്ക്കു മിക്കതിനും സഭയുടെ ഔദ്യോഗികാംഗീകാരവും പ്രത്യേക പ്രോത്സാഹനങ്ങളും ലഭിച്ചു. അവയിൽ നാലു സംഘടനകളാണ് ഇന്നേററം അറിയപ്പെടുന്നതും പ്രാധാന്യമേറിയതും. പൊൻറിഫിക്കൽ സംഘടനകളെന്നാണ് അവ അറിയപ്പെടുന്നതു്. മാർപ്പാപ്പായുടെ പേരിലാണ് അവ പ്രവർത്തിക്കുന്നതും അറിയപ്പെടുന്നതും. പരിശുദ്ധ പിതാവിൻെറ സവിശേഷ ശ്രദ്ധയോടെ പ്രവർത്തിക്കുന്നു—അതാണവ അങ്ങനെ അറിയപ്പെടാൻ

കാരണം. പൊൻറിഫിക്കൽ മിഷൻസംഘടനകൾക്കു നല്കുന്ന സഹായം ലോകത്തിൻെറ ഏതു ഭാഗത്തുമുള്ളവർക്കു ലഭിക്കുന്നു. ഈ സംഘടനകളിലൂടെ ലഭിക്കുന്ന സംഭാവനകൾ ഏതാണ്ടു എണ്ണൂറു മിഷൻകേന്ദ്രങ്ങളിലേക്കു മാർപ്പാപ്പാ വിതരണം ചെയ്യുന്നു. ഇക്കഴിഞ്ഞ ഒന്നരന്തുററാണ്ടുകാലത്തെ ബൃഹത്തായ പ്രേഷിതയത്നപരിപാടികളുടെ പിന്നിൽ പ്രചോദനവും സഹകരണവും പ്രദാനം ചെയ്തുകൊണ്ടിരുന്നതു് ഈ സംഘടനകളാണു്.

## വിശ്വാസപ്രചാരണത്തിനുള്ള സംഘടന

പ്രേഷിതപ്രവർത്തനത്തിൻെറ നട്ടെല്ലാണീ സംഘടന. പ്രാൎത്ഥന, പരിത്യാഗപ്രവൃത്തികൾ എന്നിവയിലൂടെ ആധ്യാത്മികതലത്തിലെ പ്രേഷിതസഹകരണം പരിപോഷിപ്പിച്ചു വളർത്തുക; വിശ്വാസികളുടെ സംഭാവനകൾ സമ്പാദിച്ചു മിഷൻരംഗത്തെ വിവിധാവശ്യങ്ങൾക്കായി ഉചിതമായി വിതരണം ചെയ്യുക— എന്നീ ദ്വിവിധകർമ്മപരിപാടിയാണീ സംഘടനയ്ക്കുള്ളതു്.

പാവുളിൻ മരിയെ ഷാരിക്കോ എന്നൊരു ഫ്രഞ്ചു പെൺകുട്ടിയാണു് ഈ സംഘടന സ്ഥാപിച്ചതു്. വ്യാവസായികസംസ്കാരം സമുദായത്തിനു നല്കിയ പുതിയ വ്യവസ്ഥിതി ലയൺസിൽ പ്രകടമായിത്തുടങ്ങിയ കാലത്താണു പാവുളിൻ ജനിച്ചതു്—1799-ൽ.

ജീവിതം യാന്ത്രികമായി, തിരക്കുള്ളതായി; തൊഴിലാളി മുതലാളി ചേരികളുയർന്നുവന്നു. വ്യവസായ പ്രമുഖരുടെ സമുദായത്തിലാണു പാവ്ളിൽ ജനിച്ചതു്. അവളുടെ പിതാവൊരു ലക്ഷപ്രഭുവായിരുന്നു; എല്ലാ ജീവിതസൗകര്യങ്ങളും അവൾക്കുണ്ടായിരുന്നു. എന്നാൽ യാന്ത്രികലോകത്തിന്റെ സൃഷ്ടിയായ പട്ടിണിക്കോലങ്ങളുടേയും മാറാരോഗികളുടേയും കാഴ്ച അവളെ ഞെട്ടിപ്പിച്ചു; ചിന്തിപ്പിച്ചു. മനുഷ്യസേവനത്തിനുവേണ്ടി അവൾ ദാഹിച്ചു. ആതുരശുശ്രൂഷയ്ക്കായി അവൾ പുറത്തിറങ്ങി. യൗവനത്തിന്റെ ആരംഭത്തിൽ ഈ പ്രവർത്തനങ്ങൾ ഒരു സാഹസിക കർമ്മപരിപാടിയായിരുന്നു. ജോലിക്കാരായ യുവവനിതകളെ സംഘടിപ്പിച്ചു് ആധ്യാത്മികോന്നമനത്തിനും മതപഠനത്തിനും അവസരം നല്കി. പ്രാത്ഥനയിലും ജീവിതനവീകരണത്തിലും ലക്ഷ്യംവച്ചുകൊണ്ടു പത്തു പേരടങ്ങുന്ന ഓരോ ചെറിയ സംഘത്തിനു രൂപം കൊടുത്തു. അധികം താമസിയാതെ സേവനത്തിനു പുതിയൊരു മണ്ഡലംകൂടി തുറന്നുവന്നു. പാരീസിലെ സെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന സ്വസഹോദരനിൽനിന്നു ലഭിച്ച കത്തിൽനിന്നു മിഷൻരംഗത്തെ നൂറുനൂറാവശ്യങ്ങളെപ്പററി അവൾക്കറിയാൻ കഴിഞ്ഞു. അവിടങ്ങളിലേക്കു സാമ്പത്തികസഹായം നല്കുവാൻ ഒരു ഫണ്ടു് ആരംഭിച്ചു. മിഷനറിമാരെ സഹായിക്കുക തന്റെ കടമയാണെന്നു് ഓരോ അംഗത്തിനും അവബോധമുണ്ടായി. ആഴ്ചതോറും ഒരു ചെറിയ സംഭാവ

ന ഓരോരുത്തരും നല്കണമെന്നു പൊതുതീരുമാനമെടുത്തു. ഇതു മഹത്തായ ഒരു സംരംഭത്തിന്റെ ആരംഭമായിരുന്നു. 1819–ൽ പാവ്ളിനു വെറും ഇരുപതു വയസ്സുള്ളപ്പോൾ അവൾ ആരംഭിച്ച ഈ സംഘടനയാണു കാലക്രമേണ വളർന്നു വികസിച്ചു വിശ്വാസപ്രചാരണത്തിനുള്ള സംഘടനയായതു്.

ഇന്നു് എല്ലാരാജ്യത്തും ഈ സംഘടനയ്ക്കു് ഒരു ദേശീയ ഡിറക്ടറും രൂപതാഡിറക്ടർമാരും പ്രാദേശികഡിറക്ടർമാരുമുണ്ടു്. ഓരോ രാജ്യത്തേയും സംഭാവനകൾ പ്രാദേശിക ഡിറക്ടർമാരും രൂപതാഡിറക്ടർമാരുംവഴി ശേഖരിച്ചു ദേശീയഡിറക്ടർ 'സുപ്രീം കൗൺസി'ലിനു് അയച്ചുകൊടുക്കുന്നു. ഈ കൗൺസിലാണു ലോകമെങ്ങുമുള്ള വിവിധ മിഷൻകേന്ദ്രങ്ങളിലേക്കു വിതരണം ചെയ്യുന്നതു്. പ്രതിവർഷം ഇരുനൂറിൽപ്പരം ലക്ഷം ഡോളർ ശേഖരിക്കപ്പെടുന്നുണ്ടു്, ഈ സംഘടന വഴിതന്നെ. ഭാരതത്തിലുമുണ്ടു നമുക്കൊരു നാഷണൽ ഡിറക്ടർ. ബാംഗ്ളൂരിലാണു നാഷനൽ ഓഫീസ്. നാല്പത്തിയേഴുകൊല്ലംമുമ്പാണു മാർപ്പാപ്പാ നമുക്കൊരു നാഷണൽ ഓഫീസ് അനുവദിച്ചുതന്നതു്. ആദ്യകാലത്തു വിശ്വാസപ്രചാരണസംഘടനയ്ക്കുവേണ്ടിമാത്രമായിരുന്നു നാഷണൽ ഓഫീസ്. പിന്നീടു മററു മൂന്നു സംഘടനകൾക്കുംവേണ്ടി പൊതുവായിരുന്നു. 1960-ൽ തിരുബാലസഖ്യത്തിനു പ്രത്യേക ഓഫീസും ഡിറക്ടറും നല്കപ്പെട്ടു. ഭാരതത്തിലെ ഓരോ ഇടവകയിലും വിശ്വാസപ്രചാരണസംഘടനയുടെ ഓരോ ശാഖ സ്ഥാപി

തമാകുമെന്ന പ്രതീക്ഷയോടെയാണ് ഈ നാഷണൽ ഓഫീസ് സ്ഥാപിതമായതു്. പക്ഷേ ഏതാണ്ട് അരന്നൂററാണ്ടായിട്ടും ഇന്നും ഇതൊരു ആഗ്രഹം മാത്രമായി അവശേഷിക്കുന്നു.

## തിരുബാലസഖ്യം

ലോകമെമ്പാടുമുള്ള കത്തോലിക്കാ ബാലികാബാലന്മാരുടെ ഒരു സംഘടന എന്നിതിനെ വിളിക്കാം. ലോകത്തിൽ ലക്ഷക്കണക്കിനുള്ള അക്രൈസ്തവരും അനാഥരുമായ ബാലികാബാലന്മാർക്കായി പ്രാർത്ഥിക്കുക, അവരുടെ ജീവിതാവശ്യങ്ങൾക്കായി സംഭാവനകൾ നല്കുക—എന്നിവയാണു് ഈ സംഘടന ചെയ്തുകൊണ്ടിരിക്കുന്നതു്. ബിഷപ്പ് ചാൾസ് ജാൻസൺ (1775–1884) ആണു് ഇതിൻെറ സ്ഥാപകൻ. ജ്ഞാനസ്നാനമോ വിശ്വാസമോ സ്വീകരിക്കാനാവാതെ ലോകത്തെങ്ങും മരിച്ചുകൊണ്ടിരിക്കുന്ന അക്രൈസ്തവബാലകരെപ്പററി അദ്ദേഹത്തിനു് അനുകമ്പയും ഉത്കണ്ഠയും തോന്നി. അവരെ സഹായിക്കാൻ—പ്രാത്ഥനയും സംഭാവനയുംവഴി സഹായിക്കാൻ—ഏതാനും കത്തോലിക്കാബാലകർ മുമ്പോട്ടുവരുന്നതു നല്ലതല്ലേ എന്നദ്ദേഹം ചിന്തിച്ചു. ഈ ലക്ഷ്യത്തെ മുൻനിർത്തി കത്തോലിക്കാബാലകരുടെ ഒരു സംഘടനയ്ക്കദ്ദേഹം രൂപം നല്കി. 1842-ൽ ചാൾസ്മെത്രാൻ വിശ്വാസപ്രചാരണസംഘടനയുടെ സ്ഥാപകയായ പൗളിനെ കണ്ടുമുട്ടി. തൻെറ

സംഘടനയുടെ ഒരു അനുപൂരകവും ഭാഗവുമായി ഈ പുതിയ സംഘടനയെ അവർ കണ്ടു. ഇരുവരുംകൂടി തിരുബാലസഖ്യമെന്ന പുതിയ സംഘടനയ്ക്കു വ്യക്തവും നിയതവുമായ രൂപരേഖ സൃഷ്ടിച്ചു. പ്രധാനമായും രണ്ടു വ്യവസ്ഥകളേ അംഗങ്ങൾക്കുള്ളൂ. ഓരോ മാസവും നിസ്സാരമായൊരു തുക സംഭാവന ചെയ്യുക; പ്രതിദിനം ഓരോ 'നന്മനിറഞ്ഞ മറിയവും' 'പരിശുദ്ധ കന്യകേ, ഞങ്ങൾക്കുവേണ്ടിയും പാവപ്പെട്ട അക്രൈസ്തവ ബാലകർക്കുവേണ്ടിയും പ്രാർത്ഥിക്കണമേ' എന്ന പ്രാർത്ഥനയും ചൊല്ലുക. പന്ത്രണ്ടുപേരടങ്ങുന്ന ഗ്രൂപ്പുകളായി അംഗങ്ങളെ തിരിയ്ക്കുണം. ഒൻപതാംപീയൂസ് മാർപ്പാപ്പാ ഒരു 'കാനോനിക്കൽ ഇൻസ്റ്റിററ്യൂട്ടാ'യി ഈ സംഘടനയെ ഉയർത്തുകയും പല പ്രത്യേകാനുകൂല്യങ്ങളും നല്കുകയും ചെയ്തു. പതിനൊന്നാം പീയൂസ് മാർപ്പാപ്പായാണു പൊൻറിഫിക്കൽ പദവിയിലേക്കിതിനെ ഉയർത്തിയതു്. മരണാപകടത്തിലായിരിക്കുന്ന അക്രൈസ്തവ ബാലകരുടെ ജ്ഞാനസ്നാനമാണു പ്രധാന ലക്ഷ്യമെങ്കിലും അതോടൊപ്പംതന്നെ അനാഥശാലകൾപോലുള്ള സ്ഥാപനങ്ങൾ സ്ഥാപിച്ചു കുട്ടികളെ സംരക്ഷിക്കുകയും ക്രൈസ്തവാരൂപിയിൽ അഭ്യസിപ്പിക്കുകയും ചെയ്യുന്നുണ്ടു് ഈ സംഘടന. ഈ ലക്ഷ്യങ്ങൾ സാധിക്കുവാനായി മിഷൻരംഗത്തേക്കു ധാരാളം ധനസഹായം ഈ സംഘടന എത്തിച്ചുകൊടുക്കുന്നുണ്ടു്. പ്രതിവർഷം ആറു ലക്ഷത്തോളം അക്രൈസ്തവരുടെ ജ്ഞാനസ്നാനം സാധിക്കുന്നുണ്ടെന്നു് ഈ സംഘടന അവകാശപ്പെടുന്നു. അറു

പത്തുലക്ഷത്തിൽപ്പരം ഡോളർ പ്രതിവർഷം ഈ സംഘടന ശേഖരിക്കുന്നുണ്ട്. പ്രേഷിതപ്രവർത്തനത്തിന്റെ ശക്തിയുററ ഒരു പിൻബലമാണ് ഈ സംഘടന എന്നുള്ളതു വ്യക്തമാണ്.

## ഏതദ്ദേശീയ വൈദികർക്കായുള്ള വി. പത്രോസിന്റെ സംഘടന

ഏതദ്ദേശീയവൈദികരുടെ ആവശ്യത്തെപ്പററി സഭ ആദ്യകാലംമുതല്ക്കേ ബോധവതിയായിരുന്നു. അപ്പസ്തോലന്മാർ പ്രേഷിതപ്രവർത്തനത്തിനുശേഷം പോകുന്നതിനുമുമ്പായി ആ നാട്ടുകാരുടെയിടയിൽനിന്നു മെത്രാന്മാരേയും വൈദികരേയും അഭിഷേചിക്കുവാൻ പ്രത്യേകം നിഷ്കർഷ പാലിച്ചിരുന്നു. മിഷൻരംഗത്തു് ഏതദ്ദേശീയ വൈദികർ ധാരാളമുണ്ടായിരിക്കുക എന്നതു സഭയുടെ ആവശ്യമാണ്. വിശ്വാസപ്രചാരണത്തിനായുള്ള തിരുസ്സംഘം ഒരിക്കൽ 'പാരീസ് ഫോറിൻ മിഷനറി'മാർക്കെഴുതി: "പന്തീരായിരം അക്രൈസ്തവരെ ജ്ഞാനസ്നാനപ്പെടുത്തുന്നതിലും വലിയ സേവനം സഭയ്ക്കുവേണ്ടി നിങ്ങൾ ചെയ്യുകയാണ് പന്ത്രണ്ടു ഏതദ്ദേശീയവൈദികരുടെ അഭിഷേകംവഴി". ആധുനികകാലത്തെ മാർപ്പാപ്പാമാർ ഏതദ്ദേശീയവൈദികരുടെ വർദ്ധനവിനെപ്പററി ശക്തിയായി സംസാരിച്ചിട്ടുണ്ട്. ഏതദ്ദേശീയവൈദികരുടെ വർദ്ധനവിനെ സഹായിക്കാനായി പ്രവർത്തിക്കുന്ന ഒരു സംഘടനയാണു വി.

പത്രോസിൻെറ സംഘടന. ഒരു പാവപ്പെട്ട വിധവയാണിതിൻെറ സ്ഥാപക — Stefaine Cottin Bigard (1834-1898). അവരുടെ മകഠം Jeanne സ്ഥാപനത്തിനും പ്രാരംഭപ്രവർത്തനത്തിനുമെല്ലാം അമ്മയെ സഹായിച്ചു. മിഷനറിമാരുടെ പ്രവർത്തനങ്ങഠംക്കാവശ്യമുള്ള ധനം കണ്ടുപിടിക്കാനായി ഒരു ചെറിയ കുടിൽ വ്യവസായത്തിൽ അവരേർപ്പെട്ടിരുന്നു. ജപ്പാനിൽ പ്രവർത്തിച്ചിരുന്ന 'ഫോറിൻ മിഷനറി'മാരുമായി അവക്കു സമ്പർക്കമുണ്ടായിരുന്നു. 1889-ൽ നാഗസാക്കിയിലെ വികാർ അപ്പസ്തോലിക്കിൽനിന്ന് അവർക്കൊരു അഭ്യർത്ഥന ലഭിച്ചു—തൻെറ പുതിയ സെമിനാരിയെ ഒന്നു സഹായിക്കണമെന്ന്. ജപ്പാനിൽനിന്നു വളരെ ദൈവവിളികളുണ്ടു്. പക്ഷേ, വൈദികവിദ്യാഭ്യാസത്തിനാവശ്യകമായ സാമ്പത്തികസഹായത്തിൻെറ അഭാവം രൂക്ഷമായി അനുഭവപ്പെട്ടിരുന്നു. ജപ്പാൻെറ മക്കളെ വൈദികപദവിയിലേക്കു് എത്തിക്കുന്നതിനായി Stefaine-ഉം Jeanne-ഉം അത്യദ്ധ്വാനംചെയ്തു. തങ്ങളുടെ കൈവശമുള്ളതു് അപര്യാപ്തമെന്നു കണ്ടപ്പോഠം വീടുതോറും കയറിയിറങ്ങി ഭിക്ഷയാചിക്കുവാൻപോലും അവർ സന്നദ്ധരായി. നല്ലൊരു തുക ഏതദ്ദേശീയവൈദികരുടെ പരിശീലനത്തിനായി സമ്പാദിക്കുവാൻ അവർക്കു കഴിഞ്ഞു. 'വി. പത്രോസിൻെറ സംഘടന' എന്ന പേരിൽ അവർ ഒരു സംഘടനയ്ക്കു രൂപം നല്കി. 1895 ജൂലൈ 12-ാം തീയതി Stefaine തങ്ങളുടെ പ്രവർത്തനങ്ങളുടെ റിപ്പോർട്ടു പതിമൂന്നാം ലെയോ മാർ

പ്പോപ്പായ്ക്കു സമർപ്പിച്ചു. അദ്ദേഹം അവരുടെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും അനുഗ്രഹിക്കുകയുംചെയ്തു. രണ്ടു സ്ത്രീകളെക്കൂടെ ഉൾപ്പെടുത്തിക്കൊണ്ടു നാലുപേരടങ്ങുന്ന ഒരു പ്രവർത്തകസമിതിക്കാണു് ആദ്യം അവർ രൂപം കൊടുത്തതു്. ഫ്രഞ്ചുഗവണ്മെൻറിൻെറ അംഗീകാരം ലഭിക്കുവാനുള്ള പ്രയാസംമൂലം സ്വിററ്സർലണ്ടിലേക്കു് അവർക്കു മാറേണ്ടിവന്നു.

1920 ഏപ്രിൽ 28-ാംതീയതി വിശ്വാസപ്രചാരണത്തിനായുള്ള തിരുസ്സംഘത്തിൻെറ പ്രീഫെക്ട് ഈ സംഘടനയെ അംഗീകരിക്കുകയും തിരുസ്സംഘത്തിൻെറ കീഴിലാക്കുകയും ചെയ്തു. ഏതദ്ദേശീയവൈദികരുടെ പരിശീലനത്തിനു പ്രാർത്ഥനയും ധനസഹായവുംവഴി സഹായിക്കുകയും സഹകരിക്കുകയുമാണു് ഈ സംഘടനയുടെ പ്രത്യേകലക്ഷ്യം. എൺപത്തഞ്ചു ശതമാനത്തോളം ഏതദ്ദേശീയ വൈദികരുടെ പരിശീലനത്തിനുവേണ്ട സാമ്പത്തികസഹായം ഈ സംഘടനയാണു നിർവ്വഹിച്ചുപോന്നതു്. പ്രതിവർഷം മുപ്പത്താറായിരത്തിൽപ്പരം ലക്ഷം ഡോളർ ഈ സംഘടന ശേഖരിക്കുന്നുണ്ടെന്നു കണക്കാക്കപ്പെടുന്നു. പ്രേഷിതരംഗത്തെ പ്രവർത്തകരുടെ വർദ്ധനത്തിനായിമാത്രം പ്രവർത്തിക്കുന്ന ഈ സംഘടന വലിയൊരു പ്രേഷിതസഹകരണത്തിലാണേർപ്പെട്ടിരിക്കുന്നതു്. ഈ സംഘടനയുടെ അഭ്യർത്ഥന ചെവിക്കൊണ്ടു പ്രവർത്തിക്കുന്നവർ ഈ മഹത്തായ പ്രേഷിതസഹകരണത്തിൽ പങ്കുപററുകയാണെന്ന കാര്യംകൂടി അനുസ്മരിക്കുക.

**വൈദികർക്കായുള്ള പ്രേഷിതയൂണിയൻ**

വൈദികർക്കിടയിൽ പ്രേഷിതതീക്ഷ്ണത പരിപോഷിപ്പിക്കുക, മിഷനെപ്പററി അവർക്കവബോധമുളവാക്കുക, എന്നീ ലക്ഷ്യങ്ങളോടെ രൂപീകൃതമായ സംഘടനയാണു വൈദികരുടെ പ്രേഷിതയൂണിയൻ. ഇരുപതാംനൂററാണ്ടിന്റെ ആദ്യമാണീ സംഘടന രൂപമെടുത്തതു്. മിലാനിലെ "ഫോറിൻ മിഷൻ ഇൻസ്റ്റിററ്യൂട്ടി"ലെ അംഗമായ ഫാ. പോൾ മാന്നായാണു് ഇതിന്റെ സ്ഥാപകൻ 1915-ലാണു് അദ്ദേഹം തന്റെ ആശയങ്ങൾ രൂപതാദ്ധ്യക്ഷനെ അറിയിച്ചതു്. പതിനഞ്ചാം ബനഡിക്ട് മാർപ്പാപ്പായുടെ മുമ്പിൽ പുതിയ ഈ മിഷനറിസംഘടനയുടെ പദ്ധതിയും പ്രവത്തനപരിപാടികളും അദ്ദേഹം സമപ്പിച്ചു. 1916 ഒക്ടോബർ 16-ാം തീയതി ഈ സംഘടന പൂണ്ണമായി അംഗീകൃതമായി. 1919-ൽ 'മാക്സിമം ഇല്ലുദ്'' എന്ന ചാക്രികലേഖനത്തിൽ പതിനഞ്ചാം ബനഡിക്റ്റ് മാർപ്പാപ്പാ ഈ സംഘടന സാർവ്വത്രികമായി സ്ഥാപിതമാവണമെന്നാവശ്യപ്പെട്ടു. ഈ സംഘടനയിലൂടെ വിശ്വാസികൾക്കിടയിൽ പ്രേഷിതതീക്ഷ്ണതയും പ്രേഷിതപ്രവർത്തനവും വർദ്ധിപ്പിക്കാനും പ്രോത്സാഹിപ്പിച്ചു വളർത്താനും കഴിയുമെന്നു മാർപ്പാപ്പാ മനസ്സിലാക്കിയിരുന്നു. മററു മൂന്നു സംഘടനകളുടേയും പ്രവർത്തനങ്ങൾക്കു പിൻബലവും അവയുടെ ആത്മാവും പ്രേരകശക്തിയുമാണു് ഈ സംഘടനയെന്നു പറയാം. വൈദി

കരുടെ പ്രേഷിതസഹകരണമാണു് ഈ സംഘടനയുടെ വിലയേറിയ സംഭാവന.

വിശ്വാസപ്രചാരണത്തിനുള്ള സംഘടന, തിരുബാലസഖ്യം, വി. പത്രോസിൻെറ സംഘടന, വൈദികരുടെ പ്രേഷിതയൂണിയൻ—ഇവ നാലും സാർവത്രികമായി പ്രേഷിതപ്രവർത്തനത്തെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവയാണു്. എന്നാൽ പ്രേഷിതസംഘടനകൾ നൂറുകണക്കിനുണ്ടു വിവിധരാജ്യങ്ങളിലായി. ഓരോ രാജ്യത്തിൻേറയും സ്ഥലത്തിൻേറയും ആവശ്യങ്ങളും പ്രവർത്തനങ്ങളുമനുസരിച്ചു വിവിധ സംഘടനകൾ രൂപമെടുത്തു പ്രവർത്തിക്കുന്നുണ്ടു്. പൊൻറിഫിക്കൽ സംഘടനകൾക്കു് എല്ലാ പ്രശ്നങ്ങളും ആവശ്യങ്ങളും കൈകാര്യം ചെയ്യാനോ സാധിച്ചുകൊടുക്കാനോ കഴിഞ്ഞെന്നു വരില്ല. ഓരോ പ്രേഷിതപ്രവർത്തനരംഗമോ പ്രത്യേക പ്രദേശമോ ഓരോ സംഘടനയും ഏറ്റെടുത്തു നടത്തുകയാണു ചെയ്യുക. മെഡിക്കൽമിഷൻസംഘടന, മിഷൻ ക്രൂസേഡ്, മിഷൻലീഗ്, മിസരയോർ—ഇവ മൂന്നു നാലു് ഉദാഹരണങ്ങൾമാത്രം.

## മിഷൻഞായറും പ്രേഷിതസഹകരണവും

സകല ക്രൈസ്തവരിലും മിഷൻചൈതന്യമുളവാക്കുകയും അങ്ങനെ സകലരേയും പ്രേഷിതപ്രവർത്തന

ത്തിൽ സഹകരിപ്പിക്കുകയും ചെയ്യുവാൻ ഒരു പ്രത്യേകദിവസമുണ്ടായിരിക്കുക നല്ലതല്ലേ എന്നു് വിശ്വാസപ്രചാരണത്തിനുള്ള സംഘടനയിലെ കുറെ പ്രവർത്തകർ ചിന്തിച്ചുതുടങ്ങി 1926-ൽ ഒരു സംഘം യുവാക്കന്മാർ പതിനൊന്നാംപീയൂസ്മാർപ്പാപ്പായുടെ മുമ്പാകെ ഈ അഭിപ്രായം സമർപ്പിച്ചു. ക്രൈസ്തവരെല്ലാം മിഷനറിമാരാണെന്നും മിഷൻപ്രവർത്തനത്തിനെല്ലാവർക്കും കടമയുണ്ടെന്നും സകലരേയും ബോധവാന്മാരാക്കുവാനായി വർഷത്തിലൊരുദിവസം മാററിവയ്ക്കുവാൻ മാർപ്പാപ്പാ തീരുമാനിച്ചു—ഒക്ടോബർമാസത്തിലെ അവസാനത്തെ ഞായർ. 1926 ഒക്ടോബർ 26 ആയിരുന്നു പ്രഥമ മിഷൻഞായർ.

മിഷൻ ഞായറെന്നു പറഞ്ഞാൽ സഭയുടെ ദിനം തന്നെയാണെന്നു പറയാം. പ്രേഷിതപ്രവർത്തനത്തിൻെറ ആവശ്യകതയെപ്പററി എല്ലാവരിലും അവബോധമുണർത്താൻ ഈ ദിവസത്തിനു കഴിയണം. അതിനനുസൃതമായ രൂപത്തിലും വിധത്തിലും അന്നത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക ആവശ്യമാണു്. പ്രാർത്ഥന, ധനസഹായം, പരിത്യാഗപ്രവൃത്തികൾ എന്നിവ ഈ ദിവസം കൂടുതലായി മിഷനുവേണ്ടി ചെയ്തു കാഴ്ചവയ്ക്കുവാൻ ക്രൈസ്തവരെല്ലാവരും ഉത്സുകരായിരിക്കണം. അതുവഴി പ്രേഷിതപ്രവർത്തനത്തിനു പിന്നണിയിൽനിന്നുകൊണ്ടു പിൻബലവും ശക്തിയും നല്കുകയാണു ചെയ്യുക.

**'രോഗികളുടെ ദിന'ത്തിൽ**

പന്തക്കുസ്താദിനമാണു 'രോഗികളുടെ ദിന'മെന്നറിയപ്പെടുന്നതു്. 1931 മുതലാണു് ആ ദിവസമങ്ങനെയറിയപ്പെടുക. തങ്ങളുടെ വേദനകളും പ്രാർത്ഥനകളും മാർപ്പാപ്പായുടെ ഉദ്ദേശ്യങ്ങൾക്കായും മിഷൻപ്രവർത്തനത്തിന്റെ വിജയത്തിനായും കാഴ്ചവയ്ക്കാനും അങ്ങനെ തങ്ങളുടെ ജീവിതത്തെ ഫലപ്രദവും പ്രത്യാശാഭരിതവുമാക്കാനും രോഗികളെ ഈ ദിവസമാഹ്വാനം ചെയ്യുന്നു. രോഗികൾക്കു ചെയ്യാവുന്ന ഏററം വലിയ പ്രേഷിതപ്രവർത്തനമാണിതു്. എന്നാൽ ഈ പ്രേഷിതപ്രവർത്തനത്തെപ്പററിയോ അതിന്റെ പ്രചാരണത്തിനും പ്രോത്സാഹനത്തിനുമായുദ്ദേശിക്കപ്പെട്ട 'രോഗികളുടെ ദിന'ത്തെപ്പററിയോ അധികമാർക്കും അറിവില്ല. 'രോഗികളുടെ ദിനം' എല്ലാ ഇടവകകളിലും പ്രത്യേകമായി ആചരിക്കുകയാണു് ഇതിനൊരു പരിഹാരം.

ഇങ്ങനെ നോക്കുമ്പോൾ പ്രേഷിതപ്രവർത്തനമെന്നതു മുന്നണിയിലുള്ള പ്രേഷിതരുടെമാത്രം പ്രവർത്തനമല്ല. സഭ മുഴുവന്റേതുമാണു്. സകലരുടേയും സഹകരണത്തോടെ മാത്രമേ പ്രേഷിതപ്രവർത്തനം സാധ്യമാവൂ. പ്രേഷിതസഹകരണമൊരു ശക്തിയാവുന്നതു് സംഘടിതവും ആസൂത്രിതവുമായ വിധത്തിൽ നിർവ്വഹിക്കപ്പെടുമ്പോൾ മാത്രമാണു്. അതുകൊണ്ടാണു പ്രേഷിതസംഘടനകൾ പ്രേഷിതപ്രവർത്തനത്തിന്റെ വ

ലിയ പ്രവർത്തകശക്തികളായിരിക്കുന്നതു്. ഈ സംഘടനകളുടെ പ്രവർത്തനങ്ങൾ സജീവവും സുശക്തവുമാക്കിക്കൊണ്ടിരിക്കുവാൻ നാം ജാഗരൂകരായിരിക്കണം. പ്രേഷിതസംഘടനകൾ പ്രേഷിതപ്രവർത്തനത്തിന്റെ പിന്നണിയിലുള്ള പ്രവർത്തകശക്തികളാണു്; നാമോരോരുത്തരും ആ സംഘടനകളുടെ പ്രവർത്തക സെല്ലുകളും അവശ്യഘടകങ്ങളുമാണെന്ന കാര്യം മറക്കാതിരിക്കട്ടെ.

# ഉപസംഹാരം

സമകാലികവും പരിപക്വവുമായൊരു മിഷൻവിജ്ഞാനീയം രൂപംകൊണ്ടതോടേ പ്രേഷിതപ്രവൎത്തനത്തെപ്പററിയുള്ള കാഴ്ചപ്പാട് അമ്പേ മാറിപ്പോയി. പ്രേഷിതപ്രവർത്തനത്തിൻെറ അടിസ്ഥാനതത്വങ്ങൾ നല്കുന്ന നൂതനവെളിച്ചത്തിൽ ആധുനികപ്രേഷിതരംഗങ്ങളിലെ വിവിധപ്രശ്നങ്ങളെ വേണ്ടവിധം കൈകാര്യം ചെയ്യാൻ സാധിക്കും. ശുഭാപ്തിവിശ്വാസമാണു പുതിയ മിഷൻവിജ്ഞാനീയം നമുക്കു നല്കുക. പഴയ ധാരണകളുമായി അക്രൈസ്തവലോകത്തെ നോക്കിക്കാണുന്നെങ്കിൽ നിരാശപ്പെട്ടുപോകുകയേയുള്ളു. പ്രേഷിതസഹകരണത്തിൻെറ മണ്ഡലത്തിനും ആഴവും പരപ്പും വർദ്ധിപ്പിക്കുന്നുണ്ട് ഈ ഡിക്രി. സകലർക്കുമുള്ള പങ്കിനെപ്പററി സുവിശദമായി പറഞ്ഞുപോകുന്നു. അങ്ങനെ സഭയെ ഒട്ടാകെ പ്രേഷിതോന്മുഖമായി ചലിപ്പിക്കാൻ ഡിക്രി ശ്രമിക്കുകയാണു്.

ഈ ഡിക്രിയിലൂടെ കൗൺസിലുണർത്തിവിടുന്ന പ്രേഷിതാവേശത്തിൽനിന്നും പ്രേഷിതബോധത്തിൽനിന്നും ഉൽചോദനം കൈക്കൊണ്ടു പ്രേഷിതനവീകരണത്തിലൂടെ സഭാവികാസം ത്വരിതപ്പെടുത്താനും സുസാദ്ധ്യമാക്കാനുമുള്ള ദൈവജനത്തിൻെറ കടമ ഇനിയും അവശേഷിക്കുന്നു.

# SELECT BIBLIOGRAPHY


1 CONCAR YVES, O.P., *The Mystery of the Church*, Geoffrey, Chapman, London, 1960.

2 CONGAR YVES, *The Wide World My Parish*, Darton, Longman & Todd, London, 1961.

3 COUTURIER CHARLES, *The Mission of the Church*, Darton, Longman & Todd, London, 1960.

4 DANIELOU JEAN, *The Salvation of the Nations*, Sheed & Ward, London, 1949.

5 DE GROOT, A., *The Bible on the Salvation of Nations*, St. Norbert Abbey Press, Wiscousin, U.S.A., 1966.

6 FLANAGAN NEEL, M. O.S.M., *Salvation History*, Sheed & Ward, New York, 1964.

7 HILLMANN EUGENE, C.SS.P., *The Church as Mission*, Sheed & Ward, London, 1966.

8 LANCE DEREK, M.A., *Till Christ be Formed*, Darton, Longman & Todd, London, 1964.

9 LUBAC DE HENRI, *Catholicism*, Burns & Oates, Universe Books Edition, London, 1962.

10 LUBAC DE HENRI, *The Splendour of the Church*, Sheed & Ward, London, 1956.

11 RAHNER KARL, *Mission and Grace*, Sheed & Ward London, 1963.

12 SEMMELROTH OTTO, *The Church and Christian Belief*, Dens Books, Glen Rock, New Jersey, 1966.

13 EDNA MCDONAGH & Co., *The Church is Mission*, Geoffrey, Chapman, London, 1969.

DHARMARAM LIBRARY
BANGALORE - 560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

# പ്രേഷിതപ്രവർത്തനം

— തോമസ് പീലിയാനി